# ബിസിനസ് എൻസൈക്ലോപീഡിയ

## കേരളത്തിലെ കോവിഡാനന്തര   തൊഴിൽ സാഹചര്യം  : നഷ്ടങ്ങളും സാധ്യതകളും

## ഉള്ളടക്കം


**കോവിഡ് - 19 കേരളത്തിൽ നിന്നുള്ള അനുഭവ പാഠങ്ങൾ** **Page No:**

മഹാമാരിയും അതിന്റെ ആഘാതവും

തൊഴിൽ, തൊഴിലില്ലായ്മ

പ്രവാസികളുടെ മടങ്ങിവരവ്

പുനരധിവാസ പദ്ധതികൾ

ധനകാര്യ സ്ഥാപനങ്ങളുടെ പങ്ക്

**ആശയങ്ങൾ**

ചെറു സംരംഭക മാർഗ്ഗങ്ങൾ

സ്ത്രീകൾക്കുള്ള ബിസിനസ്സ് ആശയങ്ങൾ

പുരുഷന്മാർക്കുള്ള ബിസിനസ്സ് ആശയങ്ങൾ

നഗര വനിതകൾക്കുള്ള ബിസിനസ്സ് ആശയങ്ങൾ

**ബിസിനസ് പ്രോജക്റ്റ് പ്രൊപോസലുകൾ**

ബിസിനസ് പ്രോജക്റ്റ് നിർദ്ദേശങ്ങൾ

റെസ്റ്റോറന്റ് ബിസിനസ്

ബേക്കറി ബിസിനസ് പദ്ധതി

കാർഷിക സംരംഭക പദ്ധതി

മസാലപ്പൊടികളും ധാന്യപ്പൊടികളും : വിശദവിവരങ്ങൾ

വറുത്ത ധാന്യങ്ങളുടെ ഉല്പാദനത്തിനാവശ്യമായ പ്രൊപോസൽ

വാഴ നാര് വേർതിരിച്ചെടുക്കലിന്റെയും നെയ്ത്ത് യൂണിറ്റിന്റെയും പ്രൊപോസൽ

ധാന്യമിൽ പ്രൊപോസൽ

ടോയ്‌ലറ്റ് സോപ്പ് നിർമ്മാണ യൂണിറ്റ്

തക്കാളി സോസ് നിർമ്മാണ യൂണിറ്റ്

കമ്പ്യൂട്ടർ അസംബ്ലിംഗ് പ്രൊപോസൽ

പേപ്പർ കപ്പുകളുടെയും ഉൽപ്പന്നങ്ങളുടെയും നിർമ്മാണം

ബിസിനസ്സ് അല്ലെങ്കിൽ സ്റ്റാർട്ട് അപ്പ്

## ബിസിനസ് ആസൂത്രണ പ്രക്രിയ

സ്റ്റാർട്ട്-അപ്പ് ഇന്ത്യ

സ്റ്റാൻഡ്-അപ്പ് ഇന്ത്യ

പി എസ് ബി ലോൺസ് ഇൻ 59 മിനിറ്റ്സ് .കോം

വ്യക്തിഗത വായ്പ - പി എസ് ബി ലോൺസ് ഇൻ 59 മിനിറ്റ്സ് .കോം

ഓട്ടോ വായ്പ -പി എസ് ബി ലോൺസ് ഇൻ 59 മിനിറ്റ്സ് .കോം

മുദ്ര വായ്പ - പി എസ് ബി ലോൺസ് ഇൻ 59 മിനിറ്റ്സ് .കോം

എംഎസ്എംഇ രജിസ്ട്രേഷൻ

ചെറുകിട വ്യവസായ രജിസ്ട്രേഷൻ (എസ്എസ്ഐ)

സൂക്ഷ്മ- ചെറുകിട - ഇടത്തരം സ്ഥാപന വായ്പ എംഎസ്എംഇ (MSME) / എംഎസ്ഇ (SME) വായ്പ

സൂക്ഷ്മ - ചെറുകിട സ്ഥാപനങ്ങൾക്കുള്ള ക്രെഡിറ്റ് ഗ്യാരണ്ടി ഫണ്ട് ട്രസ്റ്റ് (സിജിടിഎംഎസ്ഇ)

കൃഷിക്കും ഗ്രാമ വികസനത്തിനും വേണ്ടിയുള്ള ദേശീയ ബാങ്ക് (നബാർഡ്)

ക്രെഡിറ്റ് ലിങ്ക്ഡ് മൂലധന സബ്സിഡി പദ്ധതി

പ്രധാനമന്ത്രിയുടെ തൊഴിൽ ജനറേഷൻ പ്രോഗ്രാം (പി എം ഇ ജി പി )

ഇന്ത്യയിലെ ചെറുകിട വ്യവസായ വികസന ബാങ്ക് (സിഡ്ബി)

ഖാദി, ഗ്രാമ വ്യവസായ കമ്മീഷൻ (കെ വി ഐ സി )

പ്രധാൻ മന്ത്രി മുദ്ര യോജന (PMMY)

പ്രധാൻ മന്ത്രി റോസ്ഗർ യോജന

ദേശീയ ചെറുകിട വ്യവസായ കോർപ്പറേഷൻ(എൻ എസ് ഐ സി )

മഹിള സമൃദ്ധി യോജന(എം എസ് വൈ )

ബാങ്ക് ക്രെഡിറ്റ് ഫെസിലിറ്റേഷൻ പദ്ധതി

പ്രധാൻ മന്ത്രി കൗശൽ വികാസ് യോജന(പി എം കെ വി വൈ )

ആസ്തി അടിസ്ഥാനമാക്കിയുള്ള വായ്പ (LAP)

വ്യക്തിഗത വായ്പ (BPP's Personal Loan)

ബിസിനസ് വായ്പകൾ

വ്യവസായ വായ്പയുടെ പലിശ നിരക്ക്

ഈട്/ പണയം ആവശ്യമില്ലാത്ത വ്യവസായ വായ്പകൾ

**ബാങ്കുകൾ**

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ

കാനറ ബാങ്ക്

ഇന്ത്യൻ ഓവർസീസ് ബാങ്ക്

ബാങ്ക് ഓഫ് ഇന്ത്യ

സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ

ഇന്ത്യൻ ബാങ്ക്

പഞ്ചാബ് നാഷണൽ ബാങ്ക്

യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ

ബാങ്ക് ഓഫ് ബറോഡ

കർണാടക ബാങ്ക്

ബാങ്ക് ഓഫ് മഹാരാഷ്ട്ര

ജമ്മു കശ്മീർ ബാങ്ക്

തമിഴ്നാട് മെർക്കന്റൈൽ ബാങ്ക് ലിമിറ്റഡ്

ധനലക്ഷ്മി ബാങ്ക്

ഡെവലപ്മെന്റ് ക്രെഡിറ്റ് ബാങ്ക്

കാത്തലിക് സിറിയൻ ബാങ്ക്

സൗത്ത് ഇന്ത്യൻ ബാങ്ക്

ഫെഡറൽ ബാങ്ക്

സിറ്റി യൂണിയൻ ബാങ്ക്

എച്ച്ഡി എഫ്സി ബാങ്ക്

ഐസിഐസിഐ ബാങ്ക്

ഐ.ഡി.ബി.ഐ ബാങ്ക്

ഇൻഡസ്ഇൻഡ് ബാങ്ക്

കൊട്ടക് മഹീന്ദ്ര ബാങ്ക്

യെസ് ബാങ്ക്

ആക്സിസ് ബാങ്ക്

ബന്ധൻ ബാങ്ക് ലിമിറ്റഡ്

**സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി**

**കേന്ദ്ര സർക്കാർ ഏജൻസികൾ**

ദേശീയ ന്യൂനപക്ഷ വികസന, ധനകാര്യ കോർപ്പറേഷൻ

ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ

**സർക്കാർ ഏജൻസികൾ**

കേരള ധനകാര്യ കോർപ്പറേഷൻ

കേരള സംസ്ഥാന ധനകാര്യ സംരംഭം

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ക്ലിപ്തം

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ

കേരള സംസ്ഥാന സഹകരണ മത്സ്യ വികസന ഫെഡറേഷൻ ലിമിറ്റഡ്

ദേശീയ തൊഴിൽ സേവനങ്ങൾ - കേരളം

സമുന്നതി

പട്ടികജാതി വികസന വകുപ്പ്

കേരള സംസ്ഥാന പട്ടിക ജാതി/ പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ

കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്

കേരള സ്റ്റാർട്ടപ്പ് മിഷൻ

**നോൺ ബാങ്കിംഗ് ധനകാര്യ കമ്പനികൾ**

ബജാജ് ഫിനാൻസ് ലിമിറ്റഡ്

മുത്തൂറ്റ്  ഫിനാൻസ് ലിമിറ്റഡ്

എച്ച്ഡിബി സാമ്പത്തിക സേവനങ്ങൾ

ടാറ്റ ക്യാപിറ്റൽ ഫിനാൻഷ്യൽ സർവീസസ് കമ്പനി

ആദിത്യ ബിർള ഫിനാൻസ് ലിമിറ്റഡ്

**കേരളവ്യവസായവകുപ്പിൻ്റെപദ്ധതികൾ**

**സംസ്ഥാന എംപ്ലോയ്മെന്റ് വകുപ്പിന്റെ പദ്ധതികൾ**

**കോവിഡ് -19 :കേരളത്തിൽ നിന്നുള്ള അനുഭവ പാഠങ്ങൾ**

- ഇന്ത്യയിലെ ആദ്യത്തെ കോവിഡ് -19 കേസ് റിപ്പോർട്ട് ചെയ്തത് കേരളത്തിലെ തൃശ്ശൂർ ജില്ലയിലാണ് .
- 2020 ജനുവരി മുതൽ മെയ് വരെ കോവിഡ് കേസുകളുടെ വളർച്ച നിരക്ക് സംസ്ഥാനത്തിൽ കുറവായിരുന്നെങ്കിലും ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ പെട്ടെന്ന് വർധനവുണ്ടായി .
- ഈ കാലയളവിലും രോഗം ബാധിച്ചവരിൽ 0.4% മാത്രമാണ് മരണത്തിന് കീഴടങ്ങിയത് .
- സംസ്ഥാനത്തിൽ ആദ്യഘട്ടത്തിൽ അണുബാധയും മരണനിരക്കും കുറയാനുള്ള കാരണങ്ങൾ
    - ദേശീയ ലോക്ക്ഡൗൺ
    - നിപ വൈറസിനെ അതിജീവിച്ച അനുഭവ സമ്പത്ത്
    - ഫലപ്രദമായ പൊതുജനാരോഗ്യ സംവിധാനം
- 2020 സെപ്റ്റംബറിലെ കണക്കനുസരിച്ച് കൂടുതൽ രോഗികളും മരണങ്ങളും ഉണ്ടായത് തിരുവനന്തപുരം, മലപ്പുറം, എറണാകുളം, കോഴിക്കോട് ജില്ലകളിലാണ് . കുറവ് വയനാട് ജില്ലയിലാണ് .
- 2020 മെയ് 4 മുതൽ കേന്ദ്ര സർക്കാർ ലോക്ക് ഡൗണിൽ ഇളവുകൾ അനുവദിച്ചു. ഉദാ : യാത്ര , വ്യാപാരം
- മറ്റുസംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും കുടുങ്ങിക്കിടന്ന കേരളീയർക്ക് തിരികെ വരാൻ അനുമതി ലഭിച്ചു .
- ജൂലൈ മുതൽ രോഗികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവിന് ഇതു കാരണമായി .
- സാമൂഹിക ഇടപെടലുകളിൽ ഏർപ്പെടുത്തിയ നിയന്ത്രണം, ഔദ്യോഗിക പ്രവർത്തനങ്ങൾ ജോലിസ്ഥലത്തുനിന്ന് വീട്ടിലേക്ക് മാറിയത് ഉൾപ്പടെ ജനങ്ങളുടെ സാമൂഹിക ജീവിത വ്യവസ്ഥയിൽ ഒരു പുതിയ അവസ്ഥ സംജാതമായി .
- പൊതുപരിപാടികൾ, സ്വകാര്യ വാഹന യാത്ര, പൊതുഗതാഗതം മുതലായവ നിരോധിക്കുകയും നിയന്ത്രിക്കുകയും ചെയ്തു .
- രോഗവ്യാപനം തടയാൻ സാമൂഹിക അകലം, ക്വാറന്റീൻ എന്നിവ നടപ്പിലാക്കി .

- വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഓൺലൈൻ പഠനരീതിയിലേക്ക് ചുവടുമാറി .
- കടകളും ഹോട്ടലുകളും ഹോം ഡെലിവറി സംവിധാനം തുടങ്ങി.
- ചെറുകിട ഉൽപ്പാദനപ്രവർത്തനങ്ങൾ വീടുകളിലേക്ക് മാറ്റി .

## കോവിഡ് -19 മഹാമാരിയും അതിന്റെ ആഘാതവും - തൊഴിൽ , തൊഴിലില്ലായ്മ

- ലോക്ക് ഡൗൺ , സാമൂഹിക അകലം പാലിക്കൽ , ക്വാറന്റീൻ നടപടികൾ എന്നിവ നടപ്പിലാക്കിയത് കാരണം സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥ മന്ദഗതിയിലായി.
- സ്വയം തൊഴിൽ, സ്ഥിരജോലി, കൂലിപ്പണി എന്നിങ്ങനെ എല്ലാ വിഭാഗങ്ങളുടെയും തൊഴിൽ നഷ്ടത്തിന് ലോക്ക് ഡൗൺ കാരണമായി .
- വ്യാപാരം, സംഭരണം, വിനോദം, ഗതാഗതം തുടങ്ങിയ മേഖലകളും മറ്റ് സേവന -വിതരണ മേഖലകളും 50 ശതമാനത്തിലധികം തൊഴിലില്ലായ്മ രേഖപ്പെടുത്തിയ ഉപമേഖലകളായിരുന്നു .

## കോവിഡ്-19 വ്യാപനവും പ്രത്യാഘാതവും -പ്രവാസികളുടെ മടങ്ങിവരവ്

- നോർക്ക വഴി 2021 ജനുവരി വരെ വിദേശത്ത് നിന്ന് മടങ്ങിയെത്തിയ കേരളീയരുടെ എണ്ണം 8.43 ലക്ഷം ആണ് .
- ഇതിൽ തൊഴിൽ നഷ്ടപ്പെട്ടത് 5.52 ലക്ഷം ആളുകൾക്കാണ് .
- യുഎഇ, സൗദി അറേബ്യ, കുവൈറ്റ് , ബഹ്റൈൻ , ഒമാൻ, ഖത്തർ എന്നി 6 ഗൾഫ് രാജ്യങ്ങളിലെ കേരളീയരുടെ പങ്ക് വലുതാണ് .
- ചികിത്സ സൗകര്യങ്ങളുടെ അഭാവം, ചിലവേറിയ ചികിത്സ, ക്വാറന്റീൻ സൗകര്യങ്ങളുടെ അഭാവം, തൊഴിൽ നഷ്ടം തുടങ്ങിയവ കുടിയേറ്റക്കാരെ കേരളത്തിലേക്ക് മടങ്ങാൻ നിർബന്ധിച്ചു .

**Estimated Emigrants From Kerala, 2018**

| No | Districts | Number of Emigrants | | Increase/Decrease (%) | EMI*Per 100 |
|---|---|---|---|---|---|
| | | 2013 | 2018 | | |

| | | | | | house hold in 2018 |
|---|---|---|---|---|---|
| 1 | Thiruvananthapuram | 2,41,727 | 137007 | -43.32 | 15.2 |
| 2 | Kollam | 1,99,933 | 2,40,527 | 20.32 | 32.8 |
| 3 | Pathanamthitta | 141343 | 109836 | -22.29 | 31.9 |
| 4 | Alappuzha | 93096 | 136857 | 47.01 | 23.6 |
| 5 | Kottayam | 107931 | 166625 | 54.38 | 31.3 |
| 6 | Idukki | 23967 | 32893 | 37.24 | 11.3 |
| 7 | Ernakulam | 191373 | 53418 | -72.09 | 5.8 |
| 8 | Thrissur | 230081 | 241150 | 4.81 | 27.9 |
| 9 | Palakkad | 70.506 | 89.065 | 26.32 | 12.2 |
| 10 | Malappuram | 455696 | 406054 | -10.89 | 42.1 |
| 11 | Kozhikod | 226499 | 160691 | -29.05 | 19.7 |
| 12 | Wayanad | 22568 | 30650 | 35.81 | 14.5 |
| 13 | Kannur | 291321 | 249834 | -14.24 | 38.8 |
| 14 | Kasaragod | 104334 | 67281 | -35.51 | 21.3 |
| **Kerala** | | 2400375 | 2121887 | -11.60 | 24.0 |

*: Emigrants

Source: S. Irudaya Rajan, K C Zacharia (2019).Kerala Migration Survey

- 2020 സെപ്റ്റംബർ 3 വരെ വിദേശത്ത് നിന്നും ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിൽനിന്നും മടങ്ങിയെത്തിയവരുടെ എണ്ണം 9.1 ലക്ഷ്യമായിരുന്നു (മലയാള മനോരമ ദിനപ്പത്രം, സെപ്റ്റംബർ 4, 2020) വിദേശ രാജ്യങ്ങളിൽ നിന്ന് 3.47 ലക്ഷം. മറ്റ് സംസ്ഥാനങ്ങളിനിന്ന് 5.62 ലക്ഷം .
- ജോലി നഷ്ട്ടപ്പെട്ട വ്യക്തികൾ, വിദ്യാർത്ഥികൾ ,ഹ്രസ്വകാല സന്ദർശകർ എന്നിവരായിരുന്നു വിദേശ രാജ്യങ്ങളിൽനിന്നും മടങ്ങിയെത്തിക്കൊണ്ടിരുന്നത് .
- ഗൾഫ് വരുമാനത്തിലെ കുറവ് കേരളത്തിലെ നിക്ഷേപം ,ഉപഭോഗം ,ആരോഗ്യം തുടങ്ങി എല്ലാ മേഖലകളെയും പ്രതികൂലമായി ബാധിച്ചു .
- തിരികെയെത്തിയ കുടിയേറ്റക്കാരിൽ വലിയ പങ്കും കേരളത്തിൽ തൊഴിൽ രഹിതരായി തുടരുന്നു .

## പുനരധിവാസ പദ്ധതികൾ

- തൊഴിലാളികളുടെ കുടിയേറ്റത്തിൽ ഒന്നാം സ്ഥാനത്തുള്ള ഇന്ത്യയിൽ ഏറ്റവും കൂടുതൽ കുടിയേറ്റം നടത്തുന്നവർ കേരളീയർ ആണ് .
- ഗൾഫ് രാജ്യങ്ങളിൽ കുടിയേറ്റ തൊഴിലാളികളുടെ സംഭാവന വ്യക്തമാണ് .
- റിസർവ് ബാങ്ക് നടത്തിയ പഠനമനുസരിച്ച് കഴിഞ്ഞ വർഷം പല രാജ്യങ്ങളിൾ നിന്നുള്ള തൊഴിലാളികളുടെ വരുമാനത്തിൽ 69 ബില്യൺ ഡോളറുമായി ഇന്ത്യ ഒന്നാമതാണ് .
- ഇതിൽ കേരളത്തിന്റെ പങ്ക് 13.11 ബില്യൺ ഡോളറുമായി (19%, 95000 കോടി രൂപ ) ഒന്നാമതാണ് .
- പ്രവാസി കേരളീയരുടെ ക്ഷേമത്തിനായി തിരുവനന്തപുരം ആസ്ഥാനമായ നോഡൽ ഏജൻസിയായ The Non-Resident Keralites Affairs (NoRKA) ഡിപ്പാർട്ട്മെന്റിലൂടെയും പിന്നീട് NoRKA Roots വഴിയും സംസ്ഥാനം നിരവധി നടപടികൾ സ്വീകരിച്ചു .
- കേരള മൈഗ്രേഷൻ സർവേ 2018 പ്രകാരം , ആദ്യമായി കുടിയേറ്റക്കാരുടെ എണ്ണത്തിൽ കുറവ് വന്നു. കേരളത്തിൽ ഇത് 24 ലക്ഷത്തിൽ നിന്ന് 21 .2 ലക്ഷമായി കുറഞ്ഞു .
- 2018 -ലെ ജില്ല തിരിച്ചുള്ള കണക്കുകൾ പ്രകാരം ഇന്ത്യക്ക് പുറത്ത് കുടിയേറിയവരിൽ ഏറ്റവും കൂടുതൽ മലപ്പുറം (7.16 ലക്ഷം) കൊല്ലം (4 .06ലക്ഷം ) കണ്ണൂർ (3.44 ലക്ഷം) ജില്ലക്കാരാണ്.
- കേരളത്തിലെ കുടിയേറ്റ ജനസംഖ്യയുടെ 89.2 % പശ്ചിമേഷ്യയിലെ രാജ്യങ്ങളിലാണ് .
- 39.1 % കുടിയേറ്റക്കാർ യുണൈറ്റഡ് അറബ് എമിറേറ്റ്സിലും 23 % സൗദ്യ അറേബ്യയിലുമാണ്.
- കുടിയേറ്റക്കാരുടെ മടങ്ങിവരവിനും ഗൾഫ് വരുമാനത്തിലെ ഇടിവിനുമുള്ള കാരണങ്ങൾ

➢ യന്ത്രവത്കരണം
➢ തൊഴിൽ നയങ്ങൾ
➢ ആഗോള സാമ്പത്തിക മാന്ദ്യം
➢ കുറഞ്ഞ വേതനം

- ഏറ്റവും കൂടുതൽ മടങ്ങിയെത്തിയ കുടിയേറ്റക്കാർ മലപ്പുറം , തിരുവനന്തപുരം , കോട്ടയം ജില്ലകളിൽ നിന്നുള്ളവരാണ് .
- സംസ്ഥാനത്ത് നിന്ന് വിദേശത്ത് ജോലി ചെയ്യുന്നവരിൽ 67.78 % പേരും ബിസിനസുകാർ , അധ്യാപകർ , ബാങ്കർമാർ തുടങ്ങിയ പ്രൊഫഷണലുകളാണ് .

## ധനകാര്യ സ്ഥാപനങ്ങളുടെ പങ്ക്

- സമ്പദ് വ്യവസ്ഥയെ സുസ്ഥിരമാക്കുന്നതിനും വാണിജ്യം ,ചെറുകിട കച്ചവടങ്ങൾ , വ്യക്തികൾ മുതലായവയ്ക്ക് ആവശ്യമായ പിന്തുണ നൽകുവാൻ ബാങ്കുകൾക്കും ബാങ്കിതര സ്ഥാപനങ്ങൾക്കും കഴിയുന്നുണ്ട്.
- ഉപഭോക്താക്കൾക്കായി മധ്യ -ദീർഘകാല പദ്ധതികൾ മുതൽ ബിസിനസ്സുകൾ സുഗമമായി കൊണ്ടുപോകാൻ സഹായിക്കുന്ന അടിയന്തിര പ്രവർത്തനങ്ങൾ വരെ നടപ്പിലാക്കിവരുന്നു .
- പല ധനകാര്യ സ്ഥാപനങ്ങളും വർക്ക് ഫ്രം ഹോം (വീട്ടിലിരുന്ന് ജോലി ചെയ്യുക) സംവിധാനം സ്വീകരിക്കുകയും അതിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും അതിൽ പ്രാവീണ്യം നേടുകയും ചെയ്തു .
- സാങ്കേതികവിദ്യയുടെ സഹായത്തോടെ ഉപഭോക്താകൾക്ക് മികച്ച സേവനം നൽകി .
- മനുഷ്യരുടെ ഇടപെടൽ കുറച്ചുകൊണ്ടുള്ള റോബോട്ടിക് പ്രവർത്തനവും , സാമ്പത്തിക തട്ടിപ്പ് പരിശോധിക്കാനുള്ള തത്സമയ പരിശോധനകളും വഴി ധനകാര്യ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയുന്നു.
- അക്കൗണ്ടുകൾ, ഡിജിറ്റൽ ബാങ്കിംഗ്, പേയ്മെന്റ് ഓപ്ഷനുകൾ, സുരക്ഷാ നടപടികൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്നത് ഉപഭോക്താകളിൽ ബാങ്കിനോടുള്ള വിശ്വാസം വളർത്താൻ സഹായിക്കുന്നു .
- ബ്രാഞ്ചിന്റെ പ്രവർത്തന സമയം ഇ-മെയിൽ , ടെക്സ്റ്റ് സന്ദേശം വഴി അക്കൗണ്ട് ഉടമകൾക്ക് നൽകാൻ കഴിഞ്ഞിരുന്നു .
- ബ്രാഞ്ച് സന്ദർശകരെ സുരക്ഷിതമായി സാനിറ്റൈസ് ചെയ്യിപ്പിക്കാനുള്ള അറിയിപ്പുകൾ ബ്രാഞ്ചിനകത്ത് ചിഹ്നങ്ങൾ , പോസ്റ്ററുകൾ എന്നിവ ഉപയോഗിച്ച് നൽകുന്നു .
- മൊബൈൽ അപ്ലിക്കേഷൻ ഉപയോഗിക്കുന്നതിന് ഉപഭോക്താകൾക്കായി വീഡിയോ പഠനസഹായികളും ഇ-ലേർണിംഗ് ഓപ്ഷനുകളും തയ്യാർ ചെയ്തു .
- ബാങ്കും ഉപഭോക്താകളും തമ്മിലുള്ള ബന്ധങ്ങൾ കൂടുതൽ ആഴത്തിലാകാൻ കോൾ സെന്റർ സേവനങ്ങൾ സഹായിക്കുന്നു .

## ചെറു സംരംഭ മാർഗ്ഗങ്ങൾ

**1.പ്രാതൽ വിതരണം / ഭക്ഷണ പാഴ്സലുകളുടെ വിതരണം**

ഒരു സ്റ്റാർട്ട് - അപ്പ് എന്ന നിലയിൽ ചെറിയ മുതൽമുടക്കിൽ ലഘു - നാടൻ വിഭവങ്ങളുമായി ഈ സംരഭം ആരംഭിക്കാൻ കഴിയുന്നു .

**2.ജ്യൂസ് പോയിന്റുകൾ / ഷെയ്ക്ക് കൗണ്ടറുകൾ**

- ലളിതമായ ജ്യൂസ് ബാറുകൾ ഇന്ത്യയിൽ വിജയകരമായ ചെറുകിട സംരംഭങ്ങളിൽ ഒന്നാണ് .
- ഫുഡ് ട്രക്ക് ഉപയോഗിച്ച് തട്ടുകടയുടെ രീതിയിലും ഇത്തരം സംരംഭം ആരംഭിക്കാം .

**3.തയ്യൽ / എംബ്രോയിഡറി**

- ഗാർഹിക വ്യവസായം എന്ന നിലയിൽ ചെറിയ ബോട്ടികുകൾക്ക് (boutique) വേണ്ടി ഓർഡർ അടിസ്ഥാനത്തിൽ ഈ സംരംഭം ആരംഭിക്കാവുന്നതാണ് .
- തയ്യലിൽ മികച്ച പരിശീലനവും മുൻപരിചയവും ഉണ്ടായിരിക്കണം .

**4.ഓൺലൈൻ സംരംഭങ്ങൾ**

- ഓൺലൈൻ സേവനങ്ങൾ നൽകുന്നതിനാണ് ഇത്തരം സംരംഭങ്ങൾ ശ്രദ്ധനൽകുന്നത് .ഉദാ :ബ്ലോഗർമാർ , വെബ്സൈറ്റ് ഡിസൈനർമാർ , വെബ്സൈറ്റ് ഡെവലപ്പർമാർ.
- ഈ മേഖലയിൽ നൈപുണ്യവും അതുപോലെ കമ്പ്യൂട്ടർ, സോഫ്റ്റ്വെയർ , ഇന്റർനെറ്റ് സൗകര്യം എന്നിവയാണ് ആവശ്യമായുള്ളത് .
- അനുബന്ധ ഓൺലൈൻ ബിസിനസുകൾ ആണ് ഫ്രീലാൻസിംഗ് ,ഓൺലൈൻ വിവർത്തന സേവനങ്ങൾ മുതലായവ .

**5.ബ്ലോഗിംഗ് / വ്ളോഗിംഗ്**

- വീട്ടിൽ ഇരുന്ന് പണം സമ്പാദിക്കാൻ കഴിയുന്ന ഇന്റർനെറ്റ് അധിഷ്ഠിത ചെറുകിട ബിസിനസ്സ് .
- വ്ളോഗ് , ബ്ലോഗ് എന്നി മാധ്യമങ്ങളിലൂടെയുള്ള രസകരമായ സൃഷ്ടികൾ വഴി കാഴ്ചക്കാരെയോ വായനക്കാരെയോ വർദ്ധിപ്പിക്കുക എന്നതാണ് പ്രധാനം .
- കാഴ്ചക്കാരുടെ എണ്ണത്തെ അടിസ്ഥാനമാക്കിയാണ് വ്ളോഗിൽ പണം ലഭിക്കുന്നത് .

**6.പാചക പരിശീലന ക്ലാസുകൾ**

- വിദഗ്ദ്ധനായ ഒരു പാചകക്കാരന് നേരിട്ടും ഓൺലൈനായും പാചക ക്ലാസുകൾ നടത്താൻ കഴിയും .
- വ്യത്യസ്ത വിഭവങ്ങളെ പരിചയപ്പെടുത്തുന്ന വ്ളോഗ് തുടങ്ങാനും സാധിക്കുന്നു .

## 7. ഡേ കെയർ സേവനങ്ങൾ

ജോലി ചെയ്യുന്ന സ്ത്രീകളും അണു കുടുംബങ്ങളുമുള്ള നഗരങ്ങളിൽ ഡേ കെയർ സേവനങ്ങളും ക്രഷുകളും ഒരു സ്റ്റാർട്ട് -അപ്പായി സമീപഭാവിയിൽ മാറും .

## 8.ഫോട്ടോഗ്രാഫി

- ചിത്രങ്ങൾ എടുക്കുന്നതിലെ കൃത്യതയും നൈപുണ്യവും ഒപ്പം മികച്ച ക്യാമറയും ഒരു വ്യക്തിയെ നല്ല ഫോട്ടോഗ്രാഫർ ആകുന്നു .
- മികച്ച ചിത്രങ്ങൾക്ക് മെച്ചപ്പെട്ട വിപണി ലഭിക്കുന്നു .

## 9.യോഗ പരിശീലകൻ

- ലോകമെമ്പാടും ഇന്ന് സമ്മർദ്ദ ലഘൂകരണ മാർഗമായി യോഗയെ കണക്കാക്കുന്നു .
- നിക്ഷേപം ആവശ്യമില്ലാത്ത ഈ ബിസിനസിന് ഇന്ത്യയിലും വിദേശത്തും ഉയർന്ന ഡിമാൻഡാണ് .
- യോഗയെ കുറിച്ചുള്ള അറിവും മറ്റൊരാളെ പരിശീലിപ്പിക്കാനുള്ള കഴിവും ഒരു വ്യക്തിയെ യോഗ പരിശീലകനാകുന്നു .

## 10.വിവാഹ ബ്യൂറോ

ചെറിയ ഓഫീസ് ഇടം , പരിമിത സ്റ്റാഫ് അംഗങ്ങൾ , രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് , മികച്ച ബന്ധങ്ങൾ എന്നിവ നിങ്ങളെ ഈ മേഖലയിലെ ഒരു മികച്ച ബിസിനസുകാരനാക്കുന്നു .

## 11.ട്രാവൽ ഏജൻസി

- പ്രധാനപ്പെട്ട സ്ഥലങ്ങളിലെ ഓഫീസ് ലഭ്യതയും ഔദ്യോഗിക രജിസ്ട്രേഷനും ഒരു ട്രാവൽ ഏജൻസി ആരംഭിക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നു .
- യാത്രകൾ , ഫ്ളൈറ്റ് നിരക്കുകൾ , ഹോട്ടൽ നിരക്കുകൾ മുതലായവയെ കുറിച്ചുള്ള അറിവ് ആവശ്യമാണ് .

## 12.ബാർബർ ഷോപ്പ്സ് / സലൂൺ

- മെട്രോ നഗരങ്ങളിലെ ഏറ്റവും ബിസിനസ് സാധ്യതയുള്ള മേഖലയാണ് സലൂണുകൾ .
- ഉത്സവം , വിവാഹം തുടങ്ങിയ സീസണുകളിൽ വലിയ ലാഭം നേടാൻ സാധിക്കുന്നു .

**13.റിയൽ എസ്റ്റേറ്റ് ഏജൻറ്**

- വിവിധ തരത്തിലുള്ള ആസ്തികളെക്കുറിച്ചും ഡോക്യൂമെന്റഷൻ പ്രക്രിയകളെകുറിച്ചും നല്ല അറിവും ഒപ്പം മികച്ച ആശയവിനിമയവും കൈമുതൽ ആയിട്ടുള്ള ഒരു വ്യക്തിക്ക് ഒരു റിയൽ എസ്റ്റേറ്റ് ഏജൻറ് ആകാൻ സാധിക്കുന്നു .
- ഒരു ഓഫീസ് കെട്ടിടത്തിന്റെ നിക്ഷേപം മാത്രമാണ് ആവശ്യം .

**14.ഐസ്ക്രീം പാർലർ**

ഏതെങ്കിലും നിർദിഷ്ട ഐസ്ക്രീം ബ്രാൻഡിന്റെ വിതരണ അവകാശവും മികച്ച സ്ഥലത്ത് കൗണ്ടർ സ്ഥാപിക്കുകയും വഴി ഈ ബിസിനസ്സ് നടത്താൻ സാധിക്കുന്നതാണ് .

**15.കരകൗശല വിൽപ്പനക്കാരൻ**

- കരകൗശല ഉത്പന്നങ്ങളുടെ വിപണിക്കായി ഭാരത സർക്കാർ പല നടപടികളും ആരംഭിച്ചിട്ടുണ്ട് .
- ഈ മേഖലയിലെ പ്രാവീണ്യം ആണ് ബിസിനസ്സിനാവശ്യം .ഉദാ :പെയിന്റിംഗുകൾ , മൺപാത്രങ്ങൾ , എംബ്രോയിഡറി സാധനങ്ങൾ , മാർബിൾ ശിൽപങ്ങൾ മുതലായവ .

**16.കൺസൾട്ടൻസി**

- ഐ .ടി , നിയമം , ആരോഗ്യ സംരക്ഷണം , സോഷ്യൽ മീഡിയ , മാർക്കറ്റിംഗ് തുടങ്ങിയ മേഖലകളിൽ കൃത്യവും വ്യക്തവുമായ അറിവുള്ളവർക്ക് സ്വന്തമായി കൺസൾട്ടൻസി കമ്പനി ആരംഭിക്കാം .
- കോർപ്പറേറ്റ് കമ്പനികളുമായി  കരാറുകളിൽ ഏർപ്പെടുന്ന വഴി പണം സമ്പാദിക്കാനും സാധിക്കുന്നു .

**17.ബോട്ടിക് സ്റ്റോർ**

തുന്നൽ ഇഷ്ട്ടപ്പെടുന്നതും പുതിയ ഫാഷൻ ട്രെൻഡുകൾ അപ്ഡേറ്റ് ചെയ്യുന്നതുമായ സ്ത്രീകൾക്ക് എവിടെയും കുറഞ്ഞ മുടക്കുമുതലിൽ ഒരു ബോട്ടിക് സ്റ്റോർ തുടങ്ങുവാൻ സാധിക്കുന്നു .

**18.കാറ്ററിംഗ്**

- തൊഴിലാളികളുടെ സേവനം , അസംസ്കൃത വസ്തുക്കൾ , കൂടാരങ്ങൾ , മേശ , പത്രങ്ങൾ തുടങ്ങിയവ ഈ ബിസിനസ്സിനാവശ്യമാണ് .
- ഈ മേഖലയിലെ വിജയമെന്നത് തയ്യാറാക്കി വിളമ്പുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരത്തെയും രുചിയേയും ആശ്രയിച്ചിരിക്കുന്നു.

## 19.കോച്ചിംഗ് ക്ലാസുകൾ

വിദ്യാഭ്യാസത്തിൽ വൈദഗ്ധ്യമുള്ള ഒരു വ്യക്തിക്ക് മറ്റൊരു മുഴുവൻ സമയ ജോലിക്കിടയിലും ചെയ്യാൻ സാധിക്കുന്ന പാർട്ട് ടൈം ജോലിയാണിത് .

## 20.വെഡിങ് പ്ലാൻ

സർഗ്ഗാത്മകതയും ഈ മേഖലയോട് അഭിനിവേശവുമുള്ള വ്യകതികൾക്ക് മികച്ച സാധ്യതയുള്ള ബിസിനസ്സാണിത് .

## 21.തൊഴിൽ സേവനങ്ങൾ

പല കോർപ്പറേറ്റുകൾക്കും സ്ഥാപനങ്ങൾക്കും കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് മനുഷ്യ വിഭവ ശേഷി ലഭ്യമാക്കുക വഴി ഈ സംരംഭത്തിൽ മുന്നേറാൻ സാധിക്കുന്നു .

## സ്ത്രീകൾക്കുള്ള ബിസിനസ്സ് ആശയങ്ങൾ

- കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി വനിതാ സംരംഭകരുടെ എണ്ണത്തിൽ ശ്രദ്ധേയമായ വളർച്ചയാണ് രാജ്യം കണ്ടുവരുന്നത് .
- ഇന്നത്തെ സ്ത്രീകൾ അവരുടെ സംരംഭക കഴിവുകളാൽ മിക്കവാറും എല്ലാ വ്യവസായ മേഖലകളിലേക്കും കടന്നുവരുന്നു.
- സ്ത്രീകൾക്ക് അവരുടെ കഴിവുകളും അഭിനിവേശവും അനുസരിച്ച് ഒരു സംരംഭകയായി മാറാനുള്ള പ്രധാനപ്പെട്ട ബിസിനസ്സ് ആശയങ്ങളാണ് ;

## 1.ആരോഗ്യ പരിപാലനം

- ആളുകൾ ദൈനംദിന വ്യായാമമായി നൃത്തം , എയ്റോബ്രിക്സ് , യോഗ തുടങ്ങി വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു .
- സ്ത്രീകൾക്ക് ഇത്തരം മേഖലകളിൽ പ്രൊഫഷണൽ പരിശീലകരാകാനും ഫിറ്റ്നസ് സെൻന്ററുകൾ തുടങ്ങാനും സാധിക്കുന്നു. ഉദാ :യോഗ , ധ്യാന കേന്ദ്രങ്ങൾ , സുംബാ ഇൻസ്ട്രക്ടർ .

**2.ഭക്ഷണ പാനീയ വ്യവസായം**

- ഭക്ഷ്യ വ്യവസായത്തിലെ മികച്ച ബിസിനസ്സ് അവസരങ്ങളാണ്;
  - കഫേകൾ : ചെറുപ്പക്കാരും കോളേജ് വിദ്യാർത്ഥികളും ധാരാളമായി എത്തുന്നു .
  - റസ്റ്റോറന്ററുകൾ : ശരിയായ ഫണ്ടിംഗും മികച്ച മാനേജ്മെന്റ് ടീമുമാണ് ഈ ബിസിനസ്സിനാവശ്യം.
  - ഗാർഹിക കാറ്ററിംഗ് ബിസിനസ്സ് : പാചകം ഇഷ്ട്ടപ്പെടുന്ന സ്ത്രീകൾക്ക് സ്വന്തമായി ചെയ്യാൻ സാധിക്കുന്ന ബിസിനസ്സാണിത്. .

**3.സൗന്ദര്യ സംരക്ഷണം**

- സ്ത്രീകൾക്ക് മികച്ച സംരംഭകരാക്കാൻ സാധിക്കുന്ന ഒരു മേഖലയാണിത് .
  - സ്പാ, സലൂൺ
  - നെയിൽ ആർട്ട് സ്റ്റുഡിയോകൾ
  - ബ്രൈഡൽ മേക്കപ്പ് സ്റ്റുഡിയോകൾ
- ഏറ്റവും പുതിയ ഫാഷനുകളെക്കുറിച്ചുള്ള അറിവും വിദഗ്ദ്ധതയും ഈ ബിസിനസ്സിൽ വിജയം നേടി തരുന്നു .

**4.ഫ്രീലാൻസ് റൈറ്റിംഗ്**

- ഒരു വ്യക്തിയുടെ ഭാഷാശൈലിയും എഴുത്തിനോടുള്ള താൽപ്പര്യവുമാണ് ഈ ബിസിനസ്സിനാവശ്യം .
  - ടെക്നിക്കൽ എഴുത്ത് : ഐ .ടി കമ്പനികൾക്ക് വേണ്ടി എഴുതുക
  - ക്രിയേറ്റീവ് റൈറ്റിംഗ് : പരസ്യ ഏജൻസികൾക്ക് വേണ്ടി എഴുതുക .
  - ബ്ലോഗർ : സ്വന്തം ബ്ലോഗിനുവേണ്ടി എഴുതുക .

**5.ഐ ടി & സോഫ്റ്റ്‌വെയർ വികസനം**

- സാങ്കേതിക വികസനത്തിന്റെ കാലത്ത് സോഫ്റ്റ്‌വെയറിന്റെ ആവശ്യകത കൂടി വരുന്നു.
- സ്വന്തമായി സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിലൂടെ ക്ലയൻറ്റുകളെ നേടാനും അവരുടെ പ്രോജെക്റ്റുകൾക്കായി സ്വതന്ത്രമായി പ്രവർത്തിക്കാനും സാധിക്കുന്നു . ഇതുവഴി ഒരു മികച്ച ചെറുകിട ബിസിനസ്സ് ആരംഭിക്കാവുന്നതാണ് .
- സ്വന്തമായി പ്രോഗ്രാമിംഗ് ചെയ്യാനും കോഡുകൾ എഴുതാനും കഴിയുന്നവർക്കുള്ള മേഖലയാണിത് .

- വെബ് വികസനം : വിവിധ ബിസിനസ്സുകൾക്കോ ഇവന്റുകൾക്കോ വേണ്ടി വെബ്സൈറ്റ് വികസിപ്പിക്കുന്ന കമ്പനി ആരംഭിക്കാവുന്നതാണ് .
- ആപ്ലിക്കേഷൻ വികസനം: പൊതുജനങ്ങൾക്ക് എളുപ്പത്തിൽ ലഭ്യമാകുന്ന ആപ്ലിക്കേഷനുകൾ വികസിപ്പിക്കുന്നതിനായി ആപ്ലിക്കേഷൻ വികസന കേന്ദ്രം സ്ഥാപിക്കാവുന്നതാണ് .

### 6.ഗ്രാഫിക്സ് ഡിസൈനിംഗ്

- ഡിസൈനിംഗ് എന്നത് സ്ത്രീകൾക്ക് മുന്നിട്ടുനിൽക്കാൻ സാധിക്കുന്ന ഒരു ക്രീയേറ്റീവ് ഫീൽഡാണ് .
- ഗ്രാഫിക് ഡിസൈനിംഗ് ഏതൊരു വെബ്സൈറ്റിന്റെയും രൂപം മാറ്റുകയും അത് കൂടുതൽ ആകർഷകമാക്കുകയും ചെയ്യുന്നു .

### 7.അക്കൗണ്ടിംഗ്

- ദൈനംദിന ഫിനാൻസ് അക്കൗണ്ടുകൾ വിവിധ രീതിയിൽ വീട്ടമ്മമാർ മുതൽ ചാർട്ടേഡ് ഫിനാൻഷ്യൽ അനലിസ്റ്റുകൾ വരെ എളുപ്പത്തിൽ കൈകാര്യം ചെയ്യുന്നു .
- അക്കൗണ്ടിംഗ് സ്ഥാപനങ്ങൾ സ്ത്രീകൾക്ക് മികച്ച ഒരു ബിസിനസ്സ് ആശയമാണ് .

### 8. സാനിറ്ററി നാപ്കിൻസ്

- സാനിറ്ററി നാപ്കിൻസ് വ്യവസായത്തിൽ സ്ത്രീകൾക്ക് മികച്ച സംരംഭകരാകാം .
- ആർത്തവ ശുചിത്വം സ്ത്രീകളുടെ ജീവിതത്തിലെ വളരെ പ്രധാനപ്പെട്ട ഘടകമാണ്. ആയതിനാൽ ഉചിതമായ ഉൽപ്പന്നങ്ങൾ ന്യായമായ വിലയ്ക്ക് വിപണിയിൽ ലഭ്യമായിരിക്കണം .
- പ്രകൃതിദത്ത സാനിറ്ററി നാപ്കിനുകൾ: യന്ത്രങ്ങളുടെ സഹായത്തോടെ പ്രകൃതിദത്ത കോട്ടൺ സാനിറ്ററി നാപ്കിനുകൾ നിർമ്മിക്കുന്ന സംരംഭങ്ങൾ സ്ത്രീകൾക്ക് ആരംഭിക്കാൻ കഴിയുന്നു .
- ആർത്തവ കപ്പുകൾ : ആർത്തവ കപ്പുകൾക്ക് വിപണിയിൽ നല്ലരീതിയിലുള്ള ബിസിനസ്സ് നടത്താൻ സാധിക്കുന്നു.

അതിനായി ഇത്തരം സിലിക്കൺ കപ്പുകളെക്കുറിച്ച് ബോധവൽകരണം നടത്തേണ്ടാതായിട്ടുണ്ട്.

- ആർത്തവ കാലത്തെ മറ്റുൽപ്പന്നങ്ങൾ : ക്രാബ് റോൾ -ഓണുകൾ , ചൂടുവെള്ള ബാഗുകൾ , എണ്ണകൾ മുതലായ പുത്തൻ ഉൽപ്പന്നങ്ങളെ വിപണിയിൽ എത്തിക്കുന്നത് നല്ല ബിസിനസ്സാണ്.

**9.കല-കൗശല വസ്തുക്കൾ**

- പേപ്പറും തടിയും കൊണ്ട് കല-കൗശല വസ്തുക്കൾ നിർമ്മിക്കുന്നത് സ്ത്രീകൾക്ക് മികച്ചൊരു ബിസിനസ്സ് ആശയമാണ് . ഉദാ :ആഭരണ-കാർഡ് -കൊന്ത നിർമ്മാണം .
- ഇതെല്ലം ഇന്ന് വിപണിയിൽ വ്യാപകവും ജനപ്രിയവുമാണ് .

**10.ഫാഷൻ വ്യവസായം**

- ബോട്ടിക്കുകൾ : പുതിയ ട്രെൻഡുകളെക്കുറിച്ച് ധാരണയുള്ളവർക്ക് ഫാഷൻ ഗെയിം , ഫാഷൻ സ്റ്റോർ എന്നിങ്ങനെ മികച്ച ബിസിനസ്സ് ഓപ്ഷനുകളാണുള്ളത് .
- സ്വന്തം ഫാഷൻ ലേബൽ : സ്വന്തമായി വസ്ത്രങ്ങൾ രൂപകൽപന ചെയ്യുന്നവർക്കായുള്ള ബിസിനസ്സ് ആശയമാണിത് . കൂടുതൽ നിക്ഷേപവും വിശാലമായ അറിവും ആവശ്യമാണെങ്കിലും , ഒരിക്കൽ ഇരുത്തം വന്നാൽ ഇത് മികച്ച ബിസിനസ്സ് തന്നെയാണ് .
- ബാഗുകളും ആക്സസറീസ് ഔട്ലെറ്റുകളും : ജ്വലറി , ബെൽറ്റ് , ഷൂസ് ,ബാഗ് എന്നിവയുടെയൊക്കെ ഷോപ്പുകൾ മികച്ചൊരു ആശയമാണ് .
- സ്റ്റിച്ചിങ്, എംബ്രോയിഡറി ബിസിനസ്സിലും സ്ത്രീകൾക്ക് തിളങ്ങാനാകുന്നു .

**പുരുഷൻമാർക്കുള്ള ബിസിനസ്സ് ആശയങ്ങൾ**

**1.ബ്ലോഗിംഗ്**

- ഇന്റെർനെറ്റിന്റെയും സോഷ്യൽ മീഡിയയുടെയും സഹായത്തോടെ നമ്മുടെ ആശയങ്ങൾ പ്രചരിപ്പിക്കാനുള്ള ആഗ്രഹം ബ്ലോഗിംഗ് എന്ന സംരംഭകത്തിലേക്ക് നയിക്കുന്നു .
- ഡിജിറ്റൽ മാർക്കറ്റിംഗ് ഒരു വലിയ വ്യവസായമായി വളർന്നുവരുന്ന സാഹചര്യത്തിൽ , മാർക്കറ്റിന്റെ പ്രാഥമിക ഉൽപ്പന്നമായി ബ്ലോഗിനെ കണക്കാക്കുന്നു .

**2.ഫ്രീലാൻസിംഗ്**

- ഇന്ത്യയിലെ നിരവധി യുവാകൾക്ക് സ്വയം തൊഴിൽ ചെയ്യാനുള്ള നല്ലൊരു മാർഗമാണ് ഫ്രീലാൻസിംഗ്.
- ഇത് ഒരു ചെറിയ ബിസിനസ്സ് ആശയമാണ് , എന്നാൽ അതിന്റെ സാധ്യതകൾ സാർവത്രികവുമാണ് .
- സ്വന്തം കഴിവുകളെ ഭംഗിയായി മാർക്കറ്റ് ചെയ്യുക .
- ജോലി സമയബന്ധിതമായി പൂർത്തിയാക്കുക .

## 3.കണ്ടെന്റ് ഡെവലപ്പർ

- ഇന്റർനെറ്റിൽ ചില പ്രത്യേക വിവരങ്ങൾ അടങ്ങുന്ന ഉള്ളടക്കങ്ങൾക്കായി തിരയുന്ന നിരവധി വ്യക്തികൾ ഉണ്ട് ,അത്തരം വിവരങ്ങൾ ഓൺലൈനിൽ തയ്യാറാക്കി നൽകുക എന്നത് വിജയസാധ്യതയുള്ള ഒരു ബിസിനസ്സാണ് .
- വിഷയത്തെക്കുറിച്ചുള്ള വ്യക്തമായ ധാരണയും രസകരമായ അവതരണ ശൈലിയും ഈ മേഖലയിൽ നിന്നും പണം നേടി തരുന്നു .
- ഈ രംഗത്ത് നിലവിൽ വളരെ കുറച്ചുപേർ മാത്രമാണ് ജോലിചെയ്യുന്നതിനാൽ ആളുകൾക്ക് ആത്മവിശ്വാസത്തോടെ ഈ മേഖലയിലേക്ക് കടന്നുവരാൻ സാധിക്കുന്നു .

## 4.ബിസിനസ്സ് കൺസൾട്ടന്റ്

- ബിസിനസ്സുമായി ബന്ധപ്പെട്ട കാര്യങ്ങളിലെ അറിവ് ഒരു മികച്ച ബിസിനസ്സ് സംരംഭം ആരംഭിക്കുന്നതിന് സഹായിക്കുന്നു .
- പുതിയ ബിസിനസ്സ് ആശയങ്ങൾ തേടിവരുന്നവർക്ക് അത് നടപ്പാക്കാനുള്ള വഴി പറഞ്ഞുകൊടുക്കുക വഴി ഈ മേഖലയിൽ വിജയിക്കാൻ സാധിക്കുന്നു .
- ഈ ചെറുകിട ബിസിനസ്സിന് ദിവസേന മികച്ച വരുമാനം നേടാൻ സാധിക്കുന്നു .

## 5.വെബ്സൈറ്റ് ഡിസൈനിംഗ്

- സംരംഭങ്ങളും സ്റ്റാർട്ട് -അപ്പുകളും ദിനംപ്രതി വർധിച്ചുവരുന്ന സാഹചര്യത്തിൽ വെബ്സൈറ്റിന്റെ ആവശ്യകത കൂടിവരുന്നു .
- വെബ്സൈറ്റ് ഡിസൈനിംഗ് മികച്ച നേട്ടം കൈവരിക്കാവുന്ന മേഖലയാണ്.

- വൈദഗ്ധ്യം അനുസരിച്ച് ഈ മേഖലയിൽ നേട്ടം ഉണ്ടാക്കാൻ സാധിക്കുന്നു .

## നഗരത്തിലെ വനിതകൾക്കുള്ള ബിസിനസ്സ് ആശയങ്ങൾ

### ആമുഖം

- വൻതോതിലുള്ള നഗരവൽക്കരണവും ഉദാരവൽക്കരണവും ബിസിനസ്സ് രംഗത്ത് പുത്തൻ സാധ്യതകൾ അവതരിപ്പിച്ചിരിക്കുകയാണ് .
- സ്ത്രീകൾക്ക്, പ്രത്യേകിച്ച് വീട്ടമ്മമാർക്ക് സ്വന്തമായി സ്റ്റാർട്ട് - അപ്പുകൾ , കുറഞ്ഞ ബജറ്റിലുള്ള ഗാർഹിക ബിസിനസ്സുകൾ സ്ഥാപിക്കുന്നതിന് ധാരാളം അവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു .
- സ്ത്രീകൾക്കിടയിലെ വളരെ പ്രചാരമുള്ള രണ്ട് വ്യവസായങ്ങളാണ് ഭക്ഷണ -ഫാഷൻ വ്യവസായങ്ങൾ .
- ഓൺലൈൻ ഡെലിവറി പ്ലാറ്റുഫോമുകളായ സൊമാറ്റോ ,സ്വിഗ്ഗി , ഊബർ ഈറ്റ്സ് എന്നിവയുടെ കടന്നുവരവിന് ശേഷം ഭക്ഷ്യ വ്യവസായം കൂടുതൽ വികസിതമായി .
- ആമസോൺ , അലിബാബ ,ഇ -ബേ , ഫ്ലിപ്കാർട്ട് തുടങ്ങിയ ഇ-കോമേഴ്‌സ് പ്ലാറ്റുഫോമുകൾ അവർക്കാവശ്യമായ ഉൽപ്പന്നങ്ങൾ അധികവും സമാഹരിക്കുന്നത് വനിതകളുടെ ഗാർഹിക യൂണിറ്റ് , സ്റ്റാർട്ട് -അപ്പ് കമ്പനികൾ എന്നിവയിൽനിന്നുമാണ് .

## സ്ത്രീകൾക്ക് അനുയോജ്യമായ ഗാർഹിക- കുറഞ്ഞ ബജറ്റ് ബിസിനസ്സ് ആശയങ്ങൾ

### 1.വീട്ടിൽ പാകം ചെയ്യുന്ന ഭക്ഷണം.

- വീട്ടിൽ പാകം ചെയ്യുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ ഹോം - ഓഫീസ് ഡെലിവറി വളരെ സുഗമമായി കൈകാര്യം ചെയ്യാവുന്ന ബിസിനസ്സാണ് .
- സൊമാറ്റോ ,സ്വിഗ്ഗി , ഊബർ ഈറ്റ്സ് പോലുള്ള ഓൺലൈൻ ഡെലിവറി പ്ലാറ്റുഫോമുകളുടെ സഹായത്തോടെ ഭക്ഷ്യ വിതരണ ബിസിനസ്സ് സ്ഥാപിക്കുന്നതിന് കുറച്ച് തൊഴിലാളികളുടെയും ഒപ്പം വീട്ടുകാരുടെയും സഹായത്തോടെ സാധിക്കുന്നു .

- പല നഗരങ്ങളിലും പരീക്ഷിച്ചു വിജയം നേടിയ ഈ സംരംഭം വീട്ടിലിരുന്നു ഉയർന്ന വരുമാനം നേടുന്നതിന് സഹായിക്കുന്നു .

**ഭക്ഷ്യ വ്യവസായം ആരംഭിക്കുന്നതിനുള്ള ആസൂത്രണവും തന്ത്രങ്ങളും**

- അടുക്കള സജ്ജമാക്കി മെനു സൃഷ്ടിക്കുക .
- വിതരണത്തിന് വേണ്ടി ഓൺലൈൻ ഡെലിവറി പ്ലാറ്റുഫോമുകൾ , മാർക്കറ്റിംഗ് പങ്കാളികൾ എന്നിവരുടെ സഹകരണം ഉറപ്പാക്കുക .

**2.ഫാഷനും വസ്ത്രവ്യാപാരവും**

- ഫാഷൻ രംഗത്തെ പുത്തൻ പ്രവണതകളെക്കുറിച്ച് നല്ല അറിവുള്ള സ്ത്രീകൾ നടത്തുന്ന ഗാർഹിക , കുറഞ്ഞ ബജറ്റ് തുണിനിർമ്മാണം , ചില്ലറ വിൽപ്പന ബിസിനസ്സുകളാണ് ഏറ്റവും ജനപ്രിയവും വരുമാനം ഉണ്ടാക്കുന്നതുമായ ആശയം .
- ഇ -കോമേഴ്‌സ് കമ്പനികളായ ആമസോൺ , ഫ്ലിപ്കാർട്ട് എന്നിവയുടെ സഹായത്തോടെ വസ്ത്രങ്ങളും ഫാഷൻ ആക്സസറികളും ഓൺലൈനായി വിൽക്കുവാൻ സാധിക്കുന്നു .
- മറ്റു ബിസിനസ്സുകളുമായി താരതമ്യപ്പെടുത്തുമ്പോൾ പ്രാരംഭ ഓഫറും നിക്ഷേപവും വളരെ തുച്ഛവും , വരുമാനമുണ്ടാകാനുള്ള സാധ്യത വളരെ വലുതുമാണ് .

**വസ്ത്രവ്യാപാരം ആരംഭിക്കുന്നതിനുള്ള ആസൂത്രണവും തന്ത്രങ്ങളും**

- ആകർഷകവും നൂതനവുമായ രീതിയിൽ വസ്ത്രങ്ങൾ ഡിസൈൻ ചെയ്യാൻ താല്പര്യമുള്ള ഡിസൈനർമാരുമായി സഹകരണം സ്ഥാപിക്കുക .
- സോഷ്യൽ മീഡിയ , ഡിജിറ്റൽ മാർക്കറ്റിംഗ് വിദഗ്ധരുടെ സഹായം സ്വീകരിക്കുക . അതിനായി വാട്ട്സ് ആപ്പ് , ഫേസ്ബുക്ക് കൂട്ടായ്മകൾ രൂപീകരിക്കാവുന്നതാണ് .
- ഉപഭോക്താക്കളുടെ ഡിമാൻഡിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദന പ്രക്രിയ ആരംഭിക്കുക.

## ബിസിനസ്സ് പ്രൊജക്റ്റ് പ്രൊപ്പോസലുകൾ

### ആശയങ്ങൾ

- ബിസിനസ്സ് പ്രൊപ്പോസൽ : ബാങ്കുകൾക്കും എൻ ബി എഫ് സി - കൾക്കും നൽകുന്ന ബിസിനസ്സിന്റെ പ്രവർത്തന വിശദംശങ്ങൾ അടങ്ങിയ രേഖ .
- ബിസിനസ്സ് ലോൺ പ്രൊപ്പോസൽ : വായ്പ ലഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ സമർപ്പിക്കുന്ന പ്രവർത്തന പദ്ധതികളടങ്ങിയ രേഖ .

### ബിസിനസ്സ് പ്രൊപ്പോസലിൽ ഉൾപ്പെടുത്തേണ്ട ഘടകങ്ങൾ

1.ബിസിനസ്സിന്റെ അടിസ്ഥാന വിവരങ്ങൾ :

- നിങ്ങളുടെ പേര് , ബിസിനസ്സ് ഐഡന്റിറ്റി ,ആവശ്യമായ തുക എന്നിവ ഉൾകൊള്ളുന്നതായിരിക്കണം പ്രാരംഭവാചകം .
- ബിസിനസ്സിന്റെ പേര് , ഘടന , കാലയളവ് , നിലവിലെ വാർഷിക വരുമാനം , ജീവനക്കാരുടെ എണ്ണം.
- ബിസിനസ്സ് ഉടമയെക്കുറിച്ചും അവരുടെ സാമ്പത്തിക പശ്ചാത്തലങ്ങളെക്കുറിച്ചും ജീവനക്കാരുടെ വിവരങ്ങളും ഇതിൽ ഉൾപ്പെടുന്നു.

2.ബിസിനസ്സ് മോഡലിന്റെ വിവരണം :

- എന്താണ് ബിസിനസ്സ്, സേവനം എങ്ങനെ ലഭ്യമാക്കുന്നു, വിപണി,വളർച്ച , മത്സരം എന്നിവ വിവരിക്കുക .

3.വായ്പയുടെ ഉദ്ദേശ്യം :

- വായ്പയുടെ ആവശ്യകതയും തുകയുടെ വിനിയോഗവും വിശദീകരിക്കണം.

4.തിരിച്ചടവ് ശേഷിയുടെ തെളിവ് :

- വായ്പ തിരിച്ചടവിനുള്ള ഫണ്ട് എപ്രകാരം ലഭിക്കുന്നു എന്ന് വ്യക്തമാക്കണം.

- ഉൽപ്പന്നത്തിന്റെയോ സേവനത്തിന്റെയോ ഗുണനിലവാരം പ്രമാണത്തിൽ വിവരിക്കേണ്ടതുണ്ട് . ലാഭം നേടുന്നതിനുള്ള രീതികളും വിവരിക്കാം .

5.നിലവിലുള്ള കടങ്ങളുടെ വിവരങ്ങൾ :

- മുൻ വായ്പയുടെ വിവരങ്ങൾ ഉൾപ്പെടുത്തണം . മുൻവായ്പയുടെ ആവശ്യകത ,തുക ,തിരിച്ചടവ് സമയം മുതലായവ .
- കടം വാങ്ങുന്നയാൾക്ക് തുക തിരിച്ചടയ്ക്കാൻ കഴിയുമെന്ന് ബാങ്കിന് വിശ്വാസം ഉണ്ടാക്കുക എന്നതാണ് ആദ്യമായി വേണ്ടത്.

## ബിസിനസ്സ് വായ്പക്കുള്ള മറ്റ് രേഖകൾ

- ➢ ബിസിനസ്സ് പ്ലാൻ
- ➢ ബാലൻസ് ഷീറ്റ്
- ➢ ലാഭനഷ്ട പ്രസ്താവന
- ➢ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്
- ➢ സാമ്പത്തിക ആസൂത്രണം
- ബിസിനസ്സിന്റെ വിജയ സാധ്യത മനസിലാക്കാൻ ബിസിനസ്സിന്റെ മൂലധനവും കടവും റിസ്കും ബാങ്ക് വിലയിരുത്തും .
- ബിസിനസ്സ് പ്രൊപ്പോസൽ ബാങ്കിന്റെ ആവശ്യകത അനുസരിച്ച് ആയിരിക്കണം തയ്യാറാക്കേണ്ടത്. അതിനായി ബാങ്കുകളും എൻ ബി എഫ് -സികളും ബിസിനസ്സ് പ്രൊപ്പോസൽ ഫോർമാറ്റുകൾ നല്കുന്നു .
- ബാങ്കുകൾ ബിസിനസ്സിനെ വിശകലനം ചെയ്യുന്നു . ശേഷം ലോൺ തുക മുതൽ തിരഞ്ഞെടുക്കേണ്ട വായ്പ തരങ്ങൾ വരെ നിർദ്ദേശിക്കുന്നു .
- ബിസിനസ്സിന്റെ പ്രാരംഭദശയിൽ ലോൺ ലഭിക്കാൻ സാധ്യത കൂടുതലാണ് .ബിസിനസ്സ് കടത്തിലാണെങ്കിൽ ബാങ്ക് വായ്പാ അപേക്ഷ അംഗീകരിക്കുന്നതിന് തടസ്സമുണ്ടാക്കാൻ സാധ്യതയുണ്ട് .
- അതേസമയം തന്നിരിക്കുന്ന കാലയളവിൽ ഒരു സ്റ്റാർട്ട്-അപ്പ് ക്രമേണ വിജയിക്കുമെന്ന പ്രതീക്ഷ വായ്പ ലഭ്യമാക്കിയേക്കാം .
- ഏതെങ്കിലും വ്യാജ കമ്പനികളാൽ വഞ്ചിതരാകാതിരിക്കാൻ സർക്കാർ രജിസ്ട്രേഷനുള്ള ബിസിനസ്സിന്റെ ഐഡന്റിറ്റി പരിശോധിക്കുന്നതിനുള്ള രേഖകൾ ആവശ്യമാണ് .
- ബിസിനസ്സിനുണ്ടായ ലാഭ -നഷ്ടങ്ങൾ മനസ്സിലാക്കുന്നതിനും , നഷ്ടം മറികടക്കാനുള്ള സമയപരിധി കണക്കാക്കുന്നതിനും

കുറഞ്ഞത് 3 വർഷത്തെയെങ്കിലും സാമ്പത്തിക രേഖകൾ വേണ്ടിവരും .

- നിർദിഷ്ട കാലയളവിനുള്ളിൽ വായ്പ തുക തിരിച്ചടയ്ക്കുന്നതിനുള്ള സാധ്യതകളും ബിസിനസ്സിന്റെ ഭാവിയും മനസ്സിലാക്കാൻ ഇത് ബാങ്കിനെ സഹായിക്കുന്നു .

## റെസ്റ്റോറന്റ് ബിസിനസ്സ്

## റെസ്റ്റോറന്റ് ബിസിനസ്സ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള 10 ഘട്ടങ്ങൾ

സ്റ്റാർട്ട് -അപ്പ് സംരംഭങ്ങൾക്കും, യുവ സംരംഭകർക്കും ധാരാളം അവസരങ്ങൾ സൃഷ്ടിക്കുന്ന മേഖലയാണ് ഭക്ഷണ പാനീയ (ഫുഡ് ആൻഡ് ബിവറേജ് ) വ്യവസായം .

### 1.റെസ്റ്റോറന്റ് ബ്രാൻഡിംഗ്

റസ്റ്റോറന്റ് ബിസിനസ്സ് പ്ലാനിലെ ഏറ്റവും പ്രധാനപ്പെട്ട ഘട്ടമാണ് ബ്രാൻഡിംഗ്. ഇതിലൂടെ നിങ്ങളുടെ ആശയങ്ങൾ മറ്റുള്ളവരിലേക്ക് എത്തിക്കാൻ സാധിക്കുന്നു .

### വിപണി സാധ്യത

- റസ്റ്റോറിന്റെ ലോഗോയും ആകർഷകമായ പേരും ഉപഭോക്താക്കളെ കൂടുതൽ ആകർഷിക്കുന്നു.
- ഭക്ഷ്യ വിഭവങ്ങൾക്ക് ആകർഷകമായ പേരുകൾ നൽകുന്നത് മികച്ച മാർക്കറ്റിംഗ് തന്ത്രങ്ങളിൽ ഒന്നാണ് .
- റസ്റ്റോറന്റുമായി ബന്ധപ്പെട്ട ആശയങ്ങൾ ബ്രാൻഡ് ചെയ്യുന്നത് മുൻകൂട്ടി നിശ്ചയിച്ച സമയത്തായിരിക്കണം. കാരണം റിലീസ് തീയതി ആളുകളുടെ മനസ്സിൽ വരുമ്പോൾ അത് വളരെ പ്രതീക്ഷ നൽകുന്ന സംരംഭമായി മാറാൻ സഹായിക്കുന്നു .

### ലാഭ സാധ്യത

- റസ്റ്റോറൻ്റിനും ഭക്ഷണ പദാർത്ഥങ്ങൾക്കും നൽകുന്ന ആകർഷകമായ പേരുകളും ലോഗോയും കൂടുതൽ ആളുകളെ

റസ്റ്റോറൻ്റിലേക്ക് എത്താൻ സഹായിക്കുന്നു. ഇതുവഴി ബിസിനസ്സിന്റെ ലാഭസാധ്യത ഉയരുന്നു .

**2.ആശയം**

- ബിസിനസ്സ് പ്ലാനിൽ നിങ്ങളുടെ ആശയം വിശദമായി വിവരിക്കുക .
- നിങ്ങളുടെ ആശയത്തിൽ റസ്റ്റോറിന്റെ ചരിത്രത്തെക്കുറിച്ച് ഒരു ഹ്രസ്വ വിവരണം ഉണ്ടായിരിക്കണം .

## വിപണി സാധ്യത

- റെസ്റ്റോറന്റിന്റെ തീം, ആകർഷകമായ ക്രമീകരണം, വിവിധതരം പാചകരീതികൾ മുതലായവ വിപണി സാധ്യത ഉയർത്തുന്നു .

**ലാഭ സാധ്യത**

- ഹോം ഡെലിവറി ഓപ്ഷനുകൾ ലാഭസാധ്യത വർധിപ്പിക്കുന്നതിന് സഹായിക്കുന്നു .

**3.മെനു അവതരണം :**

- നിങ്ങളുടെ ബിസിനസ്സിൽ ഒരു സാമ്പിൾ മെനു പ്രധാനമാണ് .
- വിളമ്പാൻ ഉദ്ദേശിക്കുന്നതിൽനിന്നും ചില അടിസ്ഥാന വിഭവങ്ങളും പാനീയങ്ങളും മെനുവിൽ ഉൾപ്പെടുത്തണം .

## വിപണി സാധ്യത

- ആകർഷകവും വൈവിധ്യവുമായ വിഭവങ്ങൾ അടങ്ങിയ മെനു കൂടുതൽ വിപണി സാധ്യത കൈവരിക്കാൻ പ്രാപ്തമാണ് .

**ലാഭസാധ്യത**

- ഗുണനിലവാരവും സ്വാദിഷ്ടവുമായ ഭക്ഷണ പദാർത്ഥങ്ങൾ പ്രദാനം ചെയ്യുന്നതിലൂടെ റസ്റ്റോറൻ്റിൻ്റെ ലാഭ സാധ്യത വർധിപ്പിക്കാൻ സാധിക്കുന്നു .

**4.മാനേജ്മെന്റ് പ്ലാൻ**

## വിപണി സാധ്യത

- മികച്ച രീതിയിലുള്ള മാനേജ്മെന്റ് വിപുലമായ വിപണി നേടിയെടുക്കുന്നതിന് പ്രധാനമാണ് .അതിലേക്കായി;
- ബിസിനസ്സിനായുള്ള ഉറച്ച പദ്ധതി പ്രതിപാദിക്കണം .
- ➢ റസ്റ്റോറന്റിലെ ഓരോ ചെറിയ വിശദാംശങ്ങളും , എല്ലാ സ്റ്റാഫ് അംഗങ്ങളുടെയും ഉത്തരവാദിത്തങ്ങളും എങ്ങനെ കൈകാര്യം ചെയ്യണമെന്ന് വിവരിക്കേണ്ടതുണ്ട് .

**ലാഭ സാധ്യത**

- ഉത്തരവാദിത്തമുള്ള മാനേജ്മെൻറ്റിലൂടെ ലാഭം നേടിയെടുക്കാൻ കഴിയുന്നു .

**5.അന്തരീക്ഷവും അകത്തളവും:**

- ഏതൊരു ബിസിനസ്സിന്റെയും വിജയത്തിന് കാരണമാകുന്ന ഒന്നാണ് സ്ഥാപനത്തിന്റെ അന്തരീക്ഷവും അതിന്റെ സ്വഭാവവും .

## വിപണി സാധ്യത

ആകർഷകമായ ഇന്റീരിയൽ ഡിസൈനിംഗും പ്ലേറ്റുകൾ , ഗ്ലാസ്സുകൾ എന്നിവയുടെ പ്രാദേശികമായ രൂപകൽപ്പനയും വിപണി സാധ്യത ഉയർത്തുന്നു .

**ലാഭ സാധ്യത**

- പ്രകൃതിദത്തവും സ്വാഭാവികവുമായ ഉൽപ്പന്നങ്ങൾ ഉപഭോക്താക്കളെ കൂടുതൽ ആകർഷിക്കുന്നു .
- വൈവിധ്യമാർന്ന ടേബിൾ മാറ്റുകൾ , ടേബിൾ നാപ്കിനുകൾ എന്നിവയും ടേബിൾ നാപ്കിനുകൾ കലാപരമായി മേശകളിൽ മടക്കി വയ്ക്കുന്നതും ഉപഭോക്താവിനെ ആകർഷിക്കാനും , തുടർന്നും ഉപഭോക്താക്കൾ റസ്റ്റോറൻറ്റിൽ എത്തുന്നതിന് സഹായിക്കുന്നു .

**6. ഉപഭോക്താക്കൾ**

- ഏതൊരു റസ്റ്റോറന്റും സ്ഥാപിക്കുന്നത് ചില ഉപഭോക്താക്കളെ ലക്ഷ്യമിട്ടുകൊണ്ടാണ്. ഉദാ: കുടുംബങ്ങൾ,ദമ്പതികൾ,കോളേജ് വിദ്യാർത്ഥികൾ

## വിപണി സാധ്യത

- മികച്ച ഡൈനിംഗ് സൗകര്യം വലിയ കുടുംബ സദസ്സുകളെയും പാർട്ടികളെയും ആകർഷിക്കുന്നു .
- റസ്റ്റോറന്ററുകളിൽ ക്യാൻഡിൽ ലൈറ്റ് ഡിന്നർ പോലുള്ള ക്രമീകരണങ്ങൾ സജ്ജമാകുന്നതിലൂടെ ദമ്പതികൾ അവിടേക്ക് എത്തുന്നതിന് സഹായിക്കുന്നു .
- ചുരുങ്ങിയ ചിലവിലുള്ള മെനുവും മറ്റ് കോംബോ ഓഫറുകളും കോളേജ് വിദ്യാർത്ഥികളെ ആകർഷിക്കുന്നു .

## ലാഭസാധ്യത

- ഉപഭോക്താക്കളെ ലക്ഷ്യമിട്ടുകൊണ്ടുള്ള റസ്റ്റോറന്റ് ക്രമീകരണം, മെനു , ഓഫർ മുതലായവ കൂടുതൽ ആളുകൾ എത്തിച്ചേരുന്നതിന് സഹായിക്കുന്നു .

## 7.റെസ്റ്റോറിന്റെ സ്ഥാനം

- ഉപഭോക്താക്കളെ അടിസ്ഥാനമാക്കി വേണം സ്ഥാനം തിരഞ്ഞെടുക്കേണ്ടത് .

## വിപണി സാധ്യത

- കുടുംബങ്ങൾ സാധാരണയായി നഗര പ്രദേശങ്ങളിലെ റസ്റ്റോറന്ററുകളെ ആണ് കൂടുതലായി സമീപിക്കാറുള്ളത് .
- കോളേജിനടുത്തുള്ള കഫേകളും റസ്റ്റോറന്ററുകളും വിദ്യാർത്ഥികളെ ആകർഷിക്കുന്നു .

## ലാഭസാധ്യത

- ഉപഭോക്താക്കളെ അടിസ്ഥാനമാക്കി റസ്റ്റോറന്ററുകളുടെ സ്ഥാനം നിശ്ചയിക്കുന്നത് കച്ചവടം കൂടാൻ സഹായിക്കുന്നു .

## 8.മാർക്കറ്റ് പഠനം

- ഏതൊരു ബിസിനസ്സിന്റെയും അടിസ്ഥാനം സമഗ്രമായ ഒരു മാർക്കറ്റ് പഠനമാണ് .

## വിപണി സാധ്യത

- താഴെപ്പറയുന്ന മേഖലകളിലെ ഗവേഷണങ്ങൾ മികച്ച വിപണി സാധ്യതയ്ക്ക് വഴിയൊരുക്കുന്നു .

- ലൊക്കേഷൻ വിശകലത്തിലൂടെ റസ്റ്റോറിന്റെ സ്ഥാനം, അവിടെ താമസിക്കുന്ന ആളുകൾ , പ്രാദേശിക അന്തരീക്ഷം എന്നിവ മനസ്സിലാക്കുന്നു .
- തിരഞ്ഞെടുക്കുന്ന സ്ഥലത്ത് റസ്റ്റോറന്റ് നിർമ്മിക്കാൻ ആവശ്യമായ നിക്ഷേപത്തെക്കുറിച്ച് ധാരണ ഉണ്ടായിരിക്കണം .
- തിരഞ്ഞെടുത്ത പ്രദേശത്തെ ആളുകൾ ഏതുതരത്തിലുള്ള പാചക രീതിയാണ് ഇഷ്ട്ടപ്പെടുന്നതെന്ന് മനസ്സിലാക്കുക .

**ലാഭസാധ്യത**

- വിപുലമായ ഗവേഷണങ്ങൾ ബിസിനസ്സിനെ കാര്യക്ഷമമാക്കാൻ സഹായിക്കുന്നു .
- മെനുവിലെ തിരഞ്ഞെടുത്ത പാചകരീതികൾ ബിസിനസ്സ് വർദ്ധിപ്പിക്കുന്നു .

**9.മാർക്കറ്റിംഗ് തന്ത്രങ്ങൾ**

- ഏതൊരു ബിസിനസ്സിനും ശരിയായ മാർക്കറ്റിംഗ് തന്ത്രം ആവശ്യമാണ്. ഉദാ: അച്ചടി മാധ്യമം,സോഷ്യൽ മീഡിയ,ബ്ലോഗർമാരുടെ കൂട്ടായ്മ

## വിപണി സാധ്യത

- പ്രാദേശിക പത്രം , ലഘുലേഖകൾ വഴി പരസ്യം നൽകുന്നതിലൂടെ ഉപഭോക്താക്കളെ ആകർഷിക്കുന്നു .
- ഫേസ്ബുക്ക് , ഇൻസ്റ്റാഗ്രാം മുതലായ സോഷ്യൽ മീഡിയ വെബ്സൈറ്റുകളിൽ പോസ്റ്റ് ഇടുക വഴി ഒരു വലിയ ജനക്കൂട്ടത്തിലേക്ക് വിവരങ്ങൾ എത്തപ്പെടുന്നു.
- പ്രാദേശിക ഭക്ഷണ ബ്ലോഗ്ഗർമാരുടെ സഹായത്തോടെ റസ്റ്റോറന്ററുകൾക്കും കഫേകൾക്കും ധാരാളം ആളുകളിലേക്ക് എത്തിച്ചേരാൻ സാധിക്കുന്നു .

**ലാഭസാധ്യത**

- പലതരം മാധ്യമങ്ങളിലൂടെ ലഭ്യമാക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ധാരാളം ഭക്ഷണപ്രിയർ റസ്റ്റോറന്ററുകളിലേക്ക് എത്തിച്ചേരുന്നു .

**10.ധനകാര്യം**

- ബിസിനസ്സ് രംഗത്ത് ധനകാര്യത്തിന് വളരെ വലിയ പങ്കുണ്ട് .

- ബാങ്കുകളെയോ നിക്ഷേപകരെയോ സമീപിക്കുന്നതിന് മുൻപ് ഒരു ഘടനാപരമായ ധനകാര്യ പദ്ധതി നിങ്ങളുടെ കൈയിൽ ഉണ്ടായിരിക്കണം .

## വിപണി സാധ്യത

- മികച്ച രീതിയിലുള്ള ധനകാര്യ പ്രവർത്തനങ്ങൾ നടത്തുക വഴി വിപണി സാധ്യത ഉയർത്താൻ കഴിയുന്നു .
- ➢ പ്രാരംഭ നിക്ഷേപം : ലഭ്യമായ സ്ഥലത്തിന്റെ വില , ഇന്റീരിയറുകൾ , അടുക്കള ഉപകരണങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു .
- ➢ പ്രവർത്തന മൂലധനം :റസ്റ്റോറന്റ് പ്രവർത്തിക്കുന്നതിന് എല്ലാ മാസവും ആവശ്യമായ തുകയാണിത്. ഉദാ : ചേരുവകൾ , തൊഴിലാളികളുടെ ശമ്പളം
- ➢ ഇൻഷുറൻസ് : ഒരു സംരംഭം സജ്ജീകരിക്കുമ്പോൾ ബിസിനസ്സ് ഇൻഷുറൻസ് എടുക്കുക പ്രധാനമാണ് . ഇതിനായി പ്രതിമാസ പ്രീമിയം അടയ്ക്കേണ്ടതാണ് .

## ലാഭസാധ്യത

- ഇൻഷുറൻസ് എടുക്കുക വഴി ബിസിനസ്സിന് എന്തെങ്കിലും പ്രശ്നമുണ്ടായാൽ ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നു .

## റസ്റ്റോറന്റ് ബിസിനസ്സിലെ മലിനീകരണ സാധ്യത

- റസ്റ്റോറന്റ് ബിസിനസ്സിൽ ഉണ്ടാക്കാൻ സാധ്യതയുള്ള പ്രധാനപ്പെട്ട മലിനീകരണ പ്രശ്നങ്ങൾ ആണ് ;
- ➢ റസ്റ്റോറന്ററുകളിൽ നിന്നും പുറത്തുവിടുന്ന മലിനജലം
- ➢ ഓവനുകളും ബോയിലറുകളും ഉൾപ്പെടെയുള്ള ഉപകരണങ്ങളിൽ നിന്ന് പുറപ്പെടുവിക്കുന്ന കാർബൺ മോണോക്സൈഡ് പോലുള്ള വാതകങ്ങൾ .
- ➢ അശാസ്ത്രീയമായ മാലിന്യ സംസ്കരണം മുതലായവ
- ശാസ്ത്രീയവും കാര്യക്ഷമവുമായ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിലൂടെ മലിനീകരണ സാധ്യത കുറയ്ക്കാൻ സാധിക്കുന്നു .

## ബേക്കറി ബിസിനസ്സ് പ്ലാൻ

- ഭക്ഷണ പാനീയ മേഖലയിലെ ലാഭകരമായ ബിസിനസ്സാണ് ബേക്കറി ബിസിനസ്സ്. ഉദാ : കേക്കുകൾ , കുക്കികൾ , മറ്റ് പലഹാരങ്ങൾ

## ആസൂത്രണത്തിന്റെ ഘട്ടങ്ങൾ

- ബേക്കറി ബിസിനസ്സിനായുള്ള തന്ത്രങ്ങൾ .
- വിപണി ഗവേഷണവും വിശകലനവും .
- ബേക്കറി ബിസിനസിനെക്കുറിച്ചുള്ള പ്രധാന വസ്തുതകൾ
- ഉപഭോക്താക്കളുടെ ആവശ്യകതകളും വിപണി ഗവേഷണവും ഉപയോഗിച്ച് ബിസിനസ്സ് പ്ലാൻ തയ്യാറാക്കൽ .

## ഒരു ബേക്കറി ആസൂത്രണം ചെയ്യുന്നതിനുള്ള നടപടികൾ

1. വിവിധ മാർഗ്ഗങ്ങളിലൂടെ ഒരു പ്രദേശത്തെ ഉപഭോക്താക്കളുടെ രുചിഭേദം മനസ്സിലാക്കുക.

2.അടിസ്ഥാന സൗകര്യവും സ്ഥലവും തീരുമാനിക്കുക .

3. ലാഭം, ചെലവ് ,വരുമാനം , ബ്രേക്ക് -ഈവൻ പോയിന്റ് മുതലായവ കണക്കാക്കാൻ ഒരു സാമ്പത്തിക പദ്ധതി തയ്യാറാക്കുക .

- പരിചയ സമ്പന്നനായ സാമ്പത്തിക വിദഗ്ധരുടെ സഹായം ഇതിനായി തേടാവുന്നതാണ് .

4.ഭക്ഷണ പാനീയ മേഖലയിൽ പരിചയ സമ്പന്നരായ സ്റ്റാഫുകളെ നിയമിക്കുക .

5.കഴിവുള്ള മാനേജ്മെന്റ് ആവശ്യമാണ് .

## ബേക്കറി ബിസിനസ്സിനായുള്ള മികച്ച തന്ത്രങ്ങൾ

- എല്ലാതരത്തിലുമുള്ള പലഹാരങ്ങൾ നിർമ്മിക്കാൻ കഴിവുള്ള പാചകക്കാരെ നിയമിക്കുക .
- വിപണി സാഹചര്യം മനസ്സിലാക്കുന്നതിനുവേണ്ടി ബിസിനസ്സ് ഉടമ പരിചയ സമ്പന്നരായ ബേക്കറി ഉടമകളെ സന്ദർശിക്കുക .
- അനുയോജ്യമായ സാമ്പത്തിക സഹായ ഓപ്ഷനുകൾ ഉപയോഗപ്പെടുത്തുക . ഉദാ : ബാങ്ക് ,മറ്റ് ധനകാര്യ സ്ഥാപനങ്ങൾ
- ഡിജിറ്റൽ മാർക്കറ്റിംഗ് , സോഷ്യൽ മീഡിയ മാർക്കറ്റിംഗ് എന്നിവ ഉപയോഗപ്പെടുത്തുക .
- ഉപഭോക്താക്കളുടെ അഭിപ്രായങ്ങൾ ശേഖരിക്കുക .
- ഓൺലൈൻ ഭക്ഷ്യ വിതരണ പ്ലാറ്റ്ഫോമുകളുമായി പങ്കാളിത്തം ഉണ്ടാക്കിയെടുക്കുക . ഉദാ :സൊമാറ്റോ , ഊബർ ഈറ്റ്സ് .

## കാർഷിക സംരംഭക പ്ലാൻ

- പഴങ്ങളുടെയും പച്ചക്കറികളുടെയും ആവശ്യകത എന്നും നിലനിൽക്കുന്നതാണ് .
- ബാൽക്കണിയിലെ ഓർഗാനിക് ഫാമുകൾ , ടെറസുകളിലെ കൃഷി രീതി എന്നിവ വ്യത്യസ്ത കാർഷിക ബിസിനസ്സ് പദ്ധതികൾക്കും സ്റ്റാർട്ട് -അപ്പുകൾക്കും മുന്നോട്ടുവരാൻ അവസരമൊരുക്കുന്നു .
- ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും വിപണിയിലെ ഉയർന്ന മൂല്യവും കൊണ്ടാണ് ഹരിതഗൃഹ ഫാം , ഓർഗാനിക് ഫാം എന്നിവ ലാഭകരമായ ബിസിനസ്സായി മാറുന്നത് .

## ഒരു കാർഷിക ബിസിനസ്സ് എങ്ങനെ സ്ഥാപിക്കാം

- ലഭ്യമായ വിഭവങ്ങൾ , സാങ്കേതികവിദ്യ എന്നിവയെക്കുറിച്ച് വിപണി ഗവേഷണം നടത്തുക .
- റീട്ടെയിൽ ശൃംഖലകൾ , ഫുഡ് ഡെലിവറി സ്റ്റാർട്ട് -അപ്പുകൾ , റെസ്റ്റോറന്റ് എന്നിവയുമായി പങ്കാളിത്തത്തിൽ ഏർപ്പെടുക .
- ബിസിനസ്സ് പങ്കാളികളുടെയും ഉപഭോക്താക്കളുടെയും വിശ്വാസം നേടുകയും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം കാത്തു സൂക്ഷിക്കുകയും ചെയ്യുക .
- വിപണിയിൽ ലഭ്യമായ ഹൈബ്രിഡ് വിത്തുകളെയും രാസവളങ്ങളെക്കുറിച്ചുമുള്ള അറിവ് ഉണ്ടായിരിക്കുക .

## കാർഷിക ഫാം ബിസിനസ്സിലെയും സ്റ്റാർട്ട് -അപ്പ് സംരംഭങ്ങളിലെയും പുതുമകൾ

- ഔഷധ നിർമ്മാണത്തിനായി കറ്റാർ വാഴ , വേപ്പ് തുടങ്ങിയ ഔഷധ സസ്യങ്ങളുടെ വ്യവസായിക ഉല്പാദന ആവശ്യകത കൂടി വരുന്നു .
- പ്രാരംഭ ഘട്ടത്തിൽ ചെടികൾക്ക് ഉയർന്ന രീതിയിലുള്ള പരിചരണം ആവശ്യമാണെങ്കിലും ഇവയ്ക്ക് സുസ്ഥിരമായ ഉൽപ്പാദനശേഷിയുണ്ട് . പ്രധാനമായും അനുയോജ്യമായ സ്ഥലം കണ്ടെത്തുകയാണ് വേണ്ടത്.

- കാർഷിക ബിസിനസ്സിനായി സാമ്പത്തിക പദ്ധതി തയാറാക്കാൻ ഒരു വിദഗ്ധന്റെ സഹായം സ്വീകരിക്കുക .

## കാർഷിക ബിസിനസ്സിനായുള്ള ബിസിനസ്സ് പ്ലാൻ

- എല്ലാ പ്രാരംഭ പ്രവർത്തന ചെലവുകളും സാമ്പത്തിക പദ്ധതിയിൽ ഉൾപ്പെടുന്നു .
- മാർക്കറ്റിംഗ് തന്ത്രം വികസിപ്പിക്കുക . അതിനായി പലചരക്ക് ഡെലിവറി രംഗത്തെ അതികായൻമാർ , വലിയ റീട്ടെയിൽ സ്റ്റോറുകൾ , വിവിധ റസ്റ്റോറന്ററുകൾ എന്നിങ്ങനെ ധാരാളം ഓപ്ഷനുകൾ കണ്ടെത്തണം .
- ഇന്നത്തെ കാലത്ത് , ഉൽപ്പന്നങ്ങൾക്ക് ശരിയായ മൂല്യം ലഭിക്കുന്നതിന് നഗരങ്ങളിൽ ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് ഒരു ബിസിനസ്സ് ടീമിനെ നിയോഗിക്കുക .

## മസാലപ്പൊടികളും ധാന്യപ്പൊടികളും : വിശദവിവരങ്ങൾ

### ആമുഖം

- ഇന്നത്തെ തിരക്ക് പിടിച്ച ജീവിതത്തിൽ ധാന്യപ്പൊടികളും മസാലക്കൂട്ടുകളും വാങ്ങുന്നവരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട് .
- ഈ പ്രവണത ഭക്ഷ്യ സംസ്കരണ മേഖലയിൽ ധാരാളം സംരംഭകർ കടന്നുവരുന്നതിന് വഴിയൊരുക്കി .

### വിപണി സാധ്യത

- ഭക്ഷണത്തിന്റെ സ്വാദും വാസനയും വർദ്ധിപ്പിക്കുന്ന സുഗന്ധവ്യഞ്ജനങ്ങൾക്കും , പെട്ടെന്നു തന്നെ ഭക്ഷണ പദാർത്ഥങ്ങൾ പാകം ചെയ്യാൻ സഹായിക്കുന്ന ധാന്യപ്പൊടികൾക്കും ഇന്ത്യയ്ക്ക് അകത്തും പുറത്തും ഉയർന്ന വിപണി സാധ്യതയാണ് ഉള്ളത് .

### ലാഭ സാധ്യത

- വേഗത്തിലുള്ള ജീവിതരീതിയും തൊഴിൽ സാഹചര്യവും കാരണം പൊടിച്ച ധാന്യങ്ങളും മസാലകൂട്ടുകളും വാങ്ങുന്നവരുടെ എണ്ണം വർദ്ധിപ്പിക്കുന്നു , ഇതിലൂടെ ഉയർന്ന

ലാഭസാധ്യത കൈവരിക്കാൻ ഈ വ്യവസായത്തിന് സാധിക്കുന്നു .

## പദ്ധതിയുടെ അടിസ്ഥാനം

1.പ്രൊമോട്ടർ :

- നിർദിഷ്ട ഫീൽഡിൽ മതിയായ അറിവും പരിചയവും ഉണ്ടായിരിക്കണം .
- മുഴുവൻ യൂണിറ്റും വിജയകരമായി കൈകാര്യം ചെയ്യാൻ സാധിക്കണം .

2.യൂണിറ്റിന്റെ സ്ഥാനം :

എല്ലാ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാകുന്ന പ്രൊമോട്ടറുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ യൂണിറ്റ് സ്ഥാപിക്കാവുന്നതാണ് .

3.ഉപയോഗയോഗ്യമായ വസ്തുക്കൾ :

അരി , മുളക് , ഔഷധ സസ്യങ്ങൾ , കൊപ്ര മുതലായവയാണ് പ്രധാന അസംസ്കൃത വസ്തുക്കൾ . അസംസ്കൃത വസ്തുക്കളുടെ വാർഷിക ആവശ്യകത വിലയിരുത്തുന്നത് നന്നായിരിക്കും .

## മലിനീകരണ സാധ്യത

- ഭക്ഷണ പദാർത്ഥങ്ങളുടെ ഉൽപാദനം ആയതിനാൽ മലിനീകരണ സാധ്യത കുറവാണ് .

## വറുത്ത ധാന്യങ്ങളുടെ ഉല്പാദനത്തിനാവശ്യമായ പ്രൊപോസൽ

## ആമുഖം

- അവൽ ഇന്ത്യയിൽ എല്ലാവർക്കും പ്രിയപ്പെട്ട ഭക്ഷണമാണ് . ഇത് വീട്ടിൽ തന്നെ ഉൽപ്പാദിപ്പിക്കാനും തയ്യാറാക്കാനും വളരെ എളുപ്പമാണ് .
- ധാരാളം ഫൈബർ , കാർബോ ഹൈഡ്രേറ്റ് എന്നിവയാൽ സമ്പന്നമാണ് അവൽ .
- അവലിനോടൊപ്പം മധുരവും സുഗന്ധവ്യഞ്ജനങ്ങളും ചേർത്ത് വിവിധ തരം വിഭവങ്ങൾ തയാറാക്കുന്നു .

## നിർമ്മാണ പ്രക്രിയ

- നെല്ല് വൃത്തിയാക്കി കുതിർത്ത് ബോയിലറിൽ തിളപ്പിക്കുന്നു .
- യന്ത്ര സഹായത്തോടെ അടരുകളാക്കി മാറ്റുന്നു .
- ആവശ്യമായ സുഗന്ധങ്ങൾ ചേർത്ത് അരിച്ചെടുത്ത് വറുക്കുന്നു .
- പായ്ക്ക് ചെയ്ത് വ്യത്യസ്ത തൂക്കത്തിൽ ലേബൽ ചെയ്യുന്നു .

## വിപണി സാധ്യത

ആകർഷകമായ പാക്കിങ് , ഗുണനിലവാരം , ശുദ്ധത മുതലായവ ഈ ഉൽപ്പന്നത്തിന് വിപണി സാധ്യത നൽകുന്നു.

## വാഴനാര് വേർതിരിച്ചെടുക്കലിന്റെയും നെയ്ത്ത് യൂണിറ്റിന്റെയും പ്രൊപ്പോസൽ

## ആമുഖം

- വാഴനാര് വേർതിരിച്ചെടുക്കുന്നതിനുള്ള സാങ്കേതികവിദ്യ ദക്ഷിണേന്ത്യയിൽ വികസിപ്പിച്ചെടുത്തിട്ടുണ്ട് .
- വാഴനാര് എക്സ്ട്രാക്ഷൻ യൂണിറ്റുകൾ വിജയകരമായി പ്രവർത്തിക്കുകയും അവയിൽ നിന്നുമുള്ള ഉത്പന്നങ്ങൾ കയറ്റുമതിയും ചെയ്യുന്നതിലൂടെ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കുന്നു .

## നിർമ്മാണ പ്രക്രിയ :

വാഴനാര് സംസ്കരണവും നെയ്ത്തും

- വാഴയുടെ ഭാഗങ്ങൾ പ്രധാന തണ്ടിൽ നിന്നും മുറിച്ചെടുക്കുക .
- വൃത്തിയാക്കിയ വാഴത്തണ്ടുകൾ 20 ഡിഗ്രി സെൽഷ്യസ് ചൂടുള്ള ചേമ്പറിൽ 3 മണിക്കൂർ സൂക്ഷിക്കണം .
- വേർതിരിച്ചെടുക്കുന്ന നാരുകൾ നെയ്ത്തിന് നേരിട്ട് ഉപയോഗിക്കാവുന്നതാണ് .

## വിപണി സാധ്യത :

പ്രകൃതിദത്ത നാരുകളിൽ നിന്നും നെയ്തെടുക്കുന്ന വസ്തുകൾക്ക് ഇന്ത്യക്കകത്തും പുറത്തും വലിയ ഡിമാൻഡാണ് .ഉദാ:വസ്ത്രങ്ങൾ , ബാഗുകൾ , കുട്ടകൾ , ചെരുപ്പുകൾ മുതലായവ .

**അസംസ്കൃത വസ്തുക്കളുടെ ലഭ്യത** :

- മേഘാലയ , മിസോറം , അരുണാചൽ പ്രദേശ് , അസം എന്നിവിടങ്ങളിൽ നിന്നാണ് ധാരാളമായി വാഴ ലഭിക്കുന്നത് .

- കേരളത്തിൽ -പാലക്കാട് (അട്ടപ്പാടി , മണ്ണാർക്കാട് ), കോട്ടയം , കോഴിക്കോട്.

## ധാന്യമിൽ പ്രൊപ്പോസൽ

### ആമുഖം

കേരളത്തിൽ എവിടെയും ആരംഭിക്കാൻ സാധിക്കുന്ന ഒരു ബിസിനസ്സാണ് ധാന്യമില്ലുകൾ .

### വിപണി സാധ്യത :

- ഈ സംരംഭത്തിന് അസംസ്കൃത വസ്തുക്കൾ സുലഭമാണ് .
- ഗുണനിലവാരമുള്ള ഭക്ഷ്യവസ്തുകൾക്ക് എല്ലായിടത്തും ആവശ്യക്കാരുണ്ട്. അതുകൊണ്ടുതന്നെ ഈ ഭക്ഷ്യ ഉൽപ്പന്നങ്ങൾക്ക് മികച്ച വിപണി സാധ്യതയുണ്ട്.

### നിർമ്മാണ പ്രക്രിയ :

മാവ് നിർമാണത്തിനുള്ള ഘട്ടങ്ങൾ

- കഴുകൽ
- ഗ്രേഡിംഗ്
- ഉണക്കൽ
- പാക്കിംഗ്

### ലാഭ സാധ്യത

- കൂടുതൽ വിപണന സാധ്യതയുള്ള പ്രദേശത്ത് ബിസിനസ്സ് ആരഭിക്കുന്നതിലൂടെ മെച്ചപ്പെട്ട വിപണി ലഭ്യമാക്കുകയും അതിലൂടെ ഉൽപ്പന്നങ്ങൾക്ക് ഉയർന്ന ലാഭ സാധ്യതയുണ്ടാക്കുന്നു.

## യൂണിറ്റിന്റെ സ്ഥാനം

കൂടുതൽ വിപണന സാധ്യതയുള്ള പ്രദേശത്തുവേണം യൂണിറ്റിന്റെ സ്ഥാനം നിശ്ചയിക്കാൻ .

## ടോയ്‌ലറ്റ് സോപ്പ് നിർമ്മാണ യൂണിറ്റ് തുടങ്ങുവാനുള്ള നിർദേശം

### ആമുഖം

- ദ്രാവക കൊഴുപ്പുകൾ സോഡിയം ഹൈഡ്രോക്‌സൈഡ് എന്നിവയൊക്കെ സംയോജിപ്പിച്ചാണ് സോപ്പുകൾ നിർമ്മിക്കുന്നത് .
- അസംസ്‌കൃത വസ്തുക്കളുടെ ഗുണനിലവാരം അനുസരിച്ച് സോപ്പിന്റെ നിലവാരത്തിൽ വ്യത്യാസം വരുന്നതിനാൽ ഉൽപ്പന്നത്തിന് സമീകൃത പി .എച്ച് മൂല്യം ഉണ്ടായിരിക്കണം .

### വിപണി സാധ്യത :

- കേരളത്തിലും പരിസരത്തും ബ്യൂട്ടി -ടോയ്‌ലറ്റ് സോപ്പുകൾക്ക് വിപുലമായ കമ്പോള സാധ്യതയുണ്ട് .
- പ്രകൃതിദത്ത ചേരുവകളാൽ തയ്യാറാക്കുന്നതിന് കൂടുതൽ സ്വീകാര്യത ലഭിക്കുന്നു .
- വേറിട്ട പേരും, സ്വഭാവവും, ഗുണനിലവാരവും കാരണം കൂടുതൽ മെച്ചപ്പെട്ട വിപണി കണ്ടെത്താനാവും .

## തക്കാളി സോസ് നിർമ്മാണ യൂണിറ്റിനുള്ള നിർദേശങ്ങൾ

### ആമുഖം

- ഫാസ്റ്റ്ഫുഡ് ഉൽപ്പന്നങ്ങൾ , സോസ് , കെച്ചപ്പുകൾ മുതലായവ തയ്യാറാക്കാൻ തക്കാളി ഉപയോഗിക്കുന്നു .

### വിപണി സാധ്യത :

- ഈ ഉൽപ്പന്നങ്ങൾക്ക് വർഷം ചെല്ലുന്തോറും ആവശ്യകതയേറുന്നു .

- നഗര -പട്ടണ പ്രദേശങ്ങളിൽ ഇതിനകം നല്ല വിപണിയുള്ള തക്കാളി സോസിന് ഇപ്പോൾ ഗ്രാമീണ വിപണികളിലും സാധ്യതയേറുകയാണ് .

**മലിനീകരണം :**

ഈ വ്യവസായം ഒരു തരത്തിലുമുള്ള മലിനീകരണം സൃഷ്ടിക്കുന്നില്ല.

## കമ്പ്യൂട്ടർ അസംബ്ലിഗിന്റെ പ്രൊപ്പോസൽ

**ആമുഖം**

- ദൈനംദിന ജീവിതത്തിൽ കമ്പ്യൂട്ടർ ഒഴിച്ചുകൂടാനാവാത്ത ഒന്നാണ്. ഒരു ചെറു സംരംഭത്തിന് അനുയോജ്യമായ പദ്ധതിയാണ് കമ്പ്യൂട്ടർ അസ്സംബ്ലിംഗ് ആന്റ് സെയിൽസ് .
- കമ്പ്യൂട്ടർ ഭാഗങ്ങൾ ഡീലറിൽ നിന്ന് വാങ്ങുകയും യൂണിറ്റിൽ വെച്ച് കൂട്ടിച്ചേർക്കുകയും ചെയ്യുന്നതാണ് ഈ സംരംഭത്തിന്റെ പ്രവർത്തനം .
- മാർക്കറ്റിങ് പ്രവർത്തനത്തിലൂടെ വിതരണക്കാർ വഴി സംരംഭകൻ അസംബിൾഡ് കമ്പ്യൂട്ടറുകൾ വിപണനം ചെയ്യുന്നു.
- മദർ ബോർഡ്, മൗസ്, എ .ടി. എക്സ് കാബിനറ്റ്, മോണിറ്റർ എന്നിവയായിരിക്കും പ്രധാന അസംബിൾസ് .

**നിർമ്മാണ പ്രക്രിയ**

- അസംബിൾസ് യഥാസ്ഥാനത്ത് ഉറപ്പിക്കുക .
- ഏറ്റവും പുതിയ ഓപ്പറേറ്റിംഗ് സിസ്റ്റത്തിന്റെയും സോഫ്റ്റ് വെയറിന്റെയും സീ.ഡി ഇൻസ്റ്റാളെഷൻ നടത്തുക .

## ബിസിനസ്സ് സാധ്യത

സ്ഥലവും കെട്ടിടവും വാടകയ്ക്ക് പ്രധാനപ്പെട്ട സ്ഥലത്ത് എടുക്കുക വഴി ആവശ്യക്കാർക്ക് എത്തിച്ചേരാനുള്ള സൗകര്യം കൂടുന്നു , ഇത് കൂടുതൽ ബിസിനസ്സ് ലഭ്യമാക്കുന്നതിന് സഹായിക്കുന്നു .

**പേപ്പർ കപ്പുകളുടെയും ഉൽപ്പന്നങ്ങളുടെയും നിർമ്മാണത്തിനുള്ള നിർദേശം**

**ആമുഖം**

- പുനരുപയോഗ ഊർജ്ജസ്രോതസുകളിൽ നിന്ന് നിർമ്മിക്കുന്ന പേപ്പർ കപ്പുകൾ എല്ലാത്തരം പാർട്ടികൾക്കും പരിപാടികൾക്കും ഉപയോഗിക്കാവുന്നതാണ്.
- ഭക്ഷ്യവസ്തുക്കളിൽ നിന്നുള്ള അണുബാധ കുറയ്ക്കാൻ പേപ്പർ കപ്പുകളുടെ ഉപയോഗം സഹായിക്കുന്നതിനാൽ ലോകമെബാടും ഇവയ്ക്ക് പ്രചാരമുണ്ട് .
- വില്പന കേന്ദ്രത്തിന്റെ ലോഗോ , പരസ്യ സന്ദേശം മുതലായവ ഇഷ്ടാനുസൃതമായി കപ്പുകളിൽ അച്ചടിക്കാൻ സാധിക്കുന്നു .

## നിർമ്മാണ പ്രക്രിയ

- ഫുഡ് ഗ്രേഡ് അസംസ്കൃത വസ്തുകൾ ഉപയോഗിച്ചാണ് ഇവ നിർമ്മിക്കുന്നത് .
- പ്ലാന്റ് അന്താരാഷ്ട്ര എഫ് ഡി എ മാനദണ്ഡങ്ങളും ഇന്ത്യൻ ബി ഐ എസ് മാനദണ്ഡങ്ങളും പാലിക്കണം .

## വിപണി സാധ്യത

ഉപയോഗിക്കാൻ എളുപ്പമായതിനാലും പരിസ്ഥിതി സൗഹൃദമായതുകൊണ്ടും പേപ്പർ കപ്പുകൾ ഉയർന്ന സാധ്യതയുള്ള കച്ചവടമായി കണക്കാക്കപ്പെടുന്നു .

## മലിനീകരണ നിയന്ത്രണം

പേപ്പർ കപ്പുകൾ നിർമ്മിക്കുന്നതിനുള്ള സാകേതികവിദ്യ പരിസ്ഥിതി സൗഹൃദമാണ്. നിർമ്മാണ പ്രക്രിയയിൽ നിന്ന് സൃഷ്ടിച്ച സ്ക്രാപ് പേപ്പറുകൾ റീസൈക്കിൾ ചെയ്ത് പുനരുപയോഗം സാധ്യമാക്കുന്നു. അതിനാൽ ഈ വ്യവസായത്തിന് മലിനീകരണ സാധ്യതയില്ല .

## ബിസിനസ്സ് അല്ലെങ്കിൽ സ്റ്റാർട്ട് -അപ്പ്

## സവിശേഷതകൾ

1.വളർച്ച: യുവജന സാന്നിദ്ധ്യം ചെറുകിട ബിസിനസുകൾക്ക് അനന്തമായ സാധ്യത നൽകുന്നു.

2.ജോലി സമയം: ജോലി സമയം സൗകര്യത്തിനനുസരിച്ച് ക്രമീകരിക്കാൻ കഴിയും.

3.വൺ -ടു -വൺ മോഡൽ: ഇടനിലക്കാരെ ഒഴിവാക്കി ലാഭം നേടാൻ സാധിക്കുന്നു.

4.സർക്കാർ പിന്തുണ: മികച്ച ബിസിനസ്സ് ആശയങ്ങൾക്ക് വിവിധ സാമ്പത്തിക പദ്ധതികളിലൂടെ സർക്കാർ സഹായം ലഭ്യമാണ്.

5.ചെറുകിട ബിസിനസ്സ് സംരംഭങ്ങളിൽ ഉടമ തന്നെയായിരിക്കും മേലധികാരി.

6.ബിസിനസ്സ് ഇൻകോർപ്പറേഷൻ: സ്റ്റാർട്ട് -അപ്പുകളെ നിയമപരമായി രജിസ്റ്റർ ചെയ്യാവുന്നതാണ്. ഉദാ :

- പ്രൈവറ്റ് ലിമിറ്റഡ് കമ്പനി
- സോൾ പ്രൊപ്രൈറ്റർഷിപ്പ്
- വൺ പേഴ്സൺ കമ്പനി
- ലിമിറ്റഡ് ലയബിലിറ്റി പാർട്ണർഷിപ്
- പ്രൊഡ്യൂസർ കമ്പനി
- പാർട്ണർഷിപ് കമ്പനി

7.പൂർണ നിയന്ത്രണം: ഇത്തരം സംരംഭങ്ങൾ എളുപ്പത്തിൽ കൈകാര്യം ചെയ്യാനാകുന്നു.

8.സംയോജനം: രജിസ്ട്രേഷൻ, ബിസിനസ്സ് സംയോജനം എന്നിവയിലൂടെ ചെറുകിട സംരംഭങ്ങൾ വലിയ കൂട്ടായ്മയായി പരിണമിക്കുന്നു .

## ചെറുകിട ബിസിനസ്സ് ഒരു സ്റ്റാർട്ടപ്പായി രജിസ്റ്റർ ചെയ്യുന്നതിന് ആവശ്യമായ രേഖകൾ

- കമ്പനിയുടെ നിർദിഷ്ട ഡയറക്ടർമാരുടെ പാൻകാർഡ്, തിരിച്ചറിയൽ രേഖകൾ , റെസിഡെൻഷ്യൽ രേഖകൾ , ഫോട്ടോ.
- രജിസ്റ്റർ ചെയ്ത ഓഫീസ് സ്ഥലത്തിന്റെ മേൽവിലാസം തെളിയിക്കുന്ന രേഖകൾ, ബാങ്ക് സ്റ്റേറ്റ്മെന്റിന്റെ പകർപ്പ്, അപേക്ഷ ഫോം മുതലായവ .

## സ്റ്റാർട്ട് -അപ്പ് രജിസ്ട്രേഷൻ

- കോപ്പറേറ്റീവ് കാര്യ മന്ത്രാലയവുമായി (എം. സി. എ) ബിസിനസ്സിനെ സംയോജിപ്പിക്കുക .
- സ്റ്റാർട്ട് -അപ്പ് ഇന്ത്യയിൽ രജിസ്റ്റർ ചെയ്യുക .
- രേഖകൾ PDF ഫോമിൽ അപ്‌ലോഡ് ചെയ്യുക .
- നികുതി അനുകൂല്യങ്ങൾ തിരഞ്ഞെടുക്കുക .
- സ്വയം സാക്ഷ്യപ്പെടുത്തുക .

## ഭാരത സർക്കാർ സ്റ്റാർട്ടപ്പുകൾക്ക് ധനസഹായം കണ്ടെത്താൻ അനുമതി നൽകിയിരിക്കുന്ന 10 മാർഗ്ഗങ്ങൾ

1.സ്റ്റാർട്ടപ്പ് ഇന്ത്യ

സ്റ്റാർട്ടപ്പ് സ്ഥാപനങ്ങൾക്ക് ധനസഹായവും പിന്തുണയും നൽകുന്ന ഒരു സംരംഭമാണ് സ്റ്റാർട്ടപ്പ് ഇന്ത്യ സ്കീം. സ്റ്റാർട്ടപ്പുകളുടെ പ്രമോഷൻ, ധന സമ്പാദനം, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നിവ സ്റ്റാർട്ടപ്പ് ഇന്ത്യയുടെ പ്രധാന പ്രവർത്തനങ്ങളാണ്. ആകർഷകമായ പലിശ നിരക്കിൽ ബിസിനസ്സ് വായ്പ ലഭിക്കുന്നതിന് സ്റ്റാർട്ടപ്പ് ഇന്ത്യയിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

https://www.startupindia.gov.in/

2.സ്റ്റാൻഡ് അപ്പ് ഇന്ത്യ

പട്ടികജാതി/ പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുന്നവർക്കും വനിതാ സംരംഭകർക്കും സ്റ്റാൻഡ്-അപ്പ് ഇന്ത്യ സ്കീം ധനസഹായം നൽകുന്നു. ഒരു ബാങ്ക് ശാഖയിൽ നിന്ന് കുറഞ്ഞത് ഒരു പട്ടികജാതി/ പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുന്ന സംരംഭകനും, ഒരു വനിതാ സംരംഭകയ്ക്കും വാണിജ്യ വായ്പ നൽകണമെന്ന് സ്റ്റാൻഡ് അപ്പ് ഇന്ത്യ പദ്ധതി നിർദ്ദേശിക്കുന്നു,

https://www.standupmitra.in/

3.പി എസ്സ് ബി ലോൺസ് ഇൻ 59 മിനിട്സ്. കോം

വ്യവസായ വായ്പകൾ ഓൺലൈൻ വഴി അപേക്ഷിച്ച് 59 മിനുറ്റുകൾക്കകം ലഭ്യമാക്കുന്ന പദ്ധതിയാണിത്

| | |
|---|---|
| വായ്പ തുക | 10 ലക്ഷം - 5 കോടി |
| പലിശ നിരക്ക് | 8.50 മുതൽ (പ്രതിവർഷം) |

4.മുദ്ര പദ്ധതി

പ്രാധാനമന്ത്രി മുദ്ര യോജന പ്രകാരം ജാമ്യവ്യവസ്ഥകൾ ഇല്ലാതെ വ്യവസായ വായ്പ ലഭ്യമാക്കുന്നു.

| | |
|---|---|
| വായ്പ തുക | 10 ലക്ഷം രൂപ വരെ |
| കാലാവധി | 5 വർഷം |
| പലിശ നിരക്ക് | മിതമായ പലിശ നിരക്ക് |
| ഈട് | ഇല്ല |
| പ്രോസസ്സിംഗ് ഫീസ് | ഇല്ല |

5.ക്രെഡിറ്റ് ഗ്യാരണ്ടി ഫണ്ട് ട്രസ്റ്റ് ഫോർ മൈക്രോ ആൻഡ് സ്മാൾ എന്റർപ്രൈസസ് (CGTMSE)

ബാങ്കുകൾ, ബാങ്കിങ് ഇതര ധനകാര്യ സ്ഥാപങ്ങൾ എന്നിവ വഴി MSME കൾക്ക് ഈട് ഇല്ലാതെ ധന സഹായം നൽകുന്ന സർക്കാർ സംരംഭമാണിത്. ആദ്യമായി സംരംഭം തുടങ്ങുന്നവർക്കും സ്റ്റാർട്ട് ആപ്പ് സംരംഭങ്ങൾക്കും ഈ പദ്ധതിയുടെ നേട്ടം ലഭിക്കും.

6.വ്യവസായ തവണ വായ്പ

സ്റ്റാൻഡേർഡ് ചാർട്ടേർഡ് (StandardChartered), ICICI തുടങ്ങിയ പ്രമുഖ ബാങ്കുകൾ വ്യവസായികൾക്ക് കുറഞ്ഞ പലിശനിരക്കിൽ നൽകുന്ന വായ്പകളാണിത്. ഈട് ആവശ്യമില്ലാത്ത ഇത്തരം വായ്പകൾ, വിശാലാർത്ഥത്തിൽ ഒരു വ്യക്തിഗത വായ്പ ആണ്.

7.സിഡ്ബിയുടെ മൂലധന-ഓഹരി സഹായ പദ്ധതി

പ്രവർത്തന മൂലധന സമാഹരണത്തിനായി സിഡ്ബി നിർദ്ദേശപ്രകാരം, സ്റ്റാർട്ട് അപ്പുകൾക്ക് ധനസഹായം നൽകുന്ന പദ്ധതികൾ ബാങ്കുകളിലും ഇതര ധനകാര്യ സ്ഥാപങ്ങളിലും വ്യത്യസ്ത പേരുകളിൽ നിലവിലുണ്ട്.

8. ഓൺലൈനിലൂടെയുള്ള ധനശേഖരണം (Crowdfunding)

ഓൺലൈൻ ക്യാമ്പയിൻ വഴി വ്യവസായങ്ങൾക്ക് ഫണ്ട് കണ്ടെത്തുന്ന പുത്തൻ തലമുറ ആശയമാണിത്. ഇതിനെ റീവാർഡ് ക്രൗഡ് ഫണ്ടിംഗ് എന്നും പറയുന്നു. ഒരു ഉല്പന്നത്തിന്റെ അല്ലെങ്കിൽ ആശയത്തിന്റെ വിപണന സാധ്യത പരീക്ഷിക്കാൻ സംരംഭകർക്ക് ക്രൗഡ് ഫണ്ടിംഗ് ഉപയോഗപ്രദമാണ്.

9. ഗ്രാൻറ്റുകൾ

വ്യക്തമായ ഒരു ബിസിനസ്സ് പദ്ധതി തയ്യാറാക്കി സ്വകാര്യ സർക്കാർ സ്ഥാപങ്ങളിൽ നിന്ന് സംരംഭങ്ങൾക്ക് ഗ്രാന്റുകൾ സംഘടിപ്പിക്കുകയാണ് ഒരു മാർഗ്ഗം

10. NPO & NGO യിൽ നിന്നുള്ള ചെറുകിട വായ്പ്പകൾ

ലാഭേച്ഛയില്ലാത്ത സ്ഥാപനങ്ങൾ (NPO) & NGO കൾ എന്നിവയിൽ നിന്നും സംരംഭങ്ങൾക്കുള്ള ഫണ്ട് കണ്ടെത്താവുന്നതാണ്. ന്യൂനപക്ഷങ്ങൾ, പരമ്പരാഗതമായി പിന്നോക്കം നിൽക്കുന്നസൂക്ഷ്മ

ചെറുകിട ഇടത്തരം വ്യവസായങ്ങൾക്കാണ് സാധാരണയായി ഇത്തരം സഹായം ലഭിക്കുന്നത്.

## 1. സ്റ്റാർട്ട് അപ്പ് ബിസിനസ്സ് വായ്പ

സ്റ്റാർട്ടപ്പുകൾക്കായി ബാങ്ക് വായ്പകൾ ലഭ്യമാക്കുന്നതിനായി 2015 ൽ ആരംഭിച്ചതാണ് സ്റ്റാർട്ട് അപ്പ് ഇന്ത്യ കാമ്പെയ്ൻ. നിരവധി പ്രമുഖ ധനകാര്യ സ്ഥാപനങ്ങൾ ആകർഷകമായ പലിശ നിരക്കിൽ സ്റ്റാർട്ടപ്പ് വായ്പകൾ വാഗ്ദാനം ചെയ്യുന്നു.

| മാനദണ്ഡം | ആവശ്യമായ രേഖകൾ |
|---|---|
| 1)അപേക്ഷകന്റെ പ്രായം: 18 - 65 വയസ്സ് | 1)പാസ്പോർട്ട് ഫോട്ടോ: അപേക്ഷകന്റെയും എല്ലാ സഹ അപേക്ഷകരുടെയും |
| 2) വ്യക്തമായ ബിസിനസ് പ്ലാൻ ഉണ്ടായിരിക്കണം | 2)അപേക്ഷകൻ, സഹ അപേക്ഷകൻ, പങ്കാളികൾ, ഡയറക്ടർമാർ എന്നിവരുടെ KYC രേഖകൾ |
| 3) സ്വകാര്യ/പങ്കാളിത്ത/പൊതു ലിമിറ്റഡ് കമ്പനി ആയിരിക്കണം | 3)തിരിച്ചറിയൽ രേഖകൾ |
| 4) ഇൻകുബേഷൻ സെന്ററിൽ നിന്നുള്ള ശുപാർശ ലഭ്യമാക്കണം | 4)പ്രായം തെളിയിക്കുന്ന രേഖകൾ |
| 5) രജിസ്ട്രേഷനുകളും ലൈസൻസുകളും ഉണ്ടായിരിക്കണം | 5)വിലാസം തെളിയിക്കുന്ന രേഖകൾ |
| 6) ഇൻഡസ്ട്രിയൽ പോളിസി ആൻഡ് പ്രമോഷൻ വകുപ്പിന്റെ (ഡിഐപിപി) അനുമതി ഉണ്ടായിരിക്കണം | 6)സിബിൽ റിപ്പോർട്ട് |
| 7)സ്റ്റാർട്ടപ്പിന് ഇന്ത്യൻ പേറ്റന്റിൽ നിന്നും ട്രേഡ് മാർക്ക് ഓഫീസിൽ നിന്നും ഗ്യാരണ്ടി ലഭിക്കണം | 7)ബിസിനസ്സ് വിലാസത്തിന്റെയും കാലാവധിയുടെയും തെളിവ് |
| 8)സ്ഥാപനത്തിന്റെ മൊത്തം വിറ്റുവരവ് 25 കോടി രൂപ | 8)കഴിഞ്ഞ 12 മാസത്തെ ഐടിആറും ബാങ്ക് സ്റ്റേറ്റ്മെന്റും |

| | |
|---|---|
| കവിയരുത് | |
| 9)മികച്ച സിബിൽ സ്കോർ ഉണ്ടായിരിക്കണം | 9)സർട്ടിഫിക്കറ്റുകൾ, രജിസ്ട്രേഷനുകൾ, ലൈസൻസുകൾ എന്നിവയുടെ പകർപ്പ് |
| 10)ക്രിമിനൽ പശ്ചാത്തലമില്ലാത്ത ഇന്ത്യൻ പൗരനായിരിക്കണം | |
| 11) വായ്പ തിരിച്ചടവിൽ വീഴ്ച വരുത്തിയ ആളാകരുത് | |

**2. സ്റ്റാൻഡ് അപ്പ് ഇന്ത്യ പദ്ധതി**

പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും വനിതാ സംരംഭകർക്കും സ്റ്റാൻഡ് - അപ്പ് ഇന്ത്യ പദ്ധതി ധന സഹായം നൽകുന്നു.

| സ്റ്റാൻഡ് അപ്പ് ഇന്ത്യ സ്കീം | |
|---|---|
| പലിശ നിരക്ക് | ബാങ്കിന്റെ എംസിഎൽആർ+3%+ പതിവ് ഇൻഷുറൻസ് |
| കാലാവധി | പരമാവധി 7 വർഷം (18 മാസം മോറട്ടോറിയം) |
| ഏറ്റവും കുറഞ്ഞ പ്രായം | 18 വയസ്സ് |
| വായ്പ തുക | 10 ലക്ഷം- 1കോടിവരെ |
| വായ്പ നൽകുന്നത് | ഗ്രീൻ ഫീൽഡ് പ്രൊജക്റ്റ് (സ്ഥാപനങ്ങളുടെ ആദ്യ സംരംഭത്തിന് ) |
| പങ്കാളിത്തം | വ്യക്തിഗതമല്ലാത്ത സംരംഭങ്ങളുടെ 51% ഓഹരികൾ എസ് സി / എസ് ടി / വനിതാ സംരംഭകർ കൈവശം വയ്ക്കണം |
| അയോഗ്യത | ബാങ്കിലോ ബാങ്കിതര സ്ഥാപങ്ങളിലോ വായ്പ വീഴ്ച വരുത്തിയവർ |
| മാർജിൻ | 25% |
| പ്രവർത്തന മൂലധന പരിധി | 10 ലക്ഷം രൂപ വരെ |

സ്റ്റാൻഡ് - അപ്പ് വായ്പയുടെ നിബന്ധനകൾ

- പദ്ധതി ചെലവിന്റെ 75% വരെ വായ്പ തുക വാഗ്ദാനം ചെയ്യുന്നു. ഇതിൽ തവണ വായ്പ അല്ലെങ്കിൽ പ്രവർത്തന മൂലധന വായ്പ കൂടി ഉൾപ്പെടുത്തുന്നു.
- സംരംഭകന്റെ പങ്കും, മറ്റു സ്കീമുകളിൽ നിന്നുള്ള ധന സഹായവും കൂടി 25 % ൽ അധികമായാൽ അപേക്ഷ അനുവദിക്കുന്നതല്ല

https://www.standupmitra.in/

## 3.പിഎസ്സ്ബി ലോൺസ് ഇൻ59 മിനിട്സ്.കോം.

വ്യക്തികൾക്കും എം എസ് ഇ കൾക്കും വായ്പ ലഭിക്കുന്നതിനുള്ള ലളിതമായ ഡിജിറ്റൽ പ്ലാറ്റ്ഫോമാണിത്. അപേക്ഷ ലഭിച്ച് 59 മിനിറ്റിനുള്ളിൽ അനുമതി നൽകുന്ന ഇത്തരം വായ്പകൾ CGTMSE (സി ജി ടി എം എസ്സ് ഇ) യുമായി ബന്ധിപ്പിച്ചിരിക്കുന്നു.

| | |
|---|---|
| വായ്പ തുക | 1 ലക്ഷം-5 കോടി വരെ |
| പലിശ നിരക്ക് | 8.5% മുതൽ |
| ഈട് | ഉയർന്ന വായ്പകൾക്ക് ഈട് ആവശ്യമുണ്ട് |
| വായ്പകൾ | • വ്യവസായ വായ്പ (തവണ വായ്പ, പ്രവർത്തന മൂലധന വായ്പ, മുദ്ര വായ്പ)<br>• റീറ്റെയ്ൽ വായ്പ(വ്യക്തിഗത വായ്പ, ഭവന വായ്പ, ഓട്ടോ വായ്പ) |

https://www.psbloansin59minutes.com/business-loan

### a)എം എസ് എം ഇ വായ്പ

എം.എസ്.എം.ഇ കൾക്ക് പ്രവർത്തന മൂലധനം ഉൾപ്പെടെയുള്ള ധനസഹായം ലഭ്യമാക്കുന്നു.

| | |
|---|---|
| എം എസ് എം ഇ വായ്പ | 1ലക്ഷം മുതൽ 5 കോടി വരെ |
| മുദ്ര വായ്പ | 10 ലക്ഷം രൂപ വരെ |

തവണവായ്പ/പ്രവർത്തനമൂലധന വായ്പ/മുദ്ര വായ്പ

| **തവണ വായ്പ** | **പ്രവർത്തന മൂലധന വായ്പ** | **മുദ്ര വായ്പ** | **വിവിധ തരം മുദ്ര വായ്പകൾ** |
|---|---|---|---|
| വ്യവസായത്തിന്റെ വികസനം, യന്ത്രങ്ങൾ വാങ്ങാൻ അല്ലെങ്കിൽ മറ്റുള്ള ആവശ്യങ്ങൾക്ക് വേണ്ടി | വ്യവസായത്തിന്റെ ദൈനംദിന പ്രവർത്തങ്ങൾക്ക് ആവശ്യമായ ഹ്രസ്വകാല പണ സമാഹരണത്തിന് | അസംഘടിത മേഖലയിലെ കാർഷികേതര സൂക്ഷ്മ - ചെറുകിട സ്ഥാപനങ്ങൾക്ക് വായ്പ നൽകുന്നു | 1.**ശിശു:** 50000 രൂപ വരെ 2.**കിഷോർ:** 50000 – 5 ലക്ഷം രൂപ വരെ 3.**തരുൺ:**5ലക്ഷം -10 ലക്ഷം രൂപ വരെ |

**മാനദണ്ഡം**

**1.** ജിഎസ്ടി രജിസ്ട്രേഷൻ നമ്പർ
**2.** ആദായ നികുതി രേഖകൾ
**3.** 6 മാസത്തെ ബാങ്ക് സ്റ്റേറ്റ്മെന്റ്
**4.** മറ്റ് വ്യവസായ രേഖകൾ

**b) വ്യക്തിഗത വായ്പ - പി എസ് ബി ലോൺസ് ഇൻ 59 മിനിട്സ്. കോം**

ബാങ്ക് സന്ദർശിക്കാതെ, ഓൺലൈൻ ആയി വ്യക്തിഗത വായ്പയ്ക്ക് അപേക്ഷിക്കാനുള്ള സൗകര്യം പി എസ് ബി ലോൺസ് ഇൻ 59 മിനിട്ട്. കോം വഴി ലഭ്യമാണ്. അപേക്ഷ സമർപ്പിച്ച് 59 മിനിറ്റിനുള്ളിൽ വായ്പയ്ക്ക് അംഗീകാരം ലഭിക്കും.

**ആവശ്യങ്ങൾ**

മെഡിക്കൽ ആവശ്യങ്ങൾ, ദീർഘ ദൂര യാത്ര, വിവാഹം തുടങ്ങിയവ.
https://www.psbloansin59minutes.com/personal-loan
**സവിശേഷതകൾ**

- ശമ്പളമുള്ള വ്യക്തികൾക്ക് പരമാവധി 20 ലക്ഷം രൂപ വരെ

- ഈടില്ലാതെ വായ്പ എടുക്കാൻ സാധിക്കുന്നു
- അനുയോജ്യമായ കാലാവധി
- പലിശ  നിരക്ക് 8.5% മുതൽ

**ആവശ്യമായ രേഖകൾ (ഓൺലൈൻ ആയി സമർപ്പിക്കണം)**

- ഐ ടി ആർ ഹാജരാക്കണം
- 6 മാസത്തെ ബാങ്ക് സ്റ്റേറ്റ്മെന്റ്.

**c) ഓട്ടോ വായ്പ് -പി എസ് ബി ലോൺസ് ഇൻ 59 മിനിട്സ്. കോം**

പി എസ് ബി ലോൺസ് ഇൻ 59 മിനിട്സ്. കോം വഴി വാഹനങ്ങൾ വായ്പയിലൂടെ സ്വന്തമാക്കാൻ കഴിയുന്നു.

https://www.psbloansin59minutes.com/auto-loan

| | വായ്പ തുക | മാനദണ്ഡം | രേഖകൾ |
|---|---|---|---|
| എല്ല പൊതുമേഖല/സ്വകാര്യ മേഖല / ബാങ്ക് ഇതര സ്ഥാപങ്ങൾ എന്നിവയിൽ നിന്നും ഓട്ടോ വായ്പ ലഭിക്കും. | 1 കോടി രൂപ വരെ | • ശമ്പളക്കാർ/ സ്വയം തൊഴിൽ ചെയ്യുന്നവർ എന്നിവർക്ക് അപേക്ഷിക്കാം.<br>• ആവശ്യമെങ്കിൽ ഒരു സഹ അപേക്ഷകനെ കൂടി ചേർക്കാം. | 1. ശമ്പളക്കാർ ഐ ടി ആർ 1,2 ഹാജരാക്കണം.<br>2. വ്യവസായി/ സ്വയം തൊഴിൽ ഉള്ളവർ / പ്രൊഫഷണലുകൾ എന്നിവർ ഐ ടി ആർ 3,4 ഹാജരാക്കണം.<br>3. ആറു മാസത്തെ ബാങ്ക് സ്റ്റേറ്റ് മെന്റ്. |

**d)മുദ്ര വായ്പ  -പി എസ് ബി ലോൺസ് ഇൻ 59 മിനിട്സ്. കോം**

M.S.M.E കൾക്കായുള്ള പ്രധാൻ മന്ത്രി മുദ്ര യോജന (പി എം എം വൈ) വായ്പയെ 3 വിഭാഗങ്ങളായി (**ശിശു, കിഷോർ, തരുൺ**) തരം തിരിച്ചിരിക്കുന്നു.

| വായ്പകൾ | വായ്പ തുക | ഗുണഭോക്താക്കൾ |
|---|---|---|
| **ശിശു** | 50000 രൂപ വരെ | • ചെറുകിട വ്യവസായങ്ങൾ / പങ്കാളിത്ത സ്ഥാപനങ്ങൾ/ സ്വകാര്യലിമിറ്റഡ് കമ്പനികൾ<br>• കട ഉടമകൾ<br>• കൈത്തൊഴിലുകാർ<br>• വ്യാപാരികൾ<br>• നിർമ്മാണ യൂണിറ്റുകൾ<br>• പ്രൊഫഷണലുകൾ<br>• സേവന ദാതാക്കൾ |
| **കിഷോർ** | 50000-5 ലക്ഷം വരെ | |
| **തരുൺ** | 5ലക്ഷം - 10 ലക്ഷം വരെ | |

https://www.psbloansin59minutes.com/mudra-loan

## മുദ്ര വായ്പയുടെ സവിശേഷതകൾ

- പലിശ നിരക്ക് 8.5%
- മുദ്ര വായ്പയ്ക്ക് ഈടിന്റെ ആവശ്യം ഇല്ല.
- വളരെ കുറഞ്ഞ പ്രോസസ്സിംഗ് ചാർജ്
- പുതിയതും നിലവിലുള്ളതുമായ വ്യവസായങ്ങൾക്ക് മുദ്ര വായ്പ ലഭിക്കാൻ അർഹതയുണ്ട്.
- വനിതാ സംരംഭകർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭിക്കും

യോഗ്യത & ഡോക്യുമെന്റഷൻ

1.ജി എസ്സ് ടി രജിസ്റ്റേർഡ് വ്യവസായം
2. ഒരു വർഷത്തെ ഐടിആർ വിവരങ്ങൾ
3. 6 മാസത്തെ ബാങ്ക് സ്റ്റേറ്റ്മെന്റ്
4. മറ്റ് വ്യവസായ രേഖകൾ

**4.എംഎസ്എംഇ രജിസ്ട്രേഷൻ**

വ്യവസായത്തിന്റെ വാർഷിക വിറ്റുവരവ് അനുസരിച്ച് എംഎസ്സ്എംഇ യുടെ ഔദ്യോഗിക വെബ്സൈറ്റിൽ അപേക്ഷിക്കാം.

എംഎസ്എംഇ യെ രണ്ടായി തിരിക്കാം;
1.ഉത്പാദക സ്ഥാപനങ്ങൾ
2. സേവന സ്ഥാപനങ്ങൾ
https://msme.gov.in/

എംഎസ്സ്എംഇ ഓൺലൈൻ രജിസ്ട്രേഷന് വേണ്ടിയുള്ള ഘട്ടങ്ങൾ

| ഘട്ടങ്ങൾ | വിശദാംശങ്ങൾ | രേഖകൾ |
|---|---|---|
| ഘട്ടം-1 | എംഎസ്എംഇ യുടെ ഔദ്യോഗിക വെബ്സൈറ്റ് സന്ദർശിച്ച് അപേക്ഷ ഫോം പൂരിപ്പിക്കുക | • ആധാർ, പാൻ കാർഡ്<br>• വാടക ഉടമ്പടി<br>• വസ്തു സംബന്ധിച്ച രേഖകൾ<br>• കമ്പനിയുടെ രജിസ്ട്രേഷൻ<br>• വിൽപ്പന /വാങ്ങൽ ബില്ലുകളുടെ പകർപ്പ്<br>• പങ്കാളിത്ത ഉടമ്പടി<br>• മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ<br>• ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ<br>• ലൈസൻസ്ന്റെ പകർപ്പ് |
| ഘട്ടം- 2 | രേഖകൾ സഹിതം അപേക്ഷ ഫോറം സമർപ്പിച്ച് കഴിയുമ്പോൾ രജിസ്ട്രേഷൻ നമ്പർ ലഭിക്കും. | |
| ഘട്ടം-3 | ഓൺലൈനായി രജിസ്ട്രേഷൻ ഫീസ് അടക്കണം | |
| ഘട്ടം-4 | രണ്ട് ദിവസങ്ങൾക്കുള്ളിൽ എംഎസ് എംഇ രജിസ്ട്രേഷൻ പൂര്ണമാകുന്നതാണ് | |
| ഘട്ടം- 5 | അപേക്ഷകൻ നൽകിയ ഇമെയിൽ ഐഡി യിലേക്ക് എംഎസ്സ്എംഇ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭിക്കും. | |

എംഎസ്എംഇ രജിസ്ട്രേഷന് വേണ്ട യോഗ്യത

| മാനദണ്ഡം: നിക്ഷേപവും വാർഷിക വിറ്റുവരവും | | | |
|---|---|---|---|
| മേഖല/സ്ഥാപനങ്ങൾ | മൈക്രോ സ്ഥാപനങ്ങൾ | ചെറുകിട സ്ഥാപനങ്ങൾ | ഇടത്തരം സ്ഥാപനങ്ങൾ |

| | | | |
|---|---|---|---|
| ഉത്പാദന മേഖല<br><br>സേവന മേഖല<br><br>രണ്ടും കൂടി | നിക്ഷേപം: ഒരു കോടിയിൽ കുറവ്<br><br>വിറ്റുവരവ്: 5 കോടിയിൽ കുറവ് | നിക്ഷേപം: 10 കോടിയിൽ കുറവ്,<br><br>വിറ്റുവരവ്: 50 കോടി വരെ | നിക്ഷേപം: 50 കോടിയിൽ കുറവ്<br><br>വിറ്റുവരവ്: 250 കോടി വരെ |

**5. ചെറുകിട വ്യവസായ രജിസ്ട്രേഷൻ (എസ് എസ് ഐ )**

ഉല്പാദന സേവന മേഖലകളിലെ സൂക്ഷ്മ -ചെറുകിട സ്ഥാപനങ്ങളാണ് എസ് എസ് ഐ. ഇവയുടെ പരമാവധി മൂലധന നിക്ഷേപം ഒരു കോടി രൂപയാണ്. നിരവധി സർക്കാർ പദ്ധതികൾ, സബ്സിഡികൾ, എന്നീ ആനുകൂല്യങ്ങൾ ലഭിക്കാൻ എസ്എസ്ഐ രജിസ്ട്രേഷൻ സഹായിക്കുന്നു. രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഫോറം ഓൺലൈനായി ലഭിക്കും.

https://www.nsic.co.in/Schemes/Single-Point-Registration.aspx

| സ്ഥാപനങ്ങൾ | ഉത്പ്പാദന സ്ഥാപങ്ങൾ | സേവന സ്ഥാപങ്ങൾ |
|---|---|---|
| മൈക്രോ സ്ഥാപനങ്ങൾ | 25 ലക്ഷം വരെ | 10 ലക്ഷം വരെ |
| ചെറുകിട സ്ഥാപനങ്ങൾ | 5 കോടി വരെ | 2 കോടി വരെ |
| ഇടത്തരം സ്ഥാപനങ്ങൾ | 10 കോടി വരെ | 5 കോടി വരെ |

എസ് എസ് ഐ യുടെ സവിശേഷതകൾ

- നികുതി ഇളവ്
- മാറ്റ് (Minimum Alternate Tax) നികുതി 15 വർഷത്തേക്ക് നീട്ടി വയ്ക്കാം.

- ധാരാളം ഇളവുകളും റിബേറ്റുകളും ലഭിക്കുന്നതിനാൽ പ്രാഥമിക ചെലവുകൾ കുറയ്ക്കാൻ കഴിയും
- ലൈസൻസ്, സർട്ടിഫിക്കറ്റ് എന്നിവ എളുപ്പത്തിൽ ലഭിക്കുന്നു.
- സർക്കാർ ടെൻഡറുകളിൽ പ്രത്യേക പരിഗണന

**6. സൂക്ഷ്മ- ചെറുകിട - ഇടത്തരം സ്ഥാപന വായ്പ എംഎസ്എംഇ (MSME) / എംഎസ്ഇ (SME) വായ്പ**

സാമ്പത്തിക സ്ഥാപനങ്ങൾ, വ്യക്തികൾ, SME, MSME, സ്റ്റാർട്ട് അപ്പ് എന്നിവയ്ക്കാണ് സൂക്ഷ്മ - ചെറുകിട - ഇടത്തരം സ്ഥാപന വായ്പ (MSME) ലഭ്യമാകുന്നത്.

വായ്പകൾ പ്രധാനമായും പ്രവർത്തന മൂലധനം, വ്യവസായവികസനം, യന്ത്രങ്ങൾ, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് വിനിയോഗിക്കണം.

| **വായ്പ നൽകുന്നവർ** | **പലിശ നിരക്ക്** |
|---|---|
| ആക്സിസ് ബാങ്ക് | 15.5% |
| ബാങ്ക് ഓഫ് ഇന്ത്യ | 10.20% |
| എച്ച് ഡി എഫ് സി ബാങ്ക് | 13% |
| എസ്സ് ബി ഐ (മുദ്ര വായ്പ) | 9.75% |
| ബജാജ് ഫിൻസേർവ് | 18% |
| ലെൻഡിങ് കാർറ്റ് ഫിനാൻസ് | 18% |
| ഐ സി ഐ സി ഐ ബാങ്ക് | 13% |
| കൊട്ടക് മഹീന്ദ്ര ബാങ്ക് | 16% |
| പഞ്ചാബ് നാഷണൽ ബാങ്ക് (മുദ്ര വായ്പ ) | 10.30% |
| കോർപ്പറേഷൻ ബാങ്ക് | 10.30% |
| ഫ്ലെക്സി വായ്പ | 18% |

| | |
|---|---|
| ഐ ഡി എഫ് സി ബാങ്ക് | 18% |
| ഫുള്ളേർടെൻ ഫിനാൻസ് | 17% |
| എച്ച് ഡി ബി ഫിനാൻസ് | 18% |
| ആർ ബി എൽ ബാങ്ക് | 18% |

**MSME വായ്പ**

| പലിശ നിരക്ക് | • വ്യവസായത്തിന്റെ ആവശ്യങ്ങൾക്ക് അനുസരിച്ച് | മാനദണ്ഡം |
|---|---|---|
| വായ്പ തുക | ▪ കുറഞ്ഞ തുക ഇല്ല.<br>▪ പരമാവധി 1 കോടി രൂപ വരെ.<br>▪ വ്യവസായത്തിന്റെ ആവശ്യങ്ങൾക്ക് അനുസരിച്ച് തുക കൂടാം | • പ്രായപരിധി: 18 -66 വയസ്സ്<br>• പ്രൈവറ്റ്/പബ്ലിക് കമ്പനി, ഏകാംഗസ്ഥാപനം/പങ്കാളിത്ത സ്ഥാപനം<br>• ക്രിമിനൽ പശ്ചാത്തലമില്ലാത്ത ഇന്ത്യൻ പൗരൻ ആയിരിക്കണം.<br>• മികച്ച ക്രെഡിറ്റ് സ്കോർ<br>• കഴിഞ്ഞ 2 വർഷത്തെ ITR |
| വായ്പകൾ | ▪ തവണ വായ്പ,<br>▪ പ്രവർത്തന മൂലധന വായ്പ<br>▪ മുദ്ര വായ്പ<br>▪ പി എം ഇ ജി പി( PMEGP) | |

| | | |
|---|---|---|
| | ▪ സി ജി ടി എം എസ് ഇ (CGTMSE) | • കഴിഞ്ഞ 2 വർഷത്തെ ജിഎസ്ടി റിട്ടേൺ |
| കാലാവധി | • 12 മാസം- 5 വർഷം | |
| ഈട് | • ചില വായ്പകൾക്ക് (ഉപകരണ വായ്പ, യന്ത്രങ്ങൾക്ക് വേണ്ടിയുള്ള വായ്പ, പ്രവർത്തന മൂലധന വായ്പ) മാത്രമേ ഈടിന്റെ ആവശ്യം ഉള്ളു. | |
| പ്രോസസ്സിംഗ് ഫീസ് | • 0 - വായ്പയുടെ 5% | |
| മുൻകൂർ അടയ്ക്കൽ ചാർജ് | • 0-വായ്പ കുടിശ്ശികയുടെ 5% | |
| പാർട്ട്പേയ്മെന്റ് ചാർജ് | • 0 - 4% | |

MSME ടോൾ ഫ്രീ നമ്പർ- 18001237376

പൊതു അന്വേഷണം- 011-23063288/011-23063643

## 7. സൂക്ഷ്മ - ചെറുകിട സ്ഥാപങ്ങൾക്ക് ഉള്ള ക്രെഡിറ്റ് ഗ്യാരണ്ടി ഫണ്ട് ട്രസ്റ്റ് (CGTMSE)

MSME (എംഎസ്എംഇ), സിഡ്ബി എന്നിവയുമായി ചേർന്ന് ഭാരതസർക്കാർ, 2000 ത്തിൽ സ്ഥാപിച്ചതാണ് **സൂക്ഷ്മ - ചെറുകിട സ്ഥാപങ്ങൾക്ക് ഉള്ള ക്രെഡിറ്റ് ഗ്യാരണ്ടി ഫണ്ട് ട്രസ്റ്റ്**_( CGTMSE -സി ജി ടി എം എസ് ഇ). MSME കൾക്ക് വായ്പ നൽകുന്ന ധന കാര്യസ്ഥാപങ്ങൾക്ക് ക്രെഡിറ്റ് ഗ്യാരണ്ടി നൽകുന്ന സ്ഥാപങ്ങളാണിവ.

https://www.cgtmse.in/

**CGTMSE** പദ്ധതിയുടെ **മാനദണ്ഡം**

- നിർദ്ദിഷ്ട മേഖലകളിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്ക് ധനസഹായം നൽകുന്ന ധനകാര്യ സ്ഥാപനങ്ങൾ CGTMSE യുമായി കരാറിലേർപ്പെടുന്നു.

CGTMSE പദ്ധതിയിൽ വായ്പ ലഭിക്കുന്നതിനുള്ള വിവിധ ഘട്ടങ്ങൾ

| ഘട്ടങ്ങൾ | വിശദാംശങ്ങൾ | രേഖകൾ |
| --- | --- | --- |
| ഘട്ടം-1 വ്യവസായ ത്തിന്റെ സ്വ ഭാവം | സ്വകാര്യ ലിമിറ്റഡ് കമ്പനി/ പങ്കാളിത്തം/ ഏകാംഗ സ്ഥാപനം | ❖ പൂരിപ്പിച്ച അപേക്ഷ ഫോറം<br>❖ പാസ്പോർട്ട് വ ലുപ്പത്തിലുള്ള ഫോട്ടോ<br>❖ വ്യവസായത്തി ന്റെ വിശദാംശങ്ങൾ<br>❖ വ്യവസായം രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റ്<br>❖ വ്യക്തമായ പ്രോജക്റ്റ് വിവരങ്ങൾ<br>❖ CGTMSE പരിരക്ഷയ്ക്കാ യുള്ള കത്ത്<br>❖ വായ്പ അംഗീകാരത്തിൻ റെ പകർപ്പ് |
| ഘട്ടം-2 വ്യവസായ പദ്ധതി | വ്യക്തമായ ബിസിനസ്സ് പ്ലാൻ<br><br>പ്രൊമോട്ടറിന്റെ വിവരങ്ങൾ | |
| ഘട്ടം-3 ബാങ്ക് വായ്പയ്ക്കുള്ള അനുമതി | തിരിച്ചടവ് കാലാവധിയും മൂലധന ആവശ്യകതയും അപേക്ഷയിൽ വ്യക്തമാക്കണം. | |
| ഘട്ടം-4 ഗ്യാരണ്ടി പരിരക്ഷ | ഗ്യാരണ്ടി ഫീസും സേവന നിരക്കുകളും നൽകേ ണ്ടതാണ്. | |

CGTMSE യ്ക്ക് കീഴിലുള്ള വായ്പപരിരക്ഷയെ കുറിച്ചുള്ള വിവരങ്ങൾ

| വിഭാഗം | കടം ഏറ്റെടുക്കൽ പരിധി |
| --- | --- |

| | 5 ലക്ഷം വരെ | 5 - 50 ലക്ഷം വരെ | 50 - 200 ലക്ഷം വരെ |
|---|---|---|---|
| ചെറുകിട വ്യവസായങ്ങൾ | 85 % വരെ (4.25 ലക്ഷം വരെ) | 75 % വരെ (37.5 ലക്ഷം വരെ) | 75 % വരെ (150 ലക്ഷം വരെ) |
| സ്ത്രീ സംരംഭകർ | 80 % വരെ (40 ലക്ഷം) | | |
| മറ്റുള്ള വിഭാഗത്തിലെ വായ്പക്കാർ | 75 % വരെ (37.5 ലക്ഷം വരെ) | | |
| MSE റീറ്റെയ്ൽ വ്യാപാരം | 50 % വരെ (25 ലക്ഷം വരെ | | |

പിഴ പലിശ, സേവന ചാർജ് മറ്റുള്ള ചെലവുകൾ എന്നിവ ഗ്യാരണ്ടി പരിരക്ഷയിൽ ഉൾപെടുന്നതല്ല

**8. കൃഷിക്കും ഗ്രാമ വികസനത്തിനും വേണ്ടിയുള്ള ദേശീയ ബാങ്ക് (നബാർഡ്)**

കൃഷി, ഗ്രാമവികസനം എന്നിവയുമായി ബന്ധപ്പെട്ട് ആസൂത്രണം, നയങ്ങളുടെ രൂപീകരണം,കാർഷിക പ്രവർത്തനങ്ങൾ
എന്നിവ ഏകോപിപ്പിക്കുന്ന ഇന്ത്യയിലെ സാമ്പത്തിക സ്ഥാപനമാണ് നബാർഡ്.

https://www.nabard.org/

നബാർഡ് ബാങ്കുകൾക്കും ബാങ്കിതര സ്ഥാപനങ്ങൾക്കും (NBFC) നൽകുന്ന വായ്പ യുടെ പലിശ നിരക്ക്

| **നബാർഡ്** പലിശ നിരക്ക് (പ്രതിവർഷം) | |
|---|---|
| ഹ്രസ്വകാല റീഫിനാൻസ് സഹായം | 4.50% മുതൽ |
| ദീർഘകാല റീഫിനാൻസ് സഹായം | 8.50% മുതൽ |
| പ്രാദേശിക ഗ്രാമീണ ബാങ്ക് | 8.35% മുതൽ |

| | |
|---|---|
| ജില്ല സഹകരണ ബാങ്ക് | 8.35% മുതൽ |
| സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് | 8.35% മുതൽ |

## നബാർഡിന്റെ വായ്പ പദ്ധതികൾ

| | |
|---|---|
| റീഫിനാൻസ്- ഹ്രസ്വകാല വായ്പ | • ധാന്യ വിള ഉത്പാദനത്തിനായി ധനകാര്യ സ്ഥാപങ്ങൾ വഴി കർഷകർക്ക് നൽകുന്ന സാമ്പത്തിക സഹായമാണ് ഹ്രസ്വകാല വായ്പ / വിള വായ്പ. |
| ദീർഘകാല വായ്പ | • കാർഷിക- കാർഷികേതര പ്രവർത്തങ്ങൾക്കായി ധനകാര്യ സ്ഥാപങ്ങൾ വഴി നൽകുന്ന വായ്പയാണിത്.<br>• കാലാവധി: 18 മാസം - 5 വർഷം വരെ |
| സഹകരണ ബാങ്കുകൾക്ക് നേരിട്ടുള്ള വായ്പ | • 14 സംസ്ഥാനങ്ങളായി 58 സഹകരണ വാണിജ്യ ബാങ്കുകൾക്കും 4 സംസ്ഥാന സഹകരണ ബാങ്കുകൾക്കും 4,849 കോടി രൂപ നബാർഡ് നൽകിയിട്ടുണ്ട്. |
| വിപണന ഫെഡറേഷനുകൾക്കുള്ള ക്രെഡിറ്റ് സൗകര്യം (സി എഫ് എഫ്) | • കാർഷിക പ്രവർത്തനങ്ങളുടെയും കാർഷിക ഉത്പന്നങ്ങളുടെയും വിപണനം പ്രോത്സാഹിപ്പിക്കുവാനും, വിപണന ഫെഡറേഷനെയും സഹകരണ സ്ഥാപനങ്ങളെയും ശക്തിപ്പെടുത്താനും വേണ്ടിയാണ് സി എഫ് എഫ്. |
| ഉത്പാദന സംഘങ്ങൾക്കും പ്രാഥമിക കാർഷിക സൊസൈറ്റികൾക്കും നൽകുന്ന ക്രെഡിറ്റ് | • ഇതിനായി നബാർഡ് ഉത്പാദക സംഘടന വികസന ഫണ്ട് (PODF) ആരംഭിച്ചിട്ടുണ്ട് |
| കാർഷികമേഖലയ്ക്ക് | • ഈ പദ്ധതി പ്രകാരം ക്ഷീര |

| | |
|---|---|
| വേണ്ടിയുള്ള നബാർഡ് പദ്ധതി | വിപണിയുമായി ബന്ധപ്പെട്ട സംരംഭകർക്ക് സഹായം നൽകുന്നു; ക്ഷീരവിപണിയുടെ ആധുനികവത്കരണം, സാങ്കേതിക സഹായത്തോടെ ഉത്പാദനം കൂട്ടുക എന്നിവ ഇതിൽ ഉൾപ്പെടുന്നു. |

| നബാർഡിന്റെ പ്രവർത്തനങ്ങൾ | |
|---|---|
| 1. റീഫിനാൻസിങ്ങിലൂടെയോ ധന സഹായത്തോടെയോ പിന്തുണ നൽകുന്നു<br>2. ഗ്രാമ പ്രദേശങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നു<br>3. ജില്ല തലത്തിൽ നിക്ഷേപ നയങ്ങൾ രൂപീകരിക്കുന്നു<br>4. നിക്ഷേപ ലക്ഷ്യം കൈവരിക്കുന്നതിന് ബാങ്കിനെ സഹായിക്കുക<br>5. പ്രാദേശിക ഗ്രാമീണ ബാങ്ക്, സഹകരണ ബാങ്ക് എന്നിവയുടെ മേൽനോട്ടം വഹിക്കുക<br>6. ഗ്രാമ വികസനത്തിനായി പുതിയ നയങ്ങൾ രൂപീകരിക്കുക<br>7. ഗവൺമെന്റിന്റെ വികസന പദ്ധതികൾ നടപ്പിലാക്കുക<br>8. കരകൗശല തൊഴിലാളികൾക്ക് പരിശീലനം നൽകുക | 1. ജൈവ ഉൽപ്പന്നങ്ങളുടെ വാണിജ്യ ഉല്പാദനത്തിന് വേണ്ടി സബ്സിഡിയോടെ മൂലധന നിക്ഷേപം കണ്ടെത്തുക<br>2. കാർഷിക ക്ലിനിക്, കാർഷിക വ്യവസായ കേന്ദ്രങ്ങൾ<br>3. ദേശീയ കന്നുകാലി ദൗത്യം (National Livestock Mission)<br>4. GSS - സബ്സിഡിയുടെ അവസാന ഗഡു ഉറപ്പാക്കുന്നു<br>5. താങ്ങു പലിശ പദ്ധതി<br>6. നൂതന കാർഷിക വിപണന അടിസ്ഥാന സൗകര്യങ്ങൾ<br>7. വായ്പാ |

| | |
|---|---|
| | അനുബന്ധ മൂലധന സഹായ പദ്ധതി |

## 9. ക്രെഡിറ്റ് ലിങ്ക്ഡ് മൂലധന സബ്സിഡി പദ്ധതി (CLCSS)

സൂക്ഷ്മ -ചെറുകിട- ഇടത്തരം സംരംഭക മന്ത്രാലയം നടപ്പിലാക്കുന്ന സബ്സിഡി പദ്ധതിയാണ് CLCSS.

ലക്ഷ്യം

- ഗ്രാമ- നഗര പ്രദേശങ്ങളിലെ ചെറുകിട വ്യവസായങ്ങളുടെ (എസ് എസ് ഐ ) വളർച്ചയും വികസനവും.
- ചെറുകിട വ്യവസായങ്ങൾ, ഖാദി വ്യവസായങ്ങൾ, കയർ വ്യവസായങ്ങൾ എന്നിവയ്ക്ക് മൂലധന സബ്സിഡി, സാങ്കേതിക വിദ്യ എന്നിവ നൽകി അവയുടെ വികസനം

https://clcss.dcmsme.gov.in/

| വിശദ വിവരങ്ങൾ | |
|---|---|
| സബ്സിഡി | 15% വരെ |
| തവണ വായ്പ | 15% |
| അധിക വായ്പ ആനുകൂല്യം | ചെറുകിട വ്യവസായങ്ങളിൽ നിന്ന് ഇടത്തരം വ്യവസായങ്ങളിലേക്ക് ഉയരുന്ന വ്യവസായങ്ങൾക്ക് |

യോഗ്യമായ മേഖലകൾ

| | | | |
|---|---|---|---|
| 1.മരുന്നുകളും മരുന്ന് നിർമാണ സംബന്ധമായ വിഷയങ്ങളും | 13. ശുദ്ധ ജലം (MINERAL WATER) | 25. ട്രാൻസ്ഫോമർ/ഇലക്ട്രിക്കൽ സ്റ്റാമ്പിങ് / ലാമിനേഷൻ/കോയിലുകൾ/ചോക്കു | 37.ഔഷധ സസ്യങ്ങളെയും സുഗന്ധ സസ്യങ്ങളെയും അടിസ്ഥാനമാക്കിയുള്ള |

| | | | |
|---|---|---|---|
| | | കൾ/സോളിനോയിഡ് | വ്യവസായം |
| 2.ടൈലുകൾ ഉൾപ്പെടെയുള്ള ഗ്ലാസ് ,മൺപാത്രങ്ങൾ എന്നിവ | 14. കളിപ്പാട്ടങ്ങൾ | 26. ധാതു സമ്പുഷ്ടമായ താപ ഘടകങ്ങൾ | 38.ടൈലുകൾ ഉൾപ്പെടുന്ന സെറാമിക് ഇനങ്ങൾ |
| 3.ജൈവ സാങ്കേതിക വ്യവസായം | 15.ഉരുക്ക് കൊണ്ടുള്ള ഉപകരണങ്ങൾ | 27. മെഡിക്കൽ, ഇലക്ട്രിക്ക് - ആശയ വിനിമയ ഉപകരങ്ങൾ | 39. വിവര സാങ്കേതിക വിദ്യ(ഹാർഡ്വെയർ) |
| 4.ഭക്ഷ്യ സംസ്കരണം (ഐസ് ക്രീം നിർമാണം ഉൾപ്പെടെ ) | 16. റെഡിമേഡ് വസ്ത്രങ്ങൾ | 28. ഉരുക്ക്, ഇരുമ്പ് ഉപകരണങ്ങൾ, | 40. പ്ലാസ്റ്റിക്, പ്ലാസ്റ്റിക് ഉത്പന്നങ്ങളും ഭാഗങ്ങളും |
| 5.തടി കൊണ്ടുള്ള ഉപകരണങ്ങൾ | 17. വയറുകൾ & കേബിൾ വ്യവസായം, വാഹനങ്ങളുടെ ഭാഗങ്ങളും ഘടകങ്ങളും | 29.ജ്വലന ഉപകരണങ്ങൾ, മറ്റ് ഉപകരണങ്ങൾ | 41. നോൺ-ഫെറസ് ഫൗണ്ടറി |
| 6.സൈക്കിൾ/ റിക്ഷ ടയറുകൾ ഉൾപ്പെടെയുള്ള റബ്ബർ സംസ്കരണം | 18.ഉരുക്ക് റീറോളിങ്ങ്& പെൻസിൽ ഇൻഗോട്ട് നിർമാണ വ്യവസായങ്ങൾ | 30.ഖാദി കുടിൽ വ്യവസായങ്ങൾ | 42. തയ്യൽ മെഷിൻ വ്യവസായം |
| 7.യന്ത്ര ഉപകരണങ്ങൾ | 19.കാർഷിക ഉപകരണങ്ങളും വിളവെടുപ്പിന് ശേഷം | 31.പെയിന്റ്, വർണിഷ്, അൽകൈഡുകൾ, ഉപകരണങ്ങൾ | 43. പൂട്ടുകൾ |

| | | | |
|---|---|---|---|
| | വേണ്ട ഉപകാരണങ്ങളും | | |
| 8.സൗന്ദര്യ വർദ്ധക വസ്തുക്കൾ | 20.കായിക വസ്തുക്കൾ | 32. പരിശോധന, അളക്കൽ, വിതരണം/ഉത്പാദനം, വ്യാവസായിക പ്രക്രിയ എന്നിവയിലൂടെയുള്ള വൈദ്യുതഉപകരണങ്ങൾ | 44. വെൽഡിങ് ഇലക്ട്രോഡ് |
| 9.ഫാനുകൾ & മോട്ടോർ വ്യവസായം | 22. ഗ്രാഫിറ്റിൻ്റെയും ഫോസ്ഫേറ്റിൻ്റെയും പ്രയോജനം | 33.പൊതു പ്രകാശ സേവന (ജിഎൽഎസ്) വിളക്കുകൾ | 45. കല്ല് വ്യവസായം( ക്വാറിയും ഖനനവും) |
| 10 ചായങ്ങൾ | 23.പൊതു എഞ്ചിനിയറിങ് ജോലികൾ - സ്വർണം പൂശൽ, ആഭരണങ്ങൾ | 34. മാലിന്യ സംസ്കരണ പ്ലാൻറ് | 46. കോറഗേറ്റഡ് ബോക്സ് |
| 11അച്ചടി വ്യവസായം | 24.കോഴി വളർത്തൽ, കന്നുകാലി തീറ്റവ്യവസായം | 35. തുണിത്തരങ്ങളും ചെരുപ്പുകളും ഉൾപ്പെടുന്ന തോൽ-തോൽ ഉത്പന്നങ്ങൾ | 47. കയർ, കയർ ഉത്പന്നങ്ങൾ |
| 12. .സിങ്ക് സൾഫേറ്റ് | | 36. സൈക്കിളിൻ്റെ ഘടകങ്ങൾ | 48. വ്യാവസായിക വാതകം |

**10. പ്രധാനമന്ത്രിയുടെ തൊഴിൽ ജനറേഷൻ പ്രോഗ്രാം (പിഎംഇജിപി)**

പ്രധാന മന്ത്രി റോസ്ഗർ  യോജനയും (പി എം ആർ വൈ) ഗ്രാമീണ തൊഴിലവസര പദ്ധതിയും (ആർ ഇ ജി പി ) സംയോജിപ്പിച്ചാണ് യുവജനങ്ങൾക്കിടയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ക്രെഡിറ്റ് ലിങ്കിട് സബ്സിഡി പദ്ധതിയായ പിഎംഇജിപി 2008 ൽ തുടങ്ങിയത്.

https://msme.gov.in/11-prime-ministers-employment-generation-programme-pmegp

| | |
|---|---|
| പ്രൊജക്റ്റ് ചെലവ് | 1) ഉത്പാദന സംരംഭങ്ങൾക്ക് - 25ലക്ഷം<br>2)സേവന സംരംഭങ്ങൾക്ക് - 10 ലക്ഷം |
| ഗുണഭോക്താക്കൾ | വ്യവസായികൾ, സ്ഥാപനങ്ങൾ, സഹകരണ സ്ഥാപങ്ങൾ, സ്വയം സഹായ സംഘങ്ങൾ, ട്രസ്റ്റുകൾ |
| കുറഞ്ഞ പ്രായം: | 18 വയസ്സ് |
| **സബ്സിഡി** | |
| ഗ്രാമം | 25% (പൊതു വിഭാഗം)& 35% (എസ് സി/എസ് റ്റി/ഒബിസി) |
| നഗരം | 15% (പൊതു വിഭാഗം) & 25% (എസ് സി/എസ് റ്റി/ഒബിസി) |
| ഗുണഭോക്തൃ വിഹിതം | പൊതു വിഭാഗം- 10% ; പ്രത്യേക വിഭാഗം-5% |

മാനദണ്ഡങ്ങൾ

- കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത : എട്ടാം ക്ലാസ് ജയിച്ചിരിക്കണം.
- പദ്ധതിയുടെ കീഴിൽ മറ്റ് അനുകൂല്യങ്ങൾ ഒന്നും ലഭിക്കാത്ത സ്വയം സഹായ സംഘങ്ങൾ ആയിരിക്കണം.

പി എം ഇ ജി പി പദ്ധതി പ്രകാരം ധന സഹായം നൽകുന്ന ബാങ്കുകൾ

| | |
|---|---|
| എച്ച് ഡി എഫ് സി ബാങ്ക് ലിമിറ്റഡ് | അലഹബാദ് ബാങ്ക് |
| ആക്സിസ് ബാങ്ക് | ബാങ്ക് ഓഫ് ബറോഡ |
| ഇന്ത്യൻ ബാങ്ക് | പഞ്ചാബ് നാഷണൽ ബാങ്ക് |
| ഐ സി ഐ സി ഐ ബാങ്ക് | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ |
| കാനറ ബാങ്ക് | സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ |
| ഐ ഡി എഫ് സി ബാങ്ക് | ബാങ്ക് ഓഫ് ഇന്ത്യ |
| യൂസിഒ ബാങ്ക് | ആന്ധ്രാ ബാങ്ക് |
| കൊട്ടക് മഹീന്ദ്ര ബാങ്ക് | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ |

**വായ്പയുടെ വിശദാംശങ്ങൾ**

| | |
|---|---|
| വിഹിതം | ▪ പൊതു വിഭാഗങ്ങൾക്ക് പദ്ധതി ചെലവിന്റെ 90% വും ദുർബല വിഭാഗങ്ങൾക്ക് 95% വും ആദ്യപടിയായി അനുവദിക്കുന്നു.<br>▪ ഇതിൽ 15 മുതൽ 35% വരെ ഗവണ്മെന്റ് നൽകുന്ന സബ്സിഡി ആണ്.<br>▪ ബാക്കി തുക തവണ വായ്പയായി നൽകുന്നു. |
| പലിശ നിരക്ക് | സാധാരണ പലിശ നിരക്ക് |
| വായ്പ കാലാവധി | കാലാവധി- 3വർഷം (6 മാസത്തെ മൊറട്ടോറിയത്തിന് ശേഷം) |
| സബ്സിഡി | തുക 3 വർഷത്തിന് ശേഷം വായ്പയിൽ ക്രമീകരിക്കുന്നതാണ് |

**പി എം ഇ ജി പി പദ്ധതി പ്രകാരം വായ്പ ലഭിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ**

- കാർഷിക അധിഷ്ഠിത ഭക്ഷ്യ സംസ്കരണം
- വനോത്പന്നങ്ങൾ
- പേപ്പർ ഫൈബർ വ്യവസായങ്ങൾ
- ധാതുഅടിസ്ഥാനമാക്കിയുള്ള ഉത്പന്നങ്ങൾ
- പോളിമർ & രാസ ഉത്പന്നങ്ങൾ

- ഗ്രാമീണ ജൈവ സാങ്കേതിക വിദ്യ
- ടെക്സ്റ്റെയിൽ-സേവന മേഖല

## 11. ഇന്ത്യയിലെ ചെറുകിട വ്യവസായ വികസന ബാങ്ക് (സിഡ്ബി)

ചെറുകിട വ്യവസായങ്ങളുടെ അഭിവൃദ്ധിക്കും വികസനത്തിനും വേണ്ടിയാണ് 1990 ൽ ഇന്ത്യയിൽ ചെറുകിട വ്യവസായ വികസന ബാങ്ക് രൂപം കൊണ്ടത്.
https://www.sidbi.in/en

ചെറുകിട വ്യവസായ വികസന ബാങ്ക് നൽകുന്ന സേവനങ്ങൾ

| പദ്ധതികൾ | പ്രത്യേകതകൾ |
| --- | --- |
| 1.മൈക്രോ, ഇടത്തരം വ്യവസായങ്ങൾക്ക് സോഫ്റ്റ് ലോൺ (SMILE) | • ഉത്പാദന- സേവന മേഖലകളിൽ സാമ്പത്തിക സഹായം നൽകുന്നു<br>• കുറഞ്ഞ വായ്പ തുക- 10 ലക്ഷം<br>• ഉപകരണങ്ങൾ വാങ്ങാൻ- 25 ലക്ഷം<br>• കാലാവധി- 10 വർഷം വരെ |
| 2.സ്മൈൽ ഉപകരണ ധനസഹായം (SEF) | • പുതിയ ഉപകരങ്ങൾ വാങ്ങുന്നതിനും ധന സമാഹരണത്തിനും വേണ്ടി.<br>• വായ്പ തുക- 10 ലക്ഷം<br>• കാലാവധി- 72 മാസം |
| 3. ഉല്പാദകരിൽ നിന്ന് നേരിട്ട് വാങ്ങുന്നതിനുള്ള ലോൺ | • യന്ത്രങ്ങൾ വാങ്ങാൻ സഹായിക്കുന്നു.<br>• കുറഞ്ഞ പ്രവർത്തന പരിചയം: 3 വർഷം<br>• വായ്പ തുക- 1 കോടി വരെ<br>• കാലാവധി- 60 മാസം. |
| 4.പ്രവർത്തന മൂലധനം(ക്യാഷ് ക്രെഡിറ്റ്) | • മൂലധനം വായ്പ രൂപത്തിൽ നല്കുന്നു |
| 5.വ്യാപാര ധന സഹായ പദ്ധതി (STFS) | • മെച്ചപ്പെട്ട സാമ്പത്തിക നിലയിൽ പ്രവർത്തിക്കുന്ന റീറ്റെയ്ൽ / മൊത്തക്കച്ചവട വ്യാപാരികൾക്ക് വായ്പ<br>• കുറഞ്ഞ പ്രവർത്തന പരിചയം: 3 വർഷം<br>• വായ്പ തുക- 10 ലക്ഷം മുതൽ - 1 കോടി വരെ |

| | |
|---|---|
| | • കാലാവധി- 60 മാസം |
| 6.വ്യവസായ സ്ഥാപങ്ങളുടെ വികസനത്തിന് ആവശ്യമായ ഉപകരങ്ങൾ വാങ്ങുന്നതിന് (SPEED) | • പുതിയ ഉപഭോക്താക്കൾ: 1 കോടി രൂപ<br>• നിലവിലുള്ള ഉപഭോക്താക്കൾ: 2 കോടി രൂപ |

https://sidbi.in/en/products

ചെറുകിട വ്യവസായ വികസന ബാങ്കിൽ നിന്നും ലഭിക്കുന്ന അധിക സേവനങ്ങൾ

| സേവനങ്ങൾ | പ്രത്യേകതകൾ/ഉപയോഗങ്ങൾ |
|---|---|
| 1.സംരംഭ മൂലധനം | സ്റ്റാർട്ട്അപ്പ് വ്യവസായങ്ങൾക്ക് ധന സഹായം നല്കുന്ന പദ്ധതി |
| 2. സ്റ്റാർട്ട് അപ്പുകളുടെ മുന്നോട്ടുള്ള കുതിപ്പിനായി | സമയാ സമയങ്ങളിൽ സ്റ്റാർട്ടപ്പുകൾക്ക് വേണ്ട ധന സഹായം നല്കുന്ന പദ്ധതി |
| 3.സ്റ്റാർട്ട് അപ്പുകൾക്കുള്ള ഫണ്ടുകൾ | നവീന ആശയങ്ങൾ ഉള്ള സ്റ്റാർട്ട് അപ്പുകൾക്ക് മറ്റു രീതിയിലുള്ള ധനസമാഹരണം കണ്ടെത്താൻ സഹായിക്കുന്ന പദ്ധതി. |
| 4.ആസ്പയർ ഫണ്ട് | ഉൽപ്പാദന -സേവന മേഖലകളിൽ പുതിയതായി ആരംഭിക്കുന്ന സംരംഭങ്ങൾക്ക് നൽകുന്ന സഹായം. |
| 5.ചെറുകിട വ്യവസായ വികസനബാങ്കിന്റെ പരോക്ഷ ധനകാര്യം | 1.ബാങ്കുകൾ, ബാങ്കിതര സ്ഥാപനങ്ങൾ- (NBFCs), എസ്എഫ്ബി (SFBs) എന്നിവയിലൂടെ സഹായം<br>2.റീഫിനാൻസ് സ്കീമുകൾ |
| 6.സിഡ്ബിയുടെ മൈക്രോ ലെൻഡിംഗ് | സ്ത്രീകൾ ഉൾപ്പെടെ സാമ്പത്തികമായി ദുർബലരായ ആളുകൾക്ക് സംരംഭം തുടങ്ങാനായി സാമ്പത്തിക സഹായം നൽകുന്നു. |

സിഡ്ബിയിൽ നിന്ന് വായ്പയ്ക്ക് അപേക്ഷിക്കാനുള്ള നടപടികൾ അറിയാൻ ഈ വെബ്സൈറ്റ് www.udyamimitra.in സന്ദർശിക്കുക.

## 12. ഖാദി, ഗ്രാമ വ്യവസായ കമ്മീഷൻ (കെ വി ഐ സി )

ഗ്രാമ പ്രദേശങ്ങളിൽ ഉള്ള ഖാദി, ഗ്രാമ വ്യവസായങ്ങളെ രാജ്യ വ്യാപകമായി വികസിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുക, പ്രോത്സാഹിപ്പിക്കുക, സംഘടിപ്പിക്കുക, എന്നിവയാണ് കെ വി ഐ സിയുടെ ലക്ഷ്യങ്ങൾ.

വായ്പയുടെ പ്രത്യേകത/ മാനദണ്ഡങ്ങൾ

| മേഖല | തുക | തിരിച്ചടവ് | മാനദണ്ഡങ്ങൾ |
|---|---|---|---|
| ഉല്പാദന മേഖല | 25 ലക്ഷം | 3-7 വർഷം | 1.സ്വയം സഹായ സംഘങ്ങൾ<br>2.സഹകരണ സൊസൈറ്റികൾ<br>3. എട്ടാം ക്ലാസ് പാസ്സ് ആയ 18 വയസ്സിനു മുകളിൽ പ്രായമുള്ള വ്യക്തികൾ. |
| വ്യവസായ/സേവന മേഖല | 10 ലക്ഷം | | |

## ഖാദി, ഗ്രാമ വ്യവസായ കമ്മീഷന്റെ കീഴിലുള്ള പദ്ധതികൾ

### 1.പ്രധാന മന്ത്രിയുടെ തൊഴിൽ ഉൽപ്പാദന പരിപാടി (PMEGP)

രാജ്യത്ത് എല്ലായിടവും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. PMEGP ക്ക് കീഴിൽ, സബ്സിഡി ലഭിക്കുന്നതിന് ഗുണഭോക്താക്കൾ പദ്ധതി ചെലവിന്റെ നിശ്ചിത ശതമാനം സ്വന്തം സംഭാവനയായി നിക്ഷേപിക്കേണ്ടതുണ്ട്

## സബ്സിഡി വിവരങ്ങൾ

| ഗുണഭോക്താക്കൾ | **ഗുണഭോക്തൃ** | സബ്സിഡി നിരക്ക് യൂണിറ്റിന്റെ |
|---|---|---|

| | വിഹിതം | സ്ഥാനം | |
|---|---|---|---|
| | | നഗരം | ഗ്രാമം |
| പൊതുവിഭാഗം | 10% | 15% | 25% |
| മറ്റുള്ളവ (എസ് സി / എസ് ടി / ഒ ബി സി /ന്യൂനപക്ഷങ്ങൾ/ സ്ത്രീകൾ,വിരമിച്ച പട്ടാളക്കാർ, അംഗവൈകല്യം ഉള്ളവർ, എൻ ഇ ആർ, അതിർത്തി പ്രദേശവും മലയോര മേഖലയും | 5% | 25% | 35% |

| വിവിധ പദ്ധതികൾ | പ്രത്യേകതകൾ |
|---|---|
| പരമ്പരാഗത വ്യവസായങ്ങളുടെ പുനരുജ്ജീവനത്തിനായുള്ള പദ്ധതി (SFURTI) | തൊഴിൽ മത്സരാധിഷ്ഠിതമാക്കി സുസ്ഥിര വികസനം നടപ്പാക്കുകയാണ് ലക്ഷ്യം.<br><br>പരമാവധി വായ്പ തുക-**8** കോടി രൂപ |
| പലിശ സബ്സിഡി യോഗ്യത സർട്ടിഫിക്കറ്റ് (ISEC) | പ്രവർത്തന മൂലധന ആവശ്യങ്ങൾക്കായി **4%** പലിശ നിരക്കിൽ പ്രതിവർഷം ധനസഹായം നൽകുന്നു. |
| വിപണന അഭിവൃദ്ധി വികസന സഹായം (MPDA) | ഖാദി വ്യവസായ വിപണി വികസനത്തിനും കരകൗശല തൊഴിലാളികളുടെ വരുമാനം വർധിപ്പിക്കുന്നതിനും വേണ്ടിയുള്ള പദ്ധതി. |
| ഖാദി പരിഷ്കരണവും വികസനവും (KRDP) | ഖാദി മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, വരുമാനം വർധിപ്പിക്കുക, വിപണി സാധ്യത ഉണ്ടാക്കുക എന്നിവയാണ് ലക്ഷ്യം. |
| തേനീച്ച വളർത്തൽ-തേൻ ദൗത്യം | തേനീച്ച വളർത്തത്തിലൂടെ വരുമാനം കൂട്ടുക, കാർഷിക-വന സംരക്ഷണങ്ങൾക്ക്പിന്തുണ നൽകുക, ജൈവ സംരക്ഷണത്തോടൊപ്പം സുസ്ഥിരമായ ഒരു ഉപജീവന മാർഗം ഗ്രാമീണ ജനതയിൽ കൊണ്ടുവരുക |

| | | |
|---|---|---|
| പലിശ സബ്സിഡി പദ്ധതി | സാമ്പത്തിക സ്ഥാപനങ്ങൾ/ ചാരിറ്റബിൾ സ്ഥാപനങ്ങൾ/ സഹകരണസംഘങ്ങൾ/ രജിസ്റ്റർ ചെയ്തിട്ടുള്ള ധനകാര്യ സ്ഥാപനങ്ങൾ എന്നിവ വഴി സബ്സിഡിയോട് കൂടിയ വായ്പ ലഭ്യമാക്കുന്നു. മൂലധന നിക്ഷേപവും പ്രവർത്തന മൂലധനവുമായിട്ടാണ് വായ്പകൾ നൽകുന്നത്. | |
| വിപണി വികസന സഹായം(MDA) | മേഖല | ധനസഹായം (ശതമാനത്തിൽ) |
| | ഖാദി വ്യവസായം | 20% (ഉത്പാദനം) |
| | കരകൗശല മേഖല | 25%<br>ഉത്പാദനം-30%<br>വിപണനം-45% |
| | നൂൽ നൂൽക്കുന്നവർ | 25% |

**13. പ്രധാൻമന്ത്രി മുദ്രയോജന (PMMY)**

വ്യക്തികൾ, എസ്എം ഇ (SME) കൾ, എം എസ്എംഇ(MSME)കൾ, അസംഘടിത കാർഷികേതര- ചെറുകിട വ്യവസായങ്ങൾ എന്നിവയ്ക്ക് വായ്പ നൽകുന്നതിന് വേണ്ടി കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന ധനസഹായ പദ്ധതിയാണിത്.
https://www.mudra.org.in/

## പ്രധാൻമന്ത്രി മുദ്രയോജനയുടെ പ്രത്യേകതകൾ

| | |
|---|---|
| 3 തരം വായ്പകൾ | ശിശു, കിഷോർ, തരുൺ |
| പരമാവധി വായ്പ തുക | 10 ലക്ഷം |
| കുറഞ്ഞ വായ്പ തുക | പ്രത്യേക പരിധി ഇല്ല |
| ഈട് | ആവശ്യമില്ല |
| വയസ് | 18 - 65 വരെ |
| തിരിച്ചടവ് കാലാവധി | 5 വർഷം വരെ |

| | |
|---|---|
| പലിശ | ഓരോ ബാങ്കുകൾക്ക് അനുസരിച്ച് |
| പ്രോസസ്സിംഗ് ഫീസ് | ഇല്ല |

## ശിശു, കിഷോർ, തരുൺ വായ്പ പദ്ധതി

| വായ്പ | വായ്പ തുക | പ്രത്യേകതകൾ | വിശദാംശങ്ങൾ |
|---|---|---|---|
| ശിശു | 50000 രൂപ വരെ | • പുതിയതായി വ്യവസായം തുടങ്ങുന്നവർക്ക്<br>• വ്യവസായത്തിന്റെ ആദ്യ വളർച്ച ഘട്ടത്തിൽ | 1.വ്യക്തികൾ, ചെറുകിട- ഇടത്തരം വ്യവസായ സ്ഥാപങ്ങൾ, കച്ചവടക്കാർ, ഉൽപ്പാദകർ തുടങ്ങി എല്ലാവരും ഈ ലോണിന് അർഹരാണ്<br><br>2. എല്ലാ ബാങ്കുകളിൽ മുദ്ര വായ്പ ലഭ്യമാണ് |
| കിഷോർ | 50001-500000 വരെ | • വ്യവസായത്തിന് വേണ്ടിയുള്ള ധന സഹായം | |
| തരുൺ | 5000001- 10,00,000വരെ | • വളരെ വലിയ വ്യവസായങ്ങൾക്കും വ്യവസായത്തിന്റെ വികസനത്തിന് വേണ്ടിയും | |

## മുദ്ര ലോൺ നൽകുന്ന മറ്റുള്ള പദ്ധതികൾ

| പദ്ധതികൾ | പ്രത്യേകതകൾ / ഉപയോഗം |
|---|---|
| 1.മൈക്രോ സ്ഥാപനങ്ങൾക്കുള്ള ധന സഹായം. | സ്വന്തമായി ഒരു ചെറുകിട വ്യവസായം തുടങ്ങാൻ സഹായിക്കുന്ന പദ്ധതി |
| 2.മഹിളാ ഉദ്യമി പദ്ധതി | ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്ന സ്ത്രീകൾ/ സ്ത്രീ കൂട്ടായ്മകൾ എന്നിവർക്ക് പ്രോത്സാഹനം നൽകുക, അവരുടെ പങ്കാളിത്തം മെച്ചപ്പെടുത്തുക പ്രത്യേക പലിശ ഇളവും നൽകുന്നു |
| 3.ബാങ്കുകൾക്കായുള്ള റീഫിനാൻസ് പദ്ധതി | ഉല്പാദന- സേവന മേഖലയിലെ ചെറുകിട സംരംഭകർക്ക് ബാങ്കുകൾ വഴി ലഭ്യമാക്കുന്ന അധിക ധന സഹായ |

| | |
|---|---|
| | പദ്ധതിയാണിത്. പത്തു ലക്ഷം രൂപ വരെയുള്ള ലോണുകളാണ് ഇങ്ങനെ ലഭിക്കുന്നത്. ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ വായ്പ്പക്കാർക്ക് അവരുടെ അടിസ്ഥാന നിരക്കിൽ വായ്പ നൽകണം. |
| 4.ചെറുകിട ക്രെഡിറ്റ് പദ്ധതി | സംരംഭക വ്യക്തികൾ, കൂട്ടായ്മകൾ, ചെറുകിട വ്യവസായ സ്ഥാപങ്ങൾ എന്നിവർക്ക് പദ്ധതിയിൽ നിന്നും വായ്പ ലഭിക്കുന്നു |
| 5.മുദ്ര കാർഡ് | വളരെ പെട്ടെന്ന് തന്നെ ഉപയോഗിക്കാൻ സാധിക്കുന്നതും ക്രെഡിറ്റ് ലഭ്യമാക്കാൻ സഹായിക്കുന്നതുമാണ് ഇത്. ഡെബിറ്റ്കാർഡ് പോലെ ഉപയോഗിക്കാം. കൂടാതെ ഓവർഡ്രാഫ്റ്റ് സൗകര്യവും ഉണ്ട്. |
| 6.ക്രെഡിറ്റ്ഗ്യാരണ്ടി ഫണ്ട് | ധനകാര്യ സ്ഥാപനങ്ങൾക്ക് വായ്പ സുരക്ഷാ നൽകുന്ന പദ്ധതി |
| 7.ഉപകരണ ധനകാര്യ പദ്ധതി | ചെറുകിട വ്യവസായങ്ങളുടെ വികസനത്തിനും യന്ത്ര ഉപകരണങ്ങൾ വാങ്ങാനും വേണ്ടിയുള്ള പദ്ധതി |

https://www.mudra.org.in/Offerings

## 14. പ്രധാൻ മന്ത്രി റോസ്ഗർ യോജന (Pradhan Mantri Rozgar Yojana)

വിദ്യാ സമ്പന്നരായ യുവജനങ്ങൾക്കും സ്ത്രീകൾക്കും സ്വയം തൊഴിൽ നേടാനുള്ള അവസരങ്ങൾ നൽകുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ ഈ പദ്ധതിക്ക് 1993ൽ രൂപം കൊടുത്തു. വ്യാപാരം, ഉത്പാദനം, സേവനം തുടങ്ങിയ മേഖലകളിൽ സംരംഭം ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നു. രാജ്യത്തെ നാല് മെട്രോപൊളിറ്റൻ നഗരങ്ങൾ ഒഴികെ സംസ്ഥാന തലത്തിൽ ഈ പദ്ധതി നടപ്പാക്കുന്നു.

https://pmrpy.gov.in/#

പി എം ആർ വൈ യുടെ സവിശേഷതകൾ

| | |
|---|---|
| വയസ് | 18-35 (വിദ്യാ സമ്പന്നരായ തൊഴിൽ രഹിതർ) |
| വിദ്യാഭ്യാസ യോഗ്യത | എട്ടാം ക്ലാസ് ജയിച്ചിരിക്കണം |
| പലിശ | സാധാരണ പലിശ നിരക്ക് |
| കാലാവധി | 3-7 വർഷം +( മൊറട്ടോറിയം |

| | | |
|---|---|---|
| | കാലയളവിനു ശേഷം) | |
| ഈട് | 1 ലക്ഷം രൂപ വരെ ഈട് ആവശ്യം ഇല്ല | |
| മാനദണ്ഡം | • പ്രതിമാസ കുടുംബ വരുമാനം 40000 ത്തിൽ കവിയരുത്.<br>• മൂന്നു വർഷമായെങ്കിലും പ്രദേശത്തെ സ്ഥിര താമസക്കാരൻ ആയിരിക്കണം.<br>• വായ്പ്പക്കാരൻ ദേശ സാത്ക്കൃത വാണിജ്യ സ്ഥാപങ്ങൾ / ബാങ്കുകൾ / സഹകരണ ബാങ്കുകൾ എന്നിവയിൽ കുടിശ്ശികക്കാരൻ ആകരുത് | |
| സബ്സിഡി &<br>മാർജിൻ പണം | 15%<br>7500(ഓരോ വായ്പ്പക്കാരനും) | |
| സംവരണം | പട്ടികജാതി/ പട്ടിക വർഗ വിഭാഗം, സ്ത്രീകൾ | |
| വായ്പതുക(വിവിധ മേഖലയിൽ) | **മേഖല** | **തുക** |
| | വാണിജ്യം | 2 ലക്ഷം |
| | സേവനം | 5 ലക്ഷം |
| | വ്യവസായം | 5 ലക്ഷം |
| പരിശീലനം | വ്യവസായങ്ങൾ തുടങ്ങുന്നവർക്ക് 15-20 ദിവസം വരെ | |

## 15. ദേശിയ ചെറുകിട വ്യവസായ കോർപറേഷൻ (എൻ എസ് ഐ സി )

സൂക്ഷ്മ, ചെറുകിട - ഇടത്തരം സംരംഭങ്ങളുടെ (എംഎസ്ഇ) വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനമാണിത്. സാങ്കേതിക വിദ്യ, സാമ്പത്തികം, വിപണനം, സേവനം എന്നീ മേഖലകളിൽ എൻ എസ് ഐ സി പ്രോത്സാഹനം നൽകുന്നു.

https://www.nsic.co.in/

### ഏകജാലക രജിസ്ട്രേഷൻ പദ്ധതി (എസ്.പി.ആർ.എസ്)

രജിസ്ട്രേഷൻ ചെയ്ത സ്ഥാപനങ്ങൾക്ക് പബ്ലിക് പ്രൊക്യൂർമെൻറ് പോളിസി 2012 പ്രകാരം ആനുകൂല്യങ്ങൾ നേടാൻ അർഹതയുണ്ട്.

- ഉദ്യോഗ് ആധാർ മെമ്മോറാണ്ടം ഉള്ളതും സ്വന്തമായി തൊഴിൽ ശാല ഉള്ളതുമായ എംഎസ്ഇ രജിസ്ട്രേഷന് യോഗ്യരാണ്.
- പ്രതിരോധം, റെയിൽവേ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവയ്ക്ക് സേവനങ്ങൾ നൽകാൻ യോഗ്യത ഉള്ളതായിരിക്കണം.
- ഒരു വർഷത്തിനകം വാണിജ്യ ഉത്പാദനം തുടങ്ങിയ എം എസ് ഇ യും രജിസ്റ്റർ ചെയ്യാൻ സാധിക്കുന്നതാണ്.

രജിസ്ട്രേഷൻ ഫീസ്

| എസ്പി ആർ എസ് രജിസ്ട്രേഷൻ ഫീസ് | | |
|---|---|---|
| വിഭാഗം | 100 ലക്ഷം രൂപ വരെയുള്ള വിറ്റുവരവ് | 100 ലക്ഷം രൂപയിൽ അധിക വിറ്റുവരവ് |
| മൈക്രോ വ്യവസായ ശാലകൾ | 3000 രൂപ | 3000 രൂപ + കൂടാതെ100 ലക്ഷം രൂപയുടെ ഓരോ അധിക വിറ്റുവരവിനും 1500 രൂപ |
| ചെറിയ വ്യവസായ ശാലകൾ | 5000 രൂപ | 5000+കൂടാതെ100 ലക്ഷം രൂപയുടെ ഓരോ അധിക വിറ്റുവരവിനും 2000 രൂപ |

- രജിസ്ട്രേഷന്റെ കാലാവധി 2 വർഷമാണ്. 2 വർഷം കഴിയുമ്പോൾ ഇത് പുതുക്കണം.

https://www.nsic.co.in/Schemes/Single-Point-Registration

## 16. മഹിളാസമൃദ്ധി യോജന (എം എസ്സ് വൈ )

**ലക്ഷ്യം**

- ➢ വനിത സംരംഭകരെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ ആരംഭിച്ച പദ്ധതിയാണിത്.

- സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് നേരിട്ടോ വനിതാ കൂട്ടായ്മ വഴിയോ വായ്പ നൽകുന്നു.
- വായ്പയുടെ 95% പദ്ധതിയിൽ നിന്നുമുള്ള വിഹിതമാണ്. ശേഷിക്കുന്ന 5% സംസ്ഥാന ചാനലിംഗ് ഏജൻസികൾ (എസ്സിഎ) അല്ലെങ്കിൽ ഗുണഭോക്തൃ സംഭാവനയാണ്.

https://nsfdc.nic.in/en/mahila-samriddhi-yojana

| വായ്പ പരിധി | പലിശ | | മുൻഗണന |
|---|---|---|---|
| 60000 രൂപ വരെ | എസ്. സി. എ | ഗുണഭോക്താവ് | പാർശ്വവത്കരിക്കപ്പെട്ടതോ പിന്നാക്കവിഭാഗത്തിൽ നിന്നുള്ളതോ ആയ സ്ത്രീകൾക്ക് |
| | 1% വാർഷിക പലിശ | 4% വാർഷിക പലിശ | |

| | |
|---|---|
| യോഗ്യർ | 18 വയസ്സിൽ മുകളിൽ പ്രായം ഉള്ള സ്ത്രീകൾ |
| ലക്ഷ്യം | • സ്ത്രീശാക്തീകരണം<br>• സംരംഭകത്വം<br>• സ്ത്രീകളുടെ സാമ്പത്തിക നില മെച്ചപ്പെടുത്തുക<br>• തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക<br>• ദാരിദ്ര്യ നിർമാർജനം |
| കാലാവധി | 3 വർഷവും 6മാസവും<br>മൊറട്ടോറിയം- 3 മാസം |

മറ്റു വിവരങ്ങൾ

- ✓ പ്രധാനമായും സ്വയം സഹായ സംഘങ്ങൾക്കാണ് വായ്പ നൽകുന്നത് .

- ✓ ഒരു സംഘത്തിൽ പരമാവധി 20 വനിതകൾ വരെ ഉൾപ്പെടാം. 75% പിന്നാക്കവിഭാഗവും, 25% മറ്റു ദുർബല വിഭാഗത്തിൽ നിന്നുള്ളവരോ ആയിരിക്കണം.
- ✓ സംസ്ഥാന ചാനലൈസിങ് ഏജൻസി, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ എന്നിവയിലൂടെ ഗുണഭോക്താക്കൾക്ക് വായ്പ ലഭിക്കും.

## 17. ബാങ്ക് ക്രെഡിറ്റ് ഫെസിലിറ്റേഷൻ പദ്ധതി

ദേശിയ ചെറുകിട വ്യവസായ കോർപറേഷന്റെ (NSIC) നേതൃത്വത്തിലുള്ള പദ്ധതി. എല്ലാത്തരം ചെറുകിട വ്യവസായങ്ങൾക്കും വായ്പകൾ നൽകുന്നു. വായ്പ ലഭ്യമാക്കുന്നതിന് വേണ്ടി ദേശസാത്കൃത ബാങ്കുകളെയോ സ്വകാര്യ ബാങ്കുകളെയോ സമീപിക്കാം.

| | |
|---|---|
| യോഗ്യത | • ഇന്ത്യയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എംഎസ്എംഇ (MSME)കൾക്ക് മാത്രം<br>• ധനപരമായ ആനുകൂല്യങ്ങൾ- ഇല്ല |

**https://www.nsic.co.in/schemes/Credit-Facilitation-Through-Bank.aspx**

## 18. <u>പ്രധാൻ മന്ത്രി കൗശൽ വികാസ് യോജന (പി എം കെ വി വൈ )</u>

യുവജനങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ നൈപുണ്യ വികസന മന്ത്രാലയത്തിന്റെ കീഴിൽ ആരംഭിച്ചതാണ് കൗശൽ വികാസ് യോജന. പരിശീലനത്തിന്റെ ഫീസ് പൂർണമായും ഗവൺമെൻറ് വഹിക്കുന്നു.

https://pmkvyofficial.org/

## പി എം കെ വി വൈ യുടെ പ്രധാന സവിശേഷതകൾ

| |
|---|
| • സംരംഭകത്വം, നൈപുണ്യ വികസനം, സാങ്കേതിക-സാമ്പത്തിക പരിശീലനം എന്നിവ നൽകുന്നു.<br>• പരിശീലന കാലയളവ് - 150 - 300 മണിക്കൂർ വരെ. |
| • ഈ പദ്ധതി പ്രകാരം പരിശീലനം ലഭിച്ച വ്യക്തിക്ക് സ്വന്തമായി വ്യവസായം തുടങ്ങാം.<br>• മുദ്ര ലോൺ പദ്ധതി പ്രകാരം വായ്പ എടുക്കാവുന്നതുമാണ്. |
| • പരിശീലന പങ്കാളികൾ ഓരോ 6 മാസം കൂടുമ്പോഴും കൗശൽ - റോസ്ഗർ മേളകൾ സങ്കടിപ്പിക്കുന്നു.<br>• ഇതിലൂടെ ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു |
| • പി എം കെ വി വൈ യിൽ പരിശീലനം ലഭിച്ച വ്യക്തിക്ക് തൊഴിൽ കണ്ടെത്താനുള്ള സഹായം നൽകുന്നു.<br>• സംരംഭക വികസനത്തിനുള്ള എല്ലാത്തരം സഹായങ്ങളും ചെയ്യുന്നു |

പി എം കെ വി വൈ കസ്റ്റമർ കെയർ നമ്പർ

സ്റ്റുഡന്റ് ഹെൽപ് ലൈൻ-**880-005-5555**
സ്റ്റാർട്ട് ഹെൽപ് ലൈൻ-**1800-123-9626**
എൻ എസ് ഡി സി (National Skill Development Council) ഹെൽപ് ലൈൻ **-1800-123-9626**

## 19. ആസ്തി അടിസ്ഥാനമാക്കിയുള്ള വായ്പ (LAP)

ജാമ്യവ്യവസ്ഥ അടിസ്ഥാനമാക്കിയുള്ള ഒരു സുരക്ഷിത വായ്പ പദ്ധതിയാണ്. സ്വത്തിന്റെ ജാമ്യത്തിലാണ് വായ്പ നൽകുന്നത്. കുറഞ്ഞ പലിശനിരക്കും ഉയർന്ന തിരിച്ചടവ് കാലാവധിയുമാണ് ഇതിന്റെ പ്രത്യേകതകൾ.

| ആസ്തിയെ അടിസ്ഥാനമാക്കിയുള്ള വായ്പ മാനദണ്ഡങ്ങൾ | |
|---|---|
| വയസ്സ് | 21-70 വയസ്സ് |

| | |
|---|---|
| ശമ്പളം | കുറഞ്ഞത്  25000 രൂപ |
| തൊഴിൽ | ശമ്പളക്കാർ / സ്വയം തൊഴിൽ |
| വായ്പ തുക | വസ്തുവിന്റെ 75 % വരെ |
| ആസ്തി | വാസയോഗ്യമായ/ വാണിജ്യ-വ്യാവസായിക സ്വത്തുക്കൾ |

**20. വ്യക്തിഗത വായ്പ (BPPs Personal Loan)**

ജാമ്യവ്യവസ്ഥകളില്ലാതെ വളരെ പെട്ടെന്ന് ലഭിക്കുന്ന ഹ്രസ്വകാല / ഇടക്കാല വായ്പകളാണിവ.

ബാങ്കുകൾ, ബാങ്കിതര സ്ഥാപങ്ങൾ എന്നിവ സ്വയം തൊഴിൽ ഉള്ളവർ/ ശമ്പളക്കാർ / പ്രൊഫെഷനലുകൾ എന്നിവർക്ക് വ്യക്തിഗത വായ്പ ലഭ്യമാക്കുന്നു.

## വ്യക്തിഗത വായ്പയുടെ പ്രത്യേകതകൾ

| യോഗ്യത | ശമ്പളം ഉള്ളവർ | സ്വയം തൊഴിൽ ചെയ്യുന്നവർ | കാലാവധി | വായ്പ തുക |
|---|---|---|---|---|
| വയസ്സ് | 21-60 | 21- 68 | 12 - 60 മാസം | വായ്പ എടുക്കുന്ന വ്യക്തിയുടെ തിരിച്ചടവ് കഴിവ്, തൊഴിൽ, സാമ്പത്തിക നില എന്നിവയ്ക്കനുസരിച്ച് |
| കുറഞ്ഞ വരുമാനം ( പ്രതി വർഷം) | 180000 രൂപ | 5 ലക്ഷം രൂപ | | |
| തൊഴിൽ | 1)കുറഞ്ഞ തൊഴിൽ പരിചയം - 2 വർഷം<br>2) നിലവിലെ സ്ഥപനത്തിൽ കുറഞ്ഞ | നിലവിലെ സ്ഥപനത്തിൽ കുറഞ്ഞ സേവന കാലയളവ് - 2 വർഷം | | |

| | | | | |
|---|---|---|---|---|
| | സേവന കാലയളവ് - 1വർഷം (കുറഞ്ഞത്) | | | |

<u>വ്യക്തിഗത വായ്പ ബാലൻസ് കൈമാറ്റ നിരക്കുകൾ</u>

നിലവിലെ ഉയർന്ന പലിശ നിരക്കിലുള്ള വായ്പകൾ കുറഞ്ഞ നിരക്കിൽ വായ്പ നൽകുന്ന ബാങ്കുകൾ ഏറ്റെടുക്കുന്ന പദ്ധതിയാണിത്.

<u>പലിശ കണക്കാക്കുന്ന മാർഗങ്ങൾ</u>

- ഫ്ലാറ്റ് രീതി
- റെഡ്യൂസിങ് ബാലൻസ് രീതി

പലിശ നിരക്കിനെ ബാധിക്കുന്ന ഘടകങ്ങൾ

- ക്രെഡിറ്റ്സ്കോർ, വരുമാനം, വായ്പ തിരിച്ചടക്കാനുള്ള കഴിവ്, വായ്പ തുക.
- ഒരേ സമയം ഒന്നിലധികം വ്യക്തിഗത വായ്പയ്ക്കായി അപേക്ഷിക്കരുത്.

## 21. ബിസിനസ് വായ്പകൾ

വ്യവസായ വികസനം, പണലഭ്യത ഉറപ്പാക്കൽ, യന്ത്രങ്ങൾ, അസംസ്കൃതവസ്തുക്കൾ, ഭൂമി എന്നിവ വാങ്ങുന്നതിന്, തൊഴിലാളികൾക്ക് ശമ്പളം നൽകുന്നതിന്, സാങ്കേതിക വിദ്യയുടെ വികസനത്തിന് എന്നിങ്ങനെ വിവിധ ആവശ്യങ്ങൾക്ക് വേണ്ടി വ്യവസായ വായ്പ ലഭ്യമാക്കുന്നു.

### പ്രത്യേകതകൾ

| **വായ്പ തുക** | പരമാവധി 1 കോടി രൂപ വരെ | **ഗുണഭോക്താക്കൾ** | **മാനദണ്ഡം** |
|---|---|---|---|

| | | | |
|---|---|---|---|
| പലിശ നിരക്ക് | 11.90% മുതൽ | • വ്യക്തികൾ<br>• സ്റ്റാർട്ട്അപ്പ് വ്യവസായങ്ങൾ<br>• ചെറുകിട - ഇടത്തരം വ്യവസായങ്ങൾ<br>• കച്ചവടക്കാർ, ഉല്പാദകർ, ചില്ലറ വ്യാപാരികൾ<br>• സ്വകാര്യ/ പൊതു മേഖല കമ്പനികൾ<br>• കൈത്തൊഴിലാളികൾ<br>• NGOകൾ,സഹകരണ സംഘങ്ങൾ, ട്രസ്റ്റുകൾ, പ്രൊഫഷണലുകൾ | • പ്രായം: 18-65 വയസ്സ്<br>•<br>• ക്രി മിനൽ പശ്ചാത്തലമില്ലാത്ത ഇന്ത്യൻ പൗരൻ<br>• അപേക്ഷകന് ഉയർന്ന ക്രെഡിറ്റ് സ്കോർ ഉണ്ടായിരിക്കണം<br>• മുൻകാല വായ്പ അടവിൽ വീഴ്ച ഉണ്ടാകരുത്. |
| കാലാവധി | 12 മാസം - 5 വർഷം | | |
| വായ്പയുടെ സ്വഭാവം | ▪ ഹ്രസ്വകാല- ദീർഘകാല വായ്പ<br>▪ പ്രവർത്തന മൂലധന വായ്പ<br>▪ ജാമ്യമാവശ്യമുള്ളതും ഇല്ലാത്തതുമായ വായ്പകൾ | | |

- വായ്പ തുക, പലിശ, കാലാവധി എന്നിവ അനുസരിച്ചാണ് ബാങ്ക് ചാർജും ഫീസും ഈടാക്കുന്നത്.

## വനിത സംരംഭകർക്കുള്ള പ്രത്യക പദ്ധതികൾ

പലിശ നിരക്കിന്റെയും ഈടിന്റെയും കാര്യത്തിൽ ആശ്വാസം നൽകുന്നതുൾപ്പെടെ സ്ത്രീകൾക്ക് മാത്രമായുള്ള ധാരാളം വായ്പ പദ്ധതികൾ നിലവിൽ ഉണ്ട്. വനിതാ സംരംഭകർക്ക് പ്രത്യേക പരിശീലന ക്ലാസുകൾ, ബിസിനസ്സ് കൺസൾട്ടിംഗ്, കൗൺസലിംഗ് കൂടാതെ അവർ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനും ഉള്ള അവസരങ്ങൾ എന്നിവ പല ബാങ്കുകളും

നൽകുന്നു. എന്നാൽ, വനിതാ സംരംഭകർക്ക് 50% ൽ താഴെ മാത്രം ഉടമസ്ഥാവകാശമുള്ള കമ്പനികൾക്ക് ഈ ആനുകൂല്യങ്ങൾ ലഭിക്കില്ല.

സ്ത്രീകൾക്ക് വേണ്ടിയുള്ള ചില പദ്ധതികൾ

- മഹിള ഉദ്യം നിധി പദ്ധതി
- മഹിള സമൃദ്ധി യോജന
- സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ സ്ത്രീ ശക്തി പാക്കേജ്
- സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെ സെന്റ കല്യാണിപദ്ധതി
- ദേനാ ബാങ്കിൽ നിന്നുള്ള ദേനാ ശക്തി പദ്ധതി
- ഉദ്യോഗിനി പദ്ധതി (https://www.psbindia.com/content/udyogini1)

വ്യവസായ വായ്പ എടുക്കുന്നതിന് ആവശ്യമായ രേഖകൾ

- പാസ്പോർട്ട് സൈസ് ഫോട്ടോ
- തിരിച്ചറിയൽ കാർഡ്
- വിലാസം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ്
- വ്യവസായത്തിന്റെ വിലാസം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ്
- കഴിഞ്ഞ 3 വർഷത്തെ ബിസിനസ്സ് സംബന്ധമായ തെളിവ്
- അവസാന 6 മാസത്തെ ബാങ്ക് സ്റ്റേറ്റ്മെന്റ്
- കഴിഞ്ഞ 3 വർഷത്തെ ITR
- വ്യാപാര ലൈസൻസിന്റെ പകർപ്പ്
- ജി എസ് ടി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്
- ഇൻകം ടാക്സ് സർട്ടിഫിക്കറ്റ്

## 22. വ്യവസായ വായ്പയുടെ പലിശ നിരക്ക്

ബാങ്കുകൾ, ബാങ്കിതര സ്ഥാപനങ്ങൾ, മറ്റുള്ള ധനകാര്യ സ്ഥാപങ്ങൾ എന്നിവ വ്യവസായ വായ്പകൾ നൽകുന്നുണ്ട്. എന്നാൽ ഈ വായ്പകളുടെ പലിശ, കാലാവധി എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.

| വ്യവസായ വായ്പ | പലിശ നിരക്ക് |
| --- | --- |

| | |
|---|---|
| | പ്രതിവർഷം11.90% മുതൽ |

വ്യവസായ വായ്പയുടെ പലിശയെ സ്വാധീനിക്കുന്ന ഘടകങ്ങൾ

- ✓ സിബിൽ സ്കോർ/ ക്രെഡിറ്റ് സ്കോർ
- ✓ സാമ്പത്തിക സ്ഥിരത
- ✓ ഈട്
- ✓ വ്യവസായത്തിന്റെ സ്വഭാവം
- ✓ വാർഷിക വിറ്റുവരവ്
- ✓ ലാഭം,സ്ഥിരത
- ✓ വായ്പ തുക, കാലാവധി

വ്യവസായ വായ്പ ഏറ്റെടുക്കൽ

ഓൺലൈൻ വഴി വ്യവസായ വായ്പ്പ ഒരു ബാങ്കിൽ നിന്ന് മറ്റൊരു ബാങ്കിലേക്ക് കൈമാറാൻ കഴിയുന്ന ഒരു ക്രെഡിറ്റ് സൗകര്യമാണിത് . പ്രതിമാസ തിരിച്ചടവ് തുക (ഇഎംഐ) കുറക്കുക എന്നതാണ് ഇതിന്റെ പ്രധാന നേട്ടം. ഉപഭോക്താക്കൾക്ക് ഓൺലൈനായി വായ്പ ട്രാൻസ്ഫെർ ചെയ്യാനും കഴിയും.

വ്യവസായ വായ്പയുടെ പലിശ നിരക്കുകൾ

പ്രധാനമായും പലിശ നിരക്ക് കണക്കാക്കുന്നത് രണ്ട് മാർഗങ്ങളിലൂടെയാണ്.

1.ഫിക്സിഡ് നിരക്ക് രീതി

2. ഡിമിനിഷിങ് നിരക്ക് രീതി

## 23. ഈട്/പണയം ആവശ്യമില്ലാത്ത വ്യവസായ വായ്പകൾ

ചെറുകിട വ്യവസായങ്ങളെയും സ്റ്റാർട്ട് അപ്പുകളെയും പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ഈട് നൽകേണ്ടാത്ത ധാരാളം പദ്ധതികൾ കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ട പദ്ധതികളാണ്.

| പദ്ധതി | പ്രത്യേകതകൾ |
|---|---|

| | |
|---|---|
| മുദ്ര വായ്പ | • ശിശു (50000 രൂപ വരെ)<br>• കിഷോർ(50000- 500000 ലക്ഷം വരെ)<br>• തരുൺ (5 ലക്ഷം - 10 ലക്ഷം വരെ) എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി വായ്പ ലഭിക്കും |
| സ്റ്റാൻഡ് അപ്പ് ഇന്ത്യ പദ്ധതി | • പട്ടികജാതി / പട്ടികവർഗ / വനിത സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയുള്ള പദ്ധതി.<br>• വായ്പ തുക - **10** ലക്ഷം- **1** കോടി രൂപ വരെ<br>• കാലാവധി-**7** വർഷം |
| ക്രെഡിറ്റ് ഗ്യാരണ്ടി ഫണ്ട് പദ്ധതി (CGTMSE) | • പഴയതും പുതിയതുമായ എം.എസ്.ഇ ക്ക് അവരുടെ യോഗ്യതക്കും പ്രവർത്തന ക്ഷമതക്കും അനുസരിച്ച് പരമാവധി 1 കോടി രൂപ വരെ വായ്പ ലഭിക്കും |
| എം.എസ്.എംഇ (MSME)ക്കായുള്ള വിപണന വികസന സഹായം | • അന്താരാഷ്ട്ര തലത്തിലുള്ള പ്രദർശനം, വ്യാപാരമേളകൾ എന്നിവ സംഘടിപ്പിച്ച് എം.എസ്.എം ഇ യുടെ വിപണനം കൂട്ടുക. |
| ബാങ്ക് ക്രെഡിറ്റ് ഫെസിലിറ്റേഷൻ പദ്ധതി | • ഇന്ത്യയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപങ്ങൾക്ക് വായ്പ്പകൾ നൽകുന്ന പദ്ധതി<br>• ഈ സ്കീമിന് കീഴിൽ വായ്പ്പ കാലാവധി വരുമാനത്തെ ആശ്രയിച്ചിരിക്കുന്നു.<br>• 5-7 വർഷം വരെയാണ് കാലാവധി എന്നാൽ ചില സന്ദർഭങ്ങളിൽ 11 വർഷം വരെയാകാം |
| കയർ ഉദ്യമി യോജന | • ഇന്ത്യയിൽ ഉടനീളം കയർ യൂണിറ്റുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടു കൂടി കയർ ബോർഡിന്റെ നേതൃത്വത്തിൽ തുടങ്ങിയ പദ്ധതിയാണ്.<br>• മൂലധനച്ചെലവ്: ഒരു ടേം ലോൺ അല്ലെങ്കിൽ ക്യാഷ് ക്രെഡിറ്റ് മുഖേനയാണ് ധനസഹായം നൽകുന്നത്.<br>• കാലാവധി-7 വർഷം |

ഈട് ഇല്ലാതെയുള്ള സ്റ്റാർട്ട്അപ്പ് വ്യവസായങ്ങൾക്ക് വായ്പ നേടാനുള്ള യോഗ്യതകൾ

- പ്രായം 21-65 ആയിരിക്കണം
- സ്ഥാപനം 5 വർഷത്തിൽ കൂടുതൽ പഴക്കം ഉള്ളത് ആകരുത്
- നൂതന ഉത്പന്നങ്ങൾ ഉല്പാദിപ്പിക്കണം
- വ്യാവസായിക വകുപ്പിന്റെ (DIPP) അനുമതി ഉണ്ടാകണം
- തിരിച്ചറിയൽ കാർഡുകൾ
- വ്യാപാര രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്
- പങ്കാളികളുടെ വിവരങ്ങൾ

വ്യവസായ വായ്പകൾ

| വായ്പകൾ | പ്രത്യേകതകൾ |
|---|---|
| 1.**തവണ വായ്പ**<br>• സുരക്ഷിത വായ്പ | വസ്തുവകകൾ ഈട് വെച്ച് എടുക്കുന്ന വായ്പ്പകൾ<br><br>പലിശ നിരക്ക് കുറവ് |
| • സുരക്ഷിതമല്ലാത്ത വായ്പ | യാതൊരു ഈടും ഇല്ലാതെ എടുക്കുന്ന വായ്പ്പകൾ |
| • ദീർഘകാല വായ്പ | കാലാവധി- 5 വർഷം |
| • ഹ്രസ്വ കാല വായ്പ | കാലാവധി- 12 മാസം |
| **2.പ്രവർത്തന മൂലധന വായ്പ** | • സംരംഭങ്ങളുടെ നിത്യേനയുള്ള സാമ്പത്തിക ആവശ്യങ്ങൾക്ക് വേണ്ടി |
| **3.**മുദ്ര വായ്പ | • മൈക്രോ -ചെറുകിട - ഇടത്തരം വ്യവസായങ്ങൾക്ക് വേണ്ടിയുള്ള വായ്പ<br>▪ വായ്പ തുക **50000-10** ലക്ഷം |
| **4.**സ്വയം തൊഴിൽ ചെയ്യുന്ന സംരംഭകർക്ക് വേണ്ടിയുള്ള വായ്പ്പകൾ | • അപേക്ഷകന്റെ ക്രെഡിറ്റ് സ്കോർ അനുസരിച്ചാണ് പലിശ നിരക്ക്.<br>• വായ്പ തുക **50000-10 കോടി** |
| **5.**സ്റ്റാൻഡ് അപ്പ് ഇന്ത്യ | ▪ പട്ടിക ജാതി / പട്ടിക വിഭാഗം / വനിത സംരംഭകർ എന്നിവർക്ക് ധന സഹായം നൽകുന്ന പദ്ധതി<br>▪ വായ്പ തുക **– 10** ലക്ഷം**-1** കോടി |
| **6.**സ്റ്റാർട്ട് അപ്പ് ഇന്ത്യ | ▪ സ്റ്റാർട്ട് അപ്പുകളുടെ അഭിവൃദ്ധി,തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക |

| | |
|---|---|
| | എന്നിങ്ങനെയുള്ള ആവശ്യങ്ങൾക്ക് വേണ്ടി |
| **7.**ബിൽ - ഇൻവോയ്സ് ഡിസ്കൗണ്ടിങ് | ▪ ബാങ്കുകളും ബാങ്കിതര സ്ഥാപങ്ങളും വാഗ്ദാനം ചെയ്യുന്ന ഒരു വായ്പ പദ്ധതി |
| **8.**ക്രെഡിറ്റ് **ലെറ്റർ (Letter of credit)** | ▪ കയറ്റുമതി-ഇറക്കുമതി രംഗത്തെ സംരംഭങ്ങൾക്ക് ഗ്യാരണ്ടി നൽകാൻ സഹായിക്കുന്ന പദ്ധതി |
| **9.**പോയിന്റ് ഓഫ് സെയിൽ | ▪ ഉപഭോക്താക്കളുടെ വാങ്ങൽ ക്ഷമത വർധിപ്പിക്കുന്നതിന് വ്യാപാരികൾ ബാങ്കുകളുടെ സഹായത്തോടെ നൽകുന്ന വായ്പകൾ ആണിത്. |
| **10.**ഓവർ ഡ്രാഫ്റ്റ് വായ്പ | ▪ നിക്ഷേപ തുകയേക്കാൾ ഉയർന്ന തുക ആവശ്യഘട്ടങ്ങളിൽ പിൻവലിക്കാൻ കഴിയുന്ന പദ്ധതിയാണിത്.. |

## 1.ഭാരതീയ സ്റ്റേറ്റ് ബാങ്ക് (State Bank of India)

## വാണിജ്യ വായ്പകൾ

## എസ്ബിഐ ബാങ്കിൽ നിന്നുള്ള എസ്എംഇ വായ്പകൾ

| ക്രമനമ്പർ | വായ്പ | പലിശ നിരക്ക് | പ്രോസസ്സിംഗ് ഫീസ് | ആവശ്യം | കാലാവധി | പരമാവധി തുക | മാനദണ്ഡം |
|---|---|---|---|---|---|---|---|
| 1 | എസ് ബിഐ ആസ്തി വികസന വായ്പ *(SBI Asset Backed Loan)* | 9.30 % മുതൽ | 10 ലക്ഷത്തിനു : 1% | ബിസിനസ്സ് നവീകരണം, വിപുലീകരണം, ഹ്രസ്വകാല പ്രവർത്തന മൂലധനം എന്നിവയ്ക്കായി. | 12 മാസം മുതൽ 180 മാസം വരെ (മൊറൊട്ടോറിയം പീരീ | 10 ലക്ഷം മുതൽ 20 കോടി വരെ | 1)അപേക്ഷകൻ എസ്ബിഐയുടെ ക്രെഡിറ്റ് സൗകര്യമുള്ള ഉപഭോക്താവായിരിക്കണം . |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | ഡ് പരമാവധി 18 മാസം) | | 2) വിപണി മൂല്യമുള്ള ആസ്തികൾ ജാമ്യമായി നൽകണം |
| 2 | വാണിജ്യ റിയൽ എസ്റ്റേറ്റിനായുള്ള എസ് ബിഐ വായ്പ *(SBI Loan for Commercial Real Estate)* | 10.05 % മുതൽ | 10 ലക്ഷത്തിനു : 1% | വാണിജ്യ മൂല്യമുള്ള വസ്തുക്കൾ വാങ്ങുന്നതിന്. | 12 മാസം മുതൽ 72 മാസം വരെ | 10 ലക്ഷം മുതൽ 50 കോടി വരെ | 1)അപേക്ഷകൻ എസ്ബിഐെയുടെ ക്രെഡിറ്റ് സൗകര്യമുള്ള ഉപഭോക്താവായിരിക്കണം . 2) വാണിജ്യ മൂല്യമുള്ള ആസ്തികൾ ജാമ്യമായി നൽകണം |
| 3 | എസ് ബിഐെ ഡോക്ടർ പ്ലസ് സ്കീം *(SBI Doctor Plus Scheme)* | 9.00 %മുതൽ | 50% ഇളവ് | ഉപകരണങ്ങൾ വാങ്ങുന്നതിന്, പുതിയ ക്ലിനിക് അല്ലെങ്കിൽ മെഡിക്കൽ സ്റ്റോർ സ്ഥാപിക്കുന്നതിന് വിപുലീകരിക്കുന്നതിന് നൽകുന്ന വായ്പ . | 3 മുതൽ 7 വർഷം വരെ (മൊറൊട്ടോറിയം 6 മാസം വരെ) | 10 ലക്ഷം മുതൽ 5 കോടി വരെ | അപേക്ഷകർ രജിസ്റ്റർ ചെയ്ത പ്രാക്ടീഷണർമാരായിരിക്കണം |
| 4 | എസ് ബിഐെ ഫ്ലീറ്റ് ഫിനാൻസ് *(SBI Fleet* | 7.75 %മുതൽ | പരമാവധി 1 % | ചരക്ക് ഗതാഗതം അല്ലെങ്കിൽ യാത്രാ ഗതാഗതം പോലുള്ള | 66 മാസം | 50 ലക്ഷം മുതൽ 10 | 1)2 വർഷത്തിൽ കൂടുതൽ പ്രവർത്തി പരിചയം ഉള്ളവർ |

| | | | | | | | |
|---|---|---|---|---|---|---|---|
| | *Finance)* | | | ഫ്ലീറ്റ് ഓപ്പറേറ്റർ മാർക്കായുള്ള വായ്പ | | കോടി വരെ | 2) കുറഞ്ഞത് 10 വാഹനങ്ങളെങ്കിലും ഉണ്ടായിരിക്കണം.<br><br>3)ദേശീയ ,സംസ്ഥാന റൂട്ട് പെർമിറ്റും ആവശ്യമായ മറ്റ് പെർമിറ്റുകളും കൈവശമുള്ളവർ |
| 5 | എസ് ബിഐ എസ് എംഇ ഇബിസ് ലോൺ( *SBI SME eBiz Loan)* | 8.25 %മുതൽ | ആദ്യ വർഷം : 1%<br><br>രണ്ടാമത്തെ വർഷം മുതൽ : 0.35 % | ഇ-കൊമേഴ്സ് പോർട്ടലുകൾ വഴി ഉൽപ്പന്നങ്ങൾ വിൽക്കുന്നവർക്ക് നൽകുന്ന വായ്പ | 60 മാസം | 50 ലക്ഷം മുതൽ 5 കോടി വരെ | ഈ രംഗത്ത് കുറഞ്ഞത് 6 മാസത്തെ പ്രവർത്തന പരിചയം |
| 6 | എസ് ബിഐ സിംപിൾ ചെറുകിട ബിസിനസ് വായ്പ (*SBI Simplified Small* | 8.25 %മുതൽ | 7500 രൂപാ | സ്ഥിര ആസ്തികൾ കെട്ടിപ്പടുക്കുന്നതിനു വേണ്ടി | 5വർഷം | 10ലക്ഷം മുതൽ 25ലക്ഷം വരെ | നിർമ്മാണ-സേവന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ബിസിനസ്സ് യൂണിറ്റുകൾക്ക് വാഗ്ദാനം ചെയ്യുന്ന ഡ്രോപ്പ്-ലൈൻ ഓവർ |

| | | | | | | | |
|---|---|---|---|---|---|---|---|
| | *Business Loan)* | | | | | | ഡ്രാഫ്റ്റ് സൗകര്യമാണിത് |
| 7 | മെഡിക്കൽ എക്വിപ്മെന്റ് ഫിനാൻസ് (*Medical Equipment Finance)* | 9.50 %മുതൽ | 50% ഇളവ് | മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി ലാബുകൾ, ഡയഗ്നോസ്റ്റിക് സെന്ററുകൾ, നഴ്സിംഗ് ഹോമുകൾ തുടങ്ങിയവയ്ക്ക് നൽകുന്ന വായ്പ | 3 മുതൽ 7 വർഷം വരെ (മൊറൊട്ടോറിയം 6 മാസം വരെ) | 10 ലക്ഷം മുതൽ 20 കോടി വരെ | 1)വ്യക്തികൾ/ കോർപ്പറേറ്റ് സംരംഭങ്ങൾ / പാർട്ട്നർഷിപ്പ്/ ട്രസ്റ്റുകൾ/ സൊസൈറ്റികൾ<br><br>2)കുറഞ്ഞത് 3 വർഷത്തെ പ്രവർത്തന പരിചയം<br><br>3)അപേക്ഷകന് ഒരു ഐടിആർ ഉണ്ടായിരിക്കണം<br><br>4) റെഗുലേറ്ററി , സ്റ്റാറ്റ്യൂട്ടറി അംഗീകാരങ്ങൾ ഉണ്ടായിരിക്കണം. |

## വ്യക്തിഗത വായ്പകൾ

| **ക്രമനമ്പർ** | **വായ്പ** | **പലിശ നിരക്ക്** | **ആവശ്യം** | **കാലാവധി** | **പരമാവധി തുക** | **മാനദണ്ഡം** |
|---|---|---|---|---|---|---|
| 1 | എസ്ബിഐ എക്സ്പ്രസ് | 9.60 % | വ്യക്തിപരമായ | 6 മാസം | 25,000 - 20 | 1) സ്ഥിരജീവ |

| | | | | | | |
|---|---|---|---|---|---|---|
| | ക്രെഡിറ്റ് (*SBI Xpress Credit Personal Loan)* | മുതൽ | ആവശ്യങ്ങൾ | മുതൽ 60 മാസം വരെ | ലക്ഷം വരെ | നക്കാരൻ 2)എസ്ബിഐ ൽ ശമ്പള അക്കൗണ്ട് വേണം.<br><br>3) കുറഞ്ഞ പ്രതിമാസ വരുമാനം :15,000 രൂപ |
| 2 | എസ്ബിഐ എക്സ്പ്രസ് ബന്ധൻ (*SBI Xpress Bandhan)* | 9.60 % മുതൽ | എസ്ബിഐയിൽ ശമ്പള അക്കൗണ്ട് ഇല്ലാത്തവർക്ക് നൽകുന്ന വ്യക്തിഗത വായ്പ . | 72 മാസം | തവണ വായ്പ : 25000 - 15 ലക്ഷം<br><br>ഓവർ ഡ്രാഫ്റ്റ് : 5 -15 ലക്ഷം | 1) സ്ഥിരജീവനക്കാരൻ 2) കുറഞ്ഞ പ്രതിമാസ വരുമാനം: 50,000 രൂപ . |
| 3 | പെൻഷൻകാർക്കുള്ള എസ്ബിഐ വ്യക്തിഗത വായ്പ (*SBI Pension Loan)* | 9.60 % മുതൽ | കേന്ദ്ര-സംസ്ഥാന സർക്കാർ പെൻഷൻകാർക്ക് നൽകുന്ന വായ്പ | 72 മാസം | 14 ലക്ഷം വരെ | 1)പെൻഷൻകാർക്ക് 76 വയസ്സിന് മുകളിൽ പ്രായമുണ്ടാകരുത്. 2) ലോൺ കാലയളവിൽ പെൻഷൻ അക്കൗണ്ട് മറ്റു ബാങ്കുകളിലേയ്ക്ക് മാറ്റാൻ പാടില്ല |
| 4 | യോനോ അപ്ലിക്കേഷനിലൂടെ ശമ്പളക്കാർ/ പെൻഷൻകാർക്ക് | 9.60 % മുതൽ | എസ്ബിഐയിൽ ശമ്പള/ പെൻഷൻ അക്കൗണ്ട് ഉള്ളവർ | 72 മാസം | 20 ലക്ഷം വരെ | 1)കുറഞ്ഞ പ്രതിമാസ വരുമാനം: 15000 രൂപ<br><br>2)പ്രായം 21 - |

| | | | | | | |
|---|---|---|---|---|---|---|
| | മുൻകൂർ ലഭ്യമാകുന്ന വ്യക്തിഗത വായ്പകൾ. | | ക്ക് നൽകുന്ന വായ്പ | | | 60 വയസ്സ് |

## വ്യക്തിഗത വായ്പയ്ക്ക് ആവശ്യമായ രേഖകൾ

തിരിച്ചറിയൽ രേഖകൾ, മേൽവിലാസം തെളിയിക്കുന്ന രേഖകൾ, വരുമാനം തെളിയിക്കുന്ന രേഖകൾ മുതലായവ .

**കസ്റ്റമർ കെയർ :**1800-425-3800, 1800-11-2211

Website: https://www.onlinesbi.com/

## 2.കാനറ ബാങ്ക്

### ബിസിനസ് വായ്പ

| **MSME- കൾക്കും സ്റ്റാർട്ട് അപ്പുകൾക്കുമുള്ള വായ്പ** | |
|---|---|
| വായ്പയുടെ സ്വഭാവം | തവണ വായ്പ, പ്രവർത്തന മൂലധന വായ്പ |
| തുക | 10 ലക്ഷം - 200 ലക്ഷം രൂപ വരെ |
| ഉദ്ദേശ്യം | പ്രവർത്തന മൂലധന ആവശ്യകതയും, മൂലധന ചെലവും |
| കാലാവധി | 1 - 7 വർഷം |
| ഈട് | ഭൂമി / കെട്ടിടം / സെക്യൂരിറ്റികൾ / ബാങ്ക് നിക്ഷേപങ്ങൾ |
| മാർജിൻ | 20% - തവണ വായ്പ<br>25% - പ്രവർത്തന മൂലധനം |
| പ്രായം | 20 - 50 വയസ്സ് |

| ക്രമ നമ്പർ | വായ്പകൾ | ആവശ്യം | കാലാവധി | പരമാവധി തുക | മാനദണ്ഡം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | തവണ വായ്പ | പുനരുദ്ധാരണം, വാഹനം, ആസ്തി വികസനം എന്നീ ആവശ്യങ്ങൾക്കായി | 1-7 വർഷം | 200 ലക്ഷം രൂപ വരെ | 1)മൂന്ന് വർഷത്തെ ഐടിആർ. 2)പങ്കാളിത്ത സ്ഥാപനങ്ങൾ പങ്കാളിത്ത രേഖകൾ ലഭ്യമാക്കണം |
| 2 | പ്രവർത്തന മൂലധന വായ്പ | പ്രവർത്തന മൂലധനം മെച്ചപ്പെടുത്തുന്നതിനായി നൽകുന്ന വായ്പ. | 1-7 വർഷം | 200 ലക്ഷം രൂപ വരെ | ഈട് ആവശ്യമാണ് |
| 3 | പ്രധാന മന്ത്രി മുദ്ര യോജന | ഉൽപാദനം, വ്യാപാരം,സേവനമേഖലകൾ എന്നിവയിൽ വളരാൻ MSME കളെ സഹായിക്കുന്നു. | 5-7 വർഷം | 50 ,000 മുതൽ 10 ലക്ഷം വരെ | സാമ്പത്തിക രേഖകൾ സമർപ്പിക്കണം |

## കാനറ ബാങ്ക് വ്യക്തിഗത വായ്പകൾ

| ക്രമ നമ്പർ | വ്യക്തിഗത വായ്പകൾ | പലിശ നിരക്ക് | കാലാവധി | പരമാവധി തുക | ആവശ്യം | മാനദണ്ഡം | പ്രോസസ്സിംഗ് ഫീസ് |
|---|---|---|---|---|---|---|---|
| 1 | കാനറ ഹോം ഇമ്പ്രൂവ്മെന്റ് ലോൺ | 9.40% | 60 മാസം | 2 ലക്ഷം | ഗാർഹിക ആവശ്യങ്ങൾക്ക് | ഫ്ളാറ്റോ വീടോ ഉള്ള വ്യക്തികൾക്ക് മാത്രം | ---- |
| 2 | കാനറ പെൻഷൻ | 10.20% | 60-80 മാസം | 5 ലക്ഷം | വ്യക്തിപരമായ | സംസ്ഥാന സർക്കാർ | ഇല്ല |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | ആവശ്യങ്ങൾ | / വിരമിച്ച കാനറ ബാങ്ക് ജീവനക്കാർക്കും | |
| 3 | അധ്യാപക വായ്പ | 12.05% മുതൽ | 48 മാസം | 3 ലക്ഷം | വ്യക്തിഗത ആവശ്യങ്ങൾക്ക് | കാനറ ബാങ്ക് വഴി ശമ്പളം വാങ്ങണം. | വായ്പ തുകയുടെ 1% കുറഞ്ഞത് 50 രൂപ |
| 4 | കാനറ ബജറ്റ് | 12.40% മുതൽ | 60 മാസം | 3 ലക്ഷം | ശമ്പളക്കാർ/ സ്വയം തൊഴിൽ ചെയ്യുന്നവർ/ പ്രൊഫഷണലുകൾ | 1)സ്ഥിര ജീവനക്കാർ<br>2)കാനറ ബാങ്കിൽ ശമ്പള അക്കൗണ്ട് ഉണ്ടായിരിക്കണം | വായ്പ തുകയുടെ 0.5% |
| 5 | കാനറ ഉപഭോക്തൃ വായ്പ | 12 .55 % മുതൽ | 36 മാസം | 1 ലക്ഷം | ഉപഭോക്തൃ സാധനങ്ങൾ വാങ്ങാൻ | ശമ്പളക്കാർ/ വ്യവസായികൾ/ സ്വയം തൊഴിലുകാർ (ഐടിആർ) സമർപ്പിക്കണം | വായ്പ തുകയുടെ 1% കുറഞ്ഞത് 250 രൂപ |

## വ്യക്തിഗത വായ്പയ്ക്ക് ആവശ്യമായ രേഖകൾ

- തിരിച്ചറിയൽ രേഖകൾ/ വിലാസം തെളിയിക്കുന്ന രേഖകൾ/ ശമ്പള സർട്ടിഫിക്കറ്റ് മുതലായവ.

Website Link for personal loan : https://www.canarabank.com/User_page.aspx?menulevel=1&menuid=2&CatID=2

ടോൾ ഫ്രീ നമ്പർ: 1800-425-0018

## 3.ഇന്ത്യൻ ഓവർസീസ് ബാങ്ക്

## വാണിജ്യ വായ്പകൾ

| ക്രമ നമ്പർ | വായ്പകൾ | വിശദാംശങ്ങൾ | പലിശ നിരക്ക് |
|---|---|---|---|
| 1 | 59 മിനിറ്റിനുള്ളിലെ പി.എസ്.ബി വായ്പകൾ | **പരമാവധിതുക:** 5 കോടി വരെ ഒരു മണിക്കൂറിനുള്ളിൽ അനുമതി നൽകുന്നു | |
| 2 | മുദ്ര വായ്പ (3 പദ്ധതികൾ: ശിശു , കിഷോർ, തരുൺ) | **പരമാവധിതുക:** 10 ലക്ഷം വരെ | |
| 3 | തവണ വായ്പ | ഭൂമി, കെട്ടിടം, പ്ലാന്റ്, യന്ത്രങ്ങൾ തുടങ്ങിയ സ്ഥിര ആസ്തികൾ വാങ്ങുന്നതിനായി നൽകുന്ന വായ്പ | അപേക്ഷകന്റെ പ്രൊഫൈലിനെ യും ബിസിനസ് ആവശ്യകതക ളെയും |
| 4 | പ്രവർത്തന മൂലധന വായ്പ | **പരമാവധിതുക:** 10 ലക്ഷം വരെ (എസ്എംഇ വായ്പക്കാർക്ക്) | |

| | | | |
|---|---|---|---|
| | | 200 ലക്ഷം വരെ (സി ജി റ്റി എം എസ് ഇ (CGTMSE) പ്രകാരം ചെറുകിട സംരംഭങ്ങൾക്ക്) | ആശ്രയിച്ചിരിക്കുന്നു . |
| 5 | എസ് എം ഇ വായ്പ | സിഎ, ഡോക്ടർമാർ, എഞ്ചിനീയർമാർ, വനിതാ സംരംഭകർ എന്നിവർക്ക് നൽകുന്ന വായ്പ | |
| 6 | സ്റ്റാൻഡ് അപ്പ് ഇന്ത്യ സ്കീം | സ്വയം തൊഴിൽ ചെയ്യുന്ന പ്രൊഫഷണലുകൾക്കുള്ള വായ്പ | |

## വ്യക്തിഗത വായ്പകൾ

| ക്രമ നമ്പർ | വായ്പ | പലിശ നിരക്ക് | ആവശ്യം | കാലാവധി | പരമാവധി തുക | മാനദണ്ഡം |
|---|---|---|---|---|---|---|
| 1 | ഐ ഒ ബി വ്യക്തിഗത വായ്പ | 11.50 % മുതൽ | ഉപഭോക്തൃ സാധനങ്ങൾ വാങ്ങുന്നതിന്. | 60മാസം വരെ | മൊത്ത ശമ്പളത്തിന്റെ 10 മടങ്ങ് അല്ലെങ്കിൽ 5 ലക്ഷം വരെ | 1)പ്രതിമാസ വരുമാനം 5,000-ൽ കൂടുതൽ ആയിരിക്കണം.<br><br>2)60 വയസ്സ് കവിയരുത്.<br>3)വാങ്ങിയ സാധനങ്ങൾ ഒറ്റിയാധാര |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | മായി കണക്കാക്കും 4)മൂന്നാം കക്ഷിയുടെ ജാമ്യം ആവശ്യമാണ് |
| 2 | ഐ ഒ ബി റോയൽ | 12.45 % മുതൽ | വിവിധ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായുള്ള വായ്പ | 12 മുതൽ 84 മാസം വരെ | 15 ലക്ഷം വരെ | 1)മൊത്ത വരുമാനം കുറഞ്ഞത് 75,000 രൂപ ആയിരിക്കണം.<br><br>2)കുറഞ്ഞത് 25 വയസ്സ് ഉണ്ടായിരിക്കണം |
| 3 | ഐ ഒ ബി പാഷൻ | 11% മുതൽ | കലാകാരന്മാർക്കും കായികതാരങ്ങൾക്കും സംഗീത ഉപകരണം, സ്പോർട്ട്സ് കിറ്റുകൾ, പെയിന്റിംഗ് മെറ്റീരിയൽ മുതലായവ വാങ്ങുന്നതിനും വേണ്ടിയുള്ള വായ്പ. | 60 മാസം വരെ | വാങ്ങുന്ന സാധനത്തിന്റെ വിലയുടെ 90%, 3 ലക്ഷം കവിയാനും പാടില്ല . | 1)സ്പോർട്സ്, കല, സംഗീതം മുതലായ ഏതെങ്കിലും മേഖലയിൽ പ്രവർത്തിക്കുന്നവരായിരിക്കണം<br><br>2)വാങ്ങിയ സാധനങ്ങൾ ഒറ്റിയാധാരമായി കണക്കാക്കും<br><br>3)പ്രായം 25 - 50 വയസ്സിനു ഇടയിൽ ആയിരിക്കണം. |
| 4 | ക്ലീൻ ലോ | 12.45 % | വിവിധ സാമ്പത്തിക | | 1)ബ്രാഞ്ച് വഴി | 1) സ്ഥിരം ജീവനക്കാർ |

| | | | | | | |
|---|---|---|---|---|---|---|
| | ൺ | മുതൽ | ആവശ്യങ്ങൾക്കുള്ള വായ്പ | | ശമ്പളം ലഭിക്കുന്നവർക്ക് : ശമ്പളത്തിന്റെ 10 മടങ്ങ് / 15 ലക്ഷം<br><br>2)മറ്റുള്ളവർക്ക് : ശമ്പളത്തിന്റെ 5 മടങ്ങ് / 1 ലക്ഷം<br>3)എൽ ഐ സി ഏജന്റുകൾക്ക് : ശരാശരി പ്രതിമാസ കമ്മീഷന്റെ 10 മടങ്ങ് / 10 ലക്ഷം | ആയിരിക്കണം.<br><br>2) വായ്പ ഗഡു മാസാമാസം ശമ്പളത്തിൽ നിന്ന് ഈടാക്കുന്നതിനുള്ള സമ്മതപത്രം തൊഴിലുടമയിൽ നിന്ന് സമർപ്പിക്കണം. |

**വ്യക്തിഗത വായ്പയ്ക്ക് ആവശ്യമായ രേഖകൾ:**

അപേക്ഷ ഫോം, തിരിച്ചറിയൽ രേഖകൾ. മേൽവിലാസം തെളിയിക്കുന്ന രേഖകൾ, വരുമാനം തെളിയിക്കുന്ന രേഖകൾ മുതലായവ

**കസ്റ്റമർ കെയർ:** 1800-425-4445

**Website Link :https://www.iob.in/**

## 4.ബാങ്ക് ഓഫ് ഇന്ത്യ

## വാണിജ്യ വായ്പകൾ

| ക്രമ നമ്പർ | വായ്പകൾ | ആവശ്യം | കുറഞ്ഞ വായ്പ തുക | പരമാവധി വായ്പ തുക | പലിശ നിരക്ക് | കാലയളവ് | ആവശ്യ മായ രേഖകൾ |
|---|---|---|---|---|---|---|---|
| 1 | സ്റ്റാർ ലഘു ഉദ്യാമി സമേകത്ത് വായ്പ (Star Laghu Udyami Sameka t Loan) | സൂക്ഷ്മ - ചെറുകിട സംരംഭങ്ങൾക്ക് നിക്ഷേപത്തിനും പ്രവർത്തന മൂലധനത്തിനുമായി നൽകുന്ന വായ്പ. | 50,000 മുതൽ- 1 കോടി വരെ | 1)ഗ്രാമീണ പ്രദേശം: 5 ലക്ഷം<br>2)അർദ്ധ-നഗര പ്രദേശം: - 10 ലക്ഷം<br>3)നഗര പ്രദേശം: - 5 ലക്ഷം<br>4)മെട്രോ പ്രദേശം: - 1 കോടി | 1)50,000 വരെ: 10.20% മുതൽ<br>2)50,000 മുതൽ 5 ലക്ഷം: 11.20% മുതൽ<br>3)5 ലക്ഷം മുതൽ 10 ലക്ഷം: 12.20% മുതൽ<br>4)10 ലക്ഷം മുതൽ 1 കോടി: 12.95% മുതൽ | 5 വർഷം | 1) KYC രേഖകൾ<br>2)ഒറ്റിയാധാരം<br>3) പത്രത്തിൽ തയ്യാറാക്കിയ കരാർ<br>4) ഈട്<br>5) വായ്പകൾക്ക് ആവശ്യമായ മറ്റ് രേഖകൾ |
| 2 | സ്റ്റാർ എസ് എം ഇ ലിക്വിഡ് പ്ലസ് (Star SME Liquid Plus) | ലാഭത്തിൽ പ്രവർത്തിക്കുന്ന ചെറുകിട- ഇടത്തരം സം | 10 ലക്ഷം | 5 കോടി | പൊതുനിരക്കിനെ അടിസ്ഥാനമാക്കി | 7 വർഷം (12 മാസം വരെ മൊറട്ടോറിയം) | 1)തിരിച്ചറിയൽ രേഖകൾ, വിലാസം തെളിയിക്കുന്ന രേഖകൾ<br>2) കഴിഞ്ഞ 3 വർഷത്തെ ബാലൻസ് ഷീറ്റ്<br>3)പങ്കാളിത്ത സ്ഥാപനമാണെങ്കിൽ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | രംഭ ങ്ങൾക്ക് നൽകുന്ന വായ്പ. | | | | | പങ്കാളിത്ത കരാർ<br><br>4)ലിമിറ്റഡ് കമ്പനിയാണെങ്കിൽ വായ്പ ലഭിക്കുന്നതിനുള്ള ബോർഡ് റെസല്യൂഷന്റെ പകർപ്പ്<br><br>5) ഒറ്റിയാധാരം<br><br>6) ഈട് |
| 3 | സ്റ്റാർ എസ് എം ഇ കോൺട്രാക്ടർ ക്രെഡിറ്റ് ലൈൻ (Star SME Contractor Credit Line) | കരാറുകാരുടെ പ്രവർത്തന മൂലധന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി നൽകുന്ന വായ്പ. | 10 ലക്ഷം | 5 കോടി | അപേക്ഷകന്റെ പ്രൊഫൈലിനെയും വായ്പാതുകയെയും ആശ്രയിച്ചിരിക്കുന്നു | വായ്പ തുക പ്രകാരം | 1)തിരിച്ചറിയൽ രേഖകൾ, വിലാസം തെളിയിക്കുന്ന രേഖകൾ<br><br>2) കഴിഞ്ഞ 3 വർഷത്തെ ബാലൻസ് ഷീറ്റ്<br>3)പങ്കാളിത്ത സ്ഥാപനമാണെങ്കിൽ പങ്കാളിത്ത കരാർ<br><br>4)ലിമിറ്റഡ് കമ്പനിയാണെങ്കിൽ വായ്പ ലഭിക്കുന്നതിനുള്ള ബോർഡ് |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | റെസല്യൂഷ ന്റെ പകർപ്പ് |

## മറ്റ് എംഎസ്എംഇ വായ്പകൾ

| **ക്രമ നമ്പർ** | **വായ്പ**കൾ | **വിശദാംശങ്ങൾ** |
**(എ) ഗുണഭോക്താക്കൾ:**

പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗങ്ങൾ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾ, പാർശ്വവത്കരിക്കപ്പെട്ട ഗ്രാമീണ കരകൗശലത്തൊഴിലാളികൾ, ശുചീകരണ തൊഴിലാളികൾ, അവരുടെ ആശ്രിതർ എന്നിവർ.

**(ബി )പാഠ്യപദ്ധതി:**

മൺപാത്ര നിർമ്മാണം , നെയ്ത്ത് , ലോഹനിർമ്മിതികൾ, മരപ്പണി, മുള, ഈറ എന്നിവ കൊണ്ടുള്ള കരകൗശല നിർമ്മാണം, കളിമൺ പാത്ര നിർമ്മാണം, മാലിന്യ നിർമ്മാർജ്ജനം, ഗാർഹിക ജോലികൾ എന്നിവയിലേർപ്പെട്ടിരിക്കുന്നവർക്ക് വിവരസാങ്കേതികവിദ്യയിലും സാമ്പത്തികാസൂത്രണത്തിലും അറിവ് നൽകുക

ശുചിത്വ തൊഴിലാളികൾക്കുള്ള പാഠ്യപദ്ധതിയിൽ സുരക്ഷിതവും ആരോഗ്യകരവുമായ ശുചിത്വ രീതികളെ കുറിച്ചുള്ള പരിശീലനം നൽകുന്നു.

**(സി) പരിശീലന കാലയളവ്:**

32 മുതൽ 80 മണിക്കൂർ വരെയാണ് പരിശീലന പരിപാടികളുടെ ദൈർഘ്യം.

**(ഡി) പരിശീലന ചെലവ്:**

പൊതുചെലവ് മാനദണ്ഡങ്ങൾ അനുസരിച്ചു വഹിക്കുന്നതാണ്.

**(ഇ) മറ്റ് ചെലവുകൾ:**

അപ്-സ്കില്ലിംഗ് / ആർപിഎൽ പരിശീലന കാലയളവിൽ, സ്റ്റൈപ്പന്റ് രൂപത്തിൽ, ഒരു പ്രോഗ്രാമിന് ഒരാൾക്ക് 2500 രൂപ നൽകും.

**(എഫ്) പരിശീലന വിഹിതം :**

എൻ. എസ്. എഫ്. സി. സി. യുടെയും എൻ. സി. എഫ്. സി. സി. യുടെയും 30 ശതമാനം പരിശീലനവും എൻ. എസ്. കെ. എഫ്. സി. സി. യുടെ 50 ശതമാനം പരിശീലനവും നൈപുണ്യ വികസന / തുടർ പരിശീലന മേഖലകളിലാണ്.

**B. ഹ്രസ്വകാല കോഴ്സുകൾ (സ്വയം തൊഴിലിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന)**

**ഗുണഭോക്താക്കൾ:**

- പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗങ്ങൾ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾ, പാർശ്വവത്കരിക്കപ്പെട്ട ഗ്രാമീണ കരകൗശലത്തൊഴിലാളികൾ, ശുചീകരണ തൊഴിലാളികൾ, അവരുടെ ആശ്രിതർ എന്നിവർ.
- സ്ത്രീകൾ, ട്രാൻസ് ജെൻഡർ, ഭിക്ഷാടന സമുദായങ്ങളിലെ അംഗങ്ങൾ എന്നിവർക്ക് പ്രത്യേക പരിഗണന നൽകുന്നു.

**പാഠ്യപദ്ധതി:**

തയ്യൽ പരിശീലനം, ഫർണിച്ചർ നിർമ്മാണം, ഭക്ഷ്യ സംസ്കരണം, പരവതാനി നെയ്ത്ത്, ബ്യൂട്ടിഷ്യൻ കോഴ്സ്, ലെതർ വർക്ക്, റബർപാൽ ശേഖരണം, ടയർ ഫിറ്റിംഗ്, സാമ്പത്തിക, ഡിജിറ്റൽ സാക്ഷരത തുടങ്ങിയവയിലാണ് പരിശീലനം നൽകുന്നത്. ഓരോ പരിശീലനത്തിലും സംരംഭക വികസന പദ്ധതിയുടെ (Entrepreneurial Development Programme (ഇ.ഡി.പി.)) ഒരു ഘടകം ഉൾപ്പെടുത്തുന്നതാണ്.

**(സി) പരിശീലന കാലയളവ്:**

പരിശീലന പരിപാടികളുടെ ദൈർഘ്യം 200 മുതൽ 600 മണിക്കൂർ വരെ (5 മാസം) ആയിരിക്കും. സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി ബാങ്കുകളുമായി ബന്ധിപ്പിക്കുന്നതിനുള്ള സഹായം ഉണ്ടാകും.

**(ഡി) പരിശീലന ചെലവ്:**

പരിശീലനച്ചെലവ് പൊതുവായ മാനദണ്ഡങ്ങൾക്കനുസൃതമായി വഹിക്കുന്നതാണ്.

**(ഇ) മറ്റ് ചെലവുകൾ:**

നോൺ റെസിഡൻഷ്യൽ പരിശീലന പരിപാടികൾക്കായി, ട്രെയിനികൾക്ക് യാത്രാബത്ത നൽകുന്നതാണ്.

റെസിഡൻഷ്യൽ പരിശീലന പരിപാടികൾക്ക് താമസസൗകര്യവും ചെലവും വഹിക്കുന്നതാണ്.

| ക്രമ നമ്പർ | ഗുണഭോക്താക്കൾ | പ്രതിമാസ സ്റ്റൈപ്പന്റ് |
|---|---|---|
| നോൺ റെസിഡൻഷ്യൽ പരിശീലനം | | |
| 1 | എസ്.സി. | 1500 രൂപ, |
| 2 | ഒ.ബി.സി. / ഇ.ബി.സി. / ഡി.എൻ.ടി | 1000 രൂപ |
| 3 | ശുചിത്വ തൊഴിലാളികൾ, അവരുടെ ആശ്രിതർ | 1500 രൂപ |
| റെസിഡൻഷ്യൽ പരിശീലനം | | |
| 1 | ശുചിത്വ തൊഴിലാളികൾ, അവരുടെ ആശ്രിതർ | 500 രൂപ |
| റെസിഡൻഷ്യൽ/ നോൺ റെസിഡൻഷ്യൽ പരിശീലനം | | |
| 1 | ശുചിത്വ തൊഴിലാളികൾ, അവരുടെ ആശ്രിതർ | 3000 രൂപ |

ട്രാൻസ് ജെൻഡറുകൾ, ഭിക്ഷക്കാർ, ലഹരി പദാർത്ഥങ്ങൾക്ക് അടിമപ്പെട്ടവർ തുടങ്ങിയവർക്കുള്ള പരിശീലന പദ്ധതിയിൽ താഴെപ്പറയുന്നവ ലഭ്യമാണ്.

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ |
|---|---|---|
| 1 | ലഘുഭക്ഷണം, കൗൺസിലിംഗ് തുടങ്ങിയവ | പ്രതിമാസം 1000 രൂപ |
| 2 | ടൂൾ-കിറ്റ് | 5000 രൂപ വരെ |
| 3 | സംഘാടനം | 500 രൂപ |
| 4 | നോൺ റെസിഡൻഷ്യൽ പരിശീലനത്തിന് | പ്രതിമാസം 1000 രൂപ |

നോൺ റെസിഡൻഷ്യൽ പരിശീലനത്തിനായുള്ള സ്റ്റൈപൻഡ് ലഭിക്കുന്നതിന് 70 ശതമാനം ഹാജർ ഉണ്ടായിരിക്കണം.

**(എഫ്) പരിശീലന വിഹിതം:**

എൻ.എസ്.എഫ്.ഡി.സി.യുടെയും എൻ. ബി. സി. എഫ്. ഡി. സി.യുടെയും ആകെ പരിശീലനങ്ങളിൽ 20 ശതമാനവും എൻ. എസ്

.കെ. എഫ്. ഡി. സി യുടെ 40% പരിശീലനവും ഹ്രസ്വകാല പരിശീലന പരിപാടികൾ ആണ്.

## (സി) സംരംഭക വികസന പരിപാടികൾ

**(Entrepreneurial Development Programme (ഇ.ഡി.പി.)):**

### ഗുണഭോക്താക്കൾ:

പി.എം.കെ.വി.വൈ.ക്ക് കീഴിൽ നൈപുണ്യ പരിശീലനം നേടിയ എസ്. സി., ഒ. ബി. സി. യുവാക്കൾ.

### പാഠ്യപദ്ധതി:

ഫലപ്രദമായ ആശയവിനിമയ കഴിവുകൾ(Effective Communication Skills), വെല്ലുവിളി ഏറ്റെടുക്കുന്ന പെരുമാറ്റം(Risk Taking Behaviour), ബിസിനസ് അവസര മാർഗ്ഗനിർദ്ദേശം(Business Opportunity Guidance), മാർക്കറ്റ് സർവേ, വ്യവസ്ഥാപിത ആസൂത്രണം(Systematic Planning), ബാങ്കിങ് - നിക്ഷേപങ്ങൾ, വായ്പ ചെലവും വിലനിർണ്ണയവും, പ്രവർത്തന മൂലധനവും അതിന്റെ നിർവഹണവും, ബിസിനസ് പ്ലാൻ തയ്യാറാക്കൽ തുടങ്ങിയവ പരിശീലനത്തിൽ ഉൾപ്പെടും.

### പരിശീലന കാലയളവ്:

കാലയളവ് 80 മണിക്കൂറോ (10 ദിവസം) അല്ലെങ്കിൽ ഗ്രാമവികസന മന്ത്രാലയം (MoRD) അനുശാസിക്കുന്ന പ്രകാരമോ ആണ്.

### പരിശീലന ചെലവ്:

പൊതുചെലവ് മാനദണ്ഡങ്ങൾക്കനുസരിച്ച്. .

### മറ്റ് ചെലവുകൾ:

പൊതുവായ ചെലവ് മാനദണ്ഡങ്ങൾ / ഗ്രാമവികസന മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ / നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾ എന്നിവ പ്രകാരം പണം നൽകും.

മൂല്യനിർണ്ണയ, സർട്ടിഫിക്കേഷൻ ചാർജുകൾക്കായി ഒരാൾക്ക് 1500 രൂപ കണക്കാക്കി മൂല്യനിർണ്ണയ സർട്ടിഫിക്കേഷൻ സംഘത്തിന് നൽകുന്നതാണ്.

**പരിശീലന വിഹിതം:**

എൻ.എസ്.എഫ്.ഡി.സി.യുടെയും എൻ.ബി.സി.എഫ്.ഡി.സി.യുടെയും പരിശീലനത്തിന്റെ 30% സംരംഭക വികസന പരിപാടികളാണ് (ഇ. ഡി. പി.).

**D. ദീർഘകാല കോഴ്സുകൾ :**

**(എ) ഗുണഭോക്താക്കൾ:**

പട്ടിക ജാതി-വർഗ്ഗ വിഭാഗങ്ങൾ, പിന്നാക്ക വിഭാഗങ്ങൾ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ, ശുചിത്വ തൊഴിലാളികൾ, ട്രാൻസ് ജെൻഡറുകൾ, അവരുടെ ആശ്രിതർ എന്നിവരിൽ പത്താം ക്ലാസ്സോ അതിന് മുകളിലോ യോഗ്യതയുള്ളവർ.

**(ബി) പാഠ്യപദ്ധതി:**

ഉത്പാദന സാങ്കേതികവിദ്യ(Production Technology), വസ്ത്ര സാങ്കേതികവിദ്യ, ആരോഗ്യ പരിപാലന മേഖല, വിനോദസഞ്ചാരം, വ്യോമയാനം, നഴ്സറി അധ്യാപക പരിശീലനം തുടങ്ങിയ മേഖലകളിലാണ് പരിശീലനം നൽകുന്നത് .

**(സി) പരിശീലന കാലയളവ്:**

6 മാസം മുതൽ 1 വർഷം വരെ.

**(ഡി) പരിശീലന ചെലവ്:**

കാലാകാലങ്ങളിൽ ബോർഡ് നിശ്ചയിച്ചപ്രകാരം.

**(ഇ) മറ്റ് ചെലവുകൾ:**

നോൺ റെസിഡൻഷ്യൽ പരിശീലന പരിപാടികൾക്കായി യാത്രാ ബത്ത നൽകുന്നു.

റെസിഡൻഷ്യൽ പരിശീലന പരിപാടികൾക്ക് താമസസൗകര്യവും ചെലവുകളും നൽകുന്നു.

| **ക്രമ നമ്പർ** | **ഗുണഭോക്താക്കൾ** | **പ്രതിമാസ സ്റ്റൈപ്പന്റ്** |
|---|---|---|
| നോൺ റെസിഡൻഷ്യൽ പരിശീലനം | | |
| 1 | എസ്.സി. | 1500 രൂപ |
| 2 | ഒ.ബി.സി. / ഇ.ബി.സി. / ഡി.എൻ.ടി | 1000 രൂപ |
| 3 | ശുചീകരണത്തൊഴിലാളികൾ, അവരുടെ ആശ്രിതർ | 1500 രൂപ |
| റെസിഡൻഷ്യൽ പരിശീലനം | | |
| 1 | ശുചീകരണത്തൊഴിലാളികൾ, അവരുടെ ആശ്രിതർ | 500 രൂപ |
| റെസിഡൻഷ്യൽ/ നോൺ റെസിഡൻഷ്യൽ പരിശീലനം | | |
| 1 | ശുചീകരണത്തൊഴിലാളികൾ, അവരുടെ ആശ്രിതർ | 3000 രൂപ |

**(എഫ്) പരിശീലന വിഹിതം :**

എൻ.എസ്.എഫ്.ഡി.സി. യുടെയും., എൻ.ബി.സി.എഫ്.ഡി.സി. യുടെയും ആകെ പരിശീലനങ്ങളിൽ 20 ശതമാനവും എൻ.എസ്.കെ.എഫ്.ഡി.സി.യുടെ 10% പരിശീലനവും ദീർഘകാല പരിശീലനങ്ങളാണ്.

**പദ്ധതി നിർവ്വഹണം**

## പരിശീലനം നൽകുന്നവർ

സംസ്ഥാന നൈപുണ്യ വികസന മിഷനുകൾ, പരിശീലന രംഗത്തെ മികച്ച സ്ഥാപനങ്ങൾ, സെക്ടർ സ്കിൽ കൗൺസിലുകൾ, കോർപ്പറേറ്റ് മികവുള്ള സ്ഥാപനങ്ങൾ/ ട്രസ്റ്റുകൾ എന്നിവർ പരിശീലനം നൽകുന്നു.

## പ്രോഗ്രാമുകളുടെ വിഹിതം

മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് വ്യക്തമായ നിർദ്ദേശങ്ങളോടെ പരിശീലന പദ്ധതി സമർപ്പിക്കാവുന്നതാണ്. ജില്ലാടിസ്ഥാനത്തിലുള്ള പദ്ധതികൾ സംസ്ഥാന നൈപുണ്യ വികസന മിഷനുകളുടെയോ ജില്ലാ മിഷനുകളുടെയോ അനുമതിയോടെ വേണം പദ്ധതി സമർപ്പിക്കേണ്ടതാണ്.

പ്രൊപ്പോസലുകൾക്ക് സൂക്ഷ്മപരിശോധനയ്ക്ക് ശേഷം ഏജൻസി നമ്പറുകൾ അനുവദിക്കും. ഒരു സംസ്ഥാനത്ത് പ്രൊപ്പോസലുകൾ കുറവാണെങ്കിൽ, മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള മികച്ച പരിശീലന സ്ഥാപനങ്ങളുടെ പ്രൊപ്പോസലുകൾ പരിഗണിക്കുന്നതാണ്.

## പ്രോഗ്രാമുകളുടെ നടപ്പിലാക്കൽ

പരിശീലന ഏജൻസികൾ വിവിധ മാധ്യമങ്ങളിലൂടെ പരസ്യം നൽകണം.

പരിശീലനത്തിന് യോഗ്യരായവരെ തിരഞ്ഞെടുക്കുന്നതിനായി സെലക്ഷൻ കമ്മിറ്റി യോഗങ്ങൾ നടത്തും.

പരിശീലന കോഴ്സുകൾ നടത്തുന്നത് എൻ.എസ്.ക്യു.എഫ.്/ എ.ഐ.സി.ടി.ഇ./ എൻ.സി.വി.ടി. (N.S.Q.F./A.I.C.T.E./N.C.V.T.) മുതലായവയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമാണ്.

പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പുറമെ നിന്നുള്ള വിലയിരുത്തൽ നടത്തുന്നു.

പരിശീലനം ലഭിച്ച ട്രെയിനികൾക്ക് തൊഴിൽ / സ്വയം തൊഴിൽ നൽകുന്നതിന് സൗകര്യമൊരുക്കും.

**പ്രയോജനം**

പരിശീലനം സിദ്ധിച്ചവർ മെച്ചപ്പെട്ട ജീവിത/തൊഴിൽ സാഹചര്യങ്ങൾ കണ്ടെത്തുന്നു.

ഹ്രസ്വകാല പരിശീലനം സിദ്ധിച്ചവരിൽ 70 ശതമാനത്തിനും തൊഴിൽ/സ്വയം തൊഴിൽ കണ്ടെത്താൻ കഴിയും.

സംരംഭകത്വ വികസന പരിശീലനം സിദ്ധിച്ച 70 ശതമാനം പേരും സ്വയം തൊഴിൽ മേഖലയിലോ, സംഘടിത മേഖലയിലോ ഉയർന്ന ജീവിത നിലവാരം കണ്ടെത്തുന്നു.

**മോണിറ്ററിംഗ് (മേൽനോട്ടം)**

പരിശീലന വിഷയം തെരഞ്ഞെടുക്കുന്നത് മുതൽ എല്ലാ ഘട്ടങ്ങളിലും പരിശീലനത്തിൻ്റെ മേൽനോട്ടം കോർപ്പറേഷൻ നിർവ്വഹിക്കുന്നു.

**തൊഴിലധിഷ്ഠിത പഠനം ITI കളിലൂടെ**

ദീർഘകാല പ്രയോജനം ലഭിക്കുന്നതിനായി **ITI** കളിലൂടെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ശുചീകരണ തൊഴിലാളികളുടെ ആശ്രിതർ എന്നിവർക്കായി തൊഴിൽ പരിശീലനം നൽകുന്നു. 6 ലക്ഷം യുവാക്കൾക്കാണ് ഇത്തരത്തിൽ പരിശീലനം നൽകുക. ആദ്യഘട്ടമായി 2020 - 21 ൽ 50,000 പേർക്ക് പരിശീലനം ലഭ്യമാക്കും.

പ്രോത്സാഹനം  : 6000 /- രൂപ പരിശീലന കാലയളവിൽ ലഭിക്കുന്നു.

പദ്ധതി ചെലവ് : മന്ത്രാലയം നേരിട്ട് വഹിക്കുന്നതാണ്.

# സർക്കാർ ഏജൻസികൾ

## 1. കേരള ധനകാര്യ കോർപ്പറേഷൻ (കെ.എഫ്.സി.)

ഉത്പാദന, സേവന മേഖലയിലെ ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകിക്കൊണ്ട്, സംസ്ഥാനത്ത് വ്യവസായവൽക്കരണം ദ്രുതഗതിയിലാക്കുകയാണ് കെ എഫ്. സി.യുടെ പ്രധാന ലക്ഷ്യം.

സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങളെ പുനരധിവസിപ്പിക്കുന്നതിനും സാമ്പത്തികമായി സഹായിക്കുന്നതിനുമാണ് കെ എഫ് സി – കെയർ (സെന്റർ ഫോർ അസിസ്റ്റൻസ് ആന്റ് റിഹാബിലിറ്റേഷൻ) രൂപവത്കരിച്ചത്.

എസ്.എസ്.ഐ.കൾക്കായുള്ള നവീകരണ പദ്ധതികൾ, റിസോർട്ടുകൾ, ആശുപത്രികൾ, ടിവി സീരിയൽ നിർമ്മാണം എന്നി മേഖലകൾക്ക് പ്രത്യേക പദ്ധതികളും രൂപവത്കരിച്ചു.

https://kfc.org

# മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പരിപാടി

# (സി. എം. ഇ. ഡി. പി. (C. M. E. D. P.))

മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പരിപാടി പ്രകാരം കെ.എഫ്.സി. സംരംഭകർക്ക് 2000 വായ്പകൾ ലഭ്യമാക്കുന്നതാണ്.

https://kfc.org/#home-tab2

**ഗുണഭോക്താക്കൾ**

കോവിഡ്–19 മഹാമാരിമൂലം ജോലി നഷ്ടപ്പെട്ടവരെ സഹായിക്കുന്നതിനായി ആരംഭിച്ചതാണ് ഈ പദ്ധതി. സ്ത്രീകളുടെയും ശാരീരിക വെല്ലുവിളി നേരിടുന്നവരുടെയും അപേക്ഷകൾ ഫാസ്റ്റ് ട്രാക്ക് സമ്പ്രദായത്തിൽ പരിഗണിക്കും.

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ |
|---|---|---|
| 1 | പരമാവധി വായ്പ തുക | ഒരു ലക്ഷം രൂപ |
| 2 | പലിശ നിരക്ക് | 7 ശതമാനം (3 ശതമാനം പലിശ സർക്കാർ ധനസഹായമായി നൽകുന്നു.) |
| 3 | കാലാവധി | മൂന്ന് വർഷം |

തിരിച്ചടവിനു ഓൺലൈൻ സൗകര്യം.

**യോഗ്യമായ യൂണിറ്റുകൾ**

- എം. എസ് .എം. ഇ. യൂണിറ്റുകൾ
- സ്റ്റാർട്ടപ്പുകൾ
- നോർക്ക പരാമർശിക്കുന്ന യൂണിറ്റുകൾ

- കുടുംബശ്രീ യൂണിറ്റുകൾ
- കാർഷിക അധിഷ്ഠിത പദ്ധതികൾ
- ഇലക്ട്രിക് വാഹനങ്ങൾ

**യോഗ്യതയില്ലാത്ത യൂണിറ്റുകൾ**

- ബാർ ഹോട്ടലുകൾ
- ഗതാഗതം
- ക്രഷർ
- വ്യാപാരം
- സി. ആർ. ഇ. പ്രോജക്റ്റുകൾ
- കരാറുകാരന്റെ വായ്പ
- സിനിമ / സീരിയൽ നിർമ്മാണം

**പ്രൊമോട്ടർമാരുടെ യോഗ്യത**

| | |
|---|---|
| 1 | മൂന്നിൽ രണ്ട് പേരുടെയും പ്രായം 50 വയസ്സിൽ താഴെ |
| 2 | സ്ഥിരജോലിയുള്ളവരാകരുത് |
| 3 | സിബിൽ സ്കോർ 650 ൽ കൂടുതൽ |
| 4 | ഈ പദ്ധതി പ്രോത്സാഹിപ്പിക്കുന്ന മറ്റേതെങ്കിലും സ്ഥാപനത്തിൽ അംഗമാകരുത്. |

**അപേക്ഷാ നടപടിക്രമം**

- ഓൺലൈൻ സമർപ്പണം
- രേഖ സമർപ്പണം
- ബ്രാഞ്ച് പരിശോധന
- ഓൺലൈൻ അഭിമുഖം
- പരിശീലനം
- അനുമതിയും വിതരണവും

സ്റ്റാർട്ടപ്പ് വായ്പ പദ്ധതികൾ

വാങ്ങൽ ഓർഡറുകൾ (purchase orders) നടപ്പിലാക്കുന്നതിനുള്ള വായ്പ

- ഒരു സർക്കാർ / പൊതുമേഖലാ / പ്രശസ്തമായ സ്വകാര്യമേഖലയിൽ നിന്ന് വാങ്ങൽ ഉത്തരവ് (പർച്ചേസ് ഓർഡർ) നേടിയിരിക്കണം.

| | |
|---|---|
| പരമാവധി വായ്പ | 10 കോടി രൂപ |

**ഊഹക്കച്ചവടത്തിനായി വായ്പ സഹായം (വെഞ്ചർ ഡെബ്റ്റ് ഫണ്ടിംഗ്)**

- ഐ.ടി. ഹാർഡ്‌വെയർ/ സോഫ്റ്റ്‌വെയർ സ്ഥാപനങ്ങൾക്ക്.
- സെബി അംഗീകൃത ഊഹക്കച്ചവട മൂലധന സ്ഥാപനത്തിന്റെ മൂല്യനിർണയത്തിന് വിധേയമായിരിക്കണം

| | |
|---|---|
| പരമാവധി വായ്പ | 10 കോടി രൂപ |

**വിത്ത് വായ്പ സഹായം**

യുഎൻഒ നിർദ്ദേശിക്കുന്ന, സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട, സാമൂഹിക പ്രസക്തമായ ഉത്പന്നത്തിന്റെ വികസനത്തിനായി പ്രവർത്തിക്കണം.

| | |
|---|---|
| പരമാവധി വായ്പ | ഒരു കോടി രൂപ. |
| കാലാവധി | 3 വർഷം. |

# മറ്റ് വായ്പാ പദ്ധതികൾ

## തവണ വായ്പ

പുതിയതും നിലവിലുള്ളതുമായ സംരംഭങ്ങൾക്ക്

| | |
|---|---|
| നോൺ കോർപ്പറേറ്റുകൾക്ക് | 8 കോടി |
| കോർപ്പറേറ്റുകൾക്ക് | 20 കോടി |

## പ്രവർത്തന മൂലധന വായ്പകൾ

- പ്രവർത്തന മൂലധന ആവശ്യകതയുടെ 80% വരെ വായ്പ
- പ്രവർത്തന മൂലധന തവണ വായ്പകൾ
- ചാക്രിക (റിവോൾവിംഗ്) ധനസഹായ വായ്പകൾ

## നവീകരണ പദ്ധതി

- വിപുലീകരണം / നവീകരണം / നിലവാരമുയർത്തൽ
- ഹോട്ടലുകൾ, ആശുപത്രികൾ, റിസോർട്ടുകൾ, മൾട്ടിപ്ലക്സുകൾ, നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയവ.
- വിപുലീകരണ ചെലവിന്റെ 90% വരെ വായ്പ.

## ഹ്രസ്വകാല വായ്പകൾ

- പുതിയതും നിലവിലുള്ളതുമായ സംരംഭങ്ങൾ
- 4 വർഷം വരെ കാലാവധി

## കരാറുകാരനുള്ള വായ്പകൾ

- സർക്കാർ കരാർ ജോലികൾ പൂർത്തീകരിക്കുന്നതിന്

- കരാർ മൂല്യത്തിന്റെ 80% വരെ വായ്പ
- ഉപകരണത്തിനുള്ള ധനസഹായം

## സ്റ്റാർട്ടപ്പ് വായ്പകൾ

| | |
|---|---|
| സർക്കാർ / പൊതുമേഖലാ സ്ഥാപനം / പ്രശസ്തമായ സ്വകാര്യ മേഖല സംരംഭങ്ങൾ എന്നിവയിൽ നിന്നുള്ള വാങ്ങൽ ഓർഡറുകൾക്ക് (പർച്ചേസ് ഓർഡർ) | 10 കോടി വരെ വായ്പ |
| യുണൈറ്റഡ് നാഷൻസ് നിർദ്ദേശിക്കുന്ന സാമൂഹിക പ്രസക്തമായ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിന് | 1 കോടി വരെ വായ്പ |

## ബിൽ ഇളവ് ആനുകൂല്യം

സർക്കാർ കരാറുകാർക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും

| | |
|---|---|
| വായ്പ | വാഗ്ദാനപത്രത്തിന്റെ (promissory note) 100% |
| പലിശ നിരക്ക് | 10.50% |

## ഗ്യാരന്റി സൗകര്യം

സർക്കാർ കരാറുകാർക്കും എം.എസ്.എം.ഇ.കൾക്കും

| | |
|---|---|
| ഗ്യാരൻറി | 100% |
| കമ്മീഷൻ | മൂന്ന് മാസത്തിൽ ഒരിക്കൽ 0.5% |

## 2. കേരള സംസ്ഥാന ധനകാര്യ സംരംഭം (കെ. എസ്. എഫ്. ഇ.)

https://ksfe.com/about/

കേരള സർക്കാരിന്റെ പൂർണ ഉടമസ്ഥതയിലുള്ള കെ.എസ്.എഫ്.ഇ. പലതരം വായ്പകൾ ലഭ്യമാക്കുന്നു. വായ്പ പദ്ധതികളിൽ ഇനിപ്പറയുന്നവ ഉൾപ്പെടുന്നു:

**കാർ ലോൺ**

പുതിയ കാറുകൾ വാങ്ങുന്നതിനുള്ള വായ്പയാണിത്.

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ |
|---|---|---|
| 1 | ഗുണഭോക്താക്കൾ | 10,000 രൂപയിൽ കൂടുതൽ പ്രതിമാസ ശമ്പളമുള്ളവർ,കഴിഞ്ഞ 3 വർഷമായി ശരാശരി വാർഷിക വരുമാനം 2 ലക്ഷത്തിൽ കൂടുതൽ ഉള്ള സ്വയംതൊഴിൽ പ്രൊഫഷണലുകൾ / ബിസിനസുകാർ / ആദായനികുതിദായകർ എന്നിവർ |
| 2 | വായ്പ കാലയളവ് | കുറഞ്ഞത് 6 മാസവും പരമാവധി 60 മാസവും |
| 3 | പലിശ നിരക്ക് | 12% (35 മാസം വരെ)<br>14% (36 -)ം മാസം മുതൽ) |

**ഉപഭോക്തൃ / വാഹന വായ്പ (സി.വി.എൽ.)**

- കമ്പ്യൂട്ടറുകൾ, വാഹനങ്ങൾ, ക്ലിനിക്കുകൾക്കായി മെഡിക്കൽ ഉപകരണങ്ങൾ, കാർഷിക ഉപകരണങ്ങൾ തുടങ്ങിയവയ്ക്കാണ് വായ്പ.

- ചിട്ടി പിടിക്കുമ്പോൾ സ്വീകാര്യമായ പണയവസ്തുക്കളുടെ നിബന്ധന സി.വി.എൽ.ന്റെ കാര്യത്തിലും സ്വീകാര്യമാണ്.

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ |
|---|---|---|
| 1 | പരമാവധി വായ്പ | 30,00,000 രൂപ |
| 2 | പലിശ നിരക്ക് | 13%(വീഴ്ച വരുത്തിയ അക്കൗണ്ടുകൾക്ക് 15%) |
| 3 | കാലാവധി | 12 മാസത്തിനും 60 മാസത്തിനും ഇടയിൽ |

**സ്വർണ്ണ വായ്പ**

സ്വർണ്ണ ആഭരണങ്ങൾ പണയമായി സ്വീകരിച്ചു ഹ്രസ്വകാല വായ്പകൾ നൽകുന്നതാണ് പദ്ധതി.

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ |
|---|---|---|
| 1 | പരമാവധി വായ്പ തുക | പ്രതിദിനം ഒരാൾക്ക് 25 ലക്ഷം രൂപ |
| 2 | കാലയളവ് | 12 മാസം |
| | തുക | പലിശനിരക്ക് |
| 3 | 10,000 രൂപ വരെ | പ്രതിവർഷം 8.50% |
| 4 | 10001 മുതൽ 20,000 രൂപ വരെ | പ്രതിവർഷം 9.50% |
| 5 | 20000 രൂപയ്ക്ക് മുകളിൽ മുതൽ 25,00,000 രൂപ വരെ | പ്രതിവർഷം 10.50% |
| 6 | 5000 രൂപയ്ക്ക് മുകളിലുള്ള വായ്പകൾക്ക് | മിനിമം പലിശ 25 രൂപ |

നിശ്ചിത പലിശ അടച്ചതിനുശേഷം വായ്പ ഒരു വർഷത്തേക്ക് കൂടി പുതുക്കാൻ കഴിയും, ഈ സൗകര്യം 36 മാസം വരെ ലഭിക്കുന്നു.

**കനകധാര വായ്പ**

- വിവാഹ ആവശ്യങ്ങൾക്കായി സ്വർണ്ണം വാങ്ങുന്നതിനു വേണ്ടിയുള്ള വായ്പ.
- അപേക്ഷയുടെ അടിസ്ഥാനത്തിൽ കമ്പനി അംഗീകരിച്ച ജ്വല്ലറികളിൽ നിന്ന് സ്വർണ്ണാഭരണങ്ങൾ വാങ്ങേണ്ടതാണ്.
- ജ്വല്ലറികളുടെ വിശ്വാസ്യത സംബന്ധിച്ച സൂക്ഷ്മ പരിശോധന നടത്തുന്നു.

ഹരിതം വായ്പ പദ്ധതി

- സോളാർ പാനലുകൾ, ബയോ ഗ്യാസ് പ്ലാന്റുകൾ, സോളാർ വാട്ടർ ഹീറ്ററുകൾ എന്നിവ വിതരണം ചെയ്യുന്നതിനും സ്ഥാപിക്കുന്നതിനും.
- 3 സ്റ്റാർ റേറ്റിംഗും അതിനുമുകളിലും ഉള്ള ഫ്രിഡ്ജ്, വാഷിംഗ് മെഷീൻ, എയർകണ്ടീഷണറുകൾ എന്നിവ വാങ്ങുന്നതിനും വേണ്ടി ഈ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്.

ഭവന വായ്പ

- ഭവന നിർമ്മാണത്തിനായി സ്ഥലം വാങ്ങുന്നതിനും, നിലവിലുള്ള വീടിന്റെ നവീകരണത്തിനും, വീട്/ ഫ്ളാറ്റ് എന്നിവ വാങ്ങുന്നതിനും
- **ഗുണഭോക്താക്കൾ:** ശമ്പളമുള്ള വ്യക്തി, ആദായനികുതിദായകരായ ബിസിനസുകാർ, എൻ. ആർ. ഐ.കൾ, വാടക വരുമാനം നേടുന്ന വ്യക്തികൾ അല്ലെങ്കിൽ ഡോക്ടർമാർ / എഞ്ചിനീയർമാർ / അഭിഭാഷകർ / ചാർട്ടേഡ് അക്കൗണ്ടന്റ് തുടങ്ങിയ പ്രൊഫഷണലുകൾ.

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ |
|---|---|---|
| 1 | തിരിച്ചടവ് | 30 വർഷത്തിനുള്ളിൽ അല്ലെങ്കിൽ |

| | | |
|---|---|---|
| | | അപേക്ഷകന് 70 വയസ്സ് തികയുന്നത്, ഏതാണൊ ആദ്യം അത് |
| 2 | 10 ലക്ഷം രൂപ വരെ | പ്രതിവർഷം 9% പലിശ |
| 3 | 10 ലക്ഷത്തിന് മുകളിൽ, 1 കോടി വരെ | പ്രതിവർഷം 9.75% പലിശ |

**വ്യക്തിഗത വായ്പ**

കെ. എസ്. എഫ്. ഇ. ഉപഭോക്താക്കൾക്ക് ഈ വായ്പ ലഭ്യമാകുന്നു.

| | |
|---|---|
| പരമാവധി വായ്പ | 25 ലക്ഷം രൂപ |
| കാലാവധി | 60 മാസം |

ഉപഭോക്താവിന്റെ ക്രയവിക്രയ ശേഷിയെ ആധാരമാക്കി ഒരു വർഷമോ അതിൽ കൂടുതൽ കാലത്തേയ്ക്കോ ഈ വായ്പ ലഭിക്കുന്നു.

**പാസ്ബുക്ക് വായ്പ**

- ചിട്ടി പിടിക്കാത്തവരും തവണ അടയ്ക്കുന്നതിൽ മുടക്കം വരുത്താത്തവരും ആയ ഉപഭോക്താക്കൾക്ക്.
- പാസ്ബുക്ക് ഒഴികെയുള്ള ഒരു പണയവും ആവശ്യമില്ല.

| വായ്പ | പലിശ നിരക്ക് |
|---|---|
| 10 ലക്ഷം രൂപ വരെ | 12% (തവണ അടവ് മുടക്കം വരുത്തിയ അക്കൗണ്ടുകൾക്ക് 14%) |
| 10 ലക്ഷത്തിന് മുകളിൽ | 12.5% (തവണ അടവ് മുടക്കം വരുത്തിയ അക്കൗണ്ടുകൾക്ക് 14.5%) |

**സുഗമ (അക്ഷയ) ഓവർ ഡ്രാഫ്റ്റ് പദ്ധതി**

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ |
|---|---|---|
| 1 | സർക്കാർ ജീവനക്കാർക്കും പൊതുമേഖലാ സ്ഥാപനങ്ങൾ, എയ്ഡഡ് സ്കൂളുകൾ / കോളേജുകൾ എന്നിവിടങ്ങളിലെ ജീവനക്കാർക്ക് | 50,000 രൂപ വരെ വായ്പ |
| 2 | ജീവനക്കാരായ ദമ്പതികൾക്ക് | 5 ലക്ഷം വരെ വായ്പ |
| 3 | അക്കൗണ്ടിൽ നിന്ന് വായ്പ എടുക്കുമ്പോൾ | 13% പലിശ (നിർദ്ദിഷ്ട ദിവസങ്ങൾക്കും എടുത്ത തുകയ്ക്കും) |
| 4 | അക്കൗണ്ടിൽ നിക്ഷേപമുണ്ടെങ്കിൽ | 5.5% പലിശ |
| 5 | കാലാവധി | 36 മാസം (നിബന്ധനകൾക്ക് വിധേയമായി ഇത് പുതുക്കാൻ കഴിയും) |

ചിട്ടി വായ്പ

- ചിട്ടിയുടെ വരിക്കാരൻ മൊത്തം തവണകളുടെ 10% കൃത്യമായി അടയ്ക്കുകയാണെങ്കിൽ മൊത്തം ചിട്ടി തുകയുടെ 50% വരെ വായ്പയായി ലഭിക്കുന്നു.
- വായ്പയെടുത്ത പണം ചിട്ടി തുകയിൽ നിന്നുള്ള ക്രമീകരണത്തിലൂടെയാണ് തീർപ്പാക്കുന്നത്. പലിശ എല്ലാ മാസവും അടയ്ക്കേണ്ടതുണ്ട്.

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ |
|---|---|---|
| 1 | പരമാവധി വായ്പ | 75,00,000 രൂപ |
| 2 | 10 ലക്ഷം രൂപ വരെ വായ്പ | 12.00%(തവണ അടവ് മുടക്കം വരുത്തിയ അക്കൗണ്ടുകൾക്ക് 14.00% ) |
| 3 | 10 ലക്ഷത്തിന് മുകളിൽ വായ്പ | 12.5%(തവണ അടവ് മുടക്കം വരുത്തിയ അക്കൗണ്ടുകൾക്ക് 14.5% ) |

## 3. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ക്ലിപ്തം

http://ksbcdc.com

പിന്നാക്ക വിഭാഗങ്ങളുടെയും ന്യൂനപക്ഷങ്ങളുടെയും ക്ഷേമത്തിനായി ആരംഭിച്ച സംസ്ഥാന സർക്കാരിന്റെ പൂർണ ഉടമസ്ഥതയിലുള്ള കമ്പനിയാണിത്.

s

**വിവിധ വായ്പാ പദ്ധതികൾ :-**

സ്വയം തൊഴിൽ, വിദ്യാഭ്യാസ വായ്പകൾ, മൈക്രോ ഫിനാൻസ്, വിവാഹ സഹായം, വിദേശ തൊഴിൽ തേടുന്നതിനുള്ള സഹായം, പ്രവർത്തന മൂലധനം, കമ്പ്യൂട്ടർ വായ്പ, ഭവന പരിപാലനം, വ്യക്തിഗത വായ്പ.

**എൻ. ബി.സി. എഫ്. ഡി. സി. പദ്ധതികൾ**

വിവിധ വായ്പ പദ്ധതികൾ :-

കാർഷിക, അനുബന്ധ പ്രവർത്തനങ്ങൾ, ചെറുകിട ബിസിനസ് / കരകൗശല പരമ്പരാഗത തൊഴിൽ, ഗതാഗത മേഖല, സേവന മേഖല (Service Sector), സാങ്കേതിക, പ്രൊഫഷണൽ ട്രേഡുകൾ / കോഴ്സുകൾ എന്നിവ.

- കേന്ദ്രസർക്കാരിന്റെ സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയത്തിന് കീഴിലാണ് ഇത് പ്രവർത്തിക്കുന്നത്.
- നൈപുണ്യവികസനത്തിലും സ്വയം തൊഴിൽ സംരംഭങ്ങളിലും പിന്നാക്ക വിഭാഗങ്ങളിലെ ദരിദ്ര വിഭാഗത്തെ സഹായിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.
- ഗുണഭോക്താക്കൾ: വാർഷിക കുടുംബ വരുമാനം 3,00,000 രൂപയിൽ കുറവുള്ള പിന്നാക്ക വിഭാഗത്തിൽപ്പെട്ട അംഗങ്ങൾ.

## വായ്പയും ധന സഹായ രീതിയും

**എ) തവണ വായ്പ :** ഗുണഭോക്താവിന് പരമാവധി 15 ലക്ഷം രൂപ വരെ നൽകുന്നു.

എൻ.ബി. സി. എഫ്. ഡി .സി. വായ്പ: പദ്ധതി ചെലവിന്റെ 85 ശതമാനം വരെ നൽകുന്നു. ബാക്കി വരുന്ന 15 ശതമാനം എസ്. സി. എ./ ഗുണഭോക്താവ് നൽകണം.

**ബി) മൈക്രോ ഫിനാൻസ്:** ഒരു ഗുണഭോക്താവിന് / എസ്.എച്ച്.ജി. അംഗത്തിന് പരമാവധി 1 ലക്ഷം രൂപ വരെ നൽകുന്നു.

എൻ.ബി.സി.എഫ.ഡി.സി. വായ്പ: പദ്ധതി ചെലവിന്റെ 90% മുതൽ 95% വരെ നൽകുന്നു. ബാക്കി വരുന്ന 5% –10% എസ്. സി. എ. / ഗുണഭോക്താവ് നൽകണം.

| എ) തവണ വായ്പ | |
|---|---|
| പരമാവധി വായ്പ | 15 ലക്ഷം രൂപ |
| വായ്പാ വിഹിതം, എൻ. ബി. സി .എഫ് .ഡി. സി. : എസ്. സി. എ. / ഗുണഭോക്താവ് | 85 : 15 |
| | |
| ബി) മൈക്രോ ഫിനാൻസ് | |
| പരമാവധി വായ്പ | 1 ലക്ഷം രൂപ |
| വായ്പ വിഹിതം, എൻ.ബി.സി.എഫ്.ഡി.സി.: എസ്.സി.എ. / ഗുണഭോക്താവ് | 90–95 : 5–10 |

| ക്രമ നമ്പർ | വിവിധ ധനസഹായം (വായ്പ) ലഭ്യമാകുന്ന മേഖലകൾ |
|---|---|
| 1 | കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും |
| 2 | ചെറുകിട ബിസിനസ്സ് / കരകൗശല, പരമ്പരാഗത തൊഴിൽ |
| 3 | ഗതാഗത മേഖല, സേവന മേഖല |
| 4 | സാങ്കേതിക, പ്രൊഫഷണൽ ട്രേഡുകൾ / പ്രൊഫഷണൽ കോഴ്സുകൾക്കുള്ള വിദ്യാഭ്യാസ വായ്പ |

മുകളിൽ പറഞ്ഞ മേഖലകൾക്ക് കീഴിലുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതും, ആവശ്യാനുസരണം പദ്ധതികൾക്കായി വായ്പ വിതരണം ചെയ്യുന്നതും എസ്. സി. എ.കൾ ആണ്.

**വായ്പകൾ:**

**തവണ വായ്പ**

**(എ) സ്ത്രീകൾക്കായുള്ള പുതിയ സ്വർണിമ:–** ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പിന്നാക്ക വിഭാഗത്തിലെ സ്ത്രീകൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു.

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ |
|---|---|---|
| 1 | പരമാവധി വായ്പ | 2,00,000 രൂപ |
| 2 | പലിശ നിരക്ക് | പ്രതിവർഷം 5% |
| 3 | എൻ.ബി.സി.എഫ്.ഡി.സി. വായ്പ | പദ്ധതി ചെലവിന്റെ 95% |

**(ബി) വിദ്യാഭ്യാസ വായ്പ പദ്ധതി**

പൊതുവായ / പ്രൊഫഷണൽ / സാങ്കേതിക കോഴ്സുകൾ അല്ലെങ്കിൽ ബിരുദ, ഉയർന്ന തലങ്ങളിൽ പരിശീലനം നേടുന്നതിന് ദാരിദ്ര്യരേഖയുടെ താഴെയുള്ള പിന്നോക്ക വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക്.

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ |
|---|---|---|
| 1 | പരമാവധി വായ്പ (ഇന്ത്യയിലെ പഠനത്തിന്) | 10 ലക്ഷം |
| 2 | പരമാവധി വായ്പ (വിദേശത്തുള്ള പഠനത്തിന്) | 20 ലക്ഷം |
| 3 | പലിശ നിരക്ക് | പ്രതിവർഷം 4%(പെൺകുട്ടികൾക്ക് 3.5%) |

| | | |
|---|---|---|
| 4 | എൻ.ബി.സി.എഫ്.ഡി.സി. വായ്പ | ഇന്ത്യയിൽ പഠനത്തിന് 90%, വിദേശത്ത് പഠനത്തിന് 85% |

**മൈക്രോ ഫിനാൻസ്**

| (എ) മൈക്രോ ഫിനാൻസ് പദ്ധതി | |
|---|---|
| പരമാവധി വായ്പ | 60,000 രൂപ |
| പലിശ നിരക്ക് | പ്രതിവർഷം 5% |
| എൻ.ബി.സി.എഫ്.ഡി.സി. വായ്പ | പദ്ധതി ചെലവിന്റെ 90% |
| **(ബി) മഹിള സമൃദ്ധി യോജന (സ്ത്രീകൾക്കുള്ള മൈക്രോ ഫിനാൻസ് സ്കീം)** | |
| പരമാവധി വായ്പ | 1,00,000 രൂപ |
| പലിശ നിരക്ക് | പ്രതിവർഷം 4% |
| എൻ.ബി.സി.എഫ്.ഡി.സി. വായ്പ | പദ്ധതി ചെലവിന്റെ 95% |

**(സി) കൃഷി സമ്പദ**

ചെറുകിട കർഷകർ, പച്ചക്കറി കച്ചവടക്കാർ എന്നിവർക്ക് മൈക്രോ ഫിനാൻസിന് കീഴിൽ ആനുകൂല്യ വായ്പ നൽകുന്നു.

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ |
|---|---|---|
| 1 | പരമാവധി വായ്പ | 1,00,000 രൂപ |
| 2 | പലിശനിരക്ക് | പ്രതിവർഷം 4% |
| 3 | എൻ.ബി.സി.എഫ.ഡി.സി. വായ്പ | പദ്ധതി ചെലവിന്റെ 95% |

**മറ്റ് വികസന പ്രവർത്തനങ്ങൾ**

പരിശീലനവും വികസനവും: പിന്നാക്ക വിഭാഗങ്ങളിലെ യോഗ്യതയുള്ള അംഗങ്ങൾക്ക് നൈപുണ്യ വികസന പരിശീലന പരിപാടികൾ, സംരംഭക കഴിവുകൾ എന്നിവ സംബന്ധിച്ച് കോർപ്പറേഷൻ സാമ്പത്തിക സഹായം നൽകുന്നു.

**വിപണനവുമായി ബന്ധിപ്പിക്കൽ (മാർക്കറ്റിങ് ലിങ്കേജ്സ്, Marketing linkages):**

രാജ്യത്തെ പ്രമുഖ വ്യാപാര മേളകളായ ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ, ദില്ലി ഹാത്, സൂരജ് കുണ്ട് കരകൗശല മേള, മറ്റ് സംസ്ഥാനങ്ങളിൽ സംഘടിപ്പിക്കുന്ന പ്രദർശന–വിപണന മേളകൾ എന്നിവയിൽ പങ്കെടുക്കാൻ അവസരങ്ങൾ നൽകിക്കൊണ്ട് കരകൗശലത്തൊഴിലാളികളായ ഗുണഭോക്താക്കളെ പ്രോത്സാഹിപ്പിക്കുന്നു.

**എൻ.എം.ഡി.എഫ്.സി. പദ്ധതികൾ**

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | നിബന്ധനകളും വ്യവസ്ഥകളും |
|---|---|---|
| 1 | സ്വയം തൊഴിൽ വായ്പ – 1 | പരമാവധി വായ്പ തുക 20 ലക്ഷം രൂപ |
| | | പലിശ നിരക്ക്– 6% |
| | | തിരിച്ചടവ് കാലയളവ് – 60 മാസം |
| | | പ്രായപരിധി – 18 - 55 |
| | | വാർഷിക വരുമാനം – ഗ്രാമപ്രദേശങ്ങളിൽ 98,000 രൂപക്കും നഗരപ്രദേശങ്ങളിൽ 1,20,000 രൂപക്കും താഴെ |
| 2 | സ്വയം തൊഴിൽ വായ്പ – 2 | പരമാവധി വായ്പ തുക 30 ലക്ഷം രൂപ |
| | | പലിശ നിരക്ക് |
| | | പുരുഷൻ – 8% |
| | | സ്ത്രീ – 6% |
| | | കാലയളവ് – 60 മാസം |
| | | പ്രായപരിധി – 18 - 55 |
| | | വാർഷിക വരുമാനം – 6,00,000 രൂപ |
| 3 | വിദ്യാഭ്യാസ വായ്പ – 1 | പരമാവധി വായ്പാ തുക |
| | | ഇന്ത്യയിൽ പഠിക്കാൻ – 10 ലക്ഷം |

| | | |
|---|---|---|
| | | രൂപയിൽ പ്രതിവർഷം 3,00,000 രൂപ. |
| | | വിദേശത്ത് പഠിക്കാൻ – 20 ലക്ഷം രൂപയിൽ പ്രതിവർഷം 4,00,000 രൂപ. |
| | | പലിശ നിരക്ക് – 3% |
| | | കാലയളവ് – 60 മാസം |
| | | പ്രായപരിധി – 16 - 32 |
| | | വാർഷിക വരുമാനം – ഗ്രാമപ്രദേശങ്ങളിൽ 98,000 രൂപക്കും നഗരപ്രദേശങ്ങളിൽ 1,20,000 രൂപക്കും താഴെ |
| 4 | വിദ്യാഭ്യാസ വായ്പ – 2 | പരമാവധി വായ്പ തുക |
| | | ഇന്ത്യയിൽ പഠിക്കാൻ – 20 ലക്ഷം രൂപ. പ്രതിവർഷം 4,00,000 രൂപ. |
| | | വിദേശത്ത് പഠിക്കാൻ – 30 ലക്ഷം രൂപ പ്രതിവർഷം 6,00,000 രൂപ. |
| | | പലിശ നിരക്ക് |
| | | പുരുഷൻ – 8% |
| | | സ്ത്രീ – 5% |
| | | കാലയളവ് – 60 മാസം |
| | | പ്രായപരിധി – 16 - 32 |
| | | വാർഷിക വരുമാനം – 6,00,000 രൂപ |
| 5 | മൈക്രോ ക്രെഡിറ്റ് സ്കീമുകൾ (സി.ഡി.എസ്. / എൻ. ജി. ഒ. വഴി) | പരമാവധി തുക (സി.ഡി.എസ്. / എൻ. ജി. ഒ.): 50,00,000 രൂപ |
| | | സി. ഡി. എസ്. / എൻ. ജി. ഒ.കൾ ക്കുള്ള പലിശ നിരക്ക്: 3% |
| | | എസ്.എച്ച്.ജി.യുടെ ഗുണഭോക്താവിന് പലിശ നിരക്ക്: 5% |
| | | കാലയളവ് – 36 മാസം |

http://ksbcdc.com/index.php/nmdfc-schemes

## കെ.എസ്.ബി.സി.ഡി.സി. പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | നിബന്ധനകളും വ്യവസ്ഥകളും |
|---|---|---|
| 1 | വിവാഹ സഹായ പദ്ധതി | പരമാവധി വായ്പ തുക – 2 ലക്ഷം രൂപ |
| | | പലിശ നിരക്ക് – 6% |
| | | കാലയളവ് – 60 മാസം |
| | | പ്രായപരിധി – 18 - 60 |
| | | വാർഷിക വരുമാനം – 3,00,000 രൂപയ്ക്ക് താഴെ |
| 2 | സുവർണശ്രീ (വിവിധോദ്ദേശ്യമുള്ള വായ്പ) | പരമാവധി വായ്പ തുക - 3 ലക്ഷം രൂപ |
| | | പലിശ നിരക്ക് - 9 % |
| | | കാലയളവ് - 72 മാസം |
| | | പ്രായപരിധി – 18 - 55 |
| | | വാർഷിക വരുമാനം – 3,00,000 രൂപയ്ക്ക് താഴെ |
| 3 | പ്രവർത്തന മൂലധന വായ്പ | പരമാവധി വായ്പാ തുക - 3 ലക്ഷം രൂപ |
| | | പലിശ നിരക്ക് - 8 % |
| | | കാലയളവ് - 72 മാസം |
| | | പ്രായപരിധി – 18 - 55 |
| | | വാർഷിക വരുമാനം – 3,00,000 രൂപയ്ക്ക് താഴെ |
| 4 | ബിസിനസ് വികസന വായ്പ | പരമാവധി വായ്പ തുക - 5 ലക്ഷം രൂപ |
| | | പലിശ നിരക്ക് - 9 % |
| | | കാലയളവ് - 72 മാസം |
| | | പ്രായപരിധി – 18 - 60 |
| | | വാർഷിക വരുമാനം – 8,00,000 രൂപയ്ക്ക് താഴെ |
| 5 | വിദ്യശ്രീ വായ്പ | പരമാവധി വായ്പ തുക - 3 ലക്ഷം രൂപ |
| | | പലിശ നിരക്ക് - 6 % |
| | | കാലയളവ് - 60 മാസം |
| | | പ്രായപരിധി – 18 - 32 |
| | | വാർഷിക വരുമാനം – 3,00,000 രൂപയ്ക്ക് താഴെ |
| 6 | വാഹന വായ്പകൾ | പരമാവധി വായ്പ തുക - 8 ലക്ഷം രൂപ |
| | | പലിശ നിരക്ക് - 9 % |
| | | കാലയളവ് - 84 മാസം |

| | | |
|---|---|---|
| | | പ്രായപരിധി – 18 - 55 |
| | | വാർഷിക വരുമാനം – **8,00,000** രൂപയ്ക്ക് താഴെ |
| 7 | സ്വസ്ത ഗൃഹ (വീട് പരിപാലനം) വായ്പ | പരമാവധി വായ്പാ തുക - 5 ലക്ഷം രൂപ |
| | | പലിശ നിരക്ക് - 10 % |
| | | കാലയളവ് - 72 മാസം |
| | | പ്രായപരിധി – 18 - 55 |
| | | വാർഷിക വരുമാനം – **8,00,000** രൂപയ്ക്ക് താഴെ |
| 8 | വ്യക്തിഗത വായ്പ | പരമാവധി വായ്പാ തുക - 5 ലക്ഷം രൂപ |
| | | പലിശ നിരക്ക് - 11 % |
| | | കാലയളവ് - 72 മാസം |
| | | പ്രായപരിധി – 18 - 55 |
| | | വാർഷിക വരുമാനം – **8,00,000** രൂപയ്ക്ക് താഴെ |
| 9 | എന്റെ വീട് – ഭവന പദ്ധതി | പരമാവധി വായ്പ തുക - 5 ലക്ഷം രൂപ |
| | | പലിശ നിരക്ക് - 7.5 % |
| | | കാലയളവ് - 180 മാസം |
| | | പ്രായപരിധി – 18 - 55 |
| | | വാർഷിക വരുമാനം – **1,20,000** രൂപയ്ക്ക് താഴെ |
| 10 | എന്റെ വീട് – ഭവന പദ്ധതി (ക്രെഡിറ്റ് ലൈൻ – 2) | പരമാവധി വായ്പാ തുക - 10 ലക്ഷം രൂപ |
| | | പലിശ നിരക്ക് - 8 % |
| | | കാലയളവ് - 180 മാസം |
| | | പ്രായപരിധി – 18 - 55 |
| | | വാർഷിക വരുമാനം – **3,00,000** രൂപയ്ക്ക് താഴെ |
| 11 | ആശ്വാസ കിരണം | പരമാവധി വായ്പ തുക - 3 ലക്ഷം രൂപ |
| | | പലിശ നിരക്ക് - 8 % |
| | | കാലയളവ് - 60 മാസം |

http://ksbcdc.com/index.php/ksbcdc-schemes

# 4. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ

## ധനകാര്യ പദ്ധതികൾ

ക്രെഡിറ്റ് ലൈൻ 1: – വാർഷിക കുടുംബ വരുമാനം ഗ്രാമപ്രദേശങ്ങളിൽ പ്രതിവർഷം 98,000 രൂപയും നഗരപ്രദേശങ്ങളിൽ 1.20 ലക്ഷം രൂപയുമാണ്.

ക്രെഡിറ്റ് ലൈൻ 2: – പ്രതിവർഷം 6 ലക്ഷം രൂപ അധിക കുടുംബ വരുമാനം ഉള്ളവർക്കും ഈ പദ്ധതിയുടെ സൗകര്യം ലഭിക്കും.

ന്യൂനപക്ഷ സമുദായങ്ങളിലെ അംഗങ്ങൾക്കിടയിൽ സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയാണ് ഈ പദ്ധതി.

### തവണ വായ്പ

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ |
|---|---|---|
| 1 | ക്രെഡിറ്റ് ലൈൻ 1 – പരമാവധി വായ്പ | 20,00,000 രൂപ |
| 2 | ക്രെഡിറ്റ് ലൈൻ 2 – പരമാവധി വായ്പ | 30,00,000 രൂപ |
| 3 | അപേക്ഷകന്റെ പ്രായം | 18 നും 55 നും ഇടയിൽ |
| 4 | പലിശ നിരക്ക് | 6% |
| 5 | പിഴ പലിശ | 6% |
| 6 | മാനദണ്ഡം | അപേക്ഷകൻ ന്യൂനപക്ഷ സമുദായം |

## വിദ്യാഭ്യാസ വായ്പ പദ്ധതി

തൊഴിലധിഷ്ഠിത വിദ്യാഭ്യാസം സുഗമമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ന്യൂനപക്ഷങ്ങളിലെ ദുർബല വിഭാഗങ്ങൾക്കിടയിൽ ഈ വായ്പാപദ്ധതി അവതരിപ്പിച്ചത്.

യോഗ്യത

- അപേക്ഷകൻ 16–32 വയസ് പ്രായമുള്ളവരായിരിക്കണം.
- കോഴ്സുകൾ പരമാവധി 5 വർഷത്തിൽ കുറഞ്ഞതായിരിക്കണം.
- കോഴ്സിൽ നേടിയ പ്രവേശനമാണ് വായ്പ നേടുന്നതിനുള്ള അടിസ്ഥാന യോഗ്യത. എങ്കിലും, പ്രവേശനം പ്രതീക്ഷിച്ച് വായ്പയ്ക്കായി അപേക്ഷ നൽകാം. അതുപോലെ, പ്രവേശനം പ്രതീക്ഷിച്ച് വായ്പയും അനുവദിക്കാം.
- സ്ത്രീകൾക്കും ശാരീരിക വെല്ലുവിളി നേരിടുന്നവർക്കും മുൻഗണന നൽകും.
- യോഗ്യതയുള്ളവരിൽ നിന്ന് മികവിന്റെ അടിസ്ഥാനത്തിൽ ആണ് തിരഞ്ഞെടുക്കുന്നത്.

യോഗ്യതയുള്ള കോഴ്സുകൾ

- ഡിപ്ലോമ, ഡിഗ്രി കോഴ്സുകൾ ഉൾപ്പെടെയുള്ള ഏതൊരു സാങ്കേതിക / പ്രൊഫഷണൽ കോഴ്സുകൾക്കും ധനസഹായം നൽകുന്നു.
- കോഴ്സിന്റെ കാലാവധി അഞ്ച് വർഷത്തിൽ കൂടരുത്. ഹ്രസ്വകാല കോഴ്സുകളും തിരഞ്ഞെടുക്കാം.
- കോളേജ് / ഇൻസ്റ്റിറ്റ്യൂട്ട് കഴിഞ്ഞ 3 വർഷമായി പ്രവർത്തിക്കുന്നതായിരിക്കണം. കേന്ദ്ര / സംസ്ഥാന സർക്കാർ അല്ലെങ്കിൽ എ.ഐ.ടി.സി.ഇ. പോലുള്ള ഉചിതമായ അതോറിറ്റി അംഗീകരിച്ചിട്ടുള്ള കോഴ്സുകൾ ആയിരിക്കണം.

താഴെപ്പറയുന്ന ഇനങ്ങളുടെ ചെലവിന് വായ്പ അനുവദനീയമാണ് :

- പ്രവേശന ഫീസും ട്യൂഷൻ ഫീസും.
- കോഴ്സിന് ആവശ്യമായ പുസ്തകങ്ങൾ, ലേഖനസാമഗ്രികൾ, മറ്റ് ഉപകരണങ്ങൾ.
- പരീക്ഷാ ഫീസ്
- താമസ ചെലവുകൾ

| ക്രമ നമ്പർ | ഘടകങ്ങൾ | പദ്ധതിയുടെ വിശദാംശങ്ങൾ | |
|---|---|---|---|
| 1 | വായ്പാ തുക | വായ്പ 1 | വായ്പ 2 |
| | | ഇന്ത്യയിലെ പ്രൊഫഷണൽ അല്ലെങ്കിൽ തൊഴിൽ അധിഷ്ഠിത കോഴ്സുകൾക്ക് ഈ വായ്പ ലഭിക്കുന്നു. ഒരു ഗുണഭോക്താവിന് പരമാവധി 15 ലക്ഷം രൂപ വായ്പയായി ലഭിക്കുന്നു. പ്രതിവർഷം 3 ലക്ഷം വച്ച് പരമാവധി 5 വർഷത്തെ കാലാവധി. | ഇന്ത്യയിലെ പ്രൊഫഷണൽ അല്ലെങ്കിൽ തൊഴിൽ അധിഷ്ഠിത കോഴ്സുകൾക്ക് ഒരു ഗുണഭോക്താവിന് പരമാവധി 20 ലക്ഷം രൂപ, പ്രതിവർഷം 4 ലക്ഷം രൂപ കണക്കാക്കി പരമാവധി 5 വർഷത്തെ കാലാവധി. |
| | | വിദേശത്തുള്ള കോഴ്സുകൾക്ക് ഒരു ഗുണഭോക്താവിന് പരമാവധി 20 ലക്ഷം രൂപ വായ്പയായി ലഭിക്കുന്നു, പ്രതിവർഷം 4 ലക്ഷം കണക്കാക്കി പരമാവധി | വിദേശത്തുള്ള കോഴ്സുകൾക്ക് ഒരു ഗുണഭോക്താവിന് പരമാവധി 30 ലക്ഷം രൂപ ലഭ്യമാകുന്നു, പ്രതിവർഷം 6 ലക്ഷം കണക്കാക്കി പരമാവധി 5 |

| | | | |
|---|---|---|---|
| | | 5 വർഷത്തെ കാലാവധി. | വർഷത്തെ കാലാവധി. |
| 2 | ഗുണഭോക്താക്കൾക്കുള്ള പലിശ നിരക്ക് | പ്രതിവർഷം 3% | പ്രതിവർഷം 5% |
| 3 | ഗുണഭോക്താക്കൾക്കുള്ള തിരിച്ചടവ് കാലയളവ് | 5 വർഷം | 5 വർഷം |

**പദ്ധതി 3**

**മൈക്രോ ഫിനാൻസ് പദ്ധതി [എൻ.ജി.ഒ.കളിലൂടെയുള്ള വായ്പ]**

| ക്രമ നമ്പർ | ഘടകങ്ങൾ | പദ്ധതിയുടെ വിശദാംശങ്ങൾ | |
|---|---|---|---|
| 1 | വായ്പാ തുക | വായ്പ 1 | ഭവനവായ്പ 2 |
| | | സ്വയം സഹായ സംഘത്തിലെ ഒരു അംഗത്തിന് ഒരു ലക്ഷം രൂപ വരെ. | സ്വാശ്രയസംഘത്തിലെ ഒരു അംഗത്തിന് 1.5 ലക്ഷം രൂപ. സ്വാശ്രയ സംഘത്തിലെ 20 അംഗങ്ങളുള്ള ഒരു ഗ്രൂപ്പിന് 30 ലക്ഷം രൂപ |
| 2 | ഗുണഭോക്താക്കൾക്കുള്ള പലിശ നിരക്ക് | പരമാവധി 7% പ്രതിവർഷം | പരമാവധി 8% പ്രതിവർഷം |
| 3 | ഗുണഭോക്താക്കൾക്കുള്ള തിരിച്ചടവ് കാലയളവ് | 3 വർഷം | 3 വർഷം |
| 4 | ഉപയോഗ കാലയളവ് | 3 മാസം / 1 മാസം | 3 മാസം / 1 മാസം |
| 5 | അനുവദിക്കുന്ന തുക | ഒരു എൻ.ജി.ഒ./ ഫെഡറേഷന് 25 ലക്ഷം രൂപ. കഴിഞ്ഞ രണ്ട് വർഷമായി 100% ട്രാക്ക് റെക്കോർഡുള്ള സംഘടനയുടെ കാര്യത്തിൽ ഈ പരിധി 50 ലക്ഷം. | ഒരു എൻ.ജി.ഒ. / ഫെഡറേഷന് 25 ലക്ഷം രൂപ. കഴിഞ്ഞ രണ്ട് വർഷമായി 100% ട്രാക്ക് റെക്കോർഡുള്ള സംഘടനയുടെ കാര്യത്തിൽ ഈ പരിധി 50 ലക്ഷം |

**പിന്നാക്ക വിഭാഗങ്ങൾക്കുള്ള പദ്ധതികൾ (എൻ.ബി.സി. എഫ്. ഡി. സി.യിൽ നിന്നുള്ള സാമ്പത്തിക സഹായം)**

പിന്നാക്ക വിഭാഗങ്ങളിലെ സ്ത്രീകൾക്ക് ഒരു സംരംഭം ആരംഭിക്കുന്നതിനും / വികസിപ്പിക്കുന്നതിനും വായ്പ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു.

## പദ്ധതി 1

### തവണ വായ്പ

- അപേക്ഷകൻ പിന്നാക്ക വിഭാഗത്തിൽപ്പെട്ട ആളായിരിക്കണം.
- അപേക്ഷകൻ ഏതെങ്കിലും കോർപ്പറേഷൻ / ബാങ്ക് / ഏജൻസിയുടെ ഏതെങ്കിലും പദ്ധതിക്ക് കീഴിൽ സ്വയം തൊഴിൽ വായ്പയുടെ ഗുണഭോക്താവാകരുത്.

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ |
|---|---|---|
| 1 | വാർഷിക കുടുംബ വരുമാനം | 3,00,000 രൂപയിൽ താഴെ |
| 2 | പ്രായം | 18 നും 55 നും ഇടയിൽ |
| 3 | പരമാവധി വായ്പ | പദ്ധതി ചെലവിന്റെ 85% അല്ലെങ്കിൽ 10,00,000 രൂപ |
| പലിശ നിരക്ക് | | |
| 4 | 5 ലക്ഷം രൂപ വരെ | പ്രതിവർഷം 6% |
| 5 | 5 ലക്ഷം രൂപയ്ക്ക് മുകളിൽ | പ്രതിവർഷം 8% |

### പിന്നാക്ക വിഭാഗങ്ങൾക്കായുള്ള വിദ്യാഭ്യാസ വായ്പ പദ്ധതി

ബിരുദം/ഉയർന്ന തലങ്ങളിൽ പ്രൊഫഷണൽ/സാങ്കേതിക വിദ്യാഭ്യാസം നേടുന്നതിന് പിന്നാക്ക വിഭാഗങ്ങളിലെ അംഗങ്ങൾക്ക് വിദ്യാഭ്യാസ വായ്പ നൽകുന്നു.

- അപേക്ഷകൻ ഏതെങ്കിലും പ്രൊഫഷണൽ / ടെക്നിക്കൽ കോഴ്സുകളിൽ പ്രവേശനം നേടിയിരിക്കണം. ഉദാ: അംഗീകാരമുള്ള എ. ഐ .സി .ടി .ഇ., മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ, യു.ജി.സി. കോഴ്സുകൾ.
- സ്ത്രീകൾ, ശാരീരിക വൈകല്യമുള്ളവർ, ജവാന്റെ വിധവകളെ ആശ്രയിക്കുന്നവർ എന്നിവർക്ക് മുൻഗണന നൽകുന്നു.

- വിദൂര വിദ്യാഭ്യാസം / ഓഫ്-കാമ്പസ് പ്രോഗ്രാമുകൾ ഈ പദ്ധതിക്ക് കീഴിൽ ഉൾപ്പെടുന്നില്ല.

| | |
|---|---|
| വാർഷിക വരുമാനം | • ഗ്രാമപ്രദേശം 98,000 രൂപയ്ക്ക് താഴെ<br>• നഗരപ്രദേശം 1,20,000 രൂപയ്ക്ക് താഴെ |
| പ്രായപരിധി | 16−32 |

**കോഴ്സുകൾ**

എ.ഐ.സി.ടി.ഇ., മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ, യു.ജി.സി. തുടങ്ങി അതോറിറ്റി അംഗീകരിച്ച ബിരുദ, ഉയർന്ന തലത്തിലുള്ള എല്ലാ പ്രൊഫഷണൽ, സാങ്കേതിക കോഴ്സുകളും.

താഴെപ്പറയുന്ന ഇനങ്ങളുടെ ചെലവിന് വായ്പ അനുവദനീയമാണ്

- പ്രവേശന ഫീസും ട്യൂഷൻ ഫീസും
- കോഴ്സിന് ആവശ്യമായ പുസ്തകങ്ങൾ, ലേഖന സാമഗ്രികൾ (സ്റ്റേഷനറി), മറ്റ് ഉപകരണങ്ങൾ
- പരീക്ഷാ ഫീസ്
- താമസ ചെലവുകൾ
- വായ്പാ കാലയളവിൽ ഇൻഷുറൻസ്
- വിദേശത്ത് പോയി പഠിക്കുന്നതിനുള്ള യാത്രാ ചെലവുകൾ

| ക്രമ | വിഷയങ്ങൾ | വിശദാംശങ്ങൾ |
|---|---|---|

| നമ്പർ | | |
|---|---|---|
| 1 | പരമാവധി വായ്പ (ഇന്ത്യയിലെ പഠനത്തിന്) | കോഴ്സിന്റെ 90% അല്ലെങ്കിൽ പരമാവധി 10 ലക്ഷം രൂപ |
| 2 | പരമാവധി വായ്പ (വിദേശത്തുള്ള പഠനത്തിന്) | കോഴ്സിന്റെ 85% അല്ലെങ്കിൽ പരമാവധി 20 ലക്ഷം രൂപ |
| 3 | പലിശ നിരക്ക് | 3.5% |

**കാലാവധി**

മോറട്ടോറിയം: കോഴ്സ് പൂർത്തിയായതിന് ശേഷം തിരിച്ചടവ് ആരംഭിക്കുന്നതിന് ആറുമാസത്തേക്ക് കൂടി

**വിദ്യാഭ്യാസ വായ്പകളുടെ സുരക്ഷയും നിരീക്ഷണവും**

വായ്പയുടെ സുരക്ഷ, വിദ്യാർത്ഥികളെ ട്രാക്കുചെയ്യൽ, വായ്പാ കാലയളവിൽ അവരുടെ പഠന പുരോഗതി എന്നിവ എസ്. സി. എ.കൾ ഉറപ്പാക്കും.

**പട്ടിക വിഭാഗങ്ങൾക്കായുള്ള (എൻ.എസ്.എഫ്.ഡി.സി. സ്കീമുകൾ) വായ്പ പദ്ധതികൾ**

**പദ്ധതി 1**

**സ്വയം തൊഴിൽ വായ്പ പദ്ധതി**

പട്ടിക വിഭാഗങ്ങളിലെ, വനിതാ അംഗങ്ങൾക്ക് വായ്പ അനുവദിക്കും.

| ക്രമ | വിഷയങ്ങൾ | വിശദാംശങ്ങൾ |
|---|---|---|

| നമ്പർ | | |
|---|---|---|
| 1 | കുടുംബ വരുമാനം | 3,00,000 രൂപയിൽ താഴെ |
| 2 | പ്രായപരിധി | 18–55 |
| 3 | പരമാവധി വായ്പ | 3,00,000 രൂപ |
| 4 | പലിശ | പ്രതിവർഷം 6% |
| 5 | പിഴ പലിശ | 60 തുല്യ പ്രതിമാസ തവണകളായി 6% |
| 6 | കാലാവധി | 36 മാസം |

**പദ്ധതി 2**

| ക്രമ നമ്പർ | **വിഷയങ്ങൾ** | **വിശദാംശങ്ങൾ** |
|---|---|---|
| 1 | പരമാവധി വായ്പ (ഇന്ത്യയിലെ പഠനത്തിന്) | പരമാവധി 10 ലക്ഷം രൂപ |
| 2 | പരമാവധി വായ്പ (വിദേശത്തുള്ള പഠനത്തിന്) | പരമാവധി 20 ലക്ഷം രൂപ |
| 3 | പലിശ നിരക്ക് | 4% |

**കാലാവധി**

മോറട്ടോറിയം: കോഴ്സ് പൂർത്തിയാക്കി ആറുമാസം വരെ വായ്പ തിരിച്ചടവിന് മോറട്ടോറിയം ലഭിക്കും.

**മൈക്രോ ഫിനാൻസ് പദ്ധതി**

**പദ്ധതി 1**

**എസ്.എച്ച്.ജി.കളിലൂടെ മൈക്രോ ഫിനാൻസിംഗ്**

- ചെറുകിട സംരംഭകരുടെ വളരെ ചെറിയ ധനകാര്യ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി എസ്.എച്ച്.ജി.കളിലൂടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

- ഒരു എസ്.എച്ച്.ജി. / എൻ. ജി. ഒ.യിൽ 75% അംഗങ്ങൾ പിന്നോക്ക വിഭാഗങ്ങളിൽ നിന്നും, ശേഷിക്കുന്ന 25% അംഗങ്ങൾ എസ്. സി. / എസ്.ടി. / വികലാംഗർ ഉൾപ്പെടെയുള്ള മറ്റ് ദുർബല വിഭാഗങ്ങളിൽ നിന്നും ഉള്ളവരാകാം.

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ |
|---|---|---|
| 1 | വാർഷിക കുടുംബ വരുമാനം | നഗരപ്രദേശങ്ങളിൽ 1,20,000 രൂപയിലും ഗ്രാമപ്രദേശങ്ങളിൽ 98,000 രൂപയിലും താഴെ |
| 2 | പരമാവധി വായ്പ | 10,00,000 രൂപ |
| 3 | ധനകാര്യ വിഹിതം, എൻ. ബി. സി. എഫ്. ഡി. സി. : കെ. എസ്.ഡബ്ല്യു.ഡി.സി. : ഗുണഭോക്താക്കളുടെ സംഭാവന | 90 : 5 : 5 |
| 4 | പലിശ നിരക്ക് | പ്രതിവർഷം 4% |
| 5 | പിഴ പലിശ | പ്രതിവർഷം 6% |
| 6 | കാലാവധി | 48 മാസത്തിനുള്ളിൽ ത്രൈമാസ തവണകളായി |

**മുന്നാക്ക വിഭാഗങ്ങൾക്കുള്ള പദ്ധതികൾ (സംസ്ഥാന സർക്കാരിൽ നിന്നുള്ള സാമ്പത്തിക സഹായം)**

- ഭൂമിയുടെ ആധാരം അല്ലെങ്കിൽ ഉദ്യോഗസ്ഥജാമ്യം ഗ്യാരന്റിയായി കണക്കാക്കി വായ്പ നൽകുന്നു
- വരുമാനം ഉണ്ടാക്കുന്ന ഏതൊരു പദ്ധതിക്കും വായ്പയ്ക്ക് അർഹതയുണ്ട്.
- 95% സംസ്ഥാന സർക്കാരിന്റെ പദ്ധതി പ്രകാരവും, ബാക്കി 5% ഗുണഭോക്തൃ സംഭാവനയായും.

https://kswdc.org/loan-scheme/

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ |
|---|---|---|
| 1 | വാർഷിക കുടുംബ വരുമാനം | നഗരങ്ങളിൽ 1,03,000 രൂപക്കും ഗ്രാമപ്രദേശങ്ങളിൽ 81,000 രൂപക്കും താഴെ |
| 2 | പ്രായപരിധി | 18–55 |
| 3 | പരമാവധി വായ്പ | 3,00,000 രൂപ |
| 4 | പലിശ | പ്രതിവർഷം 6% |
| 5 | പിഴപലിശ | 60 തുല്യ പ്രതിമാസ തവണകളായി 6% |

# 5. കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡ്

http://matsyafed.in

കേരളത്തിലെ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ വികസനം ഉറപ്പാക്കുകയാണ് ഫെഡറേഷന്റെ ലക്ഷ്യം.

**ലക്ഷ്യങ്ങൾ**

- മത്സ്യബന്ധനോപകരണങ്ങൾ മിതമായ വിലയിൽ ലഭ്യമാക്കുക.
- മത്സ്യത്തിന്റെയും മത്സ്യോൽപ്പന്നങ്ങളുടെയും ഉൽപ്പാദനവും സംഭരണവും വിപണനവും.
- ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും മത്സ്യത്തൊഴിലാളികളെ മോചിപ്പിക്കുക
- സഹകരണസംഘങ്ങളിലെ തൊഴിലാളികൾക്ക് മത്സ്യബന്ധനം, സംസ്കരണം, വിപണനം തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകി സജ്ജരാക്കുക.
- മത്സ്യമേഖലയിലെ ഉത്പാദനക്ഷമതയും ഗുണനിലവാരവും വർധിപ്പിക്കുക.
- സാമ്പത്തികസ്ഥാപനങ്ങളുമായുള്ള സഹകരണത്തിലൂടെ ധനലഭ്യത ഉറപ്പുവരുത്തുക.
- മൽസ്യം, ചെമ്മീൻ എന്നിവയുടെ ഉത്പാദനം വർധിപ്പിക്കുക.
- മത്സ്യബന്ധന യാനങ്ങൾക്ക് ആവശ്യമായ ഔട്ട് ബോർഡ്/ ഇൻ ബോർഡ് എഞ്ചിനുകൾ ലഭ്യമാക്കുക.
- മത്സ്യബന്ധനത്തിനാവശ്യമായ ഇന്ധനം (ഡീസലും മണ്ണെണ്ണയും) തൊഴിലാളികൾക്ക് നേരിട്ട് ലഭ്യമാക്കുക.

- അനൗപചാരിക വായ്പാ സംവിധാനങ്ങൾ ഇല്ലാതാക്കി മത്സ്യവില്പനക്കാരായ സ്ത്രീകൾക്ക് പലിശരഹിത വായ്പ നൽകുക.

**എൻ. ബി. സി. എഫ് .ഡി. സി., എൻ.എം.ഡി.എഫ്.സി. സ്വയം തൊഴിൽ വായ്പ പദ്ധതികൾ**

പിന്നാക്ക വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കാര്യത്തിൽ എൻ.ബി.സി.എഫ്.ഡി.സി. യും, ന്യൂനപക്ഷ സമുദായങ്ങളിൽപ്പെട്ടവരുടെ കാര്യത്തിൽ എൻ.എം.ഡി.എഫ്.സി. യും പദ്ധതിച്ചെലവിന്റെ 85% ധനസഹായമായി നൽകുന്നു. പദ്ധതി ചെലവിന്റെ 10% (സംസ്ഥാന ചാനലിംഗ് ഏജൻസിയുടെ വിഹിതം) സംസ്ഥാന സർക്കാർ വഹിക്കുന്നു.

**സ്വയം സഹായ ഗ്രൂപ്പുകൾ (എസ്.എച്ച്.ജി.), വനിതാ ശാക്തീകരണം, മൈക്രോ ക്രെഡിറ്റ്**

മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് അവരുടെ കുടുംബാംഗങ്ങൾക്കിടയിൽ സ്വയം സഹായ ഗ്രൂപ്പുകൾ രൂപവത്കരിക്കുന്നതിന് തുടക്കം കുറിക്കുകയും മൈക്രോ എന്റർപ്രൈസസ് സ്ഥാപിക്കാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ദേശീയ പിന്നാക്ക വിഭാഗ വികസന ധനകാര്യ കോർപ്പറേഷൻ (എൻ. ബി. സി. എഫ്. ഡി. സി.), ദേശീയ ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി.) എന്നിവയിലൂടെ പ്രതിവർഷം 6% പലിശയ്ക്ക് എസ്.എച്ച്.ജി.കൾക്ക് വായ്പ ലഭ്യമാക്കുന്നു. സംസ്ഥാന സർക്കാരിന്റെ പിന്തുണയോടെ മത്സ്യക്കച്ചവടക്കാർക്ക് പലിശ രഹിത വായ്പകളും ലഭ്യമാക്കുന്നു.

# 6. ദേശീയ തൊഴിൽ സേവനങ്ങൾ – കേരളം

https://employment.kerala.gov.in/about-us/

## രജിസ്റ്റർ ചെയ്ത തൊഴിലില്ലാത്തവർക്കുള്ള കേരള സ്വയം തൊഴിൽ പദ്ധതി

**(KSRU)**

https://employment.kerala.gov.in/kesru/

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ | മുൻഗണന |
|---|---|---|---|
| 1 | പരമാവധി വായ്പ | 1,00,000 രൂപ | 1.പ്രൊഫഷണൽ / സാങ്കേതിക യോഗ്യതയുള്ളവർ<br>2.ഐടിഐ / ഐടിസി പഠിച്ചവർ<br>3.ബിരുദം നേടിയ സ്ത്രീകൾ<br>4.തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നവർ |
| 2 | തൊഴിൽ വകുപ്പ് വഴി സർക്കാർ സബ്സിഡി | വായ്പയുടെ 20% | |
| 3 | ഗ്യാരൻറി | ഗുണഭോക്താവിന്റെ പങ്കാളിയോ മാതാപിതാക്കളോ | |
| 4 | ഗുണഭോക്തൃ സംഭാവന | നിർബന്ധമല്ല | |
| 5 | പ്രായപരിധി | 21 - 50 (തൊഴിൽരഹിതർ മാത്രം) | |
| 6 | വാർഷിക കുടുംബ വരുമാനം | 1,00,000 രൂപ കവിയരുത് | |

### നടപ്പാക്കൽ

രജിസ്റ്റർ ചെയ്തിട്ടുള്ള പദ്ധതിയുടെ റിപ്പോർട്ടും വരുമാന സർട്ടിഫിക്കറ്റും സഹിതമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. കെ.എസ്.ആർ.യു.വിന്റെ ജില്ലാ സമിതി സൂക്ഷ്മ പരിശോധന നടത്തിയ ശേഷം അനുമതി നൽകും.

കെ.എസ്.ആർ.യു.വിന്റെ ഗുണഭോക്താക്കൾ തൊഴിലില്ലായ്മ വേതനത്തിനും, താത്കാലിക ഒഴിവുകൾക്കും അർഹരല്ല; പക്ഷേ സ്ഥിരം ഒഴിവുകളിലേക്ക് അവർക്ക് അപേക്ഷിക്കാം.

## വിവിധോദ്ദേശ്യമായ സേവന കേന്ദ്രങ്ങൾ / തൊഴിൽ കൂട്ടായ്മ

## (എം പി ജെ സി)

https://employment.kerala.gov.in/mpsc-jc/

അസംഘടിത മേഖലയിലെ സംരംഭങ്ങളുടെ വികസനത്തിനായി ഗ്രൂപ്പ് അധിഷ്ഠിത സ്വയം തൊഴിൽ പദ്ധതിയായ എം.പി.ജെ.സി. 2007 ൽ രൂപവത്കരിച്ചു.

2 മുതൽ 5 വരെ അംഗങ്ങളുള്ള സ്വയം തൊഴിൽ സംഘത്തിന് സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പ നൽകുന്നു.

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ | മുൻഗണന |
|---|---|---|---|
| 1 | പരമാവധി വായ്പ | 10,00,000 രൂപ | 1.പ്രൊഫഷണൽ / സാങ്കേതിക യോഗ്യത<br>2. അനുഭവജ്ഞാനം<br>3.ഐടിഐ / ഐടിസി<br>4.പോളിടെക്നിക് യോഗ്യതയുള്ളവർ<br>5.ബിരുദം നേടിയ സ്ത്രീകൾ<br>6.തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നവർ |
| 2 | തൊഴിൽ വകുപ്പ് വഴി സർക്കാർ സബ്സിഡി | 25% (പരമാവധി 2,00,000 രൂപ) | |
| 3 | പ്രായപരിധി | 21 - 50 (തൊഴിൽരഹിതർ മാത്രം) | |
| 4 | വാർഷിക കുടുംബ വരുമാനം | 1,00,000 രൂപ കവിയരുത് | |

ഉയർന്ന പ്രായപരിധിയിൽ ഒബിസി അപേക്ഷകർക്ക് മൂന്ന് വർഷവും എസ്.സി. / എസ്.ടി. / പി.എച്ച്. അപേക്ഷകർക്ക് 5 വർഷവും ഇളവ് ലഭിക്കുന്നു.

### നടപ്പാക്കൽ

രജിസ്റ്റർ ചെയ്തിട്ടുള്ള പദ്ധതിയുടെ റിപ്പോർട്ടും വരുമാന സർട്ടിഫിക്കറ്റും സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്. സൂക്ഷ്മപരിശോധന നടത്തിയ ശേഷം എം. പി. എസ്.സി. / ജെ.സി.യുടെ ജില്ലാ കമ്മിറ്റിയാണ് അനുമതി നൽകുന്നത്.

പദ്ധതിയുടെ ഗുണഭോക്താക്കൾ തൊഴിലില്ലായ്മ വേതനത്തിനും, താത്കാലിക ഒഴിവുകൾക്കും അർഹരല്ല; പക്ഷേ സ്ഥിരം ഒഴിവുകളിലേക്ക് അവർക്ക് അപേക്ഷിക്കാം.

തൊഴിൽ കൂട്ടായ്മയിലെ എല്ലാ അംഗങ്ങളുടെയും പേരിലുള്ള ഒരു സംയുക്ത വായ്പാ അക്കൗണ്ടിൽ പദ്ധതി ചെലവിന്റെ 10% ഗുണഭോക്താവ് അടയ്ക്കണം. വായ്പ അനുവദിക്കുന്നത് സംബന്ധിച്ച് ധനകാര്യ സ്ഥാപനം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറെ അറിയിക്കും. ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ സബ്സിഡി തുക ഗുണഭോക്താക്കളുടെ വായ്പാ അക്കൗണ്ടിലേക്ക് അയയ്ക്കും.

## ശരണ്യ – നിരാലംബരായ സ്ത്രീകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി

https://employment.kerala.gov.in/saranya/

പിന്നാക്കക്കാരും നിരാലംബരുമായ സ്ത്രീകളുടെ പുരോഗമനം സംബന്ധിച്ച് സംസ്ഥാന സർക്കാർ അവതരിപ്പിച്ച പദ്ധതിയാണിത്.

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ |
|---|---|---|
| 1 | പലിശരഹിത വായ്പ | 50,000 രൂപ വരെ |
| 2 | സർക്കാർ സബ്സിഡി | 50% |
| 3 | കാലാവധി | 60 തുല്യ പ്രതിമാസ തവണകൾ |
| 4 | 50,000 രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് | തുകയുടെ 10% ഗുണഭോക്തൃ സംഭാവന, അമ്പതിനായിരത്തിനു മുകളിലുള്ള തുകയ്ക്ക് 3% നിരക്കിൽ പലിശ |
| 5 | പ്രായപരിധി | 18 - 55 (അവിവാഹിതരുടെ കാര്യത്തിലൊഴികെ) |
| 6 | വാർഷിക വരുമാനം | 1,00,000 രൂപ കവിയാൻ പാടില്ല |

- തൊഴിൽ രഹിതരായ വിധവകൾ, വിവാഹമോചിതർ, ഭർത്താവിനാൽ

ഉപേക്ഷിക്കപ്പെടുകയോ / ഭർത്താവ് കാണാതാകുകയോ ചെയ്ത സ്ത്രീകൾ, 30 വയസ്സിനു മുകളിലുള്ള അവിവാഹിതയായ സ്ത്രീ, പട്ടികജാതിയിലെ അവിവാഹിതരായ അമ്മമാർ എന്നിവർക്ക് വേണ്ടിയാണ് ഈ പദ്ധതി.

- പ്രൊഫഷണൽ / സാങ്കേതിക യോഗ്യതയുള്ളവർക്ക് മുൻഗണന നൽകുന്നതാണ്.
- ഈ സംയുക്ത സംരംഭത്തിലെ ഓരോ വ്യക്തിക്കും പരമാവധി വായ്പയും അതിന്റെ സബ്സിഡിയും ലഭിക്കും.
- വായ്പാ തുകയ്ക്ക് പ്രത്യേക ജാമ്യം ആവശ്യമില്ല.

**നടപ്പാക്കൽ**

പദ്ധതിയുടെ റിപ്പോർട്ടും വരുമാന സർട്ടിഫിക്കറ്റും സഹിതം ആണ് അപേക്ഷ സമർപ്പിക്കേണ്ടത്. വായ്പ അനുവദിക്കുന്നതിനായി ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ ജില്ലാ കമ്മിറ്റിക്ക് സൂക്ഷ്മപരിശോധന ചെയ്ത അപേക്ഷകൾ സമർപ്പിക്കുന്നു.

വായ്പാ തുക എംപ്ലോയ്മെൻറ് ഡിപ്പാർട്ട്മെന്റിൽ നിന്ന് അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് അയയ്ക്കുന്നു. ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ സ്ഥിര ഒഴിവിലേക്ക് മാത്രമാണ് പരിഗണിക്കുന്നത്.

തുടർച്ചയായി 3 തവണ തിരിച്ചടവിൽ വീഴ്ച വരുത്തിയാൽ ഗുണഭോക്താവിന് നോട്ടീസ് നൽകുന്നു, മറുപടി ലഭിക്കാത്തപക്ഷം വായ്പാ തുക, പലിശ സഹിതം ഈടാക്കുന്നതാണ്. അനുവദിച്ച തുക വകമാറ്റി ചെലവഴിക്കുകയാണെങ്കിൽ വായ്പാ തുക സബ്സിഡി സഹിതം ഗുണഭോക്താവിൽ നിന്ന് ഈടാക്കുന്നതാണ്.

കൈവല്യ – വിഭിന്ന ശേഷിക്കാർക്കായുള്ള സമഗ്ര തൊഴിൽ സഹായം
https://employment.kerala.gov.in/kaivalya/

2016 മുതൽ വിഭിന്ന ശേഷിക്കാർക്കായുള്ള പുനരധിവാസ പദ്ധതി തൊഴിൽ വകുപ്പ് നടപ്പാക്കുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുന്ന നാല് ഘടകങ്ങൾ :-

| ക്രമ നമ്പർ | ഘടകങ്ങൾ |
|---|---|
| 1 | തൊഴിൽപരമായ മാർഗ്ഗനിർദ്ദേശം |
| 2 | ശേഷി വർദ്ധിപ്പിക്കൽ |
| 3 | മത്സരപരീക്ഷകൾക്കായി കോച്ചിംഗ് ക്ലാസുകൾ |
| 4 | സ്വയം തൊഴിൽ സംരംഭങ്ങൾക്കായി പലിശ രഹിത വായ്പ |

**I) തൊഴിൽപരമായ മാർഗ്ഗനിർദ്ദേശം**

തൊഴിൽ സംബന്ധിച്ച മാർഗ്ഗനിർദ്ദേശ ക്ലാസുകൾ, പ്രചോദനം, തൊഴിൽ അവസരങ്ങളെ കുറിച്ചും സേവനങ്ങളെ കുറിച്ചുമുള്ള വിവരങ്ങൾ, ശാരീരിക വെല്ലുവിളികൾക്കുള്ള ആനുകൂല്യങ്ങൾ എന്നിവ ഈ പദ്ധതി മുഖേന നൽകുന്നു. ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കായുള്ള പ്രത്യേക സ്കൂളുകൾ, സർക്കാരിതര സംഘടനകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ചാണ് മേൽപ്പറഞ്ഞ സേവനങ്ങൾ നൽകുന്നത്.

**II) കാര്യക്ഷമത വർദ്ധിപ്പിക്കൽ**

തൊഴിൽ ലഭിക്കുന്നതിനുള്ള സോഫ്റ്റ് സ്കിൽ പരിശീലനം, ഉദ്യോഗാർത്ഥികൾക്കിടയിൽ സംരംഭകത്വം വികസിപ്പിക്കുന്നതിന് ഉള്ള പരിശീലനം എന്നിവ നൽകുന്നു.

**III) മത്സര പരീക്ഷകൾക്കുള്ള പരിശീലനം**

സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖല സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ തൊഴിലവസരങ്ങൾക്കായുള്ള മത്സരപരീക്ഷകൾക്കുള്ള പരിശീലനം ഈ പരിപാടിയിൽ ഉൾപ്പെടുന്നു.

**IV) സ്വയം തൊഴിൽ സംരംഭങ്ങൾ**

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ |
|---|---|---|
| 1 | പ്രായപരിധി | 21 - 55 |
| 2 | വാർഷിക കുടുംബ വരുമാനം | 2 ലക്ഷം കവിയരുത് |
| 3 | വായ്പ | 50,000 രൂപ (പദ്ധതിയുടെ പ്രവർത്തനക്ഷമതയ്ക്ക് വിധേയമായി ഒരു ലക്ഷം വരെ അനുവദിക്കും) |
| 4 | സബ്സിഡി | 50% |

- എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത വ്യക്തിയായിരിക്കണം
- അപേക്ഷകർക്ക് വായിക്കാനും എഴുതാനും കഴിയണം.
- അപേക്ഷകന് സ്വയം പരിപാലിക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ അവരുടെ പിതാവ് / അമ്മ / മകൻ / മകൾ / ഭർത്താവ് / ഭാര്യയെ സ്വയം തൊഴിൽ വായ്പകൾ നേടാൻ അനുവദിക്കുന്നതാണ്.
- സ്വയം തൊഴിൽ വായ്പ ലഭിക്കുന്ന അപേക്ഷകനെ തൊഴിലില്ലായ്മ സഹായ പദ്ധതിയിൽ നിന്ന് ഒഴിവാക്കുന്നു.
- എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സ്ഥിര ഒഴിവുകളിലേക്ക് നാമനിർദ്ദേശം ചെയ്യുന്നതിനും ഗുണഭോക്താക്കൾക്ക് അർഹതയുണ്ട്.
- അപേക്ഷകർക്ക് സംയുക്ത സംരംഭങ്ങൾക്കും സ്വയം തൊഴിൽ വായ്പ ലഭിക്കും.
- അനുവദിച്ച തുകയ്ക്ക് പലിശ ഈടാക്കില്ല.
- അപേക്ഷാ ഫോം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് ലഭിക്കുന്നതാണ്.

**നവജിവൻ യോജന – മുതിർന്ന പൗരന്മാർക്ക് സ്വയം തൊഴിൽ പദ്ധതി**

https://employment.kerala.gov.in/2021/01/13/navajeevan/

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മുതിർന്ന പൗരന്മാർക്കുള്ള (50-65) സ്വയം തൊഴിൽ പദ്ധതി.

| പ്രായ പരിധി | വ്യക്തിഗത വാർഷിക വരുമാനപരിധി | പരമാവധി വായ്പ | സബ്സിഡി | മുൻഗണന | നടപ്പിലാക്കുന്ന സ്ഥാപനങ്ങൾ |
|---|---|---|---|---|---|
| 50 - 65 | ഒരു ലക്ഷം | 50,000 രൂപ | 2<br>5% | • തൊഴിൽ രജിസ്ട്രേഷൻ കൃത്യസമയത്ത് പുതുക്കുന്നവർ<br>• ആകെവായ്പയുടെ 25% സ്ത്രീകൾക്കായി മാറ്റി വച്ചിരിക്കുന്നു. (55 വയസ്സിന് മുകളിൽ പ്രായമുള്ള വിധവകൾക്കും വികലാംഗർക്കും മുൻഗണന)<br>• അനുവദനീയമായ വായ്പയുടെ 25% ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ. | • ദേശീയ / ഷെഡ്യൂൾഡ് ബാങ്കുകൾ<br>• സംസ്ഥാന / ജില്ലാ സഹകരണ ബാങ്കുകൾ<br>• കേരള ബാങ്ക്<br>• കെ എസ് എഫ് ഇ<br>• പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങൾ |

- തിരിച്ചടവും പലിശയും ധനകാര്യ സ്ഥാപനങ്ങളുടെ നിയമങ്ങൾക്ക് വിധേയമാണ്.
- അനുവദിച്ച വായ്പയുടെ ജാമ്യം ക്രെഡിറ്റ് ഗ്യാരണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 7. സമുന്നതി

https://www.kswcfc.org

**ലക്ഷ്യങ്ങൾ**

- കേരളത്തിലെ മുന്നോക്ക സമുദായങ്ങൾക്കിടയിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ സമഗ്രവികസനവും ക്ഷേമവുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

- വിദ്യാഭ്യാസനില, ജീവിത സാഹചര്യങ്ങൾ, സമഗ്രവികസനം, ഉപജീവനമാർഗങ്ങൾ എന്നിവ മെച്ചപ്പെടുത്തുക.
- സാമ്പത്തികമായി പിന്നാക്കാവസ്ഥയിലുള്ള അംഗങ്ങൾക്ക് വിദ്യാഭ്യാസ വായ്പകൾ മിതമായ പലിശ നിരക്കിൽ നൽകി പ്രൊഫഷണൽ, ബിരുദ, ബിരുദാനന്തര ബിരുദ, ടെക്നിക്കൽ കോഴ്സുകൾ പഠിക്കാൻ സഹായിക്കുക.
- യോഗ്യതയുള്ളവരും അർഹരുമായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുക, ആവശ്യമെങ്കിൽ വിദ്യാഭ്യാസ, സാങ്കേതിക സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുക.
- സംരംഭങ്ങളും, മറ്റ് സ്വയം തൊഴിൽ മാർഗ്ഗങ്ങളും തുടങ്ങുന്നതിനു സാമ്പത്തിക സഹായം നൽകുക.

## സംരംഭ സമുന്നതി (പലിശ സഹായ പദ്ധതികൾ)

http://www.kswcfc.org/index.php/go-s/9-uncategorised/107-shgs-jlgs-2017-18

| | |
|---|---|
| എസ്എച്ച്ജി / ജെ.എൽ.ജി.ക്ക് പരമാവധി വായ്പ | 6 ലക്ഷം രൂപ |
| പലിശ | 4% |
| വാർഷിക വരുമാനം | 2 ലക്ഷം (കവിയാൻ പാടില്ല) |

## യോഗ്യതാ വ്യവസ്ഥകൾ

- സ്വയം സഹായ സംഘങ്ങൾ (എസ്. എച്ച്. ജി.) / ജോയിൻറ് ലയബിലിറ്റി ഗ്രൂപ്പ് (ജെ. എൻ. ജി.) എന്നിവ സന്നദ്ധ സംഘത്തിലേക്ക് സമർപ്പിക്കുന്ന അപേക്ഷകൾ അവർ കോർപ്പറേഷന് കൈമാറുന്നു.
- ഗ്രൂപ്പ് അംഗങ്ങൾ കേരളീയരായ മുന്നോക്ക സമുദായങ്ങളിൽ നിന്നുള്ളവരായിരിക്കണം.
- അപേക്ഷകർ ഇതേ പദ്ധതിക്കായി മറ്റ് ആനുകൂല്യങ്ങളൊന്നും നേടുന്നില്ലെന്ന് ഉറപ്പുവരുത്തണം
- 2014–15 സാമ്പത്തിക വർഷത്തിൽ ലഭിച്ച വായ്പകൾക്ക് മാത്രമേ ഈ പദ്ധതിക്ക് അർഹതയുള്ളൂ.

### പലിശ സഹായം നേടുന്നതിനുള്ള നിബന്ധനകൾ

- ഒരു യൂണിറ്റിന് പരമാവധി 6 ലക്ഷം രൂപ ലഭിക്കുന്നു.
- നിഷ്ക്രിയ (എൻ.പി.) വായ്പ അക്കൗണ്ടുകളുള്ള യൂണിറ്റുകൾ ഈ പദ്ധതിക്ക് യോഗ്യമല്ല.
- ഒരു സന്നദ്ധ സംഘം മുഖേന പൂരിപ്പിച്ച അപേക്ഷാ ഫോറത്തിനൊപ്പം ശുപാർശകളും അനുബന്ധ രേഖകളും സഹിതം അപേക്ഷിക്കുക.
- ഓരോ സംഘത്തിനും ഒരു എസ്.ബി. അക്കൗണ്ട് ഉണ്ടായിരിക്കണം. ഇത് അപേക്ഷാ ഫോറത്തിൽ രേഖപ്പെടുത്തണം.
- എസ്.എച്ച്.ജി. / ജെ.എൽ.ജി.യുടെ എസ്.ബി. അക്കൗണ്ടിലേക്ക് ഫണ്ട് കൈമാറ്റം ചെയ്യുന്നത് വഴി കോർപ്പറേഷൻ സ്വാശ്രയ / ജെ.എൽ.ജി.ക്ക് പലിശ സഹായം നൽകുന്നു.

### വ്യക്തിഗത പലിശ സഹായ പദ്ധതി

മൈക്രോ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ (എം.എസ്.എം.ഇ.) കീഴിൽ കാർഷിക പ്രവർത്തനങ്ങൾ ആരംഭിക്കാൻ തയ്യാറുള്ളവർക്ക് വേണ്ടി സമുന്നതി വായ്പകളും പലിശ ആനുകൂല്യങ്ങളും നൽകുന്നു.

### പദ്ധതിയുടെ വിശദാംശങ്ങൾ

| വായ്പയുടെ ആകെ തുക | ഗുണഭോക്താക്കളുടെ എണ്ണം | പലിശ |
|---|---|---|
| 1200 ലക്ഷം | 200 | 5% (പരമാവധി വായ്പ തുക 6 ലക്ഷം) |

### നൈപുണ്യ സമുന്നതി (നൈപുണ്യ വികസന പദ്ധതികൾ)

https://samunnathi.com/naipunyasamunnathi

കൗൺസിലിംഗ്, തൊഴിൽ മാർഗ്ഗനിർദ്ദേശം, നൂതന സോഫ്റ്റ് സ്കില്ലുകൾ,

ഇംഗ്ലീഷ് ഭാഷാ പരിശീലനം (അസറ്റ് പ്രോഗ്രാം) എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

പരിശീലന പരിപാടിക്കുശേഷം സമുന്നതി തൊഴിൽ മേളകൾ നടത്തി കുറഞ്ഞത് 50% ഉദ്യോഗനിയമനം ഉറപ്പാക്കുന്നു. ഒരു മാസത്തിൽ 120 മണിക്കൂർ നീണ്ട ക്ലാസ്സുകൾ നൽകുന്നു.

**യോഗ്യതാ വ്യവസ്ഥകൾ**

അപേക്ഷകൻ കേരളത്തിലെ മുന്നാക്ക സമുദായത്തിലെ അംഗമായിരിക്കണം.

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ | പരിശീലന കേന്ദ്രങ്ങൾ |
|---|---|---|---|
| 1 | വാർഷിക കുടുംബ വരുമാനം | 2 ലക്ഷത്തിൽ കവിയരുത് | 1.തിരുവനന്തപുരം<br>2. കോട്ടയം<br>3. തൃശ്ശൂർ<br>4. കണ്ണൂർ |
| 2 | പ്രായപരിധി | 18 - 30 | |
| 3 | വിദ്യാഭ്യാസ യോഗ്യത | ഹയർ സെക്കന്ററിയോ തത്തുല്യമോ | |

**മറ്റ് വിശദാംശങ്ങൾ**

കൗൺസിലിംഗിനും കരിയർ മാർഗ്ഗനിർദ്ദേശത്തിനുമുള്ള രജിസ്ട്രേഷൻ ഫീസ് 100 രൂപയും അസറ്റ് പ്രോഗ്രാമിന് 250 രൂപയുമാണ്. കോഴ്സ് ഫീസും പരിശീലനത്തിന്റെ അടിസ്ഥാന സൗകര്യ ചെലവുകളും കോർപ്പറേഷൻ വഹിക്കും.

## 8. പട്ടികജാതി വികസന വകുപ്പ്

https://scdd.kerala.gov.in/index.php/profile/2016-05-17-11-16-42

**ലക്ഷ്യം**

- വിദ്യാഭ്യാസം
- തൊഴിൽ

- ശാക്തീകരണം

**ദൗത്യം**

- തനിമ നിലനിർത്തിക്കൊണ്ടു ജീവിതശൈലി നവീകരിക്കുക
- പരമ്പരാഗത അറിവ് സംരക്ഷിക്കൽ
- സാക്ഷരത മെച്ചപ്പെടുത്തൽ
- ഭൂമിയില്ലാത്തവർക്ക് ഭൂമി, ഭവനരഹിതർക്ക് വീട്
- ഉപജീവനത്തിനായി സംഘ വികസനം
- ആരോഗ്യ പരിരക്ഷ മെച്ചപ്പെടുത്തൽ
- കൊഴിഞ്ഞുപോകലിന്റെ നിരക്ക് കുറയ്ക്കുന്നതിനുള്ള റെസിഡൻഷ്യൽ വിദ്യാഭ്യാസം
- കൂടുതൽ തൊഴിലവസരങ്ങൾക്കായി തൊഴിൽപരമായ പരിശീലനം
- സ്ഥിര വരുമാനത്തിനായി സുസ്ഥിര വികസനം

**സ്വയം തൊഴിൽ പദ്ധതികൾ**

- സ്വയംതൊഴിലിനുള്ള വായ്പ ലഭിക്കാനായി തയ്യാറാക്കിയ പദ്ധതി ബാങ്കിൽ സമർപ്പിക്കണം.
- ജാതി സർട്ടിഫിക്കറ്റ്, പ്രായം, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, പ്രോജക്റ്റ് റിപ്പോർട്ട് എന്നിവക്കൊപ്പം അപേക്ഷ ബ്ലോക്ക് / മുനിസിപ്പൽ / കോർപ്പറേഷന് അയയ്ക്കണം.

| ക്രമ | വിഷയങ്ങൾ | വിശദാംശങ്ങൾ |
|---|---|---|

| നമ്പർ | | |
|---|---|---|
| 1 | വകുപ്പ് നൽകുന്ന സബ്സിഡി | വായ്പ തുകയുടെ 1/3 |
| 2 | വ്യക്തികൾക്ക് ലഭിക്കുന്ന സബ്സിഡി തുക | 1 ലക്ഷം |
| 3 | ഗ്രൂപ്പുകൾക്കുള്ള സബ്സിഡി തുക | 3.5 ലക്ഷം |
| 4 | പ്രായപരിധി | 50 വയസ്സ് വരെ |
| 5 | വിദ്യാഭ്യാസ യോഗ്യത | ഏഴാം ക്ലാസ് |
| 6 | വരുമാന പരിധി | ഇല്ല |

**അഭിഭാഷകർക്ക് ധനസഹായം**

ജൂനിയർ അഭിഭാഷകരായി എൻറോൾ ചെയ്ത് പരിശീലനം ആരംഭിച്ചതിന് ശേഷം മൂന്ന് വർഷത്തേക്ക് സാമ്പത്തിക സഹായം നൽകുന്നു.

| | പുസ്തകം വാങ്ങുന്നതിന് | വസ്ത്രം വാങ്ങുന്നതിന് | മുറി വാടക | എന്റോൾമെന്റ് ഫീസ് |
|---|---|---|---|---|
| ഒന്നാം വർഷം | 12000 | 4000 | - | 9600 |
| രണ്ടാം വർഷം | 12000 | 4000 | 6000 | - |
| മൂന്നാം വർഷം | 12000 | 4000 | 6000 | - |

**സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർക്ക് തൊഴിൽ പരിശീലനം**

ഐ.ടി.ഐ, ഡിപ്ലോമ, എഞ്ചിനീയറിംഗ് ഡിഗ്രി, എന്നിവ പാസ്സായവർക്ക് തൊഴിൽ പരിശീലനം നൽകുന്നതാണ്.

| വിദ്യാഭ്യാസം | പ്രതിമാസ നിരക്കുകൾ |
|---|---|
| ഐടിഐ | 2000 |
| ഡിപ്ലോമ | 2500 |
| എഞ്ചിനീയറിംഗ് | 3000 |

**അപ്രന്റീസ് ക്ലർക്ക്:**

കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ ഡിപ്ലോമയുള്ള ബിരുദധാരികൾക്ക് പ്രതിമാസം 10,000 രൂപ ഓണറേറിയം നൽകി ക്ലർക്ക്–ടൈപ്പിസ്റ്റായി ഒരു വർഷത്തെ പരിശീലനം നൽകുന്നു.

**യന്ത്രസാമഗ്രികൾ**

ഐ.ടി.ഐ. പാസ്സായവർക്ക് യന്ത്രസാമഗ്രികൾ വാങ്ങുന്നതിന് സാമ്പത്തിക സഹായം നൽകുന്നു.

**ഉത്പന്ന പ്രദർശന വിപണന മേള (ഗാധിക):**

പട്ടികജാതി സംരംഭകരും സ്വാശ്രയ ഗ്രൂപ്പുകളും ഉൽപാദിപ്പിക്കുന്ന പരമ്പരാഗത ഉൽപ്പന്നങ്ങളും നാടൻ ഭക്ഷണങ്ങളും പ്രദർശിപ്പിക്കുന്നതിനായി സാമ്പത്തിക വർഷത്തിൽ രണ്ടുതവണ വ്യാപാരമേള നടത്തുന്നു. ഗതാഗതം, സ്റ്റാൾ തുടങ്ങിയവയും സംരംഭകരുടെ ദിന, യാത്ര ബത്തയും ഉൾപ്പെടെയുള്ള എല്ലാ ചെലവുകളും വകുപ്പ് വഹിക്കുന്നു.

**അംബേദ്കർ ഗ്രാമ വികസന പരിപാടി:**

മുപ്പതിലധികം പട്ടികജാതി കുടുംബങ്ങൾ ചേർന്ന് പാർക്കുന്ന സ്ഥലങ്ങളുടെ സംയോജിത വികസനത്തിന് വേണ്ടിയുള്ള പദ്ധതിയാണിത്. ഇതനുസരിച്ച് എല്ലാ അടിസ്ഥാന സൗകര്യങ്ങളും വകുപ്പ് നൽകുന്നു. സ്ഥലം എംഎൽ എയുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് പദ്ധതി നടപ്പാക്കുന്നത്.

**വിദേശത്ത് തൊഴിൽ തേടുന്നതിനുള്ള സഹായം:**

വിദേശത്ത് തൊഴിൽ നേടാൻ ആഗ്രഹിക്കുന്നവർക്ക് ധനസഹായം ലഭിക്കുന്നതാണ്.

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ |
|---|---|---|
| 1 | പരമാവധി വായ്പ | ഒരു ലക്ഷം രൂപ |
| 2 | പ്രായപരിധി | 50 വയസ് വരെ |
| 3 | കുടുംബ വരുമാനം പരിധി | 2.5 ലക്ഷം രൂപ |

ബന്ധപ്പെട്ട ജില്ലാ വികസന ഉദ്യോഗസ്ഥർക്ക് അപേക്ഷ നൽകി സഹായം നേടാവുന്നതാണ്.

**പ്രത്യേക ഫണ്ട്:**

അനുബന്ധ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പദ്ധതികളിലൂടെ പ്രത്യേക ഫണ്ട് ഉപയോഗിച്ച്, തൊഴിൽ പരിശീലനം നൽകുന്നു.

## 9. കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ

https://kannur.nic.in/kerala-state-development-corporation-for-scheduled-castes-and-scheduled-tribes/

മനുഷ്യ വിഭവ ശേഷി വികസിപ്പിച്ചും ഉപയോഗപെടുത്തിയും സ്വാശ്രയത്വം നേടുക എന്ന ലക്ഷ്യത്തോടെ കോർപ്പറേഷൻ സ്വയംതൊഴിൽ, മറ്റ് സാമൂഹ്യക്ഷേമ പദ്ധതികൾ എന്നിവ നടപ്പാക്കുന്നു.

ദൗത്യം

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ മനുഷ്യ വിഭവശേഷി വികസിപ്പിക്കുക, വരുമാനദായകവും ഫലപ്രദവുമായ സംരംഭങ്ങളിൽ പങ്കാളികളാക്കുക, സാമൂഹ്യവും സാമ്പത്തികവുമായ നീതി ഉറപ്പാക്കുക എന്നിവയാണ് കോർപറേഷന്റെ ദൗത്യം.

**കാഴ്ചപ്പാട്**

അർഹമായ വായ്പാ സഹായവും, വിപുലമായ ബോധവത്കരണവും ഗുണഭോക്താക്കൾക്ക് നൽകുന്നു.

**പദ്ധതികൾ**

**എ) വരുമാനമുയർത്തുന്ന പദ്ധതികൾ**

### 1) ഗുണഭോക്തൃ അധിഷ്ഠിത പദ്ധതി

പട്ടികജാതി / പട്ടികവർഗ്ഗക്കാർക്കിടയിലെ തൊഴിലില്ലാത്ത യുവാക്കൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി കോർപ്പറേഷൻ വായ്പ നൽകുന്നു.

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ |
|---|---|---|
| 1 | പരമാവധി വായ്പ | 3,00,000 രൂപ |
| 2 | പ്രായപരിധി | 18 - 55 (തൊഴിലില്ലാത്ത എസ്സി / എസ്ടി വ്യക്തികൾ) |
| 3 | വാർഷിക വരുമാനം | 3,50,000 കവിയരുത് |
| 4 | തിരിച്ചടവ് കാലാവധി | 5 വർഷം |
| 5 | പലിശ നിരക്ക് | 6% |

### 2) ഗതാഗത പദ്ധതി

ഓട്ടോ / കൊമേഴ്സ്യൽ വാഹനങ്ങൾ വാങ്ങുന്നതിനായി ഡ്രൈവിംഗ് ലൈസൻസ് ഉള്ള പട്ടികജാതി ഗുണഭോക്താക്കൾക്ക് ഈ പദ്ധതി മുഖേന വായ്പ നൽകുന്നു.

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ |
|---|---|---|
| 1 | പരമാവധി വായ്പ | 10,00,000 രൂപ |
| 2 | പ്രായപരിധി | 18 - 55 (തൊഴിലില്ലാത്ത എസ്സി / എസ്ടി വ്യക്തികൾ) |
| 3 | വാർഷിക വരുമാനം | 3,50,000 കവിയരുത് |
| 4 | കാലാവധി | 5 വർഷം |
| 5 | പലിശ നിരക്ക് | 6% |

### 3 ) വിവിധോദ്ദേശ്യ വായ്പ

പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മികച്ച സംരംഭകർക്ക് സ്വയം

തൊഴിൽ ആരംഭിക്കുന്നതിനാണ് ഈ വായ്പ നൽകുന്നത്.

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ |
|---|---|---|
| 1 | പരമാവധി വായ്പ | 50,00,000 രൂപ |
| 2 | പ്രായപരിധി | 18 - 55 (തൊഴിലില്ലാത്ത എസ്സി / എസ്ടി വ്യക്തികൾ) |
| 3 | കുടുംബ വാർഷിക വരുമാന പരിധി | 5 ലക്ഷം രൂപ |
| 4 | കാലാവധി | 5 വർഷം |
| | പലിശ നിരക്ക് | |
| 5 | 5 ലക്ഷം വരെ | 6% |
| 6 | 5 ലക്ഷത്തിനു മുകളിൽ | 8% |

**4) വിദേശ തൊഴിൽ വായ്പ പദ്ധതി (പുതിയത്)**

വിദേശത്ത് തൊഴിൽ തേടി പോകുന്ന തൊഴിൽരഹിതരായ പട്ടികജാതിക്കാർക്ക് വായ്പ നൽകുന്ന പദ്ധതിയാണിത്.

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ |
|---|---|---|
| 1 | പരമാവധി വായ്പ | 2,00,000 രൂപ |
| 2 | പ്രായപരിധി | 18 - 55 |
| 3 | കാലാവധി | 3 വർഷം |
| 4 | പലിശ നിരക്ക് | 6% |

**5) കർഷക തൊഴിലാളികൾക്കായി ഭൂമി വാങ്ങൽ പദ്ധതി**

കുറഞ്ഞത് 30 സെൻറ് കൃഷി ഭൂമി വാങ്ങുന്നതിനായി വായ്പ നൽകുന്നു.

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ |
|---|---|---|
| 1 | പരമാവധി വായ്പ | 5,00,000 രൂപ |
| 2 | സബ്സിഡി | 50,000/-രൂപ |
| 3 | കാലാവധി | 8 വർഷം |

| | | |
|---|---|---|
| 4 | പലിശ നിരക്ക് | 6% |

**6) മൈക്രോ ക്രെഡിറ്റ് ഫിനാൻസ് പ്രോഗ്രാം**

പട്ടികജാതിയിൽപ്പെട്ട തൊഴിൽരഹിതരായ യുവതീ യുവാക്കൾക്ക് ചെറിയ മുതൽമുടക്കിൽ ബിസിനസ് തുടങ്ങാൻ സഹായം നൽകുന്ന പദ്ധതി.

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ |
|---|---|---|
| 1 | പരമാവധി വായ്പ | 50,000/-രൂപ |
| 2 | തിരിച്ചടവ് കാലാവധി | 3 വർഷം |
| 3 | പലിശ നിരക്ക് | 5% |

**7) ലഘു വ്യവസായ യോജന**

പട്ടികജാതിയിൽപ്പെട്ട തൊഴിൽരഹിതരായ യുവതി യുവാക്കൾക്ക് ചെറുകിട വ്യവസായം തുടങ്ങാൻ വേണ്ടി അനുവദിക്കുന്ന വായ്പ പദ്ധതിയാണിത്.

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ |
|---|---|---|
| 1 | പരമാവധി വായ്പ | 4,00,000/-രൂപ |
| 2 | തിരിച്ചടവ് കാലാവധി | 5 വർഷം |
| 3 | പലിശ നിരക്ക് | 6% |

**8) ആദിവാസി മഹിളാ ശാക്തീകരണ യോജന**

പട്ടികവർഗ്ഗത്തിൽപ്പെട്ട തൊഴിൽരഹിതരായ യുവതികൾക്ക് ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വായ്പ നൽകുന്നു.

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ |
|---|---|---|
| 1 | പരമാവധി വായ്പ | 50,000 രൂപ |
| 2 | പ്രായപരിധി | 18 – 55 |

| | | |
|---|---|---|
| 3 | കുടുംബ വാർഷിക വരുമാന പരിധി | ഗ്രാമ പ്രദേശങ്ങളിൽ 98,000/- രൂപയ്ക്കും നഗര പ്രദേശങ്ങളിൽ 1,20,000/- രൂപയ്ക്കും താഴെ |
| 4 | കാലാവധി | 5 വർഷം |
| 5 | പലിശ നിരക്ക് | 4% |

**9) ഗോത്ര സംരംഭകർക്കുള്ള വായ്പ**

ചെറുകിട ഇടത്തരം പ്രൊജക്റ്റുകളിലൂടെ സംരംഭക താല്പര്യം ഉള്ള പട്ടികവർഗ്ഗത്തിൽപെട്ട തൊഴിൽരഹിതരായ യുവതി യുവാക്കൾക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിന് വേണ്ടി അനുവദിക്കുന്ന വായ്പയാണിത്.

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ |
|---|---|---|
| 1 | പരമാവധി വായ്പ | 3,00,000 രൂപ |
| 2 | പ്രായപരിധി | 18 – 55 |
| 3 | കുടുംബ വാർഷിക വരുമാന പരിധി | ഗ്രാമ പ്രദേശങ്ങളിൽ 98,000/- രൂപയ്ക്കും നഗര പ്രദേശങ്ങളിൽ 1,20,000/- രൂപയ്ക്കും താഴെ |
| 4 | കാലാവധി | 5 വർഷം |
| 5 | പലിശ നിരക്ക് | 6% |

**10) പ്രവാസി പുനരധിവാസ വായ്പ (നോർക്ക റൂട്ട്സ്)**

വിദേശത്തു നിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്നവരെ പുനഃരധിവസിപ്പിക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. നോർക്ക റൂട്ട്സ് ശുപാർശ ചെയ്യുന്ന മടങ്ങിയെത്തുന്ന പട്ടികജാതി–പട്ടികവർഗ്ഗത്തിൽപെട്ട പ്രവാസികൾക്കാണ് ഗുണം ലഭിക്കുക.

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ |
|---|---|---|
| 1 | പരമാവധി വായ്പ | 20,00,000 രൂപ |
| 2 | മൂലധന സബ്സിഡി | 15% |
| 4 | കാലാവധി | 5 വർഷം |

| | | |
|---|---|---|
| | പലിശ നിരക്ക് | |
| 5 | പലിശ ഇളവ് | 3 % (ആദ്യ 4 വർഷത്തേയ്ക് ) |
| 6 | 5 ലക്ഷം വരെ | 6% |
| 7 | 5 ലക്ഷത്തിനു മുകളിൽ | 8% |

**11) സ്റ്റാർട്ടപ്പ് സംരംഭകർക്കുള്ള വായ്പ**

പട്ടികജാതി / പട്ടികവർഗ്ഗത്തിൽ പെട്ട യുവ സംരംഭകർ ടെക്നോളജി അധിഷ്ഠിതമായ പദ്ധതികൾക്ക് ഇതിലൂടെ ധനസഹായം നൽകുന്നു. സ്റ്റാർട്ട് അപ്പ് മിഷൻ, കേരള അക്കാദമി ഓഫ് സ്കിൽസ് എക്സലൻസ് തുടങ്ങിയ സർക്കാർ ഏജൻസികളുമായി ചേർന്ന് ഒരു കൂട്ടം സംരംഭകരെ വാർത്തെടുക്കുവാനും അവർക്ക് വായ്പ നൽകുവാനും ലക്ഷ്യമിടുന്നു.

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ |
|---|---|---|
| 1 | പരമാവധി വായ്പ | 50,00,000 രൂപ |
| 2 | പ്രായപരിധി | 18 - 55 |
| 3 | കുടുംബ വാർഷിക വരുമാന പരിധി | 25 ലക്ഷം രൂപ |
| 4 | കാലാവധി | 5 വർഷം |
| | പലിശ നിരക്ക് | |
| 5 | 5 ലക്ഷം വരെ | 6% |
| 6 | 5 ലക്ഷത്തിനു മുകളിൽ | 8% |

**12) ഗതാഗത പദ്ധതി (ഓട്ടോറിക്ഷ)**

ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും നേടിയ പട്ടികവർഗ്ഗത്തിൽപെട്ട തൊഴിൽരഹിതരായ യുവതീ –യുവാക്കൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിനായി വായ്പ നൽകുന്നു.

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ |
|---|---|---|
| 1 | പരമാവധി വായ്പ | 2,25,000 രൂപ |
| 2 | പ്രായപരിധി | 18 – 55 |
| 3 | കുടുംബ വാർഷിക വരുമാന പരിധി | ഗ്രാമ പ്രദേശങ്ങളിൽ 98,000/- രൂപയ്ക്കും നഗര പ്രദേശങ്ങളിൽ 1,20,000/- രൂപയ്ക്കും താഴെ |

| | | |
|---|---|---|
| 4 | കാലാവധി | 5 വർഷം |
| 5 | പലിശ നിരക്ക് | 6% |

13) പ്രൊഫഷണൽ സേവന പദ്ധതി

പ്രൊഫഷണൽ യോഗ്യതയുള്ള പട്ടികജാതിയിൽപ്പെട്ട യുവതീ യുവാക്കൾക്ക് പരിശീലനത്തിന് വേണ്ടി വായ്പ അനുവദിക്കുന്നു.

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ |
|---|---|---|
| 1 | പരമാവധി വായ്പ | 5,00,000/-രൂപ |
| 2 | തിരിച്ചടവ് കാലാവധി | 5 വർഷം |
| 3 | പലിശ നിരക്ക് | 7% |

14. പെട്രോളിയം ഡീലർമാർക്കുള്ള വായ്പാ പദ്ധതി

പട്ടികജാതിയിൽപ്പെട്ട പെട്രോളിയം ഡീലർമാർക്ക് പ്രവർത്തന മൂലധനത്തിന് വേണ്ട തുക വായ്പയായി നൽകുന്നു.

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ |
|---|---|---|
| 1 | പരമാവധി വായ്പ | 7,50,000 രൂപ |
| 2 | പ്രായപരിധി | 18 – 60 |
| 3 | കുടുംബ വാർഷിക വരുമാന പരിധി | 6,00,000/- രൂപ |
| 4 | കാലാവധി | 100 തുല്യ പ്രതിമാസ തവണകൾ |
| 5 | പലിശ നിരക്ക് | 4% |

## സാമൂഹ്യക്ഷേമ പദ്ധതികൾ

15) വിദ്യാഭ്യാസ വായ്പ

ഇന്ത്യയിലെ ബിരുദ / ബിരുദാനന്തര തലത്തിൽ ഏതെങ്കിലും പ്രൊഫഷണൽ കോഴ്സിൽ പഠിക്കുന്നതിന്, പട്ടികജാതി /പട്ടികവർഗ്ഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് വായ്പ നൽകുന്നു.

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ |
|---|---|---|
| 1 | പരമാവധി വായ്പ (ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെ പഠനത്തിന്) | 4 ലക്ഷം രൂപ |
| 2 | പരമാവധി വായ്പ (സംസ്ഥാനത്തിനകത്തെ പഠനത്തിന്) | 2 ലക്ഷം രൂപ |
| 3 | കാലാവധി | 5 വർഷം (കോഴ്സ് പൂർത്തിയാക്കിയതിന് ശേഷം) |
| 4 | പലിശ നിരക്ക് | 6% |

**16) വിദേശ വിദ്യാഭ്യാസ വായ്പ**

വിദേശത്ത്, തൊഴിൽ ഗ്യാരന്റിയുള്ള ബിരുദാനന്തര പ്രൊഫഷണൽ കോഴ്സുകളുടെ പഠനത്തിനായി പട്ടികജാതി സമുദായങ്ങളിലെ മിടുക്കരും നിർധനരുമായ വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്.

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ |
|---|---|---|
| 1 | പരമാവധി വായ്പ | 10,00,000 രൂപ |
| 2 | തിരിച്ചടവ് കാലാവധി | 5 വർഷം |
| | **പലിശ നിരക്ക്** | |
| 3 | 5 ലക്ഷം വരെ | 6% |
| 4 | 5 ലക്ഷത്തിനു മുകളിൽ | 8.5% |

**വിദ്യാഭ്യാസ വായ്പകൾക്കായി സമർപ്പിക്കേണ്ട പ്രധാന രേഖകൾ**

- വരുമാന സർട്ടിഫിക്കറ്റ്
- ജാതി സർട്ടിഫിക്കറ്റ്
- റേഷൻ കാർഡിന്റെ പകർപ്പ്
- ആധാർ കാർഡിന്റെ പകർപ്പ്
- സ്കൂൾ സർട്ടിഫിക്കറ്റിന്റെ (വിദ്യാഭ്യാസ യോഗ്യതകൾ) - പകർപ്പ്
- ബാങ്ക് പാസ് ബുക്ക് - പകർപ്പ്
- ഫീസ് ഘടന,പ്രവേശനം ലഭിച്ചു എന്ന് തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം
- കോഴ്സിനെ കുറിച്ചുള്ള ലഘുലേഖ (പ്രോസ്പെക്റ്റ്സ്)

**ജാമ്യം**

- ഉദ്യോഗസ്ഥ ജാമ്യം അല്ലെങ്കിൽ വസ്തു ജാമ്യം

**17) സർക്കാർ ഉദ്യോഗസ്ഥർക്കുള്ള വ്യക്തിഗത വായ്പ**

പട്ടികജാതി /പട്ടികവർഗ്ഗത്തിൽപ്പെട്ട സർക്കാർ ഉദ്യോഗസ്ഥർക്കുള്ള വായ്പാ പദ്ധതിയാണ്.

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ |
|---|---|---|
| 1 | പരമാവധി വായ്പ | 2,00,000/-രൂപ |
| 2 | കാലാവധി | 5 വർഷം |
| 3 | പലിശ നിരക്ക് | 9% |

**18) പട്ടികജാതിയിൽപ്പെട്ട സർക്കാർ ജീവനക്കാർക്കുള്ള കാർ വായ്പ**

പട്ടികജാതിയിൽപ്പെട്ട സർക്കാർ ഉദ്യോഗസ്ഥർക്ക് കാർ വാങ്ങുന്നതിനുള്ള

വായ്പയാണിത്. വരുമാന പരിധി ഇല്ല. 6 വർഷത്തെ സേവന കാലാവധി തുടർന്നും ഉണ്ടായിരിക്കണം.

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ | മാനദണ്ഡം |
|---|---|---|---|
| 1 | പരമാവധി വായ്പ | 7,00,000/-രൂപ | • വരുമാന പരിധി ഇല്ല<br>• 6 വർഷത്തെ സേവന കാലാവധി തുടർന്നും ഉണ്ടായിരിക്കണം. |
| 2 | കാലാവധി | 5 വർഷം | |
| 3 | പലിശ നിരക്ക് | 8% | |

**19) ഭവന നവീകരണ വായ്പ**

താഴ്ന്ന വരുമാനക്കാർക്കും പട്ടികജാതിയിൽപ്പെട്ട സർക്കാർ ജീവനക്കാർക്കും നിലവിലുള്ള വീടുകളുടെ നവീകരണത്തിനും വിപുലീകരണത്തിനും വായ്പ നൽകുന്നു. പ്രളയത്തിൽ വീടിനു കേടുപാടുകൾ സംഭവിച്ചവർക്ക് പ്രത്യേക പരിഗണന നൽകുന്നു.

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ | സമർപ്പിക്കേണ്ട രേഖകൾ |
|---|---|---|---|
| 1 | പരമാവധി വായ്പ | 5 ലക്ഷം രൂപ | • സർട്ടിഫിക്കറ്റ്<br>• ജാതി സർട്ടിഫിക്കറ്റ്<br>• റേഷൻ കാർഡിന്റെ പകർപ്പ്<br>• ആധാർ കാർഡിന്റെ പകർപ്പ്<br>• വയസ്സ് |
| 2 | തിരിച്ചടവ് കാലാവധി | 6 വർഷം | |
| | പലിശ നിരക്ക് | | |
| 3 | താഴ്ന്ന വരുമാനക്കാർക്ക് | 6% | |
| 4 | ശമ്പളമുള്ളവർക്ക് | 7% | |

| | | | |
|---|---|---|---|
| | | | തെളിയിക്കുന്ന രേഖയുടെ പകർപ്പ്<br>• ബാങ്ക് പാസ് ബുക്ക് - പകർപ്പ്<br>• കെട്ടിട അനുമതി പത്രം<br>• കെട്ടിടത്തിന്റെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ<br>• ജാമ്യം വസ്തു ജാമ്യം |

20) ഭവന വായ്പ

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വീട് നിർമ്മിക്കുന്നതിന് വായ്പ അനുവദിക്കുന്നു. പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് പ്രത്യേക പരിഗണന നൽകുന്നു.

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ | സമർപ്പിക്കേണ്ട രേഖകൾ |
|---|---|---|---|
| 1 | പരമാവധി വായ്പ | 10,00,000/-രൂപ | • വരുമാന സർട്ടിഫിക്കറ്റ്<br>• ജാതി സർട്ടിഫിക്കറ്റ്<br>• റേഷൻ കാർഡിന്റെ പകർപ്പ്<br>• ആധാർ കാർഡിന്റെ പകർപ്പ്<br>• വയസ്സ് തെളിയിക്കുന്ന രേഖയുടെ പകർപ്പ്<br>• ബാങ്ക് പാസ് ബുക്ക് - പകർപ്പ് |
| 2 | കാലാവധി | 7-10 വർഷം | |
| 3 | പലിശ നിരക്ക് | 6% -7% | |

| | | | |
|---|---|---|---|
| | | | • കെട്ടിട അനുമതി പത്രം<br>• കെട്ടിടത്തിന്റെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ<br>• ജാമ്യം<br>• വസ്തു ജാമ്യം |

## സ്ത്രീകൾക്കായി മാത്രമുള്ള പദ്ധതികൾ

### 21) വനിതാ ശാക്തീകരണ പരിപാടി

കുടുംബശ്രീയുമായി ചേർന്ന്, 10 മുതൽ 20 വരെ അംഗങ്ങൾ ഉള്ള പട്ടികജാതി / പട്ടികവർഗ്ഗത്തിൽപ്പെട്ട വനിതകളുടെ അയൽ കൂട്ടങ്ങൾക്ക് വായ്പ നൽകുന്ന പദ്ധതിയാണിത്.

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ |
|---|---|---|
| 1 | പരമാവധി വായ്പ | 3,00,000/-രൂപ |
| 2 | സബ്സിഡി | 1 ലക്ഷം രൂപ |
| 3 | കാലാവധി | 3 വർഷം |
| 4 | പലിശ നിരക്ക് | 5% |

### 22) മഹിള സമൃദ്ധി യോജന

പട്ടികജാതിയിൽപ്പെട്ട തൊഴിൽരഹിതരായ യുവതികൾക്ക് ചെറുകിട ഇടത്തരം ബിസിനസ് ആരംഭിക്കുന്നതിനുള്ള സാമ്പത്തിക സഹായ പദ്ധതി.

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ |
|---|---|---|
| 1 | പരമാവധി വായ്പ | 50,000 രൂപ |

| | | |
|---|---|---|
| 2 | കാലാവധി | 3 വർഷം |
| 3 | പലിശ നിരക്ക് | 4% |

23) **വിവാഹ സഹായ പദ്ധതി**

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹ ആവശ്യത്തിന് വായ്പ അനുവദിക്കുന്നു.

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ | സമർപ്പിക്കേണ്ട പ്രധാന രേഖകൾ |
|---|---|---|---|
| 1 | പരമാവധി വായ്പ | 2,50,000 രൂപ | • വരുമാന സർട്ടിഫിക്കറ്റ്<br>• ജാതിസർട്ടിഫിക്കറ്റ് (അപേക്ഷകനും വധുവും)<br>• റേഷൻകാർഡിന്റെ പകർപ്പ്<br>• ആധാർ കാർഡിന്റെ പകർപ്പ് (അപേക്ഷകനും വധുവും)<br>• വയസ്സ് തെളിയിക്കുന്ന രേഖയുടെ പകർപ്പ് (അപേക്ഷകനും വധുവും)<br>• ബാങ്ക് പാസ് ബുക്ക് - പകർപ്പ്<br>• വിവാഹം തീരുമാനിച്ചു എന്നു തെളിയിക്കുന്നതിന് പഞ്ചായത്ത് അംഗം/പ്രസിഡന്റിൽ നിന്നുള്ള സാക്ഷ്യപത്രം<br>• ജാമ്യ വ്യവസ്ഥ ഉദ്യോഗസ്ഥ ജാമ്യം അല്ലെങ്കിൽ വസ്തു ജാമ്യം |
| 2 | പ്രായപരിധി (രക്ഷിതാവിന്റെ) | 65 വയസ് കവിയാൻ പാടില്ല | |
| 3 | കുടുംബ വാർഷിക വരുമാന പരിധി | 3,00,000/- രൂപ | |
| 4 | കാലാവധി | 5 വർഷം | |
| 5 | പലിശ നിരക്ക് | 6% | |

**സ്വയം തൊഴിൽ വായ്പകൾക്കായി സമർപ്പിക്കേണ്ട പ്രധാന രേഖകൾ**

- വരുമാന സർട്ടിഫിക്കറ്റ്
- ജാതി സർട്ടിഫിക്കറ്റ്
- റേഷൻ കാർഡിന്റെ പകർപ്പ്
- ആധാർ കാർഡിന്റെ പകർപ്പ്
- വയസ്സ് തെളിയിക്കുന്ന രേഖയുടെ പകർപ്പ്
- ബാങ്ക് പാസ് ബുക്ക് – പകർപ്പ്
- പ്രോജക്റ്റ് റിപ്പോർട്ട്
- പാസ്പോർട്ട്–പകർപ്പ് (വിദേശ തൊഴിൽ വായ്പയ്ക്കും പ്രവാസികളുടെ പുനരധിവാസത്തിനും)
- തൊഴിൽകരാർ , വിസ -പകർപ്പ് (വിദേശ തൊഴിൽ വായ്പയ്ക്കായി)
- ഡ്രൈവിംഗ് ലൈസൻസ്– പകർപ്പ് (ഗതാഗത പദ്ധതിക്കായി)
- തദ്ദേശ ഭരണ സ്ഥാപനത്തിൽ നിന്നുള്ള ലൈസൻസ് (ആവശ്യമെങ്കിൽ)
- ജാമ്യ വ്യവസ്ഥ –
  ഉദ്യോഗസ്ഥ ജാമ്യം അല്ലെങ്കിൽ വസ്തു ജാമ്യം

## 10. കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്

http://www.kkvib.org/index.php/at-a-glance/objectives1

സംസ്ഥാനത്ത് ഖാദി - ഗ്രാമ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി 1957 ൽ രൂപീകൃതമായ സ്ഥാപനമാണിത് .

**ഖാദി, ഗ്രാമ വ്യവസായങ്ങളുടെ ഉന്നമനം**

- ഖാദിക്കും ഗ്രാമ വ്യവസായ സംരംഭകർക്കും സമഗ്രമായ പിന്തുണ

- ബോർഡിന്റെ ഗുണഭോക്തൃ യൂണിറ്റുകൾക്ക് മാർക്കറ്റിംഗ് പിന്തുണ.
- ബോർഡിന്റെ സഹായത്തോടെ 25000 ഓളം യൂണിറ്റുകളുടെ ഏകോപനവും നിരീക്ഷണവും കേരളത്തിൽ നടക്കുന്നു.
- നെയ്ത്ത്, സ്പിന്നിംഗ്, മൺപാത്രങ്ങൾ, തേനീച്ചവളർത്തൽ, മറ്റ് നിരവധി പ്രവർത്തനങ്ങളുൾപ്പെടെ വിവിധ മേഖലകളിൽ കഴിവുള്ള സംരംഭകർക്ക് പരിശീലനം നൽകുന്നു.
- നാശോന്മുഖമായ വ്യവസായങ്ങളുടെയും യൂണിറ്റുകളുടെയും പുനരുജ്ജീവനം, കേന്ദ്രീകൃത പരിപാടികളുടെയും പദ്ധതികളുടെയും രൂപവത്കരണം എന്നിവ നടപ്പാക്കുക.
- പുതിയ യൂണിറ്റുകൾക്ക് സാങ്കേതിക സഹായം നൽകുക.

## ഖാദി കൈത്തൊഴിലാളികൾക്കുള്ള പ്രോത്സാഹനം

http://www.kkvib.org/index.php/incentive-to-khadi-artisans

ഖാദി മേഖലയിലെ സ്പിന്നർമാരുടെയും നെയ്ത്തുകാരുടെയും തൊഴിൽ നിലവാരം മെച്ചപ്പെടുത്തുക, കൂടുതൽ കരകൗശലത്തൊഴിലാളികളെ ആകർഷിക്കുക, കരകൗശല തൊഴിലാളികൾക്ക് അവരുടെ ഉൽപാദനത്തെ അടിസ്ഥാനമാക്കി സർക്കാർ പ്രോത്സാഹനം നൽകുക എന്നിവയാണ് ലക്ഷ്യം.

| ഖാദി കരകൗശലത്തൊഴിലാളികളുടെ ഇപ്പോഴത്തെ നിരക്ക് | |
|---|---|
| സ്പിന്നർമാർ | സ്പിന്നിംഗിനായി ഓരോ നൂൽക്കിഴിക്കും 60 പൈസ |
| നെയ്ത്തുകാർ | നെയ്ത്തുകാരൻ ഉപയോഗിക്കുന്ന ഓരോ നൂൽക്കിഴിക്കും 180 പൈസ |

## ഖാദി കരകൗശലത്തൊഴിലാളികളുടെ ഇൻഷുറൻസ് പദ്ധതി

http://www.kkvib.org/index.php/incentive-to-khadi-artisans-2

ഖാദി/കരകൗശലത്തൊഴിലാളികളുടെ ക്ഷേമത്തിനായി ‘‘ഖാദി കരിഗർ

ജനശ്രീ ഭീമ യോജന'' എന്ന പേരിൽ ഇൻഷുറൻസ് പദ്ധതി കെ.വി.ഐ.സി. നടത്തുന്നുണ്ട്.

| ക്രമ നമ്പർ | വിഷയങ്ങൾ | ഇൻഷുറൻസ് തുക |
|---|---|---|
| 1 | സ്വാഭാവിക മരണത്തിന് | 20,000 രൂപ |
| 2 | അപകട മരണത്തിന് | 50,000 രൂപ |
| 3 | അപകടത്തെത്തുടർന്നുള്ള സ്ഥിര വൈകല്യത്തിന് | 50,000 രൂപ |
| 4 | അപകടത്തെത്തുടർന്നുള്ള ഭാഗിക വൈകല്യത്തിന് | 25,000 രൂപ |
| 5 | വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഒൻപതാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ | പ്രതിവർഷം 1200 രൂപ |

| പ്രീമിയം തുക താഴെപ്പറയുന്ന ഉറവിടങ്ങളിൽ നിന്ന് | |
|---|---|
| ഇന്ത്യാ ഗവൺമെൻറ് | 100 രൂപ |
| കെവിഐസി | 50 രൂപ |
| കെവിഐബി | 25 രൂപ |
| കരകൗശലത്തൊഴിലാളികൾ | 25 രൂപ |
| മൊത്തം | **200** രൂപ |

## പ്രത്യേക തൊഴിലവസരപദ്ധതി

http://www.kkvib.org/index.php/popularisation-of-khadi-3

കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് ഓരോ ഗ്രാമപഞ്ചായത്തിലും പ്രതിവർഷം 10 ഖാദി, ഗ്രാമ വ്യവസായ യൂണിറ്റുകൾ വീതം പുതുതായി തുടങ്ങാൻ നിർദ്ദേശിക്കുന്നു. സാങ്കേതിക സഹായം, പരിശീലനം, വിപണന സഹായം എന്നിവ ബോർഡ് നൽകുന്നു.

| | | | | | |
|---|---|---|---|---|---|
| കുറഞ്ഞ | 10000 രൂപ | • മൊത്തം | ഗുണഭോക്താ | വായ്പ | ഗുണഭോ |

| | | | | | |
|---|---|---|---|---|---|
| പ്രോജക്റ്റ് ചെലവ് | | ഫണ്ടിന്റെ 15% പട്ടികജാതിക്കാർക്കും<br>• 7.5%പട്ടികവർഗ്ഗക്കാർക്കും | ക്കൾ | ലഭ്യത(90% വരെ) | ക്ത്യവിഹിതം |
| പരമാവധി പ്രോജക്റ്റ് ചെലവ് | 50000 രൂപ | | 1.ഏതൊരു വ്യക്തിയും<br><br>2.സ്ഥാപനങ്ങളും | 1.അംഗീകൃത ബാങ്കുകൾ<br>2.സഹകരണ ബാങ്കുകൾ<br>3.അംഗീകൃത ധനകാര്യ സ്ഥാപനങ്ങൾ | 1.പദ്ധതി ചെലവിന്റെ 10%<br><br>2.പട്ടികജാതി/ പട്ടികവർഗക്കാർ- 5% |

**II. തിരഞ്ഞെടുപ്പ് കമ്മിറ്റി**

- ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, – ചെയർമാൻ
- ഖാദി ബോർഡ് പ്രോജക്ട് ഓഫീസർ – കൺവീനർ
- ഖാദി ബോർഡ് ബോർഡ് അംഗം – അംഗം
- ലീഡ് ബാങ്ക് മാനേജർ – അംഗം
- ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം / പ്രതിനിധി – അംഗം
- ജില്ലാ ആസൂത്രണ ഓഫീസർ / പ്രതിനിധി – അംഗം

**III. ധനസഹായത്തിന്റെ രീതി**

| | |
|---|---|
| മുന്നോക്ക വിഭാഗം | 25% |
| ഒബിസി / സ്ത്രീ | 30% |
| എസ് സി | 40% |
| എസ് ടി | 50% |

## കേരളം തേൻ കലവറ പദ്ധതി

http://www.kkvib.org/index.php/keralam-then-kalavara-project

## തേനീച്ചവളർത്തൽ പരിശീലന പരിപാടി

ഗുണഭോക്താക്കൾക്ക് തേനീച്ചവളർത്തലിൽ പരിശീലനം നൽകുന്നു.

| ഒരു ബാച്ചിലുള്ള വ്യക്തികളുടെ എണ്ണം | 10 | സവിശേഷതകൾ |
|---|---|---|
| ഒരു ജില്ലയിൽ ഒരു വർഷത്തിലുള്ള പരിശീലനത്തിന്റെ എണ്ണം | 2 | 1) തേനീച്ച ബോക്സുകൾക്ക് (തേനീച്ച ഉൾപെടെയോ അല്ലാതെയോ)50% ധനസഹായം നല്കും(പരമാവധി600 രൂപ) |
| പരിശീലനത്തിന്റെ കാലാവധി | 5 ദിവസം | |
| ചെലവ് / സ്റ്റൈപൻഡ് ഉൾപ്പെടെ | 1,58,000 | 2) സംരംഭകന് പരമാവധി 20 തേനീച്ച ബോക്സുകൾ നൽകുന്നു.<br>3)ഗുണഭോക്താക്കൾ,ഇതിനെ 3 വർഷത്തേക്ക്സംരക്ഷിക്കാമെന്ന വ്യവസ്ഥയോടെകരാർ സമർപ്പിക്കണം<br>4) താല്പര്യമുള്ള സർക്കാർ /അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് തേനീച്ച /തേനീച്ച ബോക്സുകൾ വിതരണം ചെയ്യുന്നു. |

## ഗ്രാമീണ വ്യവസായ സേവന കേന്ദ്രങ്ങൾ (ആർ.ഐ.എസ്.സി)

http://www.kkvib.org/index.php/rural-industries-service-centres

**വില്ലേജ് മൺപാത്ര ക്ലസ്റ്റർ:** – ഖാദി/ ഗ്രാമ വ്യവസായ കമ്മീഷൻ ആർഐ എസ്സിയുടെ കീഴിൽ മുചുകുന്ന്(കോഴിക്കോട്) വില്ലേജ് മൺപാത്ര ക്ലസ്റ്റർ പദ്ധതി നടപ്പിലാക്കി.

| | |
|---|---|
| മൊത്തം പദ്ധതി ചെലവ് | 5 ലക്ഷം രൂപ |
| കെവിഐസി | 3.75 ലക്ഷം രൂപ |

എറണാകുളം ജില്ലയിലെ കിഴക്കമ്പലത്ത് എച്ച്.എം.പി. യൂണിറ്റിനായി കെ.വി.ഐ.സി. ഒരു ഇൻഹൌസ് പരിശോധന ലാബ് അനുവദിച്ചു. ഖാദി സെക്ടറിൽ രണ്ട് ഇൻഹൌസ് പരിശോധന ലാബിന് (തിരുവനന്തപുരത്തും, പയ്യന്നൂർ ഖാദി സെന്ററിലും) അനുമതി നൽകി.

| | |
|---|---|
| മൊത്തം പദ്ധതി ചെലവ് | 2.68 ലക്ഷം രൂപ |
| കെവിഐസി | 2 ലക്ഷം രൂപ |

## പരമ്പരാഗത വ്യവസായങ്ങളുടെ പുനരുജ്ജീവനത്തിനായുള്ള പദ്ധതി (SFRUTI)

http://www.kkvib.org/index.php/sfruti

കേന്ദ്ര കാർഷിക, ഗ്രാമ വ്യവസായ മന്ത്രാലയം സംസ്ഥാന സർക്കാർ ഏജൻസികൾ, NGO എന്നിവ വഴി ഈ പദ്ധതി നടപ്പിലാക്കുന്നു. 97.25 കോടി രൂപ ഇതിനായി വകയിരിത്തിയിരിക്കുന്നു.

- തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ ഖാദി ക്ലസ്റ്റർ
- 500 വനിതാ ഖാദി കരകൗശലത്തൊഴിലാളികൾക്ക് തൊഴിൽ
- ആധുനിക ചർക്കകളുടെയും തറികളുടെയും ഉപയോഗം
- നൂതന ഡിസൈനുകൾ

# 11.കേരള സ്റ്റാർട്ടപ്പ് മിഷൻ

https://startupmission.kerala.gov.in

കേരള സ്റ്റാർട്ടപ്പ് മിഷൻ 2014 ൽ കേരള സർക്കാരിന്റെ ഒരു നോഡൽ ഏജൻസി ആയി രൂപവത്കരിക്കപ്പെട്ടു. സംസ്ഥാനത്ത് സാങ്കേതിക സംരംഭകത്വം വളർത്തികൊണ്ടുവരുന്നതിനുള്ള സർക്കാരിന്റെ ഒരു ഏജൻസിയാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ.

**ഇന്നൊവേഷൻ ഗ്രാന്റ്**

സംസ്ഥാന സർക്കാർ ഇനിപ്പറയുന്ന തരം ഗ്രാന്റുകൾ നൽകുന്നു:

| | |
|---|---|
| 1 | ആശയങ്ങൾക്കുള്ള ഗ്രാന്റ് |
| 2 | ഉൽപാദന ഗ്രാന്റ് |

**പ്രാരംഭ ഘട്ടത്തിലുള്ള കെ.എസ്.യു.എം സീഡ് ഫണ്ട്**

സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുന്ന നൂതന, സാങ്കേതിക അധിഷ്ഠിത ബിസിനസ്സ് സംരംഭങ്ങളുടെ രൂപവത്കരണവും വികസനവും പ്രോത്സാഹിപ്പിക്കുന്നതിന് സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി കേരള സർക്കാർ സീഡ് പദ്ധതി അവതരിപ്പിച്ചു.

**പദ്ധതിയുടെ ലക്ഷ്യങ്ങൾ**

- ഉൽപ്പന്ന വികസനം
- പരിശോധനയും പരീക്ഷണങ്ങളും
- ടെസ്റ്റ് മാർക്കറ്റിംഗ്
- മാർഗ്ഗദർശനം നൽകുക
- പ്രൊഫഷണൽ കൺസൾട്ടൻസി (പ്രമുഖ വ്യവസായ സ്ഥാപനങ്ങളിൽ നിന്നുള്ള പ്രൊഫഷണലുകളെയും പ്രശസ്ത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ

നിന്നുള്ള അക്കാദമിഷ്യന്മാരെയും ചെറുകിട സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിക്കാൻ അവസരം നൽകുന്നു.)

- ഐ പി ആർ പ്രശ്നങ്ങൾ
- ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള മനുഷ്യ വിഭവ ശേഷി

**പ്രാരംഭ ഘട്ട ഓഹരി നിക്ഷേപം**

പ്രാരംഭ ഘട്ടത്തിൽ സ്റ്റാർട്ടപ്പുകളിൽ ഓഹരി അധിഷ്ഠിത നിക്ഷേപം കണ്ടെത്തുന്നതിന് SEBI യിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളിലൂടെ 25 ലക്ഷം മുതൽ 200 ലക്ഷം രൂപ വരെ നിക്ഷേപിക്കുന്നു.

അപേക്ഷകൻ

- കേരളത്തിൽ രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പുകൾ
- പ്രാരംഭ ഘട്ടത്തിൽ / ഒരു ഉത്പന്നം ഉള്ള സ്റ്റാർട്ടപ്പുകൾ
- വിവിധ മേഖലകളിൽ നിന്നുള്ള സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള സ്റ്റാർട്ടപ്പുകൾ
- കേരളത്തിൽ രജിസ്റ്റർ ചെയ്യാൻ തയ്യാറായ ഇന്ത്യയിൽ ഏതു പ്രദേശത്തു നിന്നുമുള്ള സ്റ്റാർട്ടപ്പുകൾ

## അന്താരാഷ്ട്ര സംരംഭക കൈമാറ്റ പരിപാടി (ഇന്റർനാഷണൽ എന്റർപ്രണർഷിപ്പ് എക്സ്ചേഞ്ച് പ്രോഗ്രാം)

സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കും യുവസംരംഭകർക്കും അന്താരാഷ്ട്ര സ്റ്റാർട്ടപ്പ് തലങ്ങളിലേക്ക് പരമാവധി അവസരം നൽകുവാനും ലോകമെമ്പാടുമുള്ള സ്റ്റാർട്ടപ്പ് വ്യവസ്ഥകൾ തമ്മിലുള്ള സഹകരണം വളർ ത്തുവാനും ലക്ഷ്യമിട്ടുള്ള പദ്ധതികളുടെ സംയോജനമാണ് ഇന്റർനാഷണൽ

എന്റർപ്രണർഷിപ്പ് എക്സ്ചേഞ്ച് പ്രോഗ്രാം.

## വനിതാ സ്റ്റാർട്ടപ്പുകൾക്കുള്ള സോഫ്റ്റ് ലോൺ പദ്ധതി

വനിതാ പ്രാരംഭ സംരംഭകരെ കേരള സ്റ്റാർട്ടപ്പ് മിഷൻ (കെ.എസ്.യു.എം.) പ്രോത്സാഹിപ്പിക്കുന്നു.

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ | യോഗ്യത | ആവശ്യമായ രേഖകൾ |
|---|---|---|---|---|
| 1 | പരമാവധി വായ്പ | 15 ലക്ഷം രൂപ | സ്റ്റാർട്ടപ്പിന് ഡി.പി.ഐ.ഐ.ടി (സ്റ്റാർട്ടപ്പ് ഇന്ത്യ) അംഗീകാരം, കേരള സ്റ്റാർട്ടപ്പ് മിഷന്റെ പ്രത്യേക ഐഡി എന്നിവ ഉണ്ടായിരിക്കണം. | 1.വ്യക്തിഗത ഗ്യാരണ്ടി (500 / - സ്റ്റാമ്പ് പേപ്പർ)<br>2.CA നൽകുന്ന അഫിഡവിറ്റ് സർട്ടിഫിക്കറ്റ്<br>3.എല്ലാ ഡയറക്ടർമാരുടെയും മേൽവിലാസം തെളിയിക്കുന്ന രേഖകൾ |
| 2 | തിരിച്ചടവ് കാലാവധി | 1വർഷം / പദ്ധതി പൂർത്തീകരിച്ചതിന് ശേഷം (ഏതാണോ ആദ്യം) | വനിതാ സഹസ്ഥാപകന് സ്റ്റാർട്ടപ്പിൽ ഭൂരിപക്ഷ ഓഹരി ഉണ്ടായിരിക്കണം, ഒപ്പം സ്റ്റാർട്ടപ്പ് വികസനത്തിൽ സജീവമായിരിക്കണം. | |
| 3 | പലിശ നിരക്ക് | 6% | കേരളത്തിൽ സ്റ്റാർട്ടപ്പ് രജിസ്റ്റർ ചെയ്യണം. | |

## നോൺ ബാങ്കിംഗ് ധനകാര്യ കമ്പനികൾ

## ബജാജ് ഫിനാൻസ് ലിമിറ്റഡ്

https://www.bajajfinserv.in/nbfc-home-loan

- ആവശ്യകത അനുസരിച്ച് ഫണ്ടുകൾ പിൻവലിക്കാനും അധിക ഫണ്ടു ലഭിക്കുമ്പോൾ തുക തിരിച്ചടയ്ക്കാനും ഈ വായ്പാ അനുവദിക്കുന്നു.
- ഉപയോഗിച്ച തുകയ്ക്ക് മാത്രമാണ് പലിശ.
- പലിശ മാത്രം ഇ.എം.ഐ. ആയി നൽകാനുള്ള അവസരം ഉണ്ട്.

- സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികൾക്ക് ഈടൊന്നും നൽകാതെ വായ്പ ലഭിക്കുന്നു.
- 20 ലക്ഷം രൂപ വരെ വായ്പയായി ലഭിക്കുന്നു. .
- നിലവിലുള്ള ഉപഭോക്താക്കൾക്ക് പ്രത്യേക വായ്പ ഓഫറുകൾ നൽകുന്നു.
- ഉപഭോക്തൃ പോർട്ടൽ വഴി അക്കൗണ്ട് ഓൺലൈൻ ആയി കൈകാര്യം ചെയ്യാം.

| വായ്പ തുക | മാനദണ്ഡം | ആവശ്യമായ രേഖകൾ |
|---|---|---|
| 20 ലക്ഷം രൂപ വരെ | 22 നും 55 നും ഇടയിൽ പ്രായമുള്ളവർ | ബിസിനസ്സുമായി ബന്ധപ്പെട്ട രേഖകൾ |
| | കുറഞ്ഞത് 3 വർഷത്തെ ബിസിനസ്സ് പരിചയം | KYC രേഖകൾ |
| | 750 മുകളിൽ ക്രെഡിറ്റ് സ്കോർ ഉണ്ടെങ്കിൽ വായ്പ എളുപ്പത്തിൽ ലഭ്യമാകും | സാമ്പത്തിക രേഖകൾ (വിറ്റുവരവ് ഒരു കോടി രൂപ കവിയുന്നുവെങ്കിൽ) |
| | | ആദായനികുതി റിട്ടേൺ സമർപ്പിച്ച രേഖ |

## മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്

- വ്യാപാരികൾ, അലോപ്പതി ഡോക്ടർമാർ, ചാർട്ടേഡ് അക്കൗണ്ടന്റുമാർ, കമ്പനി സെക്രട്ടറിമാർ, ആർക്കിടെക്റ്റുകൾ തുടങ്ങിയ സ്വയംതൊഴിൽ പ്രൊഫഷണലുകൾക്ക് വായ്പ നൽകുന്നു.
- ബിസിനസ്സ് ആവശ്യത്തിനായി വേണ്ടിയാണ് വായ്പകൾ അനുവദിക്കുന്നത്.

**ധനസഹായം നൽകുന്ന തുക:** സമയാസമയങ്ങളിൽ മാനേജുമെന്റ് തീരുമാനിക്കുന്നത്.

| കുറഞ്ഞ വായ്പ | പരമാവധി വായ്പ | കാലാവധി | ആവശ്യമായ രേഖകൾ |
|---|---|---|---|
| 50,000 രൂപ | 1 ലക്ഷം | 3മാസം (കുറഞ്ഞത്) 24മാസം(പരമാവധി) | 1.തിരിച്ചറിയൽ രേഖ<br>2.വിലാസം തെളിയിക്കുന്ന രേഖ |

## എച്ച്.ഡി.ബി. സാമ്പത്തിക സേവനങ്ങൾ

https://www.hdbfs.com/about-us/

സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികൾക്ക് നൽകുന്ന വായ്പയാണിത്.

### ജാമ്യ വ്യവസ്ഥ ആവശ്യമില്ലാത്ത വായ്പകൾ

സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികൾക്ക് അവരുടെ ബിസിനസ്സിന്റെ വളർച്ചയ്ക്കോ വ്യക്തിഗത ആവശ്യങ്ങൾക്കോ ആയി നിരവധി വായ്പകൾ നിലവിലുണ്ട്.

1. ബിസിനസ്സ് വായ്പകൾ:
നിലവിലെ വ്യവസായം വിപുലീകരിക്കുന്നതിനായി നൽകുന്ന വായ്പ.

**<u>നിബന്ധനകൾ</u>**

- കുറഞ്ഞത് 3 വർഷത്തെ പ്രവർത്തന പരിചയം.
- മികച്ച ക്രെഡിറ്റ് സ്കോർ
- സാമ്പത്തിക ശേഷി തെളിയിക്കുന്ന രേഖകൾ സമർപ്പിക്കണം.

2. വ്യക്തിഗത വായ്പകൾ: വായ്പകൾക്ക് കാലാവധി കുറവായിരിക്കും അല്ലെങ്കിൽ സമാന വരുമാനമുള്ള ജീവനക്കാരന് നൽകുന്നതിനേക്കാൾ ഉയർന്ന പലിശ ആയിരിക്കും.

### സുരക്ഷിത വായ്പകൾ

സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികൾക്ക് വിവിധ ആവശ്യങ്ങൾക്കായി ഈ വായ്പകൾ ഉപയോഗിക്കാൻ കഴിയും.

**1. ഉപകരണങ്ങൾ / വാഹനം / വാണിജ്യ വാഹന വായ്പകൾ:**

ഈ വായ്പ വ്യക്തിഗതമായി ബിസിനസ് നടത്തുന്നതിനാണ്, വ്യക്തിഗത വായ്പക്കാരന്റെ ക്രെഡിറ്റ് സ്കോറിനെ അടിസ്ഥാനമാക്കിയാണ് വാഹന വായ്പ നൽകുന്നത്.

**2. സ്വർണ്ണ വായ്പ:**

വായ്പ ലഭിക്കുന്നതിനുള്ള ഏറ്റവും സുരക്ഷിതവും എളുപ്പവുമായ മാർഗ്ഗമാണിത്. ഈ വായ്പക്ക് പ്രതിമാസ തവണകളായി പലിശ മാത്രം അടയ്ക്കാനുള്ള സ്വാതന്ത്ര്യം ഉണ്ട്, അല്ലെങ്കിൽ പലിശയും മൂലധന തിരിച്ചടവും ഉൾക്കൊള്ളുന്ന ഒരു ഇ.എം.ഐ. സ്വീകരിക്കാവുന്നതാണ്.

**3. ഓഹരികൾ / മ്യൂച്വൽ ഫണ്ടുകൾ / ഇൻഷുറൻസ് / ബോണ്ടുകൾ എന്നിവയെ ആധാരമാക്കിയ വായ്പ:**

പലതരം സ്റ്റോക്കുകൾ, ബോണ്ടുകൾ, സേവിംഗ്സ് സർട്ടിഫിക്കറ്റുകൾ, ഇൻഷുറൻസ് പോളിസികൾ എന്നിവയെ ആധാരമാക്കി വായ്പ ലഭിക്കും. വായ്പ പൂർണമായി തിരിച്ചടയ്ക്കുന്നതുവരെ ആസ്തികൾ ബാങ്കിന്റെ അധീനതയിലായിരിക്കും.

**ii. സ്വയം തൊഴിൽ ചെയ്യുന്ന പ്രൊഫഷണലുകൾക്കുള്ള വായ്പകൾ**

വായ്പകളെ ഈടു വേണ്ടതും അല്ലാത്തതുമായി രണ്ട് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

**സുരക്ഷിത വായ്പകൾ**

**1. ഭവനവായ്പ / സ്വത്തിനെ ആധാരമാക്കിയ വായ്പ:** ഓഫീസ് സ്ഥാപിക്കുന്നതിനായി സ്ഥലം വാങ്ങുന്നതിന് വായ്പകൾ ലഭ്യമാണ്.

നിലവിലുള്ള വസ്തുവിനെ പണയപ്പെടുത്തികൊണ്ട് ബിസിനസ്സിന്റെ നടത്തിപ്പിനും വിപുലീകരണത്തിനുമായി ഫണ്ട് കടമെടുക്കാം.

2. **സ്വർണ്ണ വായ്പ:** ബിസിനസ്സിനോ പ്രൊഫഷണൽ ആവശ്യത്തിനോ ധനസഹായം ലഭിക്കാൻ സ്വർണ്ണ ആഭരണങ്ങൾ ഈട് നൽകി ധനസഹായം തേടാവുന്നതാണ്.

3. **കാർ / ഉപകരണങ്ങൾ / ഗൃഹോപകരണങ്ങൾ എന്നിവയ്ക്കുള്ള വായ്പ:**
പലിശ നിരക്കുകൾ വ്യത്യാസപ്പെട്ടിരിക്കാമെങ്കിലും സാധാരണയായി ബാങ്കുകളും നോൺ ബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനികളും (എൻ.ബി.എഫ് .സി.) ന്യായമായ നിബന്ധനകളിലാണ് ഇവ വാഗ്ദാനം ചെയ്യുന്നത്.

4. **ഓഹരികൾ / മ്യൂചൽ ഫണ്ടുകൾ / ഇ.എസ്.ഒ.പി. കൾ / ഇൻഷുറൻസ് / ബോണ്ടുകൾ എന്നിവയെ ആധാരമാക്കിയ വായ്പ:**
ഇൻഷുറൻസ് പോളിസികൾ, സേവിംഗ്സ് ബോണ്ടുകൾ, ഷെയറുകൾ എന്നിവയെ ആധാരമാക്കി വായ്പ ലഭിക്കും. വായ്പ പൂർണമായി തിരിച്ചടയ്ക്കുന്നതുവരെ ആസ്തികൾ ബാങ്കിന്റെ അധീനതയിലായിരിക്കും.

5. **പാട്ട വാടകയെ ആധാരമാക്കിയ വായ്പ:**
വാടകയിൽ നിന്നുള്ള വരുമാനം ഒരു ജാമ്യമായി പരിഗണിച്ച് വാടക രസീതുകൾ ആധാരമാക്കി വായ്പ ലഭിക്കും.

**സുരക്ഷിതമല്ലാത്ത വായ്പകൾ**

**1. ബിസിനസ്സ് വായ്പകൾ:**

കുറഞ്ഞത് 3 വർഷത്തെ പ്രവർത്തന പരിചയമുള്ള പ്രൊഫഷണലിന് വായ്പ ലഭിക്കുന്നു. മുൻ വർഷത്തെ ബിസിനസ്സ് മികവിന്റെയും ഐ.ടി. വരുമാനത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും വായ്പകൾ ലഭിക്കുക.

**2. വ്യക്തിഗത വായ്പകൾ:**

വായ്പയുടെ തുക, കാലാവധി, പലിശ എന്നിവ വായ്പക്കാരന്റെ പ്രൊഫൈൽ അടിസ്ഥാനമാക്കിയാണ് തീരുമാനിക്കുന്നത്. സാധാരണയായി 1–5 വർഷം വരെ കാലാവധിയിൽ വായ്പകൾ ലഭ്യമാണ്.

**3. ക്രെഡിറ്റ് കാർഡ് ബാലൻസ് ട്രാൻസ്ഫർ:**

വായ്പയെടുക്കുന്നയാളുടെ ക്രെഡിറ്റ് കാർഡിലെ കുടിശ്ശിക ഒരു നിശ്ചിത കാലയളവിലേക്ക് വ്യക്തിഗത വായ്പയായി മാറ്റുവാൻ സാധിക്കുന്നു. കടം വാങ്ങുന്നയാളുടെ പ്രൊഫൈലും ക്രെഡിറ്റ് സ്കോറും അടിസ്ഥാനമാക്കിയാണ് വായ്പ നൽകുന്നത്.

## ടാറ്റ ക്യാപിറ്റൽ ഫിനാൻഷ്യൽ സർവീസസ് കമ്പനി

https://www.tatacapital.com/tcfsl/about-us.html

- വ്യക്തിഗത വായ്പകൾ ആകർഷകമായ പലിശനിരക്കിൽ ലഭ്യമാക്കുന്നു.
- വേഗത്തിലുള്ള വായ്പാനുമതിയിലൂടെ പണലഭ്യത സുഗമമാക്കുന്നു.

| ക്രമ നമ്പർ | വിഷയങ്ങൾ | വിശദാംശങ്ങൾ | മാനദണ്ഡം | ആവശ്യമായ രേഖകൾ |
|---|---|---|---|---|
| 1 | പരമാവധി വായ്പ | 25 ലക്ഷം രൂപ | • സിബിൽ സ്കോർ 750 ന് മുകളിൽ നിലനിർത്തുക<br>• നല്ല വരുമാനവും ക്രെഡിറ്റ് സ്കോറുമുള്ള | 1.തിരിച്ചറിയൽ രേഖ<br>2.വിലാസം തെളിയിക്കുന്ന രേഖ<br>3.വരുമാനം തെളിയിക്കുന്ന |
| 2 | പലിശ നിരക്ക് | 10.99% മുതൽ | | |
| 3 | കാലാവധി | 72 മാസം വരെ | | |
| 4 | പ്രായപരിധി | 22 - 58 | | |

| | | | | |
|---|---|---|---|---|
| 5 | വരുമാനം | പ്രതിമാസം 15,000 രൂപയ്ക്കു മുകളിൽ | ഒരു സഹ-വായ്പക്കാരൻ | രേഖകൾ |
| 6 | പ്രവൃത്തി പരിചയം | ഒരു വർഷം | | |

## വ്യക്തിഗത വായ്പ പലിശ നിരക്കുകൾ

വ്യക്തിഗത വായ്പാ പലിശ നിരക്കുകൾ, യോഗ്യത, വരുമാനം, സിബിൽ സ്കോർ, മറ്റ് മാനദണ്ഡങ്ങൾ എന്നിവയെ ആശ്രയിച്ചിരിക്കുന്നു.

വ്യക്തിഗത വായ്പക്ക് പലിശ നിരക്കിന് പുറമെ മറ്റ് നിരക്കുകളും (പൊതുവായ ചാർജുകൾ, കാലാവധിക്ക് മുൻപേ തിരിച്ചടയ്ക്കുന്നതിന്റെ ചാർജുകൾ) ബാധകമാകുന്നു.

# ആദിത്യ ബിർള ഫിനാൻസ് ലിമിറ്റഡ്

https://www.adityabirla.com/businesses/companies/aditya-birla-capital-abcl/aditya-birla-finance-limited

കുറഞ്ഞ ഡോക്യൂമെന്റേഷനിലൂടെ വായ്പ ഉടനടി അനുവദിക്കുന്നു.

| വ്യക്തിഗത വായ്പപലിശ നിരക്ക് | വായ്പ കാലാവധി | പ്രായം | വായ്പയുടെ സവിശേഷതകൾ | യോഗ്യതാ മാനദണ്ഡം |
|---|---|---|---|---|
| 16% മുതൽ 26% വരെ | 12 മാസം മുതൽ 60 മാസം വരെ | 23-65 വയസ്സിന് ഇടയിൽ. | • ഏതെങ്കിലും ഈടോ സുരക്ഷയോ നൽകേണ്ടതില്ല<br>• കുറഞ്ഞ ഡോക്യുമെന്റേഷൻ<br>• മിനിറ്റുകൾക്കുള്ളിൽ ഉള്ള ദ്രുത അംഗീകാരവും വിതരണവും<br>• നിശ്ചിത പലിശനിരക്ക്, അത് കാലയളവിലുടനീളം സമാനമായിരിക്കും | 1.നിലവിലെ ബിസിനസ്സിന്റെ തെളിവും നികുതി പേയ്മെന്റിന്റെ തെളിവുകളും നൽകേണ്ടതുണ്ട്<br>2.അപേക്ഷകന്റെ അല്ലെങ്കിൽ ബിസിനസ്സിന്റെ പേരിൽ രജിസ്റ്റർ ചെയ്ത ഓഫീസ് ഉണ്ടായിരിക്കണം. (ഓഫീസ് ഇല്ലെങ്കിൽ, രജിസ്ട്രേഷന്റെ രേഖകൾ സമർപ്പിക്കാം.) |

# കേരളവ്യവസായവകുപ്പിൻ്റെപദ്ധതികൾ

## വ്യവസായ ഉന്നമന പരിപാടികൾ

- വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പുതുസംരംഭകർക്കായുള്ള അവബോധ പരിപാടികൾ
- 15 ദിവസത്തെ സംരംഭകത്വ വികസന പരിപാടി (ഇ.ഡി.പി).
- ടെക്നോളജി ക്ലിനിക് - ദ്വിദിന പരിപാടി
- താലൂക് തലത്തിലും ജില്ലാതലത്തിലുമായി നിക്ഷേപകരുടെ യോഗങ്ങൾ
- അന്താരാഷ്ട്ര തൊഴിലാളി സംഘടനയുടെ (ഐ.എൽ.ഒ) സഹകരണത്തോടെ നടത്തുന്ന ടെക്നോളജി മാനേജ്മെൻറ്ഡെവലപ്മെൻറ്പ്രോഗ്രാമും, പുതുസംരംഭകർക്കായി സംഘടിപ്പിക്കുന്ന ജനറേറ്റ് യുവർ ബിസിനസ്സ് (ജി.വൈ.ബി), സ്റ്റാർട്ട്ആൻഡ്ഇമ്പ്രൂവ് യുവർ ബിസിനസ്സ് (എസ്.ഐ.വൈ.ബി) മൊഡ്യൂളുകൾ.

## 1. ഇ.ഡിക്ലബ്ബുകൾ

- സംസ്ഥാനത്തെ സ്കൂളുകളിലും കോളേജുകളിലും സംരംഭകത്വ വികസന ക്ലബ്ബുകൾ രൂപീകരിക്കുക
- നവസംരംഭക സംസ്കാരത്തെ സംബന്ധിച്ച് യുവാക്കളെ ബോധവൽക്കരിക്കുക
- പ്രവൃത്തിപരിചയവും, സാങ്കേതിക ജ്ഞാനവും, ആത്മവിശ്വാസവും വളർത്തുക.
- ഭാവി തലമുറയിലെ സംരംഭങ്ങളിൽ അവരെ മുൻനിരയിൽ എത്തിക്കുക.
- നിലവിൽ 489 ഇ.ഡിക്ലബ്ബുകൾ സംസ്ഥാനത്തുടനീളംപ്രവർത്തിച്ചു വരുന്നു.

- ഓരോ ക്ലബ്ബുകൾക്കുംപ്രതിവർഷം 20,000 രൂപ വീതം ധനസഹായം വ്യവസായ വാണിജ്യ കാര്യാലയത്തിൽ നിന്നും നൽകി വരുന്നു.
- കുറഞ്ഞത് 10% സ്കൂളുകളിലോ കോളേജുകളിലോ നിന്നുമുള്ള സംഭാവനയാണ്.
- മറ്റു സ്രോതസ്സുകളിൽ നിന്നുള്ള ധനസഹായങ്ങളുംഇതിൽ ഉൾപ്പെടുന്നുണ്ട്.
- കൂടുതൽ യോഗ്യതയുള്ള ക്ലബ്ബുകൾക്ക്അധികസഹായങ്ങളുംനൽകുന്നു.

**2. പുതുസംരംഭകർക്കായുള്ള സഹായ പദ്ധതികൾ**

- ഉൽപ്പാദനപ്രക്രിയയിൽ ഏർപ്പെട്ടിട്ടുള്ളതും, ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ (ഡി.ഐ.സി) ഇൻട്രെപ്രനേർസ്മെമ്മോറാൻഡം (ഇ.എം) ഫയൽ ചെയ്യതുമായ എല്ലാ ചെറുകിട സംരംഭങ്ങൾക്കും (എം.എസ്.എം.ഇ) ഈ സഹായത്തിന് അർഹതയുണ്ട്.
- ഭൂമി, കെട്ടിടം, യന്ത്രസജ്ജീകരണങ്ങൾ, വൈദ്യുതീകരണം, അത്യാവശ്യ ഓഫീസ് ഉപകരണങ്ങൾ, മലിനീകരണ നിയന്ത്രണ ഉപകരണങ്ങൾ എന്നിവയിലുള്ള നിക്ഷേപങ്ങൾക്കും സമാനമായ മറ്റ് ആസ്തികൾക്കും ഇതിന് അർഹതയുണ്ട് .

| ക്രമനമ്പർ | വിഭാഗം | സഹായം (സ്ഥിരമൂലധനനിക്ഷേപത്തിന്റെ ) |
|---|---|---|
| 1 | ജനറൽ | 15% (പരമാവധി 20 ലക്ഷംരൂപ) |
| 2 | വനിത/ എസ് .സി /എസ് .ടി /യുവസംരംഭകർ | 20% (പരമാവധി 30 ലക്ഷംരൂപ) |
| 3 | മുൻഗണനവിഭാഗത്തിൽപ്പെടുന്നവ്യവസായങ്ങൾ | 10% (പരമാവധി 10 ലക്ഷംരൂപ) അധികസഹായംനൽകുന്നു |
| 4 | ഇടുക്കി, വയനാട്, കാസർകോഡ്, പത്തനംതിട്ട എന്നീജില്ലകളിലെസംരംഭങ്ങൾ | 10% (പരമാവധി 10 ലക്ഷംരൂപ) അധികസഹായംനൽകുന്നു |
| 5 | സാങ്കേതികവിദ്യസഹായം | 10% (പരമാവധി 10 ലക്ഷംരൂപ) |

| | | |
|---|---|---|
| | | അധികസഹായംനൽകുന്നു |

<u>**മൂന്ന് ഘട്ടങ്ങളിലായാണ് സഹായം ലഭ്യമാക്കുന്നത്:**</u>

**സംരംഭസഹായം:**ബാങ്കിൽ നിന്നും നിശ്ചിതകാലവായ്പ ലഭ്യമാക്കുന്നതിന്(പരമാവധി 3 ലക്ഷം) ആകെ അർഹമായസഹായത്തിൻറെ50% -ഓളം ഈ വിഭാഗത്തിൽ നൽകുന്നു.

**നിക്ഷേപ സഹായം**: ഉല്പാദനം ആരംഭിച്ച് ഒരു വർഷത്തിനുള്ളിൽ അപേക്ഷിക്കാവുന്നതാണ്. വിപുലീകരണം, വൈവിധ്യവൽക്കരണം, നവീകരണം എന്നിവയിലേർപ്പെട്ടിരിക്കുന്നസംരഭങ്ങൾക്ക് നിക്ഷേപ സഹായത്തിന് അർഹതയുണ്ട്.

**സാങ്കേതിക സഹായം:** അംഗീകൃത കേന്ദ്രങ്ങളിൽ നിന്നും പുതിയ സാങ്കേതിക സജ്ജീകരണങ്ങൾ ഏർപ്പെടുത്തി6 മാസത്തിനുള്ളിൽ സാങ്കേതിക സഹായത്തിന് അപേക്ഷിക്കാവുന്നതാണ്.

| **മുൻഗണനവിഭാഗത്തിൽ ഉൾപ്പെടുന്നസംരഭങ്ങൾ** | **പരിഗണിക്കപ്പെടാത്ത സംരഭങ്ങൾ** |
|---|---|
| ➢ റബ്ബർ വ്യവസായം<br>➢ കാർഷിക - ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ<br>➢ റെഡിമെയ്ഡ് വസ്ത്ര വ്യവസായങ്ങൾ<br>➢ സാമ്പ്രദായിക രീതികളിലൂടെയല്ലാത്തഊർജോൽപ്പാദനത്തിനായുള്ളഉപകരണങ്ങൾ ഉൽപ്പാദിപ്പിക്കുന്നവ്യവസായങ്ങൾ | ➢ സേവന സംരഭങ്ങൾ<br>➢ ഫോട്ടോ സ്റ്റുഡിയോകൾ, ചായം നിർമാണകേന്ദ്രങ്ങൾ<br>➢ റെഡിമെയ്ഡ്തുണിത്തരങ്ങൾ അല്ലാത്ത നിർമാണപ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്നതയ്യൽ കേന്ദ്രങ്ങൾ<br>➢ എല്ലാ തരത്തിലുമുള്ള വാറ്റുകേന്ദ്രങ്ങളും മദ്യനിർമാണശാലകളും<br>➢ തടി മില്ലുകൾ |

| | |
|---|---|
| ➢ ജൈവ സാങ്കേതിക വിദ്യ സംബന്ധമായാവ്യവസായങ്ങൾ<br><br>➢ 100% കയറ്റുമതി യൂണിറ്റുകൾ<br><br>➢ ജൈവ-പ്ലാസ്റ്റികവ്യവസായങ്ങൾ<br><br>➢ പ്ലാസ്റ്റിക് മാലിന്യ പുനർസംസ്കരണവ്യവസായങ്ങൾ<br><br>➢ ജൈവ വള വ്യവസായങ്ങൾ | ➢ സോപ്പ് നിര്മാണത്തിനായുള്ള സോഡിയം സിലിക്കേറ്റ്<br><br>➢ ആസ്ബസ്റ്റോസ് നിർമാണം<br><br>➢ ലോഹ സംസ്കരണ യൂണിറ്റുകൾ, ഗ്രാനൈറ്റ്നിർമാണയൂണിറ്റുകൾ<br><br>➢ എല്ലാ തരത്തിലുമുള്ളസ്റ്റീൽ പുനർ സംസ്കരണ മില്ലുകൾ, ഇരുമ്പ് നിർമാണയൂണിറ്റുകൾ<br><br>➢ കാൽഷ്യംകാർബൈഡ്<br><br>➢ സിമെൻറ്നിർമാണം (കൽക്കരി ഉപയോഗിക്കാതെയുള്ള ഉൽപാദനം)<br><br>➢ പൊട്ടാസ്യം ക്ലോറേറ്റ്<br><br>➢ കശുവണ്ടി വ്യവസായ യൂണിറ്റുകൾ<br><br>➢ തീവ്ര ഊർജോൽപാദനയൂണിറ്റുകൾ |

**3. ചെറുകിട (നാനോ)- കുടുംബ സംരഭങ്ങൾക്കായുള്ള താങ്ങു പലിശ പദ്ധതികൾ**

- താങ്ങു പലിശ വഴി നിശ്ചിതകാലവായ്പ എടുത്തിട്ടുള്ള ചെറുകിട സംരംഭകർക്കും കുടുംബ സംരംഭകർക്കുംആദ്യഘട്ടങ്ങളിലെവായ്പതിരിച്ചടവുകൾക്കായുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുന്നു.

- താഴേക്കിടയിലുള്ളആളുകളിൽ തുടർച്ചയുള്ളതുംസ്ഥിരതയുള്ളതുമായ തൊഴിൽ - വരുമാന സാദ്ധ്യതകൾ സൃഷ്ടിക്കുന്നതിനായുള്ളസഹായങ്ങൾ ലഭ്യമാക്കുന്നു.

- ഇ.എസ്സ്.എസ്സ് വഴിയോ, കേന്ദ്ര / സംസ്ഥാന സർക്കാരുകളുടെമറ്റേതെങ്കിലും പദ്ധതികൾ വഴിയോ ഉള്ള സഹായങ്ങൾക്ക്അർഹരായാവർക്ക് അപേക്ഷിക്കാനാകില്ല.

- ബാങ്കുകൾക്ക് ലഭിക്കുന്ന താങ്ങുപലിശ തുക നിക്ഷേപിക്കുന്നതും സുരക്ഷിതമായി വയ്ക്കുന്നതും നിശ്ചിത വായ്പാ അക്കൗണ്ടിലാണ്.

| **ക്രമനമ്പർ** | **വിഭാഗം** | **താങ്ങുപലിശ ( പ്രതിവർഷം)** | **സഹായ കാലാവധി** |
|---|---|---|---|
| 1. | ജനറൽ | 6 % | 3 വർഷം |
| 2. | എസ്.സി / എസ്.ടി | 8 % | 3 വർഷം |
| 3. | വനിത | 8 % | 3 വർഷം |

| **ചെറുകിട - കുടുംബ യൂണിറ്റുകൾക്കുള്ളമാനദണ്ഡങ്ങൾ** | |
|---|---|
| സ്ഥിര മൂലധന നിക്ഷേപം | 5 ലക്ഷം( പരമാവധി ) |
| ഊർജോപയോഗം | 5എച്ച്.പി( പരമാവധി ) |

| | |
|---|---|
| യുണിറ്റിൻറെ സ്വഭാവം | ഉല്പാദന യൂണിറ്റുകളും മറ്റു അസ്ഥിര തൊഴിലാളി യൂണിറ്റുകളും |
| തൊഴിലാളികൾ | കുടുംബാംങ്ങൾ , മറ്റു അസ്ഥിര തൊഴിലാളികൾ |
| മലിനീകരണ നിയന്ത്രണം | വൈറ്റ് , ഗ്രീൻ എന്നീ നിയന്ത്രണ വിഭാഗങ്ങളിൽ ഉൾപ്പെട്ടിരിക്കണം |

## 4. കേരളത്തിൽ ഊന്നൽ കൊടുത്തിട്ടുള്ള എം.എസ്സ്.എം.ഇ പുനരുദ്ധാരണ -പുനർസ്ഥാപനപദ്ധതികൾ

- പ്രതിസന്ധിയിലുള്ള എം.എസ്എം..ഇ -കളെ കണ്ടെത്തുക.
- അവയിലെ പ്രശ്നങ്ങൾ തിരിച്ചറിയുക.
- കൂടാതെ, വിദഗ്ദ്ധ സമിതിയുടെ വിലയിരുത്തലുകൾക്കു ശേഷം പുനർക്രമീകരണങ്ങൾക്കും പുനരുദ്ധാരണത്തിനും സാധ്യതയുള്ള യൂണിറ്റുകളെ പട്ടികപ്പെടുത്തുവാനും നിർദ്ദേശിച്ചിട്ടുണ്ട്**.**

- കരട് രേഖയായ '***വ്യാസമിത്ര***' അംഗീകരിക്കുന്ന പക്ഷം, പുനരുദ്ധാരണ സാധ്യതകളുള്ള യൂണിറ്റുകൾക്ക് ഒറ്റ തവണത്തേക്കുള്ള സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിനും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

- സാമ്പത്തിക സ്ഥാപനങ്ങളുടെ അംഗീകാരത്തോടെയുംപിന്തുണയോടെയും വ്യക്തമായ ഒരു പുനരുദ്ധാരണ പദ്ധതി രൂപീകരിക്കുക.

- ഒറ്റ തവണത്തേക്കുള്ള സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക.

- സംസ്ഥാനത്തെ പ്രതിസന്ധിയിലുള്ള എം.എസ്എം..ഇ -കളുടെ പുനരുദ്ധാരണവും, അതുവഴി തൊഴിലും നിക്ഷേപവും ഉറപ്പുവരുത്തുക.

- നിലവിലുള്ളതോ തകർന്നുകൊണ്ടിരിക്കുന്നതോ ആയ വ്യവസായ സംരഭങ്ങൾക്ക് ആത്മവിശ്വാസം പകരുക.
- പദ്ധതിപ്രകാരം ഓരോ അപേക്ഷക യൂണിറ്റിനും പരമാവധി 5 ലക്ഷം രൂപയുടെ(ഒറ്റ തവണ) സഹായത്തിന് അർഹതയുണ്ട്.

## സംസ്ഥാന എംപ്ലോയ്മെന്റ് വകുപ്പിന്റെ പദ്ധതികൾ

## കെസ്റു

## (കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്)

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ ഉദ്യോഗാർത്ഥികൾക്ക് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന വ്യക്തിഗത/സംയുക്ത സ്വയം തൊഴിൽ പദ്ധതി.

| **അർഹത** | **മുൻഗണന** | **ഫണ്ട്/തിരിച്ചടവ്** | **നടപ്പാക്കുന്ന ധനകാര്യ സ്ഥാപനങ്ങൾ** | **പൊതു വിവരങ്ങൾ** |
|---|---|---|---|---|
| 1.എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ള ആളായിരിക്കണം | 1.ബിരുദധാരികളായ വനിതകൾ<br>2.പ്രൊഫഷണൽ/ സാങ്കേതിക യോഗ്യതയുള്ളവർ<br>3.തൊഴിൽരഹിത വേതനം കൈപ്പറ്റിക്കൊണ്ടി | 1.വായ്പ തുക പരമാവധി 1,00,000/- രൂപ<br>2. സബ്സിഡി :20%<br>3.തിരിച്ചടവും പലിശയും ധനകാര്യ | 1.ജില്ലയിലെ ദേശസാൽകൃത/ ഷെഡ്യൂൾഡ് ബാങ്കുകൾ | 1.വായ്പ ലഭിക്കുന്നവർക്ക് തുടർന്ന് തൊഴിൽ രഹിത വേതനം ലഭിക്കുന്ന |

| | | | | |
|---|---|---|---|---|
| 2.മാതൃഭാഷ എഴുതുവാനും വായിക്കുവാനും അറിഞ്ഞിരിക്കണം<br>3.പ്രായപരിധി 21--50-വയസ്സ്.<br>4.അപേക്ഷകർ വിദ്യാർത്ഥി ആയിരിക്കുവാൻ പാടില്ല<br>5.കുടുംബ വാർഷിക വരുമാനം 1,00,000/- രൂപയിൽ കവിയരുത് | രിക്കുന്നവർ<br>4.ITI/ITC-കളിൽ നിന്ന് വിവിധ ട്രേഡുകളിൽ പരിശീലന സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കിയിട്ടുള്ളവർ | സ്ഥാപനങ്ങളുടെ നിയമങ്ങൾക്ക് വിധേയമായിരിക്കും. | 2.സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകൾ<br>3.കെ.എസ്.എഫ്.ഇ<br>4.മറ്റു പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങൾ | തല്ല.<br>2.എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള താൽക്കാലിക ഒഴിവുകൾക്ക് വായ്പ ലഭിക്കുന്ന വരെ പരിഗണിക്കുന്നതല്ല.<br>3.എന്നാൽ ഇവരെ സ്ഥിരം ഒഴിവുകൾക്ക് പരിഗണിക്കുന്നതാണ്. |

## <u>മൾട്ടി പർപ്പസ് സർവ്വീസ് സെന്ററ്റേഴ്സ് /ജോബ് ക്ലബ്ബ്</u>

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് വായ്പ അനുവദിക്കുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന സംയുക്ത സ്വയം തൊഴിൽ പദ്ധതി

| അർഹത | മുൻഗണന | ഫണ്ട് | നടപ്പാക്കുന്ന ധനകാര്യ സ്ഥാപനങ്ങൾ | പൊതു വിവരങ്ങൾ |
|---|---|---|---|---|
| 1.എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ള ആളായിരിക്കണം.<br><br>2.പ്രായം: 21--45- വയസ്സ്<br>3.പിന്നാക്ക സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് 3 വർഷവും പട്ടികജാതി/പട്ടികവർഗ്ഗ/വികലാംഗ ഉദ്യോഗാർത്ഥികൾക്ക് അഞ്ചു വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കും.<br><br>4.കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കവിയരുത്. | 1.ബിരുദധാരികളായ വനിതകൾ<br><br>2.പ്രൊഫഷണൽ/സാങ്കേതിക യോഗ്യതയുള്ളവർ<br><br>3.തൊഴിൽരഹിത വേതനം കൈപ്പറ്റിക്കൊണ്ടിരിക്കുന്നവർ.<br><br>4.സംസ്ഥാന വ്യവസായിക പരിശീലന വകുപ്പ് പരമ്പരാഗത തൊഴിലാളികൾക്ക് നൽകുന്ന പ്രവൃത്തി കാര്യക്ഷമത സർട്ടിഫിക്കറ്റുകൾ നേടിയവർ.<br><br>5.ITI/ITC, പോളിടെക്നിക്കു | 1.പരമാവധി വായ്പ 10 ലക്ഷം രൂപ<br><br>2. സബ്സിഡി: പദ്ധതി ചെലവിന്റെ 25% (പരമാവധി 2 ലക്ഷം രൂപ)<br><br>3.ലോൺ തുകയുടെ 10% ഓരോ ജോബ് ക്ലബ്ബിലേയും അംഗങ്ങൾ തങ്ങളുടെ വിഹിതമായി ലോൺ അക്കൗണ്ടിൽ തന്നെ നിക്ഷേപിക്കേണ്ടതാണ് | 1.ജില്ലയിലെ ദേശസാൽകൃത ബാങ്കുകൾ<br><br>2.സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകൾ<br><br>3.റീജിയണൽ റൂറൽ ബാങ്കുകൾ<br><br>4.സിഡ്ബി | ധനസഹായം ലഭിക്കുന്നവർക്ക്<br><br>1.തൊഴിൽ രഹിത വേതനം ലഭിക്കുന്നതല്ല.<br><br>2.എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ളതാൽക്കാലിക ഒഴിവിന് പരിഗണിക്കുന്നതല്ല. |

| | | | | |
|---|---|---|---|---|
| 5. ഓരോ ജോബ് ക്ലബ്ബിലും തിരഞ്ഞെടുക്കുന്ന തൊഴിൽ അനുസരിച്ച് 2 പേരിൽ കുറയാത്ത അംഗങ്ങൾ വീതം ഉണ്ടായിരിക്കണം | കളിൽ നിന്ന് വിവിധ ട്രേഡുകളിൽ പരിശീലന സർട്ടിഫിക്കറ്റുള്ളവർ. | | | 3.എന്നാൽ ഇവരെ സ്ഥിരം ഒഴിവുകൾക്ക് പരിഗണിക്കുന്നതാണ്. |

**ജാമ്യവും തിരിച്ചടവും**

- ധനകാര്യ സ്ഥാനപങ്ങൾ ആവശ്യപ്പെടുന്ന ജാമ്യം നൽകുവാനും വായ്പ തിരിച്ചടയ്ക്കുവാനും ജോബ് ക്ലബ്ബ് അംഗങ്ങൾ ഒറ്റയ്ക്കും, കൂട്ടായും ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്.
- വീഴ്ച വരുത്തുന്ന ജോബ് ക്ലബ്ബുകൾക്കെതിരെ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പരിശീലനം**

ഗുണഭോക്താക്കൾക്ക് ജോബ് ക്ലബ്ബ് സംരംഭകത്വ വികസന പരിശീലനം നൽകുന്നതാണ്.

.

## ശരണ്യ

**ഗുണഭോക്താക്കൾ:**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, വിവാഹ മോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും, നിത്യരോഗികളുമായ (അക്യൂട്ട് കിഡ്നി പ്രോബ്ലം, ക്യാൻസർ, മാനസിക രോഗം, ഹീമോഫീലിയ തുടങ്ങിയവ) ഭർത്താക്കന്മാരുള്ള വനിതകൾ എന്നീ അശരണരായ വനിതകൾ എന്നിവർക്ക് മാത്രമായിട്ട് എംപ്ലോയ്മെന്റ് വകുപ്പ് നേരിട്ട് നടത്തുന്ന സ്വയം തൊഴിൽ പദ്ധതി.

| **അർഹത** | **മുൻഗണന** | **ഫണ്ട്** | **പൊതുവിവരങ്ങൾ** |
|---|---|---|---|
| 1.എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുണ്ടായിരിക്കണം.<br><br>2.അപേക്ഷക വിദ്യാർത്ഥി ആയിരിക്കുവാൻ പാടില്ല.<br><br>3.പ്രായപരിധി 18-55- വയസ്സ്<br><br>4.കുടുംബ വാർഷിക വരുമാനം 2 | 1.ബിരുദധാരികളായ വനിതകൾ<br><br>2.പ്രൊഫഷണൽ/സാങ്കേതിക യോഗ്യതയുള്ളവർ/സംസ്ഥാന വ്യാവസായിക പരിശീലന വകുപ്പ് പരമ്പരാഗത തൊഴിലാളികൾക്ക് നൽകുന്ന പ്രവൃത്തി കാര്യക്ഷമത സർട്ടിഫിക്കറ്റുള്ളവർ. | 1.പലിശ രഹിത വായ്പ പരമാവധി 50,000/- രൂപ<br><br>2.പ്രോജക്ട് പരിശോധിച്ച് ഒഴിച്ചുകൂടാനാവാത്ത സാഹചര്യത്തിൽ 1 ലക്ഷം രൂപ വരെ<br><br>3.50,000/- രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് 3% Flat rate-ൽ പലിശ ഈടാക്കുന്നതാണ്.<br><br>4.വായ്പ തുകയുടെ | 1.ഈ പദ്ധതിയിൻ കീഴിൽ ധനസഹായം ലഭിക്കുന്നവർക്ക് തുടർന്ന് തൊഴിൽ രഹിത വേതനം ലഭിക്കുന്നതല്ല.<br><br>2.വായ്പ ലഭിക്കുന്നവർ ആരംഭിച്ച സംരംഭവും വായ്പ തിരിച്ചടവും നല്ല രീതിയിൽ നടത്തിക്കൊണ്ടുപോകാമെന്ന ഉറപ്പിൽ അവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള താൽക്കാലികവും സ്ഥിരവുമായ ഒഴിവുകൾക്ക് പരിഗണിക്കുന്നതാണ്. |

| | | | |
|---|---|---|---|
| ലക്ഷത്തിൽ കവിയാൻ പാടില്ല. | 3.ITI/ITCകളിൽ നിന്ന് വിവിധ ട്രേഡുകളിൽ പരിശീലന സർട്ടിഫിക്കറ്റുള്ളവർ | 50% പരമാവധി 25,000/- രൂപ സബ്സിഡിയായി അനുവദിക്കുന്നു.<br><br>5.സംരംഭം നല്ല രീതിയിൽ നടത്തിക്കൊണ്ടു പോകുകയും ആദ്യ വായ്പയുടെ 50% മെങ്കിലും തിരിച്ചടച്ചവർക്കും, സംരംഭം വിപുലീകരിക്കുന്നതിന് ആദ്യ വായ്പ തുകയുടെ 80% കവിയാത്ത തുക തുടർ വായ്പയായി (ഒരിക്കൽ മാത്രം) കുറഞ്ഞ പലിശ നിരക്കിൽ അനുവദിക്കുന്നതാണ്. | |

## **കൈവല്യ**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാർക്കായി എംപ്ലോയ്മെന്റ് വകുപ്പ് നേരിട്ട് നടപ്പാക്കുന്ന സമഗ്ര സ്വയം തൊഴിൽ പുനരധിവാസ പദ്ധതി.

| അർഹത | ഫണ്ട് | പൊതുവിവരങ്ങൾ |
|---|---|---|
| 1.എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിൽ ഉണ്ടായിരിക്കണം.<br><br>2.പ്രായപരിധി 21--55 വയസ്സ്<br><br>3.അപേക്ഷകർ വിദ്യാർത്ഥിയാകാൻ പാടില്ല.<br><br>4.കുടുംബ വാർഷിക വരുമാനം 2 ലക്ഷത്തിൽ കവിയാൻ പാടില്ല.<br><br>5.എഴുതാനും വായിക്കാനും അറിഞ്ഞിരിക്കണം.<br><br>6.സംരംഭം സ്വന്തമായി നടത്തുവാൻ കഴിയാത്തത്ര അംഗവൈകല്യമുള്ള പക്ഷം അടുത്ത ഒരു ബന്ധുവിനെ കൂടി (മാതാവ്/പിതാവ്/ഭർത്താവ്/ഭാര്യ/മകൻ/മകൾ) ഉൾപ്പെടുത്തി വായ്പ അനുവദിക്കുന്നതാണ്. | 1.പലിശ രഹിത വായ്പ പരമാവധി 50,000/- രൂപ വരെ<br><br>2.പ്രോജക്ട് പരിശോധിച്ച് ഒഴിച്ചുകൂടാനാവാത്ത സാഹചര്യത്തിൽ 1 ലക്ഷം രൂപ വരെ അനുവദിക്കാവുന്നതാണ്.<br>3.വായ്പ തുകയുടെ 50% പരമാവധി 25,000/- രൂപ സബ്സിഡിയായി അനുവദിക്കുന്നതാണ്. | 1.ഈ പദ്ധതി ആനുകൂല്യം ലഭിക്കുന്നവർക്ക് തുടർന്ന് തൊഴിൽ രഹിത വേതനം ലഭിക്കുന്നതല്ല.<br><br>2.സ്വയം തൊഴിൽ ആനുകൂല്യം ലഭിക്കുന്നവർക്ക് അവർ ആഗ്രഹിക്കുന്ന പക്ഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള താൽക്കാലിക ജോലിക്കും സ്ഥിരം ജോലിക്കും പരിഗണിക്കുന്നതാണ്. |

# നവജീവൻ സ്വയംതൊഴിൽ പദ്ധതി

| അർഹത | മുൻഗണന | വായ്പ / തിരിച്ചടവ് | നടപ്പാക്കുന്ന ധനകാര്യ സ്ഥാപനങ്ങൾ | പൊതു വിവരങ്ങൾ |
|---|---|---|---|---|
| 1.എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ നിലവിലുണ്ടായിരിക്കണം.<br><br>**2.**പ്രായപരിധി 50 - 65 വയസ്സ്<br><br>**3.**വ്യക്തിഗത വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാൻ പാടില്ല. | 1.എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ നിലവിൽ യഥാസമയം പുതുക്കിക്കൊണ്ടിരിക്കുന്നവർ.<br><br>**2.**അനുവദിക്കുന്ന വായ്പയിൽ 25% സ്ത്രീകൾക്ക് ലഭ്യമാക്കുന്നതാണ്. 55 വയസ് കഴിഞ്ഞ വിധവകൾ, ഭിന്നശേഷിക്കാർ എന്നിവരെ ആദ്യം പരിഗണിക്കുന്നതാണ്.<br><br>**3.**അനുവദിക്കുന്ന വായ്പയിൽ | 1.വായ്പ തുക പരമാവധി 50000/- രൂപ<br><br>2**.**വായ്പയുടെ 25% സബ്സിഡിയായി സംരംഭകരുടെ ലോൺ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്.<br><br>3.തിരിച്ചടവും പലിശയും ധനകാര്യ സ്ഥാപനങ്ങളുടെ നിയമങ്ങൾക്ക് വിധേയമായിരിക്കും. | 1.ജില്ലാ ദേശാസാൽകൃത/ ഷെഡ്യൂൾഡ് ബാങ്കുകൾ<br><br>2.സംസ്ഥാന /ജില്ലാ സഹകരണ ബാങ്കുകൾ<br><br>3.കേരളബാങ്ക്<br><br>4.കെ.എസ്.എഫ്.ഇ<br><br>5.മറ്റു പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങൾ എന്നിവ | 1.ഒന്നിലധികം അപേക്ഷകർ ചേർന്ന് സംയുക്ത സംരംഭം ആരംഭിക്കാവുന്നതാണ്.<br><br>2.ഓരോ വ്യക്തിയ്ക്കും വായ്പയ്ക്കും സബ്സിഡിയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| | 25% ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിഭാഗത്തിന് ലഭ്യമാക്കുന്നതാണ്. | 4.ക്രെഡിറ്റ് ഗ്യാരണ്ടി സ്കീമിൽ ഉൾപ്പെടുത്തി വായ്പ അനുവദിക്കുന്നതിനാൽ ജാമ്യം നൽകേണ്ടതില്ല. | | |

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള മുതിർന്ന പൗരൻ (50-65) മാർക്കുള്ള സ്വയംതൊഴിൽ പദ്ധതി.